❑Kozhikode ❑Volume No: 2 ❑Issue No: 2 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

2023
ഏപ്രിൽ 1

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



എലിയുടെ കഴുത്തിൽ കരിമ്പൂച്ചകൾ കെട്ടുന്ന

# പെറ്റുമണി

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

### യോഗക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.പി.വാമനൻ നമ്പൂതിരി

# സംശുദ്ധിയുടെ ദൃഷ്ടാന്തം

പെരിഞ്ചെല്ലൂർ ഗ്രാമം പുകൾപെറ്റതും കേരളത്തിലെ തലയെടുപ്പുള്ള ഗ്രാമങ്ങളിൽ മുൻപന്തിയിലുമായിരുന്നു. കടമ്പാറത്ത് പനക്കാട് പെരിഞ്ചെല്ലൂർ ഗ്രാമത്തിലെ ഒരു പുരാതന ഇല്ലമാണ്. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിനടുത്തുള്ള ഏളന്നൂർ ഗ്രാമത്തിൽ. എടക്കാടായിരുന്നു ആരൂഢം. ഒരു ശാഖ നൂറ് വർഷങ്ങൾക്കപ്പുറം മലപ്പുറം ജില്ലയിലെ വണ്ടൂരിൽ കൂടു മാറ്റം നടത്തി. ഈ ശാഖയിൽ നിന്നു ജ്വലിച്ചുയർന്ന അപൂർവ തേജസ്സുള്ള നക്ഷത്രമാണ് യോഗക്ഷേമസഭയുടെ സംസ്ഥാന അധ്യക്ഷപദ മലങ്കരിച്ച കെ.പി.വാമനൻ നമ്പൂതിരി.

ഉത്തരകേരളത്തിൽ നിന്ന് യോഗക്ഷേമസഭയുടെ അത്യുന്നതങ്ങളിൽ എത്തിയ ആദ്യ പ്രവർത്തകൻ കൂടിയായിരുന്നു വാമനേട്ടൻ. നിഷ്കാമകർമി. മിതഭാഷി. സംശുദ്ധമായ പ്രവർത്തനത്തിന്റെ ദൃഷ്ടാന്തം.

എന്റെ ഇല്ലമായ പുളിക്കൽ മഠത്തിൽ ചെമ്മരം തറവാടും കടമ്പാറത്ത് പനക്കാടും ഒരു നാഴിക ദൂര വ്യത്യാസമേയുള്ളൂ. പനക്കാട്ടുള്ളവരെല്ലാം ഞങ്ങൾക്ക് ചിരപരിചിതരും പരസ്പര സഹായികളുമായിരുന്നു

ഞങ്ങളുടെ ഇണങ്ങനായ ഇദ്ദേഹവുമായുള്ള അടുപ്പം കൂടുതൽ ദൃഢവത്തും ഊഷ്മളവുമായിതീർന്നത് സഭയുടെ രജതജൂബിലി വേളയിലായിരുന്നു.

രജതജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നിന്നും കാസർകോട് നിന്നും രണ്ടു രഥയാത്രകൾ നടത്തിയിരുന്നു. പത്ത് നാൾ നീണ്ടത്. അതിൽ ഉത്തര കേരള യാത്രയുടെ നായകൻ വാമനേട്ടനായിരുന്നു. ആ ജാഥയുടെ ടീം ക്യാപ്റ്റൻ ഞാനും.

വിശ്രമമില്ലാതെ നടത്തിയ ആ ചരിത്ര യാത്രയിൽ കാസർകോട് കോഴിക്കോട് ജില്ലകളിൽ നിന്ന് മാത്രമായി 25 ഓളം പുതിയ ഉപസഭകൾ ഉണ്ടായി. സഭയുടെ ചരിത്രത്തിലെ ഒരപൂർവനേട്ടം. ഇത് കൈവരിക്കുന്നതിൽ വാമനേട്ടൻ നൽകിയ പങ്ക് എടുത്ത് പറയാതെ വയ്യ. ഒരു കൊച്ചു കുട്ടിയെപ്പോലെ സഭയെ സ്നേഹിക്കാനും നിഷ്കളങ്കഭാവത്തോടെ നോക്കിക്കാണാനുമുള്ള അദ്ദേഹത്തിന്റെ വൈഭവം അനുകരണീയമാണ്. കോഴിക്കോട് ജില്ലയിലെ പുതിയ ഉപസഭകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചില അഭിപ്രായ വ്യത്യാസങ്ങളും അസ്വരസങ്ങളും അനുരഞ്ജനത്തിലൂടെ പരിഹരിക്കാൻ വാമനേട്ടൻ പ്രദർശിപ്പിച്ച പാടവം മികവുറ്റതായിരുന്നു.

രജതജൂബിലി ആഘോഷങ്ങൾ അതിഗംഭീരമാക്കിയ സഭാനാഥൻ. സാത്വിക ഭാവത്തിന്റെ ജ്വലിക്കുന്ന പ്രതീകം. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന ആപ്തവാക്യത്തിന്റെ പ്രചുരപ്രചാരകൻ. വേഷങ്ങളും ഭാവങ്ങളും നാട്യങ്ങളുമില്ലാത്ത സാധാരണക്കാരൻ. അതെല്ലാമായിരുന്ന വാമനേട്ടൻ എന്ന യോഗക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.പി.വാമനൻ നമ്പൂതിരിയുടെ സ്മരണകൾക്ക് മുന്നിൽ ഒരായിരം പ്രണാമങ്ങളോടെ,

ജയ് ജയ് യോഗക്ഷേമസഭ.

പ്രൊഫ. ചെമ്മരം നാരായണൻ, വിൽവട്ടം ഉപസഭ, തൃശൂർ



*കെ.പി. വാമനൻ നമ്പൂതിരി*
*നിർമ്മല പി.കെ ( പത്നി)*



**യശശ്ശരീരനായ അച്ഛന്റെ സ്മരണക്ക് മുന്നിൽ ആദരാഞ്ജലികളോടെ**

മക്കളും മരുമക്കളും പേരമക്കളും

സപര്യ പനയ്ക്കാട്
ജിതേഷ് പനയ്ക്കാട്
കവിത കൃഷ്ണൻ (പത്നി )
അവ്യയ് പനയ്ക്കാട്

ജയശ്രീ കെ.പി,
വാസുദേവൻ ഇ.എം
(എടത്തറ മൂത്തേടത്ത്
മന ആനമങ്ങാട്)
വിഷ്ണു ഇ.എം.





യോഗക്ഷേമസഭ
# സ്വസ്തി
ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5125 ചൈത്രം കൊല്ലവർഷം 1198 മേടം വസന്ത ഋതു

2023 April 1 ❑Kozhikode ❑Volume No: 2 ❑Issue No: 2 ❑email: swasthitrimonthly@gmail.com ❑website: swasthi.org



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ
മൊബൈൽ: 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493

**പ്രിൻ്റർ ആൻ്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ:**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി:**
ജില്ലാ പ്രസിഡൻ്റ്
മധു അരീക്കര 9447136571
ജില്ലാ സെക്രട്ടറി: താമരക്കുളം
ദിവാകരൻ നമ്പൂതിരി 9447337337

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ:**
മൊബൈൽ: 9495369337


# എലിക്കഴുത്തിലെ ഹെജിമണി

പൂച്ചയിറച്ചി എലിയുടെ ചിന്തയിൽപ്പോലും ഇല്ല. തന്നെ, എലി കൊന്നു തിന്നുമെന്നോർത്ത് ഒരു പൂച്ചക്ക് പോലും പേടിക്കേണ്ടി വന്നിട്ടുമില്ല. നേരെ മറിച്ച് എലികളാണ് പൂച്ചകളെ പേടിച്ച് കഴിയുന്നത്. എന്നിട്ടും, ഏതു നിമിഷവും ചാടി വീണ് കൊന്നു തിന്നാവുന്ന എലിയുടെ കഴുത്തിൽ പൂച്ചകൾ മണി കെട്ടുന്നു. എലിയെ ഒരു ഭീകരജീവിയായി ചിത്രീകരിച്ച് ഭീതി പരത്തുന്നു.

ജനസംഖ്യയിൽ ഒരു ശതമാനത്തിൽ താഴെ മാത്രം വരുന്നവരാണ് ബ്രാഹ്മണർ. ഒരു സ്ഥലത്തുപോലും ആധിപത്യമില്ലാത്തവർ. എന്തിന്, ക്ഷേത്രങ്ങളിൽ ഉണ്ടായിരുന്ന പൗരോഹിത്യാധിപത്യം പോലും ഇല്ലാതായിക്കഴിഞ്ഞു. ആധിപത്യം എന്ന വാക്കിന്റെ അർത്ഥമെങ്കിലും അറിയുന്നവരാകണം ഹെജിമണി കെട്ടാൻ വരുന്നവർ. കേരളത്തിലെ മന്ത്രിമാർ, ജഡ്ജിമാർ, പി.എസ്.സി മെമ്പർമാർ, ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് മേധാവികൾ, സിറ്റി പൊലീസ് കമ്മീഷണർമാർ, എം.എൽ.എമാർ, എം.പിമാർ, തഹസിൽദാർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർ.... അങ്ങനെ ഏതെങ്കിലുമൊരു ഉന്നത പദവിയിൽ നിന്ന് എത്ര ബ്രാഹ്മണരെ കണ്ടെത്താനാവും. പിന്നെയല്ലേ ആധിപത്യം.

പഴയിടത്തിന്റെ പാചകപ്പുരയിൽ പുരോഗമനവൈതാളികർ ഹെജിമണി വേവിച്ചതിന് ഒറ്റക്കാരണമേയുള്ളൂ. അദ്ദേഹത്തിന്റെ പേരിനൊപ്പം നമ്പൂതിരി എന്നു കൂടി ഉണ്ട്. അതാണ് പറഞ്ഞത് ഹെജിമണിയുമായി വരുന്നവരുടെ ലക്ഷ്യം എലിയെ കൊല്ലലോ തിന്നലോ അല്ല. എലിയെ അനങ്ങാൻ പറ്റാത്ത വിധം നിർജീവമാക്കി കൊല്ലാക്കൊല ചെയ്യുക. വലിയൊരു ഹെജിമണിയുടെ ഭാരം കഴുത്തിൽ കെട്ടിത്തൂക്കിയാൽ ഏത് എലിക്കാണ് സ്വൈര്യമായി സഞ്ചരിക്കാനാവുക. അടുത്ത വർഷം മുതൽ പാചകപ്പുരയിലേക്ക് ഇല്ലെന്ന് പഴയിടത്തെക്കൊണ്ട് പറയിപ്പിക്കലായിരുന്നു ലക്ഷ്യം. അതാണ് സമുദായം തിരിച്ചറിയേണ്ടത്.

ഭൂപരിഷ്കരണത്തിന്റെ പേരിൽ പാടവും പുരയിടവും പോയി. നവോത്ഥാനത്തിന്റെ പേരിൽ അമ്പലവും ശാന്തിപ്പണിയും പോയി. ഇപ്പോഴിതാ ഹെജിമണിയുടെ പേരിൽ പാചകപ്പുരയും. ഒറ്റ വഴിയേ മുന്നിലുള്ളൂ, മികവിനു വേണ്ടി മത്സരിക്കുക, ഒരു ഹെജിമണിയേയും പേടിക്കേണ്ടാത്ത അവസ്ഥ താനേ കൈവരും.

പത്രാധിപർ


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
Vol No:2 Issue No: 2 For private circulation only.

# വൈഷ്ണവം ഹരികഥാമൃതം





ഭാഗവതാചാര്യൻ ബ്രഹ്മശ്രീ
ചെറുവക്കാട് കേശവൻ നമ്പൂതിരി
(Rtd. പ്രിൻസിപ്പൽ, രാമകൃഷ്ണ മിഷൻ HSS കോഴിക്കോട്)
ചെറുവക്കാട് ഇല്ലം, പി.ഒ പന്നിക്കോട്,
മുക്കം കോഴിക്കോട് ജില്ല.


ശ്രീമദ് ഭാഗവതത്തിലെ ഓരോ അധ്യായം ഓരോ ദിവസമായി പാരായണം ചെയ്ത് അതിന്റെ സാരാംശം വിശദീകരിക്കുന്നു. ഗർഗ ഭാഗവതത്തിന്റെ ഓരോ അധ്യായം ഓരോ ദിവസമായുള്ള വ്യാഖ്യാനം.കൂടാതെ ശ്രീകൃഷ്ണ അഷ്ടോത്തര ശതനാമം, ശ്രീവിഷ്ണു സഹസ്രനാമം ഓരോ നാമത്തിന്റേയും വ്യാഖ്യാനം വാട്സപ് ഗ്രൂപ്പിൽ ചേരാൻ വിളിക്കൂ.

**7510278765**

അല്ലെങ്കിൽ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.



സത്യം പരം ധീമഹി ...
സ്വസ്തി വായനക്കാർക്കെല്ലാം വൈഷ്ണവം ഹരികഥാമൃതം ഗ്രൂപ്പിന്റെ ഹൃദയം നിറഞ്ഞ വിഷു ആശംസകൾ

# ആരൊക്കെ /എന്തൊക്കെ

## ബ്രാഹ്മണിക്കൽ ഹെജിമണി /കവർ സ്റ്റോറി



**പഴയിടത്തിന് ലഭിച്ച കലോറി** 06
അഭിമുഖം/എം.ഹർഷനും കെ.എസ്. മുരളിയും


**ഫാസിസം നടപ്പാക്കുന്നതാര്** 11
എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി



**എലിക്കഴുത്തിലെ ഹെജിമണി** 18
ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ഓച്ചിറ


**വറ്റനും വിളമ്പനും** 32
വി.ടി വാസുദേവൻ


**ഹെജിമണിക്കാർ വായിക്കണം** 41
ഈശ്വരൻ ശീരവള്ളി

**അറിയേണ്ട രണ്ടു നമ്പൂതിരിമാർ**


**ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് കടവല്ലൂർ അന്യോന്യത്തിലേക്ക്** 50
കോതമംഗലം വാസുദേവൻ നമ്പൂതിരി/
ഉദയൻ നമ്പൂതിരിപ്പാട്



**നടന്നു നേടിയ സാമ്രാജ്യം** 72
പള്ളിപ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരി /
തെഞ്ചീരി ഹരി


**ഓർമ്മിക്കേണ്ട രണ്ടു നമ്പൂതിരിമാർ**


**കഥാപ്രസംഗത്തിലെ ഒറ്റയാൻ** 81
രാമമംഗലം തെങ്ങനാൽ നാരായണൻ നമ്പൂതിരി/
ടി.എൻ അജിത്ത് കുമാർ


**അച്ഛന്റെ വേളിക്ക് ഗാന്ധിജിയുടെ ആശംസ** 83
മുല്ലമംഗലം രാമൻ ഭട്ടതിരിപ്പാട്/
സരള മധുസൂദനൻ

**വേറിട്ട രണ്ടു നിയോഗങ്ങൾ**


**ശങ്കരാചാര്യർ കാമശാസ്ത്രം പഠിച്ചത് കഥകളിയായപ്പോൾ** 54
മനോജ് പുല്ലൂർ മന/ ശ്രീജ പട്ടലൂർ


**കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതം മുറിയിൽ നിന്ന് മഹാഭാരതം ലൈവ്** 86
ആയടം കേശവൻ നമ്പൂതിരി / മാന്തിട്ട വിഷ്ണു

**ഇല്ലപ്പെരുമ** 58
കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലം /വൈലത്തൂർ
**ടയോട്ടയും നിസാനും ഫോർഡും ഇവരുടെ കസ്റ്റമേഴ്സ്**

**നമുക്കിടയിലെ രണ്ടു പ്രതിഭകൾ**


**100 പെർസെന്റൈൽ** 28
ഐ.ഐ.എമ്മുകളിലേക്കുള്ള ക്യാറ്റ് പ്രവേശനപരീക്ഷയിൽ ഇന്ത്യയിലെ ടോപ്പറായ ഗോവിന്ദിന്റെ വിശേഷങ്ങൾ
- പാനാട് പദ്മനാഭൻ നമ്പൂതിരി


**ആ നൊബേൽ സമ്മാനത്തിൽ** 66
നമ്പൂതിരി പങ്കാളിത്തം /ആലക്കാട്ട് എസ് ഉണ്ണികൃഷ്ണനെക്കുറിച്ച്
- വിനോദ് മങ്ങത്തായ

**അറിയേണ്ട അന്തർജനം**


**കല്പമംഗലം ശ്രീദേവി അന്തർജനം** 39
102 വയസ്സിന്റെ ചെറുപ്പം
സെഞ്ച്വറി പിന്നിട്ട രണ്ടാം പിറന്നാൾ
-തുറനെല്ലൂർ മുരളീധരൻ നമ്പൂതിരി

**കഥ / കവിത/ ലേഖനം**


17 ❑തുളസീദളം
സ്മിത പി ജെ
23 ❑ഒരസ്വാഭാവിക മരണം
സുനീതി ദിവാകരൻ
56 ❑അറുപത് എന്ന വില്ലൻ
ഗീത നാരായണൻ അരീക്കര
56 ❑പാഞ്ചാളപ്പൻ സ്തോത്രം
പ്രിയദത്ത കെ. കെ.
78 ❑കാൽപ്പന്തുകളി
കെ.പി.പുരുഷോത്തമൻ നമ്പൂതിരി

**കേരളത്തിലെ ഒരേയൊരു വരാഹമൂർത്തി**

43 പന്നിയൂരിന്റെ പഴമയും അവിടെയുണ്ടായ കലാപവും
കെ.എം.എസ് ഭട്ടതിരിപ്പാട്

74 **പൂന്താനത്തെ അമ്മാമൻ**
നിലീന കെ.പി

**കുട്ടിക്കൂട്ടത്തിൽ**

❑നിവേദ്യ കൃഷ്ണൻ മരങ്ങാട് /ചങ്ങനാശ്ശേരി 92
❑കൃഷ്ണശ്രീ കിഴാറ്റുപുറം / കൊയിലാണ്ടി 92
❑പ്രണീത ചെങ്കില്ലത്ത് / തിരുവനന്തപുരം 92
❑ഇപ്സ ശ്രീവിലാസത്തു മഠം /നെടുമങ്ങാട് 93
❑വരദ ഇ വി എണ്ണാഴി മന /എടപ്പാൾ 94
❑ഹരിപ്രിയ വെദിരമന/തിരുവനന്തപുരം 94
❑ആര്യകൃഷ്ണ പഴങ്ങോട്ടുപൊറ്റ ഇല്ലം/മലപ്പുറം 95
❑പ്രഹിത് റാം എരഞ്ഞോളി ഇല്ലം/ കൊയിലാണ്ടി 95

വായനക്കാരുടെ പ്രതികരണങ്ങൾ 96 ❑ യോഗക്ഷേമസഭാ വാർത്തകൾ 99 ❑ വിഷ്ണുപാദം പൂകിയവർ 105 ❑ പാണിഗ്രഹണം112 ❑ തുടങ്ങി സ്ഥിരം പംക്തികളും




കവർ സ്റ്റോറി

മണ്ണാർശാലയിലെ പാചകത്തിരക്കിൽ വച്ചായിരുന്നു പഴയിടം മോഹനൻ നമ്പൂതിരി സ്വസ്തിക്ക് ഈ വാചകസദ്യ വിളമ്പിയത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ കമ്മീഷണർ എം ഹർഷനും യോഗക്ഷേമസഭ ഓച്ചിറ ഉപസഭാ പ്രസിഡന്റ് കെ.എസ്.മുരളിയും ചേന്ന് നടത്തിയ ആ അഭിമുഖം ഇതോടൊപ്പം.

## ഹെജിമണിയിൽ നിന്ന് പഴയിടത്തിന് ലഭിച്ച


# കലോറി

ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന ഊർജ്ജം അളക്കുക കലോറിയിലാണ്. ഭക്ഷണം കഴിച്ചാലാണ് അത് ലഭിക്കുക. എന്നാൽ ഭക്ഷണം വെച്ചുണ്ടാക്കിയാലും കലോറി ലഭിക്കുന്ന ആളാണ് പഴയിടം മോഹനൻ നമ്പൂതിരി. ഇപ്പോഴിതാ ഭക്ഷണം വിവാദമാപ്പോഴും അദ്ദേഹത്തിന് കലോറി ലഭിക്കുന്നു. വിവാദങ്ങൾ എനിക്ക് ഊർജ്ജം പകർന്നു എന്നാണ് അദ്ദേഹം പറയുന്നത്.

ഇപ്പോൾ നിന്ന് തിരിയാൻ ഒഴിവില്ല അതു തന്നെ. നാടൊട്ടുക്ക് നിന്നും വിളിയും ക്ഷണവും. കോഴിക്കോട്ടെ വെജിറ്റേറിയൻ ഹെജിമണി വിവാദം ഉണ്ടായിട്ടും അത്ര വെജിറ്റേറിയൻ അല്ലാത്ത നാട്ടിലേക്കാണ് ക്ഷണം കിട്ടിയത്. ഖത്തറിലേക്ക്. അതും 5000 പേർക്ക് വെജിറ്റേറിയൻ സദ്യ വെച്ചു വിളമ്പാൻ. ഇതാണ് ആദ്യം കിട്ടിയ കലോറി. പഴയിടത്തിന്റെ യു ട്യൂബ് ചാനലിലേക്ക് ലക്ഷങ്ങളാണ് വരിക്കാരായത് . അത് വേറെ കലോറി. ചുരുക്കത്തിൽ ലോകമെങ്ങു നിന്നും ഊർജ്ജപ്രവാഹം.

> കോഴിക്കോട്ടെ വെജിറ്റേറിയൻ ഹെജിമണി വിവാദം ഉണ്ടായിട്ടും അത്ര വെജിറ്റേറിയൻ അല്ലാത്ത നാട്ടിലേക്കാണ് ക്ഷണം കിട്ടിയത്. ഖത്തറിലേക്ക്. അതും 5000 പേർക്ക് വെജിറ്റേറിയൻ സദ്യ വെച്ചു വിളമ്പാൻ. ഇതാണ് ആദ്യം കിട്ടിയ കലോറി.

അതേപ്പറ്റിയെല്ലാം പഴയിടം സ്വസ്തിയോട് മനസു തുറന്നു. മണ്ണാർശാലയിലെ പാചകത്തിരക്കിൽ വച്ചായിരുന്നു സ്വസ്തിക്ക് വിളമ്പിയ ഈ വാചകസദ്യ. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ കമ്മീഷണർ എം ഹർഷനും യോഗക്ഷേമസഭ ഓച്ചിറ



സർക്കാർ തന്നെ മെനു നിശ്ചയിക്കുന്നു. വേണ്ട സാധനങ്ങൾ നൽകുന്നു. ഇതുപയോഗിച്ച് വിഭവങ്ങൾ ഉണ്ടാക്കി നൽകുക മാത്രമാണ് ഞാൻ ചെയ്തത്. പാത്രങ്ങളും രുചികരമായ ഭക്ഷണമുണ്ടാക്കാനുള്ള രസക്കൂട്ടുകളും മാത്രമേ എന്റെ സ്വന്തമായിട്ടുള്ളൂ.

*സ്വസ്തിക്ക് വേണ്ടി പഴയിടം മോഹനൻ നമ്പൂതിരിയുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ കമ്മീഷണർ എം ഹർഷനും യോഗക്ഷേമസഭ ഓച്ചിറ ഉപസഭാ പ്രസിഡന്റ് കെ.എസ്. മുരളിയും നടത്തിയ അഭിമുഖം*

ഉപസഭാ പ്രസിഡന്റ് കെ.എസ്. മുരളിയും ചേന്ന് നടത്തിയ ആ അഭിമുഖം ഇതോടൊപ്പം.

പാചക കലയിൽ തനിക്ക് പകരം വയ്ക്കാൻ മറ്റൊരാളില്ലെന്ന് തെളിയിച്ച പാചക കേസരിയാണ് പാലാക്കാരനായ പഴയിടം മോഹനൻ നമ്പൂതിരി. സിനിമയിലെ സൂപ്പർ സ്റ്റാർ പദവി പോലെ പാചകകലയിലെ സൂപ്പർ സ്റ്റാർ പദവിയിലെത്തിയിരിക്കുകയാണ് പഴയിടം. താര പരിവേഷം ലഭിച്ചതോടുകൂടി പാചകം വിട്ട് പ്രഭാഷണങ്ങൾക്കും ഉദ്ഘാടനങ്ങൾക്കും വരെ ഇപ്പോൾ അദ്ദേഹത്തെ ക്ഷണിക്കുന്നു.

കേരളത്തിന് പുറത്ത് ഇന്ത്യയിലെ വിവിധ നഗരങ്ങളിലും വിദേശത്തുമൊക്കെയുള്ള പ്രവാസി മലയാളി കൂട്ടായ്മകൾ മീറ്റ് ആൻഡ് ഗ്രീറ്റ് പഴയിടം മോഹനൻ നമ്പൂതിരി, എ ഡേ വിത്ത് പഴയിടം

എന്നൊക്കെയുള്ള പേരുകളിൽ ചടങ്ങുകൾ സംഘടിപ്പിച്ച് അവിടെ പഴയിടത്തിന്റെ കട്ടൗട്ടുകളും മറ്റും വച്ച് അദ്ദേഹത്തെ മുഖ്യ അതിഥിയായി ക്ഷണിച്ച് പ്രഭാഷണവും പാചക ഡെമോൺസ്ട്രേഷനും മറ്റും നടത്തിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു .

മേൽപ്പറഞ്ഞ പരിപാടികൾക്കായി പഴയിടം ഇതിനകം 28 വിദേശ രാജ്യങ്ങളിൽ പല പ്രാവശ്യം സന്ദർശിച്ച് കഴിഞ്ഞിരിക്കയാണ്. കഴിഞ്ഞ യാഴ്ച ഖത്തറിലെ പ്രവാസി മലയാളികൾ സംഘടിപ്പിച്ച ചടങ്ങിലെ മുഖ്യ അതിഥി പഴയിടമായിരുന്നു. അവിടെ അയ്യായിരത്തിൽ അധികം മലയാളികളാണ് എത്തിയത്. അവർക്ക് ഭക്ഷണവും ഉണ്ടാക്കി നൽകിയാണ് അദ്ദേഹം മടങ്ങിയത്. പഴയിടം ശരിക്കും ഒരു സ്റ്റാറും ബ്രാന്റും ആയിരിക്കുകയാണ്.

പ്രശസ്തിയുടെ പരകോടിയിൽ നിൽക്കുമ്പോഴും വിനയം ഒട്ടും കൈവിടാത്ത പരമസാത്വികനായ അദ്ദേഹത്തിന്റെ ജീവിതകഥ നമ്മെയൊക്കെ ആവേശഭരിതരാക്കാൻ പോകുന്നതാണ് . പാലാ കുറിച്ചിത്താനം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ തിടപ്പള്ളിയിൽ അവിടത്തെ മേൽശാന്തിയായിരുന്ന കൂത്താട്ടുകുളം വെളിയന്നൂർ മഠത്തിലെ ജയന്തൻ നമ്പൂതിരിയിൽ നിന്നാണ് പാചകത്തിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കുന്നത്. ഒരു നേരം പോലും അവധി എടുക്കാതെ 25 വർഷം ആ ക്ഷേത്രത്തിൽ തുടർച്ചയായി ശാന്തി കഴിച്ച് ശ്രീകൃഷ്ണന്റെ അനുഗ്രഹം നേടിയ ആളാണ് ജയന്തൻ നമ്പൂതിരി. നാമ ജപത്തിനായി ക്ഷേത്രത്തിൽ എത്തുന്ന പത്തോ നാൽപ്പതോ ആൾക്കാർക്ക് ഭക്ഷണം ഉണ്ടാക്കി നൽകുന്ന ചുമതല ഏൽപ്പിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി പഴയിടത്തെക്കൊണ്ട് പാചകം നടത്തിച്ച് തുടങ്ങിയത് അദ്ദേഹമാണ്. ഈ തുടക്കത്തിൽ നിന്നാണ് ഇന്ന് കാണുന്ന പ്രശസ്തനായ പാചക കേസരി പദവിയിലേക്ക് എത്തുന്നത്. ശ്രീകൃഷ്ണ സ്വാമിയുടേയും ജയന്തൻ നമ്പൂതിരിയുടേയുമൊക്കെ അനുഗ്രഹമാണ് തന്നെ ഇന്ന് ഈ നിലയിൽ എത്തിച്ചതെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

പഴയ കാലത്തെ പ്രശസ്തനായ പാചകക്കാരൻ മലമേൽ നീലകണ്ഠൻ നമ്പൂതിരിയുടെ ശിക്ഷണത്തിലാണ് പഴയിടം ആത്മവിശ്വാസമുള്ള തികഞ്ഞ ഒരു പാചകക്കാരനായി മാറുന്നത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനുള്ളിൽ രണ്ടോ മൂന്നോ കോടി ആൾക്കാർക്ക് ഭക്ഷണം ഉണ്ടാക്കി നൽകിയിട്ടുണ്ടായിരിക്കും എന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ.

ബിരുദധാരിയായ പഴയിടം ഭേദപ്പെട്ട ഒരു തൊഴിൽ ലഭിക്കുന്നതിനായി 130 ഓളം ടെസ്റ്റുകൾ എഴുതിയെങ്കിലും ജോലികൾ ഒന്നും ലഭിച്ചില്ല. ആകയാൽ ജീവസന്ധാരണത്തിനായി മറ്റ് പല തൊഴിലുകളും ബിസിനസുകളും അദ്ദേഹം ചെയ്തിട്ടുണ്ട്. എല്ലാത്തിലും പരാജയപ്പെട്ട പഴയിടം ആത്മഹത്യയുടെ

# നാലുകറിയിലെ കലോറി

ഒരു പുതിയ സംരംഭം ആലോചനയിലുണ്ട് ഒരു കാര്യം ഞാൻ ചെയ്യുന്നുണ്ട്. അതായത് നാലുകറി എന്ന് നമ്പൂരിമാർ വിളിക്കുന്ന കാളൻ, ഓലൻ, എരിശ്ശേരി, ഇഞ്ചിത്തൈര് ഇവ ചേർന്നാൽ ആയത് ഏതാണ്ട് മൂവായിരത്തിലധികം കലോറി ഊർജ്ജം നൽകും. നമുക്ക് ശരിക്കും ഒരു ദിവസത്തേക്ക് ഏതാണ്ട് 2865 കലോറി മതിയാകും. ആകയാൽ നാലുകറി ഒരു സമീകൃതാഹാരമാണ്. ഇതിനെക്കുറിച്ച് പഠിച്ച് ഇതിന്റെ പ്രധാന്യം ജനങ്ങളിലെത്തിക്കാനുള്ള ഒരു മിഷൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ചില ഏജൻസികൾ വേണ്ട പിൻതുണ നൽകാൻ തയ്യാറായിട്ടുണ്ട്.



പടിവാതിൽക്കൽ വരെ എത്തിയതാണ്. അവസാന കൈ എന്ന നിലയിലാണ് പാചകത്തിലേക്ക് തിരിയുന്നത്. ആത്മ സമർപ്പണത്തിലൂടെയും ഈശ്വരാനുഗ്രത്താലും അതിൽ വിജയക്കൊടി നാട്ടാൻ അദ്ദേഹത്തിന് സാധിച്ചു.

ഏതെങ്കിലും ചടങ്ങിന് പാചകക്കാരനായി എത്തിയാൽ അവിടുത്തെ ഗൃഹനാഥൻ ഒരു തോർത്ത് മുണ്ട് നൽകി വടക്കു വശത്തെ പാചകപ്പുരയിലേക്ക് കടത്തിവിട്ടാൽ പിന്നെ പാചകക്കാരനെക്കുറിച്ച് ആരും അന്വേഷിക്കാത്ത ഒരു കാലമുണ്ടായിരുന്നു. അവഗണനയുടെ നടുവിൽ ഉറക്കമില്ലാതെ തീയും പുകയും കൊണ്ട് കഠിനാധ്വാനം ചെയ്ത് നല്ല സദ്യ ഒരുക്കിയാൽ പോലും പാചകക്കാരൻ ആരെന്ന് അന്വേഷിക്കാനോ അഭിനന്ദിക്കാനോ ആരും തയ്യാറാകാത്ത ഒരു കാലം. അവിടെ നിന്നാണ് ഇന്നത്തെ സ്റ്റാർ പദവിയിലേക്ക് അദ്ദേഹം എത്തിയിരിക്കുന്നത് .

താൻ തെരഞ്ഞെടുത്ത തൊഴിലിൽ ആത്മ സമർപ്പണം നടത്തിയപ്പോൾ കാലം അതിന്റെ കാവ്യനീതി കാട്ടി എന്നാണ് അദ്ദേഹത്തിന്റെ ഉയർച്ചയെപ്പറ്റി ചോദിച്ചപ്പോൾ പറഞ്ഞത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുൻ കമ്മീഷണറായിരുന്ന എം ഹർഷനും ഓച്ചിറ ഉപസഭാ പ്രസിഡന്റ് കെ.എസ് മുരളിയും* കൂടി സ്വസ്തിക്ക് വേണ്ടി പഴയിടം മോഹനൻ നമ്പൂതിരിയുമായി മണ്ണാറശാല ഇല്ലത്ത് വച്ച് നടത്തിയ സംഭാഷണത്തിന്റെ ഏതാനും ഭാഗങ്ങൾ ചുവടെ നൽകുന്നു.

കോഴിക്കോട് വച്ച് നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തോടനുബന്ധിച്ച് ഉണ്ടായ ബ്രാഹ്മണ ഹെജിമണി വിവാദങ്ങളെപ്പറ്റി എന്താണ് അങ്ങയ്ക്ക് പറയാനുള്ളത് ?

ബ്രാഹ്മണിക്കൽ ഹെജിമണി എന്നൊക്കെ പറഞ്ഞുള്ള വിവാദങ്ങൾ പണ്ടും ചെറിയ തോതിൽ ഉണ്ടായിട്ടുണ്ട്. കലോത്സവത്തിൽ പ്രസാദമൂട്ടല്ല നടത്തേണ്ടത് മറിച്ച് കലോറി കണക്കാക്കിയുള്ള നോൺ വെജിറ്റേറിയൻ ഭക്ഷണമാണ് വേണ്ടതെന്നും ഭക്ഷണത്തിൽ കൂടി പോലും ബ്രാഹ്മണിക്കൽ ഹെജിമണി അടിച്ചേൽപ്പിക്കുകയാണ് എന്നു

**ഭേദപ്പെട്ട ഒരു തൊഴിൽ ലഭിക്കുന്നതിനായി 130 ഓളം ടെസ്റ്റുകൾ എഴുതിയെങ്കിലും ജോലികൾ ഒന്നും ലഭിച്ചില്ല. ആകയാൽ ജീവസന്ധാരണത്തിനായി മറ്റ് പല തൊഴിലുകളും ബിസിനസുകളും അദ്ദേഹം ചെയ്തിട്ടുണ്ട്. എല്ലാത്തിലും പരാജയപ്പെട്ട പഴയിടം ആത്മഹത്യയുടെ പടിവാതിൽക്കൽ വരെ എത്തിയതാണ്. അവസാന കൈ എന്ന നിലയിലാണ് പാചകത്തിലേക്ക് തിരിയുന്നത്.**

മൊക്കെ പറഞ്ഞു കൊണ്ടുള്ള ഡോ അരുൺ കുമാറിന്റെ പോസ്റ്റ് സോഷ്യൽ മീഡിയ ഏറ്റെടുത്തതാണ് ഇപ്രാവശ്യം എല്ലാ കുഴപ്പങ്ങൾക്കും കാരണമായത്. എന്ത് ഹെജിമണി യാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

സർക്കാർ തന്നെ മെനു നിശ്ചയിക്കുന്നു. വേണ്ട സാധനങ്ങൾ നൽകുന്നു. ഇതുപയോഗിച്ച് വിഭവങ്ങൾ ഉണ്ടാക്കി നൽകുക മാത്രമാണ് ഞാൻ ചെയ്തത്. പാത്രങ്ങളും രുചികരമായ ഭക്ഷണമുണ്ടാക്കാനുള്ള രസക്കൂട്ടുകളും മാത്രമേ എന്റെ സ്വന്തമായിട്ടുള്ളൂ. കലോൽസവത്തിനായി ടെണ്ടർ വിളിക്കുമ്പോൾ എല്ലാ പ്രാവശ്യവും ലോവസ്റ്റ് ടെണ്ടർ എന്റേത് ആയിരിക്കും. മാത്രമല്ല ഈ രംഗത്തെ എന്റെ മുൻപരിചയവും ഇത്രയും കാലം യാതൊരു പരാതിയുമില്ലാതെ കാര്യങ്ങൾ സിസ്റ്റമാറ്റിക്കായി കൊണ്ടുപോയതും കണക്കിലെടുത്താണ് സർക്കാർ എന്നെ പാചകം ഏൽപ്പിക്കുന്നത്.

ലോവസ്റ്റ് ടെണ്ടർ നൽകുമ്പോൾ നഷ്ടം ഉണ്ടാകാൻ സാധ്യതയില്ലേ ?

എല്ലാ പ്രാവശ്യവും എനിക്ക് നഷ്ടമാണ് ഉണ്ടാകുക. അതും രണ്ടും മൂന്നും ലക്ഷത്തിന്റെ നഷ്ടം. പിന്നെ എന്തിനാണ് ഇതേറ്റെടുക്കുന്നതെന്ന് ചോദിച്ചാൽ രണ്ട് കാരണമാണ് പറയാനുള്ളത്. സോഷ്യൽ കമ്മിറ്റ്മെന്റ് എന്നതാണ് ആദ്യത്തേത്. അതായത് സംസ്ഥാനത്ത് നടക്കുന്ന ഏറ്റവും വലിയ കലാമേളയാണിത്. ഈ മേളയുടെ ഭാഗമായി നിൽക്കാനും കലകൾ അവതരിപ്പിക്കാനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തുന്ന കുട്ടികൾക്ക് നല്ല ഭക്ഷണം വച്ച് കൊടുക്കാനും സാധിക്കുക എന്നത് വലിയ ഒരു പുണ്യ പ്രവൃത്തിയായി ഞാൻ കാണുന്നു. രണ്ടാമതായി മേള വിജയിച്ചാൽ അത് വഴി ലഭിക്കുന്ന പബ്ളിസിറ്റി ഒരു പാചകക്കാരൻ എന്ന നിലയിൽ

സർക്കാർ തന്നെ മെനു നിശ്ചയിക്കുന്നു. വേണ്ട സാധനങ്ങൾ നൽകുന്നു. ഇതുപയോഗിച്ച് വിഭവങ്ങൾ ഉണ്ടാക്കി നൽകുക മാത്രമാണ് ഞാൻ ചെയ്തത്. പാത്രങ്ങളും രുചികരമായ ഭക്ഷണമുണ്ടാക്കാനുള്ള രസക്കൂട്ടുകളും മാത്രമേ എന്റെ സ്വന്തമായിട്ടുള്ളൂ.



എനിക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കാൻ കാരണമാകുമെന്നതാണ്. അപ്പോൾ മേളയിലുണ്ടാകുന്ന നഷ്ടം ഇത് വഴി പരിഹരിക്കപ്പെടും. കഴിഞ്ഞ 16 വർഷമായി നടക്കുന്ന എല്ലാ കലാമേളകൾക്കും ഞാനാണ് ഭക്ഷണം വച്ച് വിളമ്പിയത്. എനിക്ക് മുമ്പ് അനേക വർഷങ്ങളിൽ ഈ കൃത്യം നിർവ്വഹിച്ചത് മലമേൽ നീലകണ്ഠൻ നമ്പൂതിരി ആയിരുന്നു. കൂടാതെ അംബി സ്വാമിയും ഇരിങ്ങാലക്കുട സുബ്രഹ്മണ്യൻ എമ്പ്രാന്തിരിയും രണ്ടോ മൂന്നോ മേളകൾക്ക് പാചകക്കാരായി എത്തിയിട്ടുണ്ട്. ശരിക്കും നോക്കിയാൽ എത്രയോ കാലമായി ബ്രാഹ്മണരാണ് മേളയിൽ പാചകക്കാരായി എത്തുന്നത്. എന്നിട്ടും ഇപ്രാവശ്യം മാത്രം വലിയ വിവാദം. എന്തായാലും ഞാൻ ഈ രംഗത്ത് നിന്നും പിൻമാറുകയാണ്.

ഭയന്നിട്ടാണോ ഈ പിൻമാറ്റം

എന്ന് ചോദിച്ചാൽ ലേശം ഭയമൊക്കെയുണ്ട്. കുഴപ്പമുണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് എന്തെങ്കിലും ലക്ഷ്യങ്ങൾ ഉണ്ടാകാം. അവർ എന്തും ചെയ്യാൻ മടിക്കാത്തവരായിരിക്കും. എന്നെ മാറ്റാനായി അവർ എന്തെങ്കിലും ചെയ്താൽ അതിനിരയാവുക കുട്ടികൾ ആയിരിക്കും. അത് ഒഴിവാക്കേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ ഇനി കലാമേളയ്ക്കില്ല എന്ന് പറഞ്ഞത്.

ഭക്ഷണത്തിൽ മതം എന്നതിനെപ്പറ്റി എന്താണ് അഭിപ്രായം?

ഭക്ഷണത്തിന് എന്തു മതമാണുള്ളത്? എനിക്കറിയില്ല. ഇതൊക്കെ സ്ഥാപിത താല്പര്യക്കാരുടെ വാദങ്ങളല്ലേ. കുറച്ച് നാളുകൾക്ക് മുമ്പ് മാതൃഭൂമി ഒരു 'ക' ഫെസ്റ്റ് നടത്തി. അതിന്റെ അവസാന ദിവസം ഒരു വലിയ സംവാദം നടന്നു. ഭക്ഷണമായിരുന്നു വിഷയം. വെജിറ്റേറിയൻ ഭക്ഷണത്തെക്കുറിച്ച് സംസാരിക്കാൻ എന്നേയും നോൺ വെജ് ഭക്ഷണത്തെക്കുറിച്ച് സംസാരിക്കാൻ അനീസ് ആദത്തെയുമാണ് അവർ ക്ഷണിച്ചിരുന്നത്.

'ആദാമിന്റെ ചായക്കട' എന്ന പേരിൽ തട്ടുകടകളുടെ ഒരു ശൃംഖല തന്നെ ഇന്ത്യയിലും വിദേശത്തും നടത്തുന്ന ആളാണ് അദ്ദേഹം. ആദ്യം വെജിറ്റേറിയൻ ഭക്ഷണങ്ങളെക്കുറിച്ച് ഞാൻ സംസാരിച്ചു. തുടർന്നാണ് അദ്ദേഹം സംസാരിച്ചത്. നല്ല നോൺ വെജ് ഭക്ഷണങ്ങൾ ഉണ്ടാക്കുന്ന രീതികളെക്കുറിച്ച് മാത്രം അദ്ദേഹം സംസാരിച്ചു. വെജിറ്റേറിയൻ ഫുഡിനെ കടന്നാക്രമിക്കാൻ അദ്ദേഹം ശ്രമിച്ചതേയില്ല. വറുത്തതും പൊരിച്ചതുമായ നോൺ വെജ് ഭക്ഷണങ്ങൾ ഉണ്ടാക്കുന്ന എണ്ണ ഒരിക്കലും റീ യൂസ് ചെയ്യാൻ പാടില്ല എന്ന് അദ്ദേഹം പറഞ്ഞു. കാൻസർ വന്നായിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചത്.

റീ യൂസ്ഡ് എണ്ണയിൽ പൊരിച്ച ഭക്ഷണങ്ങൾ ധാരാളം കഴിച്ചത് കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ട് അനീസ് ആദം ഒരിക്കലും പാചകത്തിനായിട്ടുള്ള എണ്ണ റീ യൂസ് ചെയ്യാറില്ല. നല്ല ഭക്ഷണം മാത്രമേ അദ്ദേഹം നൽകൂ. എന്നെ അതിശയിപ്പിച്ചത് ഇതൊന്നുമല്ല. വെജിറ്റേറിയൻ ഫുഡിനെക്കുറിച്ച് നല്ല അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്. ദൈവാനുഗ്രഹം വേണ്ടുവോളമുള്ളയാളാണ് മോഹനൻ നമ്പൂരി എന്നും അദ്ദേഹം പറഞ്ഞു. കാരണം വലിയ പാത്രങ്ങളുടെ അഭാവത്തിൽ ഒരേ ദിവസം തന്നെ ചിലപ്പോൾ ഒരു വിഭവം ആറും ഏഴും പ്രാവശ്യം ഉണ്ടാക്കേണ്ടതായി വരും. എല്ലാ പ്രാവശ്യവും ഒരേ ടേസ്റ്റു തന്നെയായിരിക്കും. ആവോളം ദൈവാനുഗ്രഹം ഉണ്ടെങ്കിൽ മാത്രമേ ഇത് നടക്കൂ. അത് കൊണ്ടാണ് അദ്ദേഹം ദൈവാനുഗ്രഹമുള്ളയാളാണ് ഞാനെന്ന് പറഞ്ഞത്. ശരിയാണ് പാചകത്തിൽ വിജയിക്കണമെങ്കിൽ ദൈവാനുഗ്രഹം വേണം.

ഈ ഹെജിമണിയെപ്പറ്റി ആക്ഷേപമുണ്ടായത് കൊണ്ട് ചോദിക്കുകയാണ്. അങ്ങയുടെ സംഘത്തിലെ എല്ലാവരും ബ്രാഹ്മണരാണോ ?

ഹേയ് ഒരിക്കലുമല്ല. ഞാൻ മാത്രമേ എന്റെ സംഘത്തിൽ ബ്രാഹ്മണനായിട്ടുള്ളൂ. ഏറ്റവും എളിയ വിഭാഗത്തിൽ തുടങ്ങി എല്ലാ വിഭാഗക്കാരും എന്റെ സംഘത്തിലുണ്ട്. മറ്റ് മതങ്ങളിൽ പെട്ടവർ പോലും ഈ സംഘത്തിൽ ഉണ്ടായിട്ടുണ്ട്. ഞങ്ങൾ ഒറ്റക്കെട്ടാണ്. ജാതിയെ പറ്റിയോ മതത്തെപ്പറ്റിയോ ചിന്തി

ഭയന്നിട്ടാണോ ഈ പിൻമാറ്റം എന്ന് ചോദിച്ചാൽ ലേശം ഭയമൊക്കെയുണ്ട്. കുഴപ്പമുണ്ടാക്കാൻ ആഗ്രഹിക്കുന്നവർഎന്തും ചെയ്യാൻ മടിക്കാത്തവരായിരിക്കും. എന്നെ മാറ്റാനായി അവർ എന്തെങ്കിലും ചെയ്താൽ അതിനിരയാവുക കുട്ടികൾ ആയിരിക്കും. അത് ഒഴിവാക്കേണ്ടതാണ്.

ക്കാറില്ല. നല്ല ഭക്ഷണം ആവശ്യക്കാരന്റെ താല്പര്യമനുസരിച്ച് ഉണ്ടാക്കി നൽകുക. അതിൽ മാത്രമാണ് ശ്രദ്ധ.

വെജിറ്റേറിയൻ ഫുഡിനെക്കുറിച്ച് എന്താണ് അഭിപ്രായം ?

ആയുർവേദത്തിന്റെ കണ്ണിലൂടെ നോക്കിയാൽ നല്ല രീതിയിൽ പാചകം ചെയ്യുന്ന വെജിറ്റേറിയൻ ഭക്ഷണം ഔഷധമാണെന്ന് കാണാം. നോൺ വെജിനെക്കുറിച്ച് അങ്ങനെ പറയാൻ സാധിക്കില്ല.

പാലും പാലുൽപ്പന്നങ്ങളും വെജിറ്റേറിയൻ വിഭാഗത്തിൽ പെടുമോ ?

ഇത് രസകരമായ ഒരു ചോദ്യമാണ്. ഭക്ഷണത്തിൽ രണ്ട് വിഭാഗം പെടുന്നു. ഒന്ന് സസ്യജന്യം. രണ്ട് ജന്തുജന്യം. ജൈന മതക്കാർ പാലിനെ ജന്തുജന്യത്തിൽ പെടുത്തി വർജ്ജിക്കുന്നു. എന്നാൽ പാൽ എന്നത് ഒരു മാതാവ് വാൽസല്യത്തോടെ തന്റെ കുട്ടിക്കായി ചുരത്തി നൽകുന്ന ഭക്ഷണമാണ്. ഈ രീതിയിൽ ചിന്തിച്ചാൽ പാൽ നോൺവെജ് അല്ല.

വിവാദങ്ങൾ അങ്ങയെ തളർത്തിയോ ?

ഒരിക്കലുമില്ല. വിവാദങ്ങൾക്ക് ശേഷം കാര്യങ്ങൾ കൂടുതൽ ഉഷാറാവുകയാണ് ചെയ്തത്. എന്റെ യു ട്യൂബ് വരിക്കാരുടെ എണ്ണത്തിൽ ലക്ഷത്തിലധികം വർദ്ധനവുണ്ടായി. ഉദ്ഘാടനങ്ങളുടേയും നാട മുറിക്കലുകളുടേയും എണ്ണവും കൂടിയിട്ടുണ്ട്. ഇത് വിവാദത്തിന്റെ ബാക്കിപത്രമാണ്. പേരിനോ പ്രശസ്തിക്കോ വേണ്ടി ഞാൻ ഒന്നും ചെയ്തിട്ടില്ല. നല്ല വൃത്തിയുള്ള ഭക്ഷണം നാട്ടുകാർക്ക് നൽകാൻ ആത്മാർത്ഥമായി ശ്രമിച്ചു. അത്രമാത്രം. ഭക്ഷണം കഴിക്കുന്നവർക്ക് ഇംപ്രഷൻ ഉണ്ടാക്കാനായി പാചകക്കാർക്കും വിളമ്പുകാർക്കും ഡ്രെസ് കോഡ് വരെ ഏർപ്പെടുത്തിയ ആളാണ് ഞാൻ . പാചകപ്പുരയിൽ മാത്രം ഒതുങ്ങേണ്ട എനിക്ക് വിവാദങ്ങൾ മൂലവും പ്രശസ്തി ഉണ്ടായിട്ടുണ്ടെങ്കിൽ അതും ദൈവാനുഗ്രഹം മാത്രമെന്ന് ചിന്തിക്കുന്നു.

വിവാദങ്ങൾക്ക് ശേഷം മന്ത്രി വാസവൻ അങ്ങയെ ആശ്വസിപ്പിക്കാൻ ഇല്ലത്ത് എത്തിയതിനെപ്പറ്റി അഭിപ്രായം

മന്ത്രി എത്തിയത് എന്നെ ആശ്വസിപ്പിക്കാനല്ല. അദ്ദേഹം എന്റെ നല്ല ഒരു കുടുംബസുഹൃത്താണ്. പണ്ടും അദ്ദേഹം എന്റെ ഇല്ലത്ത് പല പ്രാവശ്യം വന്നിട്ടുണ്ട് താമസിച്ചിട്ടുമുണ്ട്.



*മന്ത്രി വാസവൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ വസതിയിൽ എത്തിയപ്പോൾ*

**വിവാദങ്ങൾക്ക് ശേഷം മന്ത്രി വാസവൻ ഇല്ലത്ത് എത്തിയത് എന്നെ ആശ്വസിപ്പിക്കാനല്ല. അദ്ദേഹം എന്റെ നല്ല ഒരു കുടുംബസുഹൃത്താണ്. പണ്ടും അദ്ദേഹം ഇല്ലത്ത് പല പ്രാവശ്യം വന്നിട്ടുണ്ട്, താമസിച്ചിട്ടുമുണ്ട്. അതു പോലെയുള്ള ഒരു സന്ദർശനം മാത്രമായിരുന്നു അത്.**

അതു പോലെയുള്ള ഒരു സന്ദർശനം മാത്രമായിരുന്നു അത്.

അങ്ങയുടെ സാമൂഹ്യ സേവനങ്ങളെ അദ്ദേഹം പുകഴ്ത്തിയതായി കണ്ടല്ലോ

പാവങ്ങൾക്കായി ധാരാളം കാര്യങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്. വലത് കൈ ചെയ്യുന്നത് ഇടത് കൈ അറിയരുതെന്ന പോളിസിക്കാരനാണ് ഞാൻ. അതുകൊണ്ട് ആ നിമിഷം വരെ ഇക്കാര്യങ്ങൾ ആരോടും പറഞ്ഞിരുന്നില്ല. മന്ത്രി ഈ വക കാര്യങ്ങൾ വിളിച്ച് പറഞ്ഞത് അദ്ദേഹത്തിന്റെ മനസ്സിന്റെ നന്മ കൊണ്ട് മാത്രമാണെന്നാണ് എനിക്ക് തോന്നുന്നത്.

മണ്ണാറശാലയുമായിട്ടുള്ള അങ്ങയുടെ അടുപ്പത്തെക്കുറിച്ച് പറയാമോ

കേരളത്തിലെ ഏറ്റവും പ്രശസ്തമായ നാഗക്ഷേത്രമാണിത്. മാത്രമല്ല ഒരു സ്ത്രീ മുഖ്യപൂജാരിയായി വരുന്ന കേരളത്തിലെ ഏക ക്ഷേത്രവുമാണിത്. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ഈശ്വരാനുഭൂതി ലഭിക്കുന്ന ഒരിടമാണിത്. കഴിഞ്ഞ അനേകം വർഷങ്ങളായി ഇവിടുത്തെ അമ്മയുടെ പിറന്നാൾ സദ്യ ഒരുക്കുന്നത് ഞാനാണ്. അതിനെ വലിയ ഒരു അനുഗ്രഹമായും അംഗീകാരമായും ഞാൻ കാണുന്നു. ഈ ക്ഷേത്രത്തിലുള്ള എന്റെ വിശ്വാസം അചഞ്ചലമാണ്.

പുതിയ നാലുകറി മിഷൻ സംരംഭത്തിന് എല്ലാ ആശംസകളും അർപ്പിക്കുന്നു.നന്ദി.

നന്ദി. ●


പി ഡി മോഹനൻ നമ്പൂതിരി പഴയിടത്ത് മന, പി.ഓ.കുറിച്ചിത്താനം, കോട്ടയം ജില്ല,
ഫോൺ, 9207401001

എം ഹർഷൻ, (തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ കമ്മീഷണർ ) കോയിക്കത്ര ഇല്ലം, വലിയകുളങ്ങര,പി.ഒ ഓച്ചിറ,
ഫോൺ , 9446152775

കെ.എസ്. മുരളി, (യോഗക്ഷേമസഭ ഓച്ചിറ ഉപസഭാ പ്രസിഡന്റ് ) ഓണാട്ട് ഇല്ലം, വലിയ കുളങ്ങര, പിഓ ഓച്ചിറ,
ഫോൺ 9495702801

അടുത്തകാലത്തുനടന്ന ചില സംഭവങ്ങൾ പരിശോധിക്കാം. തിരുവനന്തപുരം കോട്ടയ്ക്കകത്ത് നാല് ബ്രാഹ്മണ അഗ്രഹാരങ്ങളാണ് ഉള്ളത്. നൂറ്റി അമ്പതിനുമേൽ ബ്രാഹ്മണ കുടുംബങ്ങൾ താമസിക്കുന്ന അഗ്രഹാരമാണ് പുത്തൻതെരുവ്. നഗരനവീകരണത്തിന്റെ പേരിൽ പ്രസ്തുത അഗ്രഹാരം പൊളിച്ചുനീക്കി ഓവർബ്രിഡ്ജ് പണിയാനുള്ള നീക്കം തുടങ്ങി. ഇത് ചില ഗൂഢ ലക്ഷ്യങ്ങളോടെയാണെന്ന് പറയാതെ വയ്യ.



*നൂറ്റി അമ്പതിനുമേൽ ബ്രാഹ്മണ കുടുംബങ്ങൾ താമസിക്കുന്ന തിരുവനന്തപുരം പുത്തൻതെരുവ് അഗ്രഹാരം*

# ഫാസിസം നടപ്പാക്കുന്നതാര്

**എം.വി.സുബ്രഹ്മണ്യൻ നമ്പൂതിരി**



'ബ്രാഹ്മണ്യമാണ് ഇന്ത്യൻ ഫാസിസത്തിന്റെ അടിത്തറ. ബ്രാഹ്മണ്യത്തിന്റെ നിയമപുസ്തകം മനുസ്മൃതി കുഴിച്ചുമൂടുക.'

അടുത്തകാലത്ത് ഉയർന്നുകേട്ട ചില സംഘടനകളുടെ മുദ്രാവാക്യമാണിത്. ബ്രാഹ്മണ്യ ഹിന്ദുത്വ ഫാസിസ്റ്റ് വിരുദ്ധ മുന്നണി എന്ന സംഘടന ഈ മുദ്രാവാക്യം ഉയർത്തിക്കാണിച്ച് മേഖലാ കൺവെൻഷനുകളും പ്രചാരണങ്ങളും നടത്തുന്നു.

'ബ്രാഹ്മണിക്കൽ ഹിന്ദുത്വ ഫാസിസ്റ്റുകൾ ഹിന്ദുരാഷ്ട്ര നിർമ്മിതിക്കായി ജാത്യാധിഷ്ഠിതമായ സംവിധാനങ്ങൾ പുതിയ രൂപത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നു. കേന്ദ്രസർക്കാർ നിയമമാക്കിയ വിദ്യാഭ്യാസബില്ല്, പൗരത്വ നിയമം, വിവാഹവ്യക്തി നിയമങ്ങൾ, മുന്നാക്കസംവരണം, കർഷക നിയമങ്ങൾ ഇവയെല്ലാം പൗരാവകാശ മനുഷ്യാവകാശങ്ങളുടെ കഴുത്തറുക്കുന്നു. ബ്രാഹ്മണിക്കൽ ആശയങ്ങളായ ഇവയെല്ലാം ഇന്ന് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കയാണെന്ന് പ്രസ്തുത സംഘടന അഭിപ്രായപ്പെടുന്നു. ബ്രാഹ്മണ്യമാണ് ഇന്ത്യൻ ഫാസിസത്തിന്റെ അടിത്തറ'.

ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യൻ ഭരണഘടന. രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവ്വചനം, ഗവണ്മെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ മൗലികമായ അവകാശങ്ങൾ, കടമകൾ തുടങ്ങി ജനാധിപത്യ സംവിധാനത്തിന് അനിവാര്യമായ എല്ലാ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചാണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത്. ബ്രാഹ്മണിക്കൽ അജണ്ടയാണോ? മനുസ്മൃതിയെ അടിസ്ഥാനമാക്കിയാണോ ഇത് തയ്യാറാക്കിയത്? ബ്രാഹ്മണർ മനുസ്മൃതിയെ അടിസ്ഥാന പ്രമാണമാക്കുന്നവരാണോ? മനുസ്മൃതിയിൽ പറയുന്ന തത്വങ്ങൾ എന്താണ് ഇവയെല്ലാം പഠനവിഷമാക്കേണ്ടതുണ്ട്. എന്തായാലും മനുസ്മൃതിയെ അടിസ്ഥാനമാക്കിയല്ല ഇന്ത്യൻ ഭരണഘടന നിലകൊള്ളുന്നത് എന്ന് ഉറപ്പിച്ചു പറയാം.

മനുസ്മൃതിയെ കുഴിച്ചുമൂടുന്നവർ മനുസ്മൃതിയും, ഇന്ത്യൻ ഭരണഘടനയും കണ്ടിട്ടുണ്ടോ എന്ന സംശയം ഉയർന്നുവന്നേക്കാം. നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന ഇന്ത്യൻ ജനതയുടെ, സമൂഹത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമിട്ട് തയ്യാറാക്കിയ ഭരണഘടനയെ തള്ളിപ്പറഞ്ഞ് ബ്രാഹ്മണിക്കൽ അജണ്ട കൊണ്ടുവന്ന് മുദ്രകുത്തി ബ്രാഹ്മണരെ കേരളസമൂഹത്തിൽ നിന്നും തുടച്ചുനീക്കാനുള്ള ഗൂഢശ്രമം നടത്തുകയാണ് ഇക്കൂട്ടർ എന്ന് നിസ്സംശയം പറയാം. നിരന്തരം ബ്രാഹ്മണരെ അധിക്ഷേപിച്ചും,

ഇല്ലാത്ത ആരോപണങ്ങൾ ഉന്ന യിച്ചും സമൂഹത്തെ ഒന്നാകെ ബ്രാഹ്മണർക്കെതിരെ തിരിക്കുന്ന തിനുള്ള ശ്രമത്തിന്റെ ഭാഗമാണി തെന്ന് സംശയിക്കേണ്ടിയിരിക്കു ന്നു.

ഇന്ത്യൻ പൗരൻ എന്ന നിലയിൽ ലഭിക്കേണ്ട അവകാശങ്ങളെ ഒരു സംഘടിത ശക്തിയല്ലാത്തതി നാൽ നേടിയെടുക്കാൻ കഴി യാത്ത ബ്രാഹ്മണരിൽ വലിയ വിഭാഗം ഇന്ന് ദാരിദ്ര്യം അനുഭ വിക്കുന്നവരാണ്. സാമ്പത്തിക സൂചികയും, വിദ്യാഭ്യാസ സൂചി കയും, അംഗസംഖ്യയും ബ്രാഹ്മ ണരെ ന്യൂനപക്ഷമാക്കിയിരിക്കു ന്നു. അധികാരസ്ഥാനങ്ങളിൽ നിന്നെല്ലാം ബ്രാഹ്മണർ പിൻത ള്ളപ്പെട്ടിരിക്കുന്നു. ഇവിടെ ജന്മം കൊണ്ട് ബ്രാഹ്മണനായിപ്പോയി എന്നതിന്റെ പേരിൽ അടുത്ത കാലങ്ങളിൽ ബ്രാഹ്മണസമൂഹം അനുഭവിക്കുന്ന തിക്താനുഭവ ങ്ങൾ വളരെ വലുതാണ്.

അടുത്തകാലത്തുനടന്ന ചില സംഭവങ്ങൾ പരിശോധിക്കാം. തി രുവനന്തപുരം കോട്ടയ്ക്കകത്ത് നാല് ബ്രാഹ്മണ അഗ്രഹാരങ്ങളാ ണ് ഉള്ളത്. നൂറ്റി അമ്പതിനുമേൽ ബ്രാഹ്മണ കുടുംബങ്ങൾ താമസി ക്കുന്ന അഗ്രഹാരമാണ് പുത്തൻ തെരുവ്. നഗരനവീകരണത്തിന്റെ പേരിൽ പ്രസ്തുത അഗ്രഹാരം പൊളിച്ചുനീക്കി ഓവർബ്രിഡ്ജ് പണിയാനുള്ള നീക്കം തുടങ്ങി. ഇത് ചില ഗൂഢ ലക്ഷ്യങ്ങളോ ടെയാണെന്ന് പറയാതെ വയ്യ. ബ്രാഹ്മണസമൂഹത്തിന്റെ കൂട്ടായ് മയെ ഇല്ലാതാക്കണം. ഇവർ ഛി ന്നഭിന്നമാകുന്നതോടെ അവിടെ നിലനിൽക്കുന്ന ഒരു സംസ്ക്കാരം തന്നെ ഇല്ലാതാകും. ബ്രാഹ്മണ്യ മാണ് ഫാസിസത്തിന്റെ അടിത്തറ യെങ്കിൽ ആ അടിത്തറ പൊളിച്ചു മാറ്റുക എന്ന ലക്ഷ്യം ഇതിനുണ്ട്. പലഹാരങ്ങൾ ഉണ്ടാക്കി വിറ്റും മറ്റും ഉപജീവനം നയിക്കുന്ന തു ച്ഛമായ വരുമാനക്കാരായ ഇവർ എവിടെ പോകും? എങ്ങിനെ ജീ വിക്കും?

ഇതിന്റെ വികൃതരൂപമാണ് കോഴിക്കോട് നടന്ന യുവജനോ ത്സവത്തിന്റെ ഊട്ടുപുരയുമായി ഉയർന്നുവന്ന വിവാദം. വിദ്യാർ ത്ഥികളും, രക്ഷിതാക്കളും, പരിശീ

**ഊട്ടുപുരയിൽ ബ്രാഹ്മണി ക്കൽ അജണ്ടയും, പൂണൂ ലും ഒക്കെ എങ്ങിനെ ചർ ച്ചാ വിഷയമായി. ഇതിന്റെ അജണ്ട എന്തായിരിക്കും?**

ലകരും, സംഘാടകരും, സുരക്ഷാ ഉദ്യോഗസ്ഥരും, പത്രക്കാരും ഉൾ പ്പെടെ നാല്പ്പതിനായിരത്തിലേ റെ ആളുകൾ ഓരോദിവസവും കലോത്സവത്തിന്റെ ഊട്ടുപുരയി ലെത്തി ഭക്ഷണം കഴിച്ചു. പതിനാ റു വർഷക്കാലമായി ഒരു പരാ തിയും ഉണ്ടാകാതെ കലോത്സവ വേദികളിൽ ഭക്ഷണമൊരുക്കുന്ന പഴയിടം മോഹനൻ നമ്പൂതിരി ഊട്ടുപുരയിൽ എവിടെയും ഒരു കുറവും, പരാതിയും വരുത്താതെ തന്റെ കർത്തവ്യം നിറവേറ്റി.

എന്നിട്ടും പഴയിടം മോഹനൻ നമ്പൂതിരി ചർച്ചാവിഷയമായി അല്ല. ചർച്ചാവിഷയമാക്കി. 'ഇനി കലോത്സവ വേദിയിലെ ഊട്ടുപു രകളിൽ ഞാൻ ഉണ്ടാകില്ല' എന്ന് പ്രഖ്യാപിച്ച് തന്റെ കർത്തവ്യാന ന്തരം കോഴിക്കോടിനോട് വിടപ റഞ്ഞു- അതോടൊപ്പം കലോത്സ വത്തോടും. പഴയിടം മോഹനൻ നമ്പൂതിരിയിൽ കണ്ടുപിടിച്ച് ന്യൂനത എന്താണ്? പാചകം മോശമായിരുന്നതിനാലല്ല. കല വറകളിലോ, പാചകപ്പുരയിലോ, പാചകക്കാരിലോ ഉള്ള ദോഷ ങ്ങൾ കൊണ്ടല്ല. കലാമേളയിലെ ഊട്ടുപുരയിൽ മാംസാഹാരം വി ളമ്പിയില്ല. ഇത് ബ്രാഹ്മണിക്കൽ അജണ്ടയാണ്. ഒരു ബ്രാഹ്മണന്റെ തീരുമാനമാണിത്. എല്ലാവരും സാമ്പാറും, പുളിശ്ശേരിയും, ഓല നും, അവിയലും കഴിച്ചാൽ മതി യെന്നത് ബ്രാഹ്മണിക്കൽ തിയറി യാണ്. ഇത് മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കലാണ്.

സർക്കാർ പ്രതിനിധികളും, സ്വാ ഗതസംഘവും നിശ്ചയിക്കുന്ന ലിസ്റ്റ് പ്രകാരം കഴിഞ്ഞ പതിനാ റ് വർഷമായി കൊട്ടേഷനുകൾ ലഭിച്ചുവന്നിരുന്നത് പഴയിടത്തി നായിരുന്നു. വ്യക്തമായി മാന ദണ്ഡങ്ങൾ വച്ചുതന്നെയാണ് ഭക്ഷണപാചകം അദ്ദേഹം ഏറ്റെ ടുത്തിട്ടുള്ളതും. ഭക്ഷണക്രമം നിശ്ചയിക്കുന്നതിൽ പാചകക്കാര ന് ഒരു പങ്കുമില്ല. എന്നിട്ടും സവർ ണ്ണാധിപത്യവും, ബ്രാഹ്മണിക്കൽ അജണ്ടയും, പൂണൂലും ഒക്കെ എങ്ങിനെ ചർച്ചാ വിഷയമായി അല്ലെങ്കിൽ ചർച്ചാവിഷയമാക്കി. പാചകക്കാരൻ ഒരു പൂണൂൽ ധാരിയായിപ്പോയി എന്ന കാരണ ത്താൽ ബ്രാഹ്മണിക്കൽ ഫാസ്സിസ മെന്ന് മുദ്രകുത്തപ്പെട്ടു, കലാമേളകളിൽ ലക്ഷക്കണക്കിന് ആളുകൾക്ക് ഭക്ഷണം വച്ചുവിള മ്പിയ പഴയിടത്തെ പടിയിറക്കി. ഇതിന്റെ അജണ്ട എന്തായിരി ക്കും. എല്ലാ രംഗങ്ങളിൽ നിന്നും കുറ്റാരോപിതരാക്കി ബ്രാഹ്മണരെ പുറംതള്ളാനുള്ള, ഉന്മൂലനം ചെ യ്യാനുള്ള ശ്രമത്തിന്റെ ഭാഗമാണി ത്.

കേരളത്തിൽ ബ്രാഹ്മണർ അടിച്ച മർത്തപ്പെടുന്നു. നിരന്തരം യുവത ലമുറയിൽപെട്ടവർ അവഹേളനം ഏറ്റുവാങ്ങേണ്ടി വരുന്നു. മറ്റു സംസ്ഥാനങ്ങളിൽ ജോലിതേടി പ്പോവേണ്ടി വരുന്നു. മനകളിൽ ആൾതാമസമില്ലാതാവുന്നു. പലയിടങ്ങളിലും വാർദ്ധക്യം വന്നെത്തി നിസ്സഹായരായി കഴി യുന്ന മാതാപിതാക്കൾ ആരും തുണയില്ലാതെ അനാഥാലയങ്ങ ളെയും, അഗതിമന്ദിരങ്ങളെയും സമീപിക്കുന്നു. ഉന്നത് വിദ്യാഭ്യാ സത്തിന് വഴികാണാതെ നിരാശാ ബോധത്തോടെ നാടുവിടുന്ന യുവതലമുറ, ഒരു വലിയ രോഗം വന്നാൽ സർവ്വസ്വവും നഷ്ടമാ വുന്ന കുടുംബങ്ങൾ, വേണ്ട ചികിത്സലഭിക്കാതെ ക്ലേശിക്കുന്ന വർ. നാലുകെട്ടുകളും, അഗ്രഹാര ങ്ങളും പ്രേതാത്മാക്കളെ പോ ലെയാവുന്നു. വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹിതരാകാതെ യുള്ളവർ.

പൗരൻ എന്ന നിലയിൽ ലഭി ക്കേണ്ട ആനുകൂല്യങ്ങൾ നിഷേ ധിക്കപ്പെട്ട ബ്രാഹ്മണ സമൂഹത്തി ന്റെ ദുരവസ്ഥയാണിത്. ഇതിനു പുറമെയാണ് ഇപ്പോൾ ഹെജിമ ണിവാദവുമായി ചിലർ വരുന്ന ത്. ●

(യോഗക്ഷേമസഭ മുൻ ജനറൽ സെക്രട്ടറിയാണ് ലേഖകൻ.
വട്ടപ്പറമ്പ് ഇല്ലം (ദേവീകൃപ)
പി.ഒ അഴൂർ, വഴി പെരുങ്ങുഴി,
തിരുവനന്തപുരം പിൻ695305
മൊബൈൽ : 9662638209 )

# കലയാണ് കഥ സംവിധാനമാണ് വിനു വാസുദേവൻ

ജേർണലിസ്റ്റ്, സംവിധായകൻ
മൊടപ്പിലാപ്പിള്ളി മന,
പടിഞ്ഞാറ്റുംമുറി, മലപ്പുറം.
Mob:9388118885
vinuvasu73@gmail.com.

പിതാവ്: മൊടപ്പിലാപ്പിള്ളി വാസുദേവൻ നമ്പൂതിരിപ്പാട് (Late)
അമ്മ: ലീല അന്തർജനം
ഏഷ്യാനെറ്റ്, മനോരമ വിഷൻ (വൈദ്യശാല), അമൃതാ ടി വി( കളിയരങ്ങ്), കൈരളി എന്നീ ടിവി ചാനലുകളിലും ഫാക്കൽട്ടി ആയി മീഡിയാ വൺ മുതലായ ജേർണലിസം അക്കാദമികളിലും പ്രവർത്തിച്ചു.ഹിന്ദു ദിനപത്രത്തിൽ ഫൈഡേ റിവ്യൂ എന്ന കോളം ചെയ്യുന്നു.മാതൃഭൂമി ആഴ്ചപ്പതിപ്പിലും സമകാലിക മലയാളം വാരികയിലും കലാസ്വാദനങ്ങൾ എഴുതാറുണ്ട്.ഇപ്പോൾ കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ഫാക്കൽട്ടിയായി പ്രവർത്തിക്കുന്നു



*മികച്ച ഡോക്യുമെന്ററിക്കുള്ള കലാമണ്ഡലം പുരസ്ക്കാരം മന്ത്രി വാസവനിൽ നിന്ന് ഏറ്റുവാങ്ങുന്നു*



ഭാരതത്തിന് സവിശേഷമായ നടനപൈതൃകത്തിന്റെ പാരമ്പര്യമുണ്ട്. വിനു വാസുദേവന്റെ മാധ്യമ പ്രവർത്തനങ്ങൾ അടയാളപ്പെടുത്തുന്നത് കാലാതിവർത്തിയായ ആർട്ടിസ്റ്റുകളെയാണ്. കലാജീവിതം പകർന്നാടിയ അരങ്ങുകൾ ഇവിടെ എഴുത്തുകളും ദൃശ്യങ്ങളുമായി പുനരവതരിക്കുന്നു. ഡോക്യുമെന്ററിക്കുള്ള 2021 ലെ കലാമണ്ഡലം പുരസ്ക്കാരം നേടിയത് വിനു ഒരുക്കിയ 'നൃത്യഗന്ധർവ്വ'ആണ്.

പ്രശസ്തനായ ഭരതനാട്യം ആർട്ടിസ്റ്റ് സി വി ചന്ദ്രശേഖറുടെ ( നർത്തകിയായ ജയ സഹധർമ്മിണി.ഇപ്പോൾ പൂനയിൽ 'നൃത്യശ്രീ' എന്ന ഡാൻസ് അക്കാദമി നടത്തുകയാണ് ചന്ദ്രശേഖർ) കലാജീവിതമാണ് ഇതിൽ ചിത്രീകരിച്ചത്. കുച്ചിപ്പുഡി നർത്തകി മാധവി മല്ലമ്പള്ളിയുടെ ഉത്സാഹത്തിൽ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന മധുരകലാനികേതൻ ആണ് നിർമ്മാണം.

ഫ്രീലാൻസ് മാധ്യമ പ്രവർത്തകനും അക്കാദമീഷ്യനുമായ വിനുവിന്റെ വർക്കുകളെല്ലാം വിശിഷ്ടരായ ആർടിസ്റ്റുകൾക്കുള്ള സമർപ്പണമാണ്. ഡോക്യുമെന്ററികൾ ഒരുക്കുമ്പോഴും താനൊരു നരേറ്റർ മാത്രമാണെന്ന് വിനു സ്വയം പരിചയപ്പെടുത്തുന്നു.

വാസു പിഷാരടിയെക്കുറിച്ച് 'വിജനേ ബത' അന്തരിച്ച പ്രശസ്ത കഥകളി ഗായകൻ കലാമണ്ഡലം ഉണ്ണിക്കൃഷ്ണക്കുറുപ്പിന് ആദരമായി 'വെങ്കലനാദം', പത്മശ്രീ വാഴേങ്കട കുഞ്ചുനായർക്ക് പ്രണാമമായി 'പ്രിയമാനസം ( നിർമ്മാണം കലാമണ്ഡലം), കോട്ടക്കൽ ഗോപിനായരെ ആവിഷ്ക്കരിക്കുന്ന 'ഞാൻ ഗോപി നായർ, വിഖ്യാതനായ കഥകളി ഗായകൻ കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരിയെക്കുറിച്ച് 'ട്രാവലോഗ് ടു മ്യൂസിക്' എന്നിവ വിനു വാസുദേവൻ സംവിധാനം ചെയ്ത ഡോക്യുമെന്ററികളാണ്. ചെണ്ട കലാകാരനായ ഉണ്ണിക്കൃഷ്ണന്റെ ബയോപികും ചവിട്ടുനാടകത്തെപ്പറ്റിയുള്ള ചിത്രീകരണവും അണിയറയിൽ ഒരുങ്ങുന്നു. ●

# വേർപാടിന്റെ 40 വർഷങ്ങൾ



## വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി

**ജനനം1930 –മരണം 1983**

(പ്രഥമാധ്യാപകൻ, എ എം എൽ പി എസ്, വള്ളിക്കാപ്പറ്റ വെസ്റ്റ്, മങ്കട, മലപ്പുറം.)

**വീട്ടിക്കാട്ട് ഇല്ലം, കണ്ണിപറമ്പ് പി ഒ, മാവൂർ,കോഴിക്കോട്,പിൻ 673661**

### ശ്രദ്ധാഞ്ജലിയോടെ

**സഹധർമ്മിണി:** ശ്രീദേവി അന്തർജനം (കൊട്ടാരം ഇല്ലം, തളിപ്പറമ്പ് )

**മക്കൾ:** ഡോ.വി. പരമേശ്വരൻ, (റിട്ട.സീനിയർ ലക്ചറർ, ഡയറ്റ്), വി.വത്സല, തട്ടായത്ത് മന ചാലക്കുടി (ലേറ്റ്) അധ്യാപിക ,ജി എൽ പി എസ്. ചെറുവണ്ണൂർ, മഞ്ചേരി), വി രാമചന്ദ്രൻ (സെലക്ഷൻ ട്രേഡ് ടൈപ്പിസ്റ്റ്, മലിനീകരണ നിയന്ത്രണ ബോർഡ്. കോഴിക്കോട്), വി ഉഷ (കരുവാട്ട് മന, പൊന്നാനി, അധ്യാപിക ,എ എം എൽ പി എസ് കറുകത്തിരുത്തി പൊന്നാനി)

**മരുമക്കൾ:** വിഷ്ണു .ടി.പി (തട്ടായത്ത് മന ചാലക്കുടി, റിട്ട.പ്രഥമാധ്യാപകൻ , പി എം എസ് എ എച്ച് എസ് എസ് ഇളംകൂർ, മഞ്ചേരി) കെ എം പരമേശ്വരൻ (കരുവാട്ടു മന പൊന്നാനി, റിട്ട.ഗ്രേഡ് 1 ആയുർവേദ നേഴ്സ് പൊന്നാനി ആയുർവേദ ആശുപത്രി) ശ്രീലത യു സി (ഉപ്പിലാപ്പറ്റ ചെന്നല്ലീരി മന, പോരൂർ, പ്രഥമാധ്യാപിക ജി എച്ച് എസ് എസ് മാവൂർ ,കോഴിക്കോട് ) സ്മിത പി ജെ (പന്തൽമന, തൃശൂർ. സംസ്കൃത അധ്യാപിക ആർ ഇ സി, എച്ച് എസ് എസ് ചാത്തമംഗലം.)

**പേരക്കുട്ടികൾ:** വീണ ടി വി - രാജേഷ് മുല്ലക്കൽ പുതുവേലി, കോട്ടയം, ഡോ.വർഷ ടി വി - വരുൺ വി , കണ്ണമംഗലം, കാക്കനാട്. സുകാന്ത് പരമേശ്വരൻ. കെ, സാവിനി കെ.പി, അനിരുദ്ധ് പരമേശ്വരൻ വി, അരവിന്ദ് പരമേശ്വരൻ വി,  ആയുഷ് ജാതവേദ് വി, കൃതി രാജേഷ്, ദക്ഷ് വാസുദേവ്

# ശതാഭിഷേകം 2023 ജനുവരി 4



## വീട്ടിക്കാട്ട് ശ്രീദേവി അന്തർജനം

**വീട്ടിക്കാട്ട് ഇല്ലം, കണ്ണിപറമ്പ് പി ഒ, മാവൂർ,കോഴിക്കോട്,പിൻ 673661**

**ഭർത്താവ്:** വീട്ടിക്കാട്ട് പരേതനായ പരമേശ്വരൻ നമ്പൂതിരി (പ്രഥമാധ്യാപകൻ, എ എം എൽ പി എസ്, വള്ളിക്കാപ്പറ്റ വെസ്റ്റ്, മങ്കട, മലപ്പുറം.)

### ആശംസകളോടെ

**മക്കൾ:** ഡോ.വി. പരമേശ്വരൻ, (റിട്ട.സീനിയർ ലക്ചറർ, ഡയറ്റ്), വി രാമചന്ദ്രൻ (സെലക്ഷൻ ട്രേഡ് ടൈപ്പിസ്റ്റ്, മലിനീകരണ നിയന്ത്രണ ബോർഡ്. കോഴിക്കോട്), വി ഉഷ (കരുവാട്ട് മന, പൊന്നാനി, അധ്യാപിക , എ എം എൽ പി എസ് കറുകത്തിരുത്തി പൊന്നാനി)

**മരുമക്കൾ:** വിഷ്ണു .ടി.പി (തട്ടായത്ത് മന ചാലക്കുടി, റിട്ട.പ്രഥമാധ്യാപകൻ , പി എം എസ് എ എച്ച് എസ് എസ് ഇളംകൂർ, മഞ്ചേരി) കെ എം പരമേശ്വരൻ (കരുവാട്ടു മന പൊന്നാനി, റിട്ട.ഗ്രേഡ് 1 ആയുർവേദ നേഴ്സ് പൊന്നാനി ആയുർവേദ ആശുപത്രി) ശ്രീലത യു സി (ഉപ്പിലാപ്പറ്റ ചെന്നല്ലീരി മന, പോരൂർ, പ്രഥമാധ്യാപിക ജി എച്ച് എസ് എസ് മാവൂർ ,കോഴിക്കോട് ) സ്മിത പി ജെ (പന്തൽമന, തൃശൂർ. സംസ്കൃത അധ്യാപിക ആർ ഇ സി ,എച്ച് എസ് എസ് ചാത്തമംഗലം.)

**പേരക്കുട്ടികൾ:** വീണ ടി വി - രാജേഷ് മുല്ലക്കൽ പുതുവേലി, കോട്ടയം, ഡോ.വർഷ ടി വി - വരുൺ വി , കണ്ണമംഗലം, കാക്കനാട്. സുകാന്ത് പരമേശ്വരൻ. കെ, സാവിനി കെ.പി, അനിരുദ്ധ് പരമേശ്വരൻ വി, അരവിന്ദ് പരമേശ്വരൻ വി, ആയുഷ് ജാതവേദ് വി, കൃതി രാജേഷ്, ദക്ഷ് വാസുദേവ്

അനുസ്മരണം / വെങ്കിടങ്ങ് നെടിയപ്പറമ്പ് മനയിലെ കൃഷ്ണകുമാർ

# യാത്രയായത് ഹാപ്പിയസ്റ്റ് മാൻ ഇൻ ദ വേൾഡ്

**കൃഷ്ണകുമാറിന്റെ ഫോൺ ലോക്ഡ് ആണ്. വിഷ്ണുവിന്റെ നമ്പർ മാത്രമേ എനിക്കറിയൂ. വേഗം ഇങ്ങോട്ടുവരൂ. കേട്ടത് വിശ്വസിക്കാനാകാതെ സ്തംഭിച്ചുനിന്നുപോയി.**



മാന്തിട്ട വിഷ്ണു

ജനുവരി 9, 2023. ഒരു ഷോക്കിങ് ന്യൂസിൽ കുറച്ചുനേരം മരവിച്ചുപോയ ദിവസം. ഉച്ചയോടെ ഒരു ഫോൺ കാൾ. കോളേജിൽ ഒപ്പം പഠിച്ചിരുന്ന, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയി റിട്ടയർ ചെയ്ത (ഐ എഫ് എസ്) മൊഹമ്മദ് നൗഷാദാണ്. സ്വരം നല്ലതുപോലെ പരിഭ്രമിച്ചിരുന്ന ടോണിലായിരുന്നു.

'വിഷ്ണൂ, ഞാൻ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ നിന്നാണ് വിളിക്കുന്നത്. വിഷ്ണുവിന്റെ നാട്ടുകാരനായ, പ്രീ ഡിഗ്രിക്ക് നമുക്കൊപ്പം പഠിച്ച കൃഷ്ണകുമാർ ഇന്നുരാവിലെ എന്റെ വീട്ടിൽ വന്നിരുന്നു. ഞാൻ വിളിച്ചിട്ടാണ് വന്നത്. കൃഷിസംബന്ധമായ ചില സംശയങ്ങൾ തീർക്കാൻ. ഏകദേശം രണ്ടുമണിക്കൂർ ഞങ്ങൾ വിശേഷങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. കൃഷ്ണകുമാറിനെ കുന്നംകുളം ബസ് സ്റ്റാൻഡിൽ എത്തിക്കാനായി ഞാൻ കാറെടുത്തു. തൊട്ടടുത്ത സീറ്റിലിരുന്ന് സംസാരിച്ചുകൊണ്ടേയിരുന്നു. പെട്ടെന്ന് അദ്ദേഹം എന്റെ

**സുഹൃത്ത് നൗഷാദിന്റെ വീട്ടിൽ നിന്ന് പടിയിറങ്ങുമ്പോൾ കൃഷ്ണൻ പറഞ്ഞ വാക്കുകൾ ഇതായിരുന്നു. അയാം ദ ഹാപ്പിയസ്റ്റ് മാൻ ഇൻ ദ വേൾഡ്. സുഹൃത്തിന്റെ മടിയിൽ കിടന്നുകൊണ്ടുള്ള ഒരു അവസാന യാത്ര**

മടിയിലേയ്ക്ക് കുഴഞ്ഞുവീണ് അബോധാവസ്ഥയിലായി. ഞാൻ എഴുന്നേല്പിച്ചിരുത്തി കുന്നംകുളം താലൂക്ക് ആശുപത്രിയിലെത്തിക്കുകയും ചെയ്തു. 'ഹി ഈസ് നൊ മോർ' പരിശോധിച്ച ഡോക്ടറുടെ വാക്കുകൾ കേട്ടപ്പോൾ എന്തുചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ് ഞാൻ. കൃഷ്ണകുമാറുടെ ഫോൺ ലോക്ഡ് ആണ്. വിഷ്ണുവിന്റെ നമ്പർ മാത്രമേ എനിക്കറിയൂ. വേഗം ഇങ്ങോട്ടുവരൂ.'

കേട്ടത് വിശ്വസിക്കാനാകാതെ സ്തംഭിച്ചുനിന്നുപോയി. പിന്നെ മനസ്സിനെ ശാന്തമാക്കി. 'ഇനിയെന്തുചെയ്യണം' എന്നുചിന്തിക്കാൻ തുടങ്ങി.

വേഗം കൃഷ്ണന്റെ വലിയച്ഛന്റെ മകനായ (അന്തരിച്ച) ആര്യേട്ടന്റെ മകൻ ദുർഗ്ഗാദത്തനെ വിളിച്ച് വിവരം പറഞ്ഞു. ബി എസ് എൻ എല്ലിൽ എഞ്ചിനീയറായ ദത്തൻ ഓഫീസിലായിരുന്നു. പിന്നെ നാട്ടിലെ സുഹൃത്ത് ജാതവേദനേയും വിവരമറിയിച്ച് ആശുപത്രിയിലെത്തി.

സ്കൂൾ തൊട്ട് പ്രീഡിഗ്രി വരെ ഒരുമിച്ച് പഠിച്ചവരാണ്. വെങ്കിടങ്ങിൽ 500 മീറ്റർ അകലത്തിൽ താമസിക്കുന്നവർ. കൃഷ്ണൻ അക്കാഡമിക് രംഗത്ത് എന്നും മിടുക്കനായിരുന്നു. കവിതകൾ ഭംഗിയായി ചൊല്ലും. അക്ഷരശ്ലോകവും. പ്രീഡിഗ്രിക്ക് ശേഷം ബി എസ് സി ഹോർട്ടികൾച്ചർ തെരഞ്ഞെടുത്തു. മണ്ണുത്തിയിലെ കാർഷിക സർവ്വകലാശാലയിൽ.കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിന്നാണ് വിരമിച്ചത്. കൃഷി ഔദ്യോഗിക ജീവിതത്തിന്റെ ഭാഗം മാത്രമായിരുന്നില്ല,പാഷൻ തന്നെയായിരുന്നു.

മനസ്സിൽ ലയിച്ചുചേർന്നിട്ടുള്ള ഒരു

# തുളസീദളം

**കവിത / സ്മിത പി ജെ**

വീട്ടിക്കാട്ടില്ലം
പി ഒ കണ്ണി പറമ്പ്
കോഴിക്കോട് 673 661
ഫോൺ - 9446646114



നിർമാല്യ ദർശനഭാഗ്യം ലഭിക്കുവാൻ
കോടി ജന്മം ഞാൻ തപസ്സിരുന്നു.
നിന്നുടെ മോഹനരൂപം മിഴികളിൽ
കണ്ടു ഞാൻ നിന്നൂ മുരളീധരാ!
നിൻമന്ദഹാസ മലരുകളേറ്റെന്റെ
യുള്ളിലഴലുകൾ പോയ് മറഞ്ഞു!!

നിൻ വേണുഗാനത്തിൻ ഭംഗിയിൽ ഞാനപ്പോൾ
എല്ലാം മറന്നു മുഴുകി നിൽക്കെ,
നിൻ രൂപമാകും യമുനയിൽ വീണൊരു
കൃഷ്ണ തുളസി ദളമായി ഞാൻ.

ശ്രീലക സോപാന വീഥിയിൽ മെല്ലവേ
വീണു തളർന്നു മയങ്ങീടവേ
നിൻ കരസ്പർശന നിർവൃതിയാലേ ഞാൻ
മറ്റൊരു വൈകുണ്ഠം കണ്ടു കണ്ണാ!
നിർമാല്യ ദർശനഭാഗ്യം ലഭിച്ചപ്പോൾ
നീയെന്നിൽ വന്നു നിറഞ്ഞൂ കണ്ണാ!! ●

പ്രാർത്ഥനാഭാവം. കൃഷിസംബന്ധമായി തന്നെ സമീപിക്കുന്ന എല്ലാവർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. രണ്ടര ഏക്കറോളം വരുന്ന ഇല്ലത്തെ സ്വന്തം വളപ്പ് നല്ലൊരു കൃഷിത്തോട്ടമാക്കി. കോവിഡ് കാലത്ത് ജൈവപച്ചക്കറികൾ സ്വന്തം തോട്ടത്തിൽ നിന്ന് സമൂഹ അടുക്കളയിലേയ്ക്ക് വിതരണം ചെയ്യാനും അദ്ദേഹം ശ്രദ്ധ പുലർത്തിയിരുന്നു. വെങ്കിടങ്ങ് പഞ്ചായത്തിലെ കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല കേരകർഷകനുമായി.

സഹധർമ്മിണിയുടെ ഇല്ലത്തെ തരിശായി കിടന്നിരുന്ന ഒരു കുന്നിൻ പ്രദേശവും ഈ അടുത്ത കാലത്ത് നല്ലൊരു തോട്ടമാക്കി മാറ്റിയെടുത്തു. ഇത് സമീപവാസികൾക്കും പ്രചോദനമായി. കൃഷ്ണന്റെ അവസാനയാത്രയും ഒരു കാർഷിക ഉപദേഷ്ടാവ് എന്ന രീതിയിൽ തന്നെയായിരുന്നു- സുഹൃത്തായ ഒരു റിട്ടയേഡ് വനപാലകന്റെ അടുത്തേയ്ക്ക്.

ഇല്ലത്തിന്നടുത്തുള്ള കുന്നത്തള്ളി ശ്രീ ഗോപാലകൃഷ്ണസ്വാമി ക്ഷേത്രം പുനരുദ്ധാരണകർമ്മങ്ങൾ നടത്തിയത് കൃഷ്ണന്റെ പ്രവർത്തനം കൊണ്ടാണ്. ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിന് വലിയൊരു പ്രോജക്റ്റും മലബാർ ദേവസ്വത്തിന് സമർപ്പിച്ചു. വെങ്കിടങ്ങ് വലിയമ്പലത്തിലേയും കുന്നത്തള്ളി ക്ഷേത്രത്തിലേയും മാനേജിങ്ങ് ട്രസ്റ്റിയായും കൃഷ്ണൻ മൂന്നുകൊല്ലക്കാലം പ്രവർത്തിച്ചിട്ടുണ്ട്.

കാണുമ്പോഴൊക്കെ വിശേഷങ്ങൾ പങ്കുവെയ്ക്കാനായി നൽകിയിരുന്ന ആ കൈ പെട്ടെന്ന് പിൻ വലിച്ച് സുഹൃത്ത് അപ്രത്യക്ഷനായിരിക്കുന്നു. ഇത്ര അനായാസമായ മരണം സ്വപ്നങ്ങളിൽ പോലും സംഭവിക്കാൻ ഇടയില്ല. അതുപോലെ സുഹൃത്തിന്റെ മടിയിൽ കിടന്നുകൊണ്ടുള്ള ഒരു അവസാന യാത്രയും അപൂർവ്വം തന്നെ.

വെങ്കിടങ്ങ് നെടിയപ്പറമ്പ് മനയിലെ ചന്ദ്രശേഖരൻ ഭട്ടതിരിപ്പാടിന്റേയും സാവിത്രി അന്തർജ്ജനത്തിന്റേയും മകനായി 1958നവംബർ 22 നാണ് ജനനം. രണ്ട് സഹോദരിമാർ- ഗൗരി( മഞ്ഞപ്പറ്റ)യും ലീല(കപ്ലിങ്ങാട്)യും. സഹധർമ്മിണി പ്രൊഫ. ലതടീച്ചർ തൃശ്ശൂർ ശ്രീകേരളവർമ്മ കോളേജിൽനിന്ന് പ്രിൻസിപ്പാളായി റിട്ടയർ ചെയ്തു. മകൻ ഡോ. നവനീത് കൃഷ്ണൻ (ബി എ എം എസ്, എം ഡി) തൈക്കാട്ടുശ്ശേരി വൈദ്യരത്നം കോളേജിൽ അദ്ധ്യാപകനാണ്. പുത്രവധു ഡോ. ഗായത്രി ഡെന്റൽ സർജറിയിൽ പോസ്റ്റ് ഗ്രാഡ്വേഷൻ ചെയ്യുന്നു. പൗത്രൻ സാർത്ഥക് കൃഷ്ണൻ (നാലുവയസ്സ്). മകൾ സാവിത്രി ചെന്നൈയിൽ മാതാ ഡെന്റൽ കോളേജിൽ അദ്ധ്യാപിക. ജാമാതാവ് ഗണേഷ് - സി എ, ബാർക്ലേയ്സ് ബാങ്ക് ഉദ്യോഗസ്ഥൻ. മകൻ അദ്വൈത് ഗണേഷ് ( രണ്ടു വയസ്സ് ).

സുഹൃത്ത് നൗഷാദിന്റെ വീട്ടിൽ നിന്ന് പടിയിറങ്ങുമ്പോൾ കൃഷ്ണൻ പറഞ്ഞ വാക്കുകൾ ചേർത്തുവെച്ച് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. അയാം ദ ഹാപ്പിയസ്റ്റ് മാൻ ഇൻ ദ വേൾഡ്. നല്ല ഭംഗിയുള്ള ഓർക്കിഡ് പൂക്കൾ ഒരു പരിധിവരെ വാടാമലരുകളാണെന്ന് തോന്നാറുണ്ട്. സൗഹൃദങ്ങൾ അവശേഷിപ്പിക്കുന്ന ഓർമ്മപ്പൂക്കളും അങ്ങനെ നിലനിൽക്കണമെന്നാണ് മോഹം. പ്രിയ സുഹൃത്തേ... നമസ്ക്കാരം... വിട... ●

മാന്തിട്ട വിഷ്ണു: 8714839298

ആനുകാലികം / കവർ സ്റ്റോറി




*പഴയിടം മോഹനൻ നമ്പൂതിരി: ബ്രാഹ്മണിക്കൽ ഹെജിമണി വാദക്കാരുടെ വലിയ ഇര*

പൂച്ചയ്ക്ക് ആര് മണി കെട്ടും എന്ന ചോദ്യം എലികളുടെ അതിജീവനത്തിൽ നിന്ന് ഉയരുന്നതാണ്. ഇവിടെ വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന പാവപ്പെട്ട ബ്രാഹ്മണരുടെ കഴുത്തിൽ ഹെജിമണി കെട്ടിത്തൂക്കി അവരെ അനങ്ങാൻ പോലും സമ്മതിക്കാതിരിക്കുകയാണ് മഹാഭൂരിപക്ഷം വരുന്ന കരിമ്പൂച്ചകളും കാടൻ പൂച്ചകളും. ഏതു നിമിഷവും ഏതെങ്കിലുമൊരു പൂച്ചയ്ക്ക് ഇരയാവാൻ വിധിക്കപ്പെട്ട എലികളുടെ കഴുത്തിലാണ് ഹെജിമണികൂടി കെട്ടിത്തൂക്കിയിരിക്കുന്നത്. സമകാലിക പശ്ചാത്തലത്തിൽ ബ്രാഹ്മണിക്കൽ ഹെജിമണിയെക്കുറിച്ച് ഒരു അവലോകനം

# കരിമ്പൂച്ചകൾ ചേർന്ന് എലിയുടെ കഴുത്തിൽ കെട്ടുന്ന

# ഹെജിമണി

**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി**






അയിത്തം പോലെയുള്ള അനാചാരങ്ങളും ജാതി വിവേചനവുമൊക്കെ ഒരിക്കൽ ഇവിടെ നിലനിന്നിരുന്നു എന്ന കാര്യം ഏവർക്കും അറിവുള്ളതാണ്.

ശ്രീ നാരായണ ഗുരു, അയ്യങ്കാളി, ആഗമാനന്ദൻ തുടങ്ങിയ ആദ്യകാല നവോത്ഥാന നായകരുടെ ശ്രമഫലമായി ഇതൊക്കെ ഏതാണ്ട് ഒരു പരിധി വരെ ഇല്ലാതാക്കാനും കഴിഞ്ഞു. എന്നാൽ ഇപ്പോഴും അയിത്തവും മറ്റും പഴയതിനേക്കാൾ മോശമായ രീതിയിൽ ഇവിടെ നിലനിൽക്കുകയാണെന്ന തരത്തിൽ വലിയ പ്രചാരണം ചിലർ ബോധപൂർവ്വം നടത്തുന്നു .

പ്രഭാഷകരുടേയും മാധ്യമ പ്രവർത്തകരുടേയുമൊക്കെ മേലങ്കി അണിഞ്ഞു നമ്മുടെ മുന്നിലെത്തുന്ന ചില സ്ഥാനമാന ദ്രവ്യ അവാർഡ് മോഹികളാണ് ഇതിന് ചുക്കാൻ പിടിക്കുന്നത്. ജാതിയും മതവും പച്ചയായി പറഞ്ഞുകൊണ്ടും നൂറ്റാണ്ടിന് മുമ്പ് അവസാനിപ്പിച്ച പല ദുരാചാരങ്ങളുടെ കഥകൾ വിളമ്പിയും പിന്നോക്കക്കാരിൽ അധമബോധം സൃഷ്ടിച്ച് സമൂഹത്തിൽ വീണ്ടും അസ്വസ്ഥതയുടെ വിത്തു വിതയ്ക്കുകയാണ് ഇവർ.

ശ്രീനാരായണ ഗുരുവിനേപ്പോലെയുള്ളവർ ചെയ്ത



*എ.കെ.ഗോപാലൻ, മന്നത്ത് പദ്മനാഭൻ, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, വി.ടി. ഭട്ടതിരിപ്പാട്*

**എ.കെ.ഗോപാലനും മന്നത്ത് പദ്മനാഭനും ജാതിവാൽ ഉപേക്ഷിച്ചതു കൊണ്ടോ ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടും വി.ടി.ഭട്ടതിരിപ്പാടും അത് ഉപേക്ഷിക്കാത്തതുകൊണ്ടോ പ്രത്യേകിച്ച് വല്ല ഉൽക്കർഷമോ അപകർഷമോ ഉണ്ടായിട്ടില്ല.**

എല്ലാ നവോത്ഥാന പ്രവർത്തനങ്ങളെയും അപ്പാടെ നിഷ്പ്രഭമാക്കുന്ന രീതിയിൽ എവിടെയും ബ്രാഹ്മണിക്കൽ ഹെജിമണി നടപ്പിലാക്കാൻ ആരോ ശ്രമിക്കുന്നു എന്ന് പ്രചരിപ്പിച്ചുകൊണ്ടാണ് ഭിന്നിപ്പിക്കൽ പ്രക്രിയയ്ക്ക് ഇവർ ആക്കം കൂട്ടുന്നത്.

ഈ അവസരത്തിൽ ഒരു ചോദ്യം വളരെ പ്രസക്തമാണ്. ഈ ബ്രാഹ്മണിക്കൽ ഹെജിമണി ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ആരാണ് ? കേരള ജനസംഖ്യയിലെ 0.8 ശതമാനത്തിൽ താഴെ മാത്രം വരുന്ന നമ്പൂരിമാരാണോ ഇതിന് പിന്നിൽ ?ആണെങ്കിൽ ഇവർ ഭയങ്കരന്മാർ തന്നെ ആയിരിക്കും സംശയമില്ല.

എന്നാൽ അജണ്ടകൾ നടപ്പാക്കാൻ പറ്റുന്ന അധികാരശ്രേണികളിലോ, അക്രമകാരികളുടെ ലിസ്റ്റിലോ , ഭരണത്തെ പോലും നിയന്ത്രിക്കാൻ സാധിക്കുന്ന കുത്തക മുതലാളിമാരിലോ, വ്യവസായ പ്രമുഖരിലോ ഒന്നും ഇവരെ കാണാനില്ല. അപ്പോൾ കാണാമറയത്തിരുന്ന് ഈ ബ്രാഹ്മണിക്കൽ ഹെജിമണി നടത്തുന്നത് ആരെന്നറിയാൻ നമ്പൂതിരിമാരും കാത്തിരിക്കുകയാണ്.

പേരിനൊപ്പം നമ്പൂതിരി എന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ദുർബലരും അഷ്ടിക്ക് വകയില്ലാത്തവരുമാണെങ്കിലും, അംഗസംഖ്യയോ അധികാരമോ ഇല്ലെങ്കിലും അവരെ സവർണ്ണ ഫാസിസ്റ്റായി ചിത്രീകരിക്കാൻ മേൽപ്പറഞ്ഞ ബുദ്ധിജീവികൾക്ക് യാതൊരു മടിയുമില്ല. ഈ അവസരത്തിൽ ചില വസ്തുതകൾ പരിശോധിക്കേണ്ടതുണ്ട്.

> ഈ ബ്രാഹ്മണിക്കൽ ഹെജിമണി ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ആരാണ്? കേരള ജനസംഖ്യയിലെ 0.8 ശതമാനത്തിൽ താഴെ മാത്രം വരുന്ന നമ്പൂരിമാരാണോ? ആണെങ്കിൽ ഇവർ ഭയങ്കരന്മാർ തന്നെ. സംശയമില്ല. എന്നാൽ അജണ്ടകൾ നടപ്പാക്കാൻ പറ്റുന്ന അധികാരശ്രേണികളിലോ, അക്രമകാരികളുടെ ലിസ്റ്റിലോ , ഭരണത്തെ പോലും നിയന്ത്രിക്കാൻ സാധിക്കുന്ന കുത്തക മുതലാളിമാരിലോ, വ്യവസായ പ്രമുഖരിലോ ഒന്നും ഇവരെ കാണാനില്ല.

രോഗത്തിന് ചികിത്സിക്കാൻ പഠിച്ച ആളെ നമ്മൾ ഡോക്ടർ എന്ന് സംബോധന ചെയ്യാറുണ്ട്. അതുപോലെ അദ്ദേഹം എൻജിനീയർ ആണ് , വക്കീൽ ആണ് , പ്രൊഫസർ ആണ് എന്നൊക്കെ ഓരോ ആൾക്കാർ ചെയ്യുന്ന തൊഴിലനുസരിച്ച് ഒരോരുത്തരെ വിശേഷിപ്പിക്കാറുമുണ്ട്.

ചിലപ്പോൾ ആ തൊഴിൽ ചേർത്തും നാം പറയാറുണ്ട്. ഡോ. വിജയൻ, എൻജിനീയർ രാമൻ, പ്രൊഫസർ സോമൻ, അഡ്വ. ശശി, ജസ്റ്റീസ് കൃഷ്ണയ്യർ, ക്യാപ്റ്റൻ സന്ദീപ് എന്നൊക്കെ വ്യക്തിയെ ഐഡന്റിഫൈ ചെയ്യുന്നതിന്റെ ഭാഗമായി തൊഴിലോ സ്ഥാനമോ ചേർത്ത് വിളിക്കുമ്പോൾ അതിൽ വലിപ്പത്തിന്റെ പ്രശ്നം ആരും കാണാറുമില്ല.

രാമൻ നമ്പൂരി എന്ന് പണ്ട് ഒരാളെ വിളിച്ചാൽ അതിന്റെ അർത്ഥം ആ രാമൻ 'നമ്പൂരിപ്പണി' ചെയ്യുന്നവൻ എന്നായിരുന്നു. രാമൻ മാരാർ എന്ന് വിളിച്ചാൽ രാമൻ ക്ഷേത്രത്തിൽ വാദ്യമേള തൊഴിൽ ചെയ്യുന്നവൻ എന്നായിരുന്നു. രാമ വാര്യർ എന്ന് വിളിച്ചാൽ രാമൻ അമ്പലത്തിൽ മാലകെട്ട് /കഴകം എന്നിവ ചെയ്യുന്നവൻ എന്നായിരുന്നു മനസ്സിലാക്കിയിരുന്നത്.

ആളുകൾക്ക് എക്സ് , വൈ എന്നൊക്കെ പേരിട്ടാൽ ആളെ തിരിച്ചറിയുക എന്ന ധർമ്മം നടക്കാതെ പോകും. അപ്പോൾ തിരിച്ചറിയാനായി വ്യത്യസ്തങ്ങളായ പേരുകളിട്ട് വിളിച്ചു തുടങ്ങി. ഒരേ പേരുള്ള പലർ ഒരു നാട്ടിൽ വന്നപ്പോൾ വേർതിരിച്ചറിയാൻ പേരിനൊപ്പം തൊഴിൽ കൂടി ചേർത്ത് വിളിച്ച് തുടങ്ങി. അതാണ് പിന്നീട് ജാതി വാൽ എന്ന അർത്ഥത്തിൽ ദുഷ്പ്രചാരണത്തിന് വിധേയമായത്.

ഒരാൾ സ്ത്രീ ആണോ പുരുഷൻ ആണോ എന്ന് വേർതിരിച്ചറിയാൻ പറ്റുന്ന തരത്തിൽ കൂടിയായിരുന്നു പേരുകൾ നിശ്ചയിച്ചിരുന്നത്.



*എം.ടി, അക്കിത്തം, കൈതപ്രം,വയലാർ*

ചിലർ പ്രശസ്തിയുടെ പരകോടിയിൽ എത്തിയാൽ അവരുടെ പേര് ചിലപ്പോൾ ഇനിഷ്യലിലേക്കോ സ്ഥലനാമത്തിലേക്കോ വീട്ടുപേരിലേക്കോ മാത്രമായി ചുരുങ്ങുന്നതും സാധാരണമായിട്ടുണ്ട്. അവരുടെ പ്രശസ്തി അവരെ യുണീക്ക് ആക്കുന്നതാണ് ഇതിന് കാരണം. ഇ.എം എസ്, എം.ജി.എസ്, ഒ.എൻ.വി, എം.ടി, എം.ആർ.ബി, വയലാർ, പട്ടം, കൊട്ടാരക്കര, അക്കിത്തം, കൈതപ്രം എന്നിവ ഉദാഹരണങ്ങൾ.

പേരിൽ നിന്നും കൃത്യമായി ഒരു വ്യക്തിയെ ഐഡന്റിഫൈ ചെയ്യണം എന്ന ഉദ്ദേശത്തിൽ പേരിനൊപ്പം അച്ഛന്റെ പേരും വീട്ടുപേരുമൊക്കെ ഇപ്പോൾ ഇനിഷ്യലായി ഉപയോഗിക്കുന്നുണ്ട്. ചിലർ സ്ഥലപ്പേരും സ്ഥാനപ്പേരും തൊഴിലുമൊക്കെ പേരിനോടൊപ്പം ഉപയോഗിക്കുന്നത് കാണാം. ഡോ. സുനിൽ പി ഇളയിടം, ഡോ. അരുൺ കുമാർ, സ്മൃതി പരുത്തിക്കാട്, സണ്ണി കപിക്കാട് എന്നൊക്കെയുള്ള പേരുകൾ ഉദാഹരണം. തങ്ങളുടെ പേരുകൾ യുണീക്ക് ആയിരിക്കണം എന്ന നിർബന്ധബുദ്ധി ഉള്ളതു കൊണ്ട് തന്നെയാണ് ശരിയായ പേരിനൊപ്പം ഇവർ ബഹുമതികളും കുടുംബപ്പേരും മറ്റും ചേർത്തിരിക്കുന്നത്. എന്നാൽ ഇതേ ഉദ്ദേശത്തോടെ ഒരാൾ പേരിനൊപ്പം പിള്ള എന്നോ മേനോൻ എന്നോ പണിക്കർ എന്നോ വച്ചാൽ ഇവർ ചാടി വീണ് പരിഹസിച്ചു തുടങ്ങും. ഇതും ബ്രാഹ്മണിക്കൽ ഹെജിമണിയുടെ ഭാഗമാണെന്ന് പറഞ്ഞു കളയും.

ഇനി മറ്റൊരു കാര്യം. ചിലർ പ്രശസ്തിയുടെ പരകോടിയിൽ എത്തിയാൽ അവരുടെ പേര് ചിലപ്പോൾ ഇനിഷ്യലിലേക്കോ സ്ഥലനാമത്തിലേക്കോ വീട്ടു പേരിലേക്കോ മാത്രമായി ചുരുങ്ങുന്നതും സാധാരണമായിട്ടുണ്ട്. അവരുടെ പ്രശസ്തി അവരെ യുണീക്ക് ആക്കുന്നതാണ് ഇതിന് കാരണം. ഇ.എം എസ്, എം.ജി.എസ്, ഒ.എൻ.വി, എം.ടി, എം.ആർ.ബി, വയലാർ, പട്ടം, കൊട്ടാരക്കര, അക്കിത്തം, കൈതപ്രം എന്നിവ ഉദാഹരണങ്ങൾ.

ഇപ്പോഴും വാര്യരേ, നമ്പൂരീ, പോറ്റീ, പിള്ളേ, മേനോനേ, മേശരീ, പണിക്കരേ എന്നൊക്കെയുള്ള വിളികൾ ഈ സമൂഹത്തിൽ സാധാരണമായി നടക്കുന്നുണ്ട്. ഇത് യാതൊരു മേൽക്കോയ്മയുടേയും ഭാഗമായി കാണാതെ അയാളെ തിരിച്ചറിയാനുള്ള ഒരു ഉപാധി മാത്രമായി കണ്ടാൽ ഒരു പ്രശ്നത്തിനും അവകാശമില്ല..

ഇപ്പോഴും വാര്യരേ, നമ്പൂരീ, പോറ്റീ, പിള്ളേ, മേനോനേ, മേശരീ, പണിക്കരേ എന്നൊക്കെയുള്ള വിളികൾ ഈ സമൂഹത്തിൽ സാധാരണമായി നടക്കുന്നുണ്ട്. ഇത് യാതൊരു മേൽക്കോയ്മയുടേയും ഭാഗമായി കാണാതെ അയാളെ തിരിച്ചറിയാനുള്ള ഒരു ഉപാധി മാത്രമായി കണ്ടാൽ ഒരു പ്രശ്നത്തിനും അവകാശമില്ല.

എല്ലാ തൊഴിലിനും മാന്യത ഉണ്ടായിരുന്ന കാലത്ത് തൊഴിൽ ചേർത്ത് പേര് പറഞ്ഞിരുന്നത് ആളെ തിരിച്ചറിയാനുള്ള സാധാരണ മാർഗ്ഗം മാത്രമായിരുന്നു. അതിൽ ആരും അഭിമാനിച്ചിരുന്നില്ല. ആക്ഷേപമായി കണ്ടിരുന്നുമില്ല. കാരണം എല്ലാ തൊഴിലുകാരും സമൂഹത്തിന് ആവശ്യമാണെന്ന തിരിച്ചറിവ് അന്നുണ്ടായിരുന്നു.

1900 ന്റെ തുടക്കത്തിൽ കേരളത്തിൽ ജാതി സംഘടനകൾ ഉദയം ചെയ്തു തുടങ്ങി. അവർ ജാതിയിലെ അനാചാരങ്ങൾ അവസാനിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചു. ഇതിനോടൊപ്പം തന്നെ നവോത്ഥാനത്തിന്റെ ആശയങ്ങളും പ്രചരിപ്പിച്ച് തുടങ്ങി. ഇതിന്റെ ഭാഗമെന്ന നിലയിൽ ചിലരുടെ പേരിനൊപ്പമുണ്ടായിരുന്ന നായർ, പിള്ള, ചാന്നാർ, അരയൻ, ആചാരി, പണിക്കർ എന്നൊക്കെ ഉള്ള വാലുകൾ എന്തോ വലിയ ത്യാഗമെന്ന മട്ടിൽ ഉപേക്ഷിച്ച് തുടങ്ങി. യാതൊരു നേട്ടവും ഇതു കൊണ്ട് ഉണ്ടായിട്ടില്ല എങ്കിലും ആവേശം കേറിയ പലരും ജാതിവാലുകൾ ഉപേക്ഷിക്കാൻ തയ്യാറായി. ശ്രീ നാരായണ ഗുരുവിനെപ്പോലെയുള്ള ആരെങ്കിലും പേരിനൊപ്പമുള്ള ജാതിവാൽ ഉപേക്ഷിക്കണം എന്ന് ആഹ്വാനം ചെയ്തതായി അറിവില്ല .

ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന ആഹ്വാനത്തിന്റെ യഥാർത്ഥ പൊരുൾ അറിയാത്തവരാണ് യഥാർത്ഥത്തിൽ ജാതിവാൽ ഉപേക്ഷിച്ചത്. അദ്വൈതികൾക്ക് ഒരു പേരിനെ പേരായി മാത്രമേ കാണാൻ സാധിക്കൂ. അവരുടെ മനസ്സിൽ ജാതി, മത ചിന്തകൾ ഇല്ല. ഇതുകൊണ്ടാകാം ഇ.എം ശങ്കരൻ നമ്പൂതിരിപ്പാടോ, വിടി ഭട്ടതിരിപ്പാടോ, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടോ പേരിനൊപ്പമുണ്ടായിരുന്ന ജാതിവാൽ ഉപേക്ഷിക്കാതിരുന്നത്. ഇതിന്റെ പേരിൽ പലരും പരിഹസിച്ചിട്ടും അവർ

*നരേന്ദ്ര മോദി, സൗരവ് ഗാംഗുലി, ലല്ലു പ്രസാദ് യാദവ് , ജഗതി എൻ കെ ആചാരി*

**ആശാരിമാർ വ്യാപകമായി ആചാരി എന്ന നാമം പേരിനൊപ്പം ചേർത്തിരുന്നു. സൗരവ് ഗാംഗുലി എന്ന പ്രമുഖ ക്രിക്കറ്ററെ ഗാംഗുലി എന്ന ജാതി നാമത്തിൽ കമന്റേറ്റർമാരും പത്രക്കാരും വിളിക്കുമ്പോൾ രവിശാസ്ത്രിയെ ശാസ്ത്രി  എന്ന ജാതി നാമത്തിൽ വിളിക്കുമ്പോൾ ഉത്തരേന്ത്യക്കാർ ഇത് ബ്രാഹ്മണിക്കൽ ഹെജിമണിയായി കാണുന്നില്ല.  പിന്നോക്കക്കാരനായ നരേന്ദ്ര മോദിയിലെ മോദി ജാതിനാമമാണ്. ലല്ലു പ്രസാദ് യാദവിലെ യാദവും ജാതിനാമമാണ്.**

അത് കേട്ടതായി ഭാവിച്ചതു പോലുമില്ല. എന്നാൽ അവർ ജീവിതത്തിൽ അവരുടെ പുരോഗമന നിലപാടുകൾ തെളിയിച്ചവരാണ്.  എ.കെ.ഗോപാലനും മന്നത്ത് പദ്മനാഭനും ജാതിവാൽ ഉപേക്ഷിച്ചതു കൊണ്ടോ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും വി.ടി. ഭട്ടതിരിപ്പാടും അത് ഉപേക്ഷിക്കാത്തതുകൊണ്ടോ പ്രത്യേകിച്ച് വല്ല ഉൽക്കർഷമോ അപകർഷമോ ഉണ്ടായിട്ടില്ല.

ആശാരിമാർ വ്യാപകമായി ആചാരി എന്ന നാമം പേരിനൊപ്പം ചേർത്തിരുന്നു. അതുപോലെ ചാന്നാർ, പണിക്കൻ, കാണി, അരയൻ എന്നൊക്കെയുള്ള പല വിശേഷണങ്ങളും പണ്ട് ചേർത്തിരുന്നു. എന്നാൽ പിന്നീട് നവോത്ഥാനത്തിന്റെ ഭാഗമായിട്ടാണോ അതോ മറ്റ് വല്ല കാരണങ്ങളാലാണോ എന്നറിയില്ല അതൊക്കെ പലരും ഉപേക്ഷിച്ചു.

സൗരവ് ഗാംഗുലി എന്ന പ്രമുഖ ക്രിക്കറ്ററെ ഗാംഗുലി എന്ന ജാതി നാമത്തിൽ കമന്റേറ്റർമാരും പത്രക്കാരും വിളിക്കുമ്പോൾ രവിശാസ്ത്രിയെ ശാസ്ത്രി  എന്ന ജാതി നാമത്തിൽ വിളിക്കുമ്പോൾ അവരൊക്കെ ബ്രാഹ്മണരാണെന്ന് ആ ജാതിനാമങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ടെങ്കിലും ഉത്തരേന്ത്യക്കാർ ഇത് ബ്രാഹ്മണിക്കൽ ഹെജിമണിയായി കാണുന്നില്ല.

പിന്നോക്കക്കാരനായ നരേന്ദ്ര മോദിയിലെ മോദി ജാതിനാമമാണ്. ലല്ലു പ്രസാദ് യാദവിലെ യാദവും ജാതിനാമമാണ് അല്ലെങ്കിൽ ജാതിവാലാണ്. മോദി എന്നോ യാദവ് എന്നോ മറ്റുള്ളവർ അവരെ വിളിക്കുമ്പോൾ അത് ജാത്യാക്ഷേപമായി ഉത്തരേന്ത്യക്കാർ കാണുന്നില്ല. സർദാർ വല്ലഭായി പട്ടേലിനെ എല്ലാവരും പട്ടേൽ എന്ന് വിളിക്കുമ്പോൾ പട്ടേൽ എന്നത് ജാതിനാമമാണെന്ന് ആരും ചിന്തിക്കാറു പോലുമില്ല.

> സർദാർ വല്ലഭായി പട്ടേലിനെ പട്ടേൽ എന്ന് വിളിക്കുമ്പോൾ പട്ടേൽ ജാതിനാമമാണെന്ന് ആരും ചിന്തിക്കാറു പോലുമില്ല.എന്നാൽ കേരളത്തിൽ പേരിനൊപ്പം ഒരു വാര്യർ എന്നോ മേനോൻ എന്നോ കണ്ടു പോയാൽ പണ്ടെങ്ങോ നിന്റെ മുത്തച്ഛന്റെ മുത്തച്ഛന്റെ മുത്തച്ഛൻ ആനപ്പുറത്ത് കേറിയിട്ടുണ്ടെന്നും പറഞ്ഞ് ഇപ്പോഴും നാലാം തലമുറക്കാരന്റേയും അഞ്ചാം തലമുറക്കാരന്റേയും മുണ്ട് പൊക്കി ചന്തിയിലെ തഴമ്പ് നോക്കി അവനെ പിന്തിരിപ്പനും ഹെജിമണിക്കാരനുമാക്കുന്ന സമ്പ്രദായമാണ്.

എന്നാൽ കേരളത്തിൽ ഇതല്ലാം വലിയ വിഷയങ്ങളാണ്. പേരിനൊപ്പം ഒരു വാര്യർ എന്നോ മേനോൻ എന്നോ കണ്ടു പോയാൽ പണ്ടെങ്ങോ നിന്റെ മുത്തച്ഛന്റെ മുത്തച്ഛന്റെ മുത്തച്ഛൻ ആനപ്പുറത്ത് കേറിയിട്ടുണ്ടെന്നും പറഞ്ഞ് ഇപ്പോഴും നാലാം തലമുറക്കാരന്റേയും അഞ്ചാം തലമുറക്കാരന്റേയും മുണ്ട് പൊക്കി ചന്തിയിലെ തഴമ്പ് നോക്കി അവനെ പിന്തിരിപ്പനും ഹെജിമണിക്കാരനുമാക്കുന്ന സമ്പ്രദായം കേരളത്തിൽ മാത്രമുള്ള പ്രതിഭാസമാണ്.

ഈയിടെ പഴയിടം മോഹനൻ നമ്പൂതിരിക്ക് പറ്റിയത് അതാണ്. പേര് നോക്കിയിട്ട് നിന്റെ ചന്തിയിൽ തഴമ്പുണ്ടെടാ ഫാസിസ്റ്റേ എന്ന് പറഞ്ഞ് ( അതായത് ജാതി പച്ചയായി പറഞ്ഞ് ) ആ പാവത്തിനെ ആക്ഷേപിച്ച് തൊഴിലിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ഹീന ശ്രമം ഉണ്ടായതിന് പിന്നിൽ ഹെജിമണി വക്താക്കളുടെ അജണ്ട ഉണ്ടായിരുന്നു എന്ന വിലയിരുത്തലുകൾ വെറുതെയല്ല .

70 പേരുടെ സംഘത്തിൽ മോഹനൻ നമ്പൂതിരി മാത്രമാണ് ബ്രാഹ്മണനായി ഉണ്ടായിരുന്നത് . പാത്രം കഴുകൽ മുതലുള്ള പണികൾ ചെയ്യുന്നവനാണ് പഴയിടം. എന്നിട്ടും ജാതി പറഞ്ഞ് അദ്ദേഹത്തെ ഒറ്റപ്പെടുത്തി സമൂഹമദ്ധ്യത്തിൽ താറടിക്കാനുള്ള ശ്രമമാണ് അവിടെ നടന്നത്. ഇതിന്റെ പിന്നിൽ ഭിന്നിപ്പ് രാഷ്ട്രീയക്കാരുടെ കരങ്ങൾ ഉണ്ടായിരുന്നു എന്ന് വ്യക്തം. ഭാഗ്യത്തിന് കേരളത്തിലെ പൊതു സമൂഹം ഇത് തിരിച്ചറിഞ്ഞു.

നമ്പൂരിമാർ പൊതുവേ സസ്യാഹാരികളാണ്. എന്നാൽ മനു സ്മൃതിയിലെ ചില മാംസാഹാര സംബന്ധിയായ പരാമർശങ്ങൾ ചൂണ്ടിക്കാട്ടി നമ്പൂതിരിമാർ പണ്ട്



*ഡോ.സുനിൽ പി ഇളയിടം, ഡോ. അരുൺ കുമാർ, സ്മൃതി പരുത്തിക്കാട്, സണ്ണി കപിക്കാട്*

മാംസഭോജികളായിരുന്നു എന്ന് സ്ഥാപിച്ച് അവരെ ആക്ഷേപിക്കാനും മാംസാഹാരമാണ് മഹത്തരം എന്ന് സ്ഥാപിക്കാനും ചിലർ ശ്രമിക്കുന്നതായി കാണുന്നു.

പണ്ട് പൂജാദി വൈദിക കർമ്മങ്ങൾ മാത്രം അനുഷ്ഠിച്ചിരുന്ന കാലത്ത് ബ്രാഹ്മണർക്കായി സസ്യാഹാരമായിരുന്നു സ്മൃതികൾ നിർദേശിച്ചിരുന്നത്. എന്നാൽ യാതൊരു ഭക്ഷണവും ലഭിക്കാതെ വന്നാൽ ജീവൻ നിലനിർത്താനായി മാത്രം മാംസ ഭക്ഷണവും കഴിക്കാം എന്ന് നിർദേശമുണ്ട് . ഇന്ന് നമ്പൂതിരിമാർ എല്ലാതരം കർമ്മമേഖലകളിലും വ്യാപൃതരായി ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വസിക്കുന്നുണ്ട്. അവരെല്ലാവരും സസ്യാഹാരികളാണ് എന്ന് പറയാൻ സാധിക്കില്ല. സാഹചര്യം കൊണ്ട് മാംസാഹാരികളായ നമ്പൂതിരിമാരും ഉണ്ട്. എന്ന് കരുതി അവരെ മാംസഭോജികൾ എന്ന് മുദ്ര കുത്താൻ സാധിക്കില്ല. ഭക്ഷണം അവനവന്റെ സാഹചര്യത്തിനും രസനയ്ക്കും ശരീരപ്രകൃതിയ്ക്കും ആരോഗ്യത്തിന്റെ നിലനില്പിനും അനുസരിച്ചാണ്. ശരീരമാദ്യം ഖലു ധർമ്മ സാധനം എന്നല്ലേ പ്രമാണം. ഭക്ഷണത്തെ ആരോഗ്യകരമായ നിലനില്പിനുള്ള ഒരു ഉപാധിയായി മാത്രം കാണുന്നതാണ് ശരിയായ നിലപാട്. അങ്ങനെ കാണുമ്പോൾ ആഹാരപ്രകൃതി മാത്രം നോക്കി ആരെയും പുകഴ്ത്താനോ ഇകഴ്ത്താനോ പറ്റില്ല.

മനു സ്മൃതി ഉപയോഗിച്ച് നമ്പൂരിയെ ഇകഴ്ത്താൻ നടക്കുന്നവർ ഒരു കാര്യം കൂടി മനസ്സിലാക്കുന്നത് നന്നായിരിക്കും. ജീവിതാചാരങ്ങളുമായി ബന്ധപ്പെട്ട് നമ്പൂരിമാർ ഒരിക്കലും മനു സ്മൃതിയിലെ പ്രമാണങ്ങളായിരുന്നില്ല പിൻതുടർന്നിരുന്നത്. മറിച്ച് ശാങ്കരസ്മൃതിയെയായിരുന്നു.

> പേരിനൊപ്പം ചിലർ സ്ഥലപ്പേരും സ്ഥാനപ്പേരും തൊഴിലുമൊക്കെ ഉപയോഗിക്കും. ഡോ.സുനിൽ പി ഇളയിടം, ഡോ. അരുൺ കുമാർ, സ്മൃതി പരുത്തിക്കാട്, സണ്ണി കപിക്കാട് എന്നൊക്കെയുള്ളവ ഉദാഹരണം. തങ്ങളുടെ പേരുകൾ യുണീക്ക് ആയിരിക്കണം എന്ന നിർബന്ധ ബുദ്ധി ഉള്ളതു കൊണ്ടാണ് ഇത്. എന്നാൽ ഇതേ ഉദ്ദേശത്തോടെ ഒരാൾ പിള്ള എന്നോ മേനോൻ എന്നോ നമ്പൂതിരി എന്നോ വച്ചാൽ ഇവർ ചാടി വീണ് പരിഹസിച്ചു തുടങ്ങും. ഇത് ബ്രാഹ്മണിക്കൽ ഹെജിമണിയുടെ ഭാഗമാണെന്ന് പറഞ്ഞു കളയും.

അതിലെ പ്രമാണമനുസരിച്ച് സസ്യാഹാരത്തിനാണ് പ്രാമുഖ്യം. അതിനാൽ മനുസ്മൃതി ഉപയോഗിച്ചുള്ള ആക്ഷേപങ്ങൾ നിലനിൽക്കില്ല എന്ന വസ്തുത ഹെജിമണിക്കാർ തിരിച്ചറിയുന്നത് നന്നായിരിക്കും.

സങ്കുചിത ജാതിചിന്തയുള്ളവരേയും, ആത്മവിശ്വാസമില്ലാത്തവരേയുമൊക്കെ വ്യാജചരിത്രം വിളമ്പി ബ്രാഹ്മണിക്കൽ ഹെജിമണി എന്ന് പറഞ്ഞ് വാളെടുപ്പിച്ച് നമ്പൂതിരിക്ക് നേരേ തിരിച്ചു വിടാനുള്ള ഹീന ശ്രമങ്ങളാണ് നടക്കുന്നത്. നാടിനെ കുട്ടിച്ചോറാക്കണമെന്ന് ആഗ്രഹിക്കുന്ന ദുഷ്ടശക്തികൾ ഹിന്ദു ഹിന്ദുവിന്റെ മെക്കിട്ടു കേറുന്നത് കാണാൻ കാത്തിരിക്കുകയാണ്. മുട്ടനാടുകളുടെ ചോര കുടിക്കാനാഗ്രഹിച്ച പഞ്ചതന്ത്രകഥയിലെ കുറുക്കനെപ്പോലെ.

ഇംഗ്ലീഷുകാർ തുടങ്ങിവച്ച ഭിന്നിപ്പ് രാഷ്ട്രീയം ഇപ്പോൾ ബ്രാഹ്മണ ഹെജിമണി സിദ്ധാന്തക്കാർ ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിക്കുന്നു. സോഷ്യൽ മീഡിയ വ്യാപകമായ ഇക്കാലത്ത് ഏത് വ്യാജചരിത്രവും സത്യമെന്ന തരത്തിൽ പ്രചരിപ്പിക്കാൻ എളുപ്പമാണ്. ഹെജിമണി വക്താക്കൾ ഇതൊക്കെ ഉപയോഗിച്ച് കുളം കലക്കി മീൻ പിടിക്കാനുള്ള ശ്രമത്തിലാണ്. ഇത് എല്ലാവരും തിരിച്ചറിയണം.

നൂറ്റാണ്ട് മുമ്പത്തെ കഥയും പറഞ്ഞ് കൊണ്ട് ഇപ്പോൾ ഈ ജനാധിപത്യകാലത്ത് വരുന്നവരുടെത് സദുദ്ദേശ്യമല്ലെന്നും ഹിഡൻ അജണ്ടയാണെന്നും തിരിച്ചറിയണം.

=സ്വന്തം ജീവിതം തന്നെ മനുഷ്യനന്മയ്ക്കായി ഉഴിഞ്ഞ് വച്ച ആദ്യ കാലനവോത്ഥാന നായകരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ കേരളത്തിൽ ഒരു മാറ്റവും ഉണ്ടാക്കിയിട്ടില്ല എന്ന് പറയിക്കാനുതകുന്ന കാര്യങ്ങളാണ് ഇപ്പോൾ വ്യാജചരിത്രങ്ങളിലൂടെയും നങ്ങേലിക്കഥകളിലൂടെയും മറ്റും സംഭവിക്കാൻ പോകുന്നതെന്ന് കൂടി തിരിച്ചറിയേണ്ടതുണ്ട്. ●


(തിരുവനന്തപുരം.ഗവ. സെക്രട്ടേറിയറ്റിൽ നിന്ന് റിട്ടയർ ചെയ്ത അഡിഷണൽ സെക്രട്ടറിയും യോഗക്ഷേമസഭ സംസ്ഥാനകൗൺസിൽ അംഗവുമാണ് ലേഖകൻ)

ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി
തോട്ടത്തിൽ ഇല്ലം
ഓച്ചിറ, കൊല്ലം ജില്ല.
മൊബൈൽ : 7907931775



# ഒരസ്വാഭാവിക മരണം

**സുനീതി ദിവാകരൻ**



സ്ഥലത്തെ ഗവണ്മെന്റ് ആസ്പത്രിയിൽ മോർച്ചറിയോട് ചേർന്ന പോസ്റ്റ്മോർട്ടം തീയേറ്ററിൽ ഇന്നത്തെ ആദ്യപോസ്റ്റ്മോർട്ടം നാൽപ്പത്തിയഞ്ചു വയസ്സുള്ള ഒരു വീട്ടമ്മയുടേതാണ്.

കഴിഞ്ഞ ദിവസം വൈകുന്നേരം മക്കൾ സ്കൂൾ വിട്ടു വരുമ്പോൾ അടുക്കളയുടെ പുറത്തുള്ള കോലായിൽ അമ്മിക്കല്ലിനോട് ചേർന്ന് വീണു കിടക്കുകയായിരുന്നു അവർ. അമ്മിയിൽ പകുതി അരഞ്ഞ ഉള്ളിച്ചമ്മന്തി ഒഴികെ മറ്റാരും ഈ മരണത്തിന് സാക്ഷികളായി ഉണ്ടായിരുന്നില്ല. മക്കളുടെ നിലവിളി കേട്ട് ഓടിക്കൂടിയ നാട്ടുകാർ മുഖത്തു വെള്ളമൊഴിച്ചും, കൈകാലുകൾ ഉരച്ചുനോക്കിയും അവരെ ഉണർത്താൻ ശ്രമിച്ചെങ്കിലും അപ്പോഴേക്കും തണുത്തു വിറങ്ങലിച്ചിരുന്ന ആ ശരീരം ഒട്ടും തന്നെ പ്രതികരിച്ചില്ല. കവലയിൽ നിന്ന് വിളിച്ചുവരുത്തി അസീസിന്റെ ജീപ്പിൽ അവരെ ആസ്പത്രിയിലെത്തിച്ചെങ്കിലും മരണം ഏകദേശം മൂന്നു മൂന്നരമണിക്കൂർ മുമ്പ് സംഭവിച്ചതായി ഡോക്ടർമാർ സ്ഥിരീകരിക്കുകയായിരുന്നു.

അപ്പോഴേക്കും സാധാരണ പോലെ ഓഫീസ് വിട്ട് ബസ്സിൽ കയറിയിരുന്ന ഗൃഹനാഥനെ അസീസ് തന്നെ ബസ്സ്റ്റോപ്പിൽ നിന്നു വീട്ടിലെത്തിച്ചു. ഇതിനിടെ ആ വീടും പരിസരവും ഒരു ജനസമുദ്രമായി കഴിഞ്ഞിരുന്നു. കരഞ്ഞു തളർന്ന മക്കളെ വാരിപ്പുണർന്ന് ഒരു ജീവച്ഛവം പോലെ അയാളും തളർന്നിരുന്നു പോയി. നാട്ടുകാരും ബന്ധുക്കളും കൂടി

മക്കളുടെ നിലവിളി കേട്ട് ഓടിക്കൂടിയ നാട്ടുകാർ മുഖത്തു വെള്ളമൊഴിച്ചും, കൈകാലുകൾ ഉരച്ചുനോക്കിയും അവരെ ഉണർത്താൻ ശ്രമിച്ചെങ്കിലും അപ്പോഴേക്കും തണുത്തു വിറങ്ങലിച്ചിരുന്ന ആ ശരീരം ഒട്ടും തന്നെ പ്രതികരിച്ചില്ല.

അപ്പോഴേക്കും വീട്ടിലെ കാര്യങ്ങൾ മുഴുവൻ ഏറ്റെടുത്തു.

അടിച്ചു തുടച്ചു അഴകോടെ വെച്ചിരുന്ന വീടിന്റെ ഉൾവശവും, മേശപ്പുറത്തു നിരത്തി അടച്ചുവെച്ചിരുന്ന ചോറും കറികളുമൊക്കെ കണ്ട് ചിലർ വിങ്ങിപ്പൊട്ടുന്നുണ്ട്. വേറെ ചിലർ സാരിത്തലപ്പ് കൊണ്ട് മുഖം പൊത്തിപ്പിടിച്ചു നിന്ന് തേങ്ങുന്നു. നാളേക്ക് ഇഡ്ഡലിക്കു അരക്കാനായി നനച്ചു വെച്ചിരുന്ന അരിയും ഉഴുന്നും വെച്ച പാത്രം തുറന്ന്നോക്കി ചില മുതിർന്ന സ്ത്രീകൾ നെടുവീർപ്പിടുന്നുണ്ട്. അടിച്ചു തിരുമ്പാനായി അടുക്കളമൂലയിൽ സോപ്പുപൊടിയിൽ കുതിർത്തു വെച്ചിരിക്കുന്ന തുണികൾ മറ്റ് ചിലരെ കണ്ണീരിലാഴ്ത്തി. വറുക്കാനായി വട്ടത്തിൽ കനം കുറച്ച് നുറുക്കിയ മധുരക്കിഴങ്ങ് ഒരു മുറത്തിൽ അടുപ്പിൻ കല്ലിന്മേൽ ഇരിക്കുന്നുണ്ട്.

ഇതിനൊക്കെ ഇടക്കാണ് ചമ്മന്തി അരക്കുമ്പോൾ കുഴഞ്ഞു വീണുമരിച്ച ആ വീട്ടമ്മയുടെ മരണത്തിൽ എന്തൊക്കെയോ അസ്വാഭാവികതകൾ ഉണ്ടെന്ന് തൊട്ടയല്പക്കത്തുകാരി രാധാദേവിക്ക് തോന്നിത്തുടങ്ങിയത്.

ഒറ്റക്കും കൂട്ടായും അവിടെയും, ഇവിടെയും നിന്നിരുന്ന മറ്റുപലരോടും രാധാദേവി തന്റെ സംശയം പറയുകയും ചെയ്തു. പിന്നെ താമസമുണ്ടായില്ല, ചിലർ ആ അസ്വാഭാവികത ഒച്ചപ്പാടൊന്നും ഇല്ലാതെ വെറും ഭാവം കൊണ്ടും, മറ്റുചിലർ ആവേശത്തോടെ വാക്കുകൾ കൊണ്ടും ശരിവെക്കുകയും ചെയ്തു. വീട്ടുകാരൊക്കെ പിന്നെ വെറും കാഴ്ചക്കാരായി മാറി. അഭിപ്രായമൊന്നും പറയാതെ ആട്ടം കാണാൻ വിധിക്കപ്പെട്ടവർ. ഇനിയെന്തെങ്കിലും പറഞ്ഞു പോയാലോ ?. ആർക്കോവേണ്ടി ആളിക്കത്തുന്ന ഈ ജനരോഷത്തിനു മുമ്പിൽ കുറ്റക്കാരാവാനും സാധ്യതയുള്ളവരായി.

അങ്ങനെയാണ് ഈ വീട്ടമ്മ ആദ്യം മോർച്ചറിയിലേക്കും ഇപ്പോൾ ഊഴം കാത്ത് ഈ പോസ്റ്റ് മോർട്ടം ടേബിളിലേക്കും എത്തിയത്.

ആസ്പത്രിയിലെ സീനിയർ സർജൻമാരായ മൃണാളിനി ഡോ

**തലയോട്ടി തുറന്നു നോക്കിയപ്പോൾ രാവിലെ വീട്ടമ്മ മകനെ ചൊല്ലിപഠിപ്പിച്ച പത്തു മുതൽ ഇരുപത്തഞ്ചു വരെയുള്ള സംഖ്യകളുടെ ഗുണനപ്പട്ടിക ആർത്തലച്ച് ഡോക്ടർമാരുടെ ചെവിപടങ്ങളിൽ ചെന്നു പതിച്ചു. വീട്ടമ്മയുടെ അടഞ്ഞു കൂമ്പി കിടക്കുന്ന കണ്ണുകൾ മൃണാളിനി ഡോക്ടർ ഒരിക്കലേ തുറന്നു നോക്കിയുള്ളൂ. കുടുംബത്തെക്കുറിച്ചു വീട്ടമ്മ കണ്ടിരുന്ന സ്വപ്നങ്ങളായിരുന്നു ആ കണ്ണുകൾ നിറയെ. അവ അപ്പോഴും മരിച്ചിട്ടില്ലായിരുന്നു.**

ക്ടറും രാഘവൻ ഡോക്ടറും ചേർന്നാണ് നിശ്ചിത സമയത്തുതന്നെ തയ്യാറായി വീട്ടമ്മയെ കീറിമുറിച്ച് മരണത്തിലുള്ള അസ്വാഭാവികത തിട്ടപ്പെടുത്താൻ തുടങ്ങിയത്. പച്ചനിറത്തിലുള്ള തുണി ദേഹത്തിൽ നിന്ന് മാറ്റിയപ്പോൾ മൃണാളിനി ഡോക്ടറുടെ നോട്ടം ചെന്ന് നിന്നത് വീട്ടമ്മയുടെ പാറിപ്പറന്നു കിടക്കുന്ന മുടിയിലും, വിളർച്ചയുള്ള മുഖത്തുമായിരുന്നു. ഉടനെ തന്നെ അവർ രാഘവൻ ഡോക്ടറെ നോക്കി അർത്ഥത്തിലൊന്നു മൂളി, പിന്നെ കാര്യപരിപാടികളിലേക്കു കടന്നു.

തലയോട്ടി തുറന്നു നോക്കിയപ്പോൾ രാവിലെ വീട്ടമ്മ മകനെ ചൊല്ലിപഠിപ്പിച്ച പത്തു മുതൽ ഇരുപത്തഞ്ചു വരെയുള്ള സംഖ്യകളുടെ ഗുണനപ്പട്ടിക ആർത്തലച്ച് ഡോക്ടർമാരുടെ ചെവിപടങ്ങളിൽ ചെന്നു പതിച്ചു. വീട്ടമ്മയുടെ അടഞ്ഞു കൂമ്പി കിടക്കുന്ന കണ്ണുകൾ മൃണാളിനി ഡോക്ടർ ഒരിക്കലേ തുറന്നു നോക്കിയുള്ളൂ. കുടുംബത്തെക്കുറിച്ചു വീട്ടമ്മ കണ്ടിരുന്ന സ്വപ്നങ്ങളായിരുന്നു ആ കണ്ണുകൾ നിറയെ. അവ അപ്പോഴും മരിച്ചിട്ടില്ലായിരുന്നു. പീടികയിൽ നിന്ന് വാങ്ങാനുള്ള അടുക്കള സാമഗ്രികളുടെ ഒരു ലിസ്റ്റ് വീട്ടമ്മയുടെ തൊണ്ടയിൽ കുടുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. മൃണാളിനി ഡോക്ടറുടെ കയ്യുകൾ വിറച്ചപ്പോൾ രാഘവൻ ഡോക്ടറാണ് ആ ലിസ്റ്റ് വലിച്ചെടുത്തു പുറത്തേക്കിട്ടത്. കരൾ തുറന്നപ്പോൾ കനിവാണ് പുറത്തേക്കൊഴുകിയത്. പുറത്തേക്കൊഴുകിയതൊക്കെ തുടച്ചൊപ്പി വൃത്തിയാക്കിയിട്ടും ഉറവ വറ്റാതെ വീട്ടമ്മയുടെ കരളിൽ നിന്നു കനിവ് കിനിയുന്നുണ്ടായിരുന്നു. ഹൃദയത്തിനുള്ളിലോ, മക്കളോടുള്ള കരുതലും വാത്സല്യവും തിങ്ങി നിറഞ്ഞിരിക്കുന്നു. പക്ഷേ മിടിപ്പ് നിന്ന് പോയിരുന്നു. ശ്വാസകോശത്തിൽ നിന്നാകട്ടെ ആശകൾ നിറഞ്ഞ ചുടു നിശ്വാസങ്ങൾ ചീറ്റി വന്നു. മൃണാളിനി ഡോക്ടർ നിന്ന് വിയർക്കാൻ തുടങ്ങി. വീട്ടമ്മയുടെ നടന്നു തേഞ്ഞ കാൽപാദങ്ങൾ വിണ്ടുകീറിയിരുന്നു. വയറ്റിൽ പ്രത്യേകിച്ചൊന്നുമില്ലല്ലോ. മേശപ്പുറത്തു നിരത്തി വെച്ചിരുന്ന വിഭവങ്ങളൊന്നും അവർ കഴിച്ചിട്ടില്ലായിരിക്കാം. കൈവിരലുകളിൽ നിന്ന് ഉണങ്ങി വരണ്ട ഉള്ളിച്ചമ്മന്തിയുടെ ശകലങ്ങൾ ഫോറൻസിക് പരിശോധനക്കായി രാഘവൻ ഡോക്ടർ പ്രത്യേകം ശേഖരിച്ചു.

തുറന്നതെല്ലാം തുന്നിക്കൂട്ടി പൊതിഞ്ഞു കെട്ടുന്നതിനു മുമ്പ് മൃണാളിനി ഡോക്ടർ വീട്ടമ്മയുടെ മുഖത്തേക്കൊന്നു കൂടി നോക്കി. പാതിമാത്രം അടഞ്ഞ ചുണ്ടുകൾക്ക് ഇനിയും എന്തൊക്കെയോ പറയാൻ ബാക്കിയുള്ളത് പോലെ. റിപ്പോർട്ടിൽ അവർ എഴുതിച്ചേർത്തു - മരണം അസ്വാഭാവികമാണ്. സമഗ്രമായ അന്വേഷണം അനിവാര്യം. ● (നാട്ടിലെ വിലാസം

സുനീതി ദിവാകരൻ, പുത്തില്ലത്ത് മന,ചെമ്പ്ര പോസ്റ്റ്,തിരുവേഗപ്പുറ,പാലക്കാട് ജില്ല.)
Suneethi Divakaran
B/3, Sai Samrat CHS Ltd,
Varad Vinayak Lane,Jivdani Road,
Virar (E),Dist. Palghar -401305
Maharashtra.Mobile: 9970219061




## വിഷ്ണു & അപർണ

ഷൊർണ്ണൂർ കയില്യാട് ചേറമ്പറ്റ മന നാരായണൻ ഭട്ടതിരിപ്പാടിന്റെയും സുധ നാരായണന്റെയും മകൻ സിഎൻ വിഷ്ണുവും കോഴിക്കോട് പെരുമൻപുറ മങ്ങത്തായ വിനോദ് കുമാർ- സജിത ദമ്പതിമാരുടെ മകൾ എം അപർണയും വിവാഹിതരായി. ഫെബ്രുവരി 1 ബുധനാഴ്ച ഷൊർണൂർ ബ്ളൂ ഡയമണ്ട് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലായിരുന്നു ചടങ്ങ്. അന്നേ ദിവസം തന്നെ ചേറമ്പറ്റ മനയിൽ കുടിവെപ്പും ഫെബ്രുവരി 2 വ്യാഴം വൈകീട്ട് കോഴിക്കോട് അഴകൊടി ദേവീ മന്ദിരത്തിൽ വിവാഹറിസപ്ഷനും നടന്നു.

വിഷ്ണു: 9961916595




**Dr. O.S. Krishnan Namboodiri DAM**
Ayurvedic Physician, Reg. No. 3686

Othaloor Mana, Thonnalloor
P.O. Vellarakkad- 680 584
Thrissur- Dt. Kerala
Mob: 9349393762, 9207806973



# കൃഷ്ണപ്രസാദം
# ആയുർവ്വേദിക് ട്രീറ്റ്മെന്റ് സെന്റർ

**ഒതളൂർ മന - തോന്നല്ലൂർ (പി.ഒ.) വെള്ളറക്കാട്,**
**തൃശൂർ - 680 584**

**എല്ലാവിധ പഞ്ചകർമ്മ ചികിത്സകളും ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.**
**പ്രായമുള്ള സ്ത്രീകൾക്ക് ഹോം സ്റ്റേ സൗകര്യത്തോടെ ചികിത്സ നടത്തുന്നു.**

| | |
|---|---|
| പരിശോധന സമയം | - 9 a.m. - 4 pm |
| തിങ്കൾ, ബുധൻ | - 3 pm - 6 pm |
| ഞായർ | - 8 am - 5 pm |
| ബുക്കിംഗ് നമ്പർ | - 9207806973 |

(വിളിച്ചിട്ട് വരുക)

**വൃക്കരോഗികൾക്ക്**
**ആശ്വാസത്തിനുള്ള**
**ആയുർവേദോപദേശങ്ങൾ**
**നൽകുന്നു**

-മാനേജർ



## ശതാഭിഷേകം:

2023 ഫെബ്രുവരി 3
വെള്ളിയാഴ്ച
മകരമാസത്തിലെ പുണർതം

# ലീല അന്തർജ്ജനം

W/O മൊടപ്പിലാപ്പള്ളി
വാസുദേവൻ നമ്പൂതിരിപ്പാട് (late)
മുണ്ടനാട്ട് മന മഹൾ
അച്ഛൻ-മുണ്ടനാട്ട്
പരമേശ്വരൻ നമ്പൂതിരിപ്പാട് (late)
അമ്മ-ആര്യ അന്തർജ്ജനം
(അരിക്കത്ത് മഹൾ)

എസ് എസ് എൽ സി
ഫസ്റ്റ്ക്ളാസിൽ പാസ്സായി,
സ്വന്തം ജോലി-ഗൃഹഭരണം

ഏഴ് മക്കൾ

1.ഗിരിജ
ഭർത്താവ്-നീലകണ്ഠൻ
(എടമന)
മക്കൾ-സൗമ്യ,സന്ദീപ്
2.ശോഭന
ഭർത്താവ്-വിജയൻ
(പണിക്കത്ത് മന)
മക്കൾ-പ്രിയദ,വരദ
3.രമണി
ഭർത്താവ്-ബാലരാമൻ
(കക്കാട്ട് മഠം)
മക്കൾ-പ്രഹ്ലാദ്, ആർദ്ര
4.സാവിത്രി
ഭർത്താവ്-വാസുദേവൻ
(കുമ്മിണി മന)
മകൻ-സഞ്ജീവ് വാസുദേവൻ
5.ശാസ്തൃശർമ്മൻ
ഭാര്യ-ഉമ
(പടിഞ്ഞാറ്റുകര മന)
മകൻ-അനന്തുവാസുദേവൻ
6.പരമേശ്വരൻ
ഭാര്യ-അപർണ്ണ
(കോടനാട്ട് മന)
മക്കൾ-അമോഘ് കൃഷ്ണൻ,
ഭദ്രപരമേശ്വരൻ
7 വിനു വാസുദേവൻ

കോൺടാക്ട്_നമ്പർ:
അഡ്വക്കറ്റ് പരമേശ്വരൻ
(അനിയൻ) 8606052226

## നമുക്കിടയിലെ പ്രതിഭ

# 100 പെർസെന്റെൽ

പാനാട് പദ്മനാഭൻ നമ്പൂതിരി





അരീക്കോട് ഊരങ്ങാട്ടിരിയിലെ തലഴി താമരക്കുളത്ത് ഗോവിന്ദൻ നമ്പൂതിരി ശാന്തിക്കാരനായിരുന്നു. അതത് ദിവസം കഴിഞ്ഞു കൂടാൻ പ്രയാസപ്പെട്ടിരുന്ന ഒരു പഴയ ശാന്തിക്കാരൻ.

ആ ശാന്തിക്കാരന്റെ പേരക്കുട്ടി ഇന്ത്യയിൽ ഒന്നാമനായിരിക്കുന്നു. അതേ പേരുകാരനായ ഗോവിന്ദ് എന്ന പയ്യൻ. പത്രങ്ങളുടെ ഒന്നാം പേജിൽ അവനെക്കുറിച്ചുള്ള വാർത്തകൾ. അവന്റെ ഫോട്ടോകൾ. ദശലക്ഷങ്ങൾ വാർഷിക പാക്കേജ് ലഭിക്കുന്ന വലിയ ഇടങ്ങളിലേക്ക് അവന് വാതിൽ തുറന്നു കിട്ടിയിരിക്കുന്നു. അവന്റെ മുത്തശ്ശന്റെ സ്വപ്നങ്ങളിൽപ്പോലും ഇല്ലാതിരുന്ന ലോകത്തേക്ക്.

ഇന്ത്യയിലെ ഏറ്റവും മികച്ച ബിസിനസ് വിദ്യാഭ്യാസസ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് മാനേജ്മെന്റിലേക്കുള്ള പ്രവേശന പരീക്ഷയായ ക്യാറ്റ് ആണ് ആദ്യപരിശ്രമത്തിൽത്തന്നെ ഗോവിന്ദ് കീഴടക്കിയത്. അതാകട്ടെ 100 പെർസെ

**ക്യാറ്റ് എന്നാൽ അത്ര നിസ്സാരമായ പൂച്ചയല്ല. ഐ ഐ എമ്മുകളിലേക്കുള്ള പ്രവേശനപ്പരീക്ഷയാണ്. അത് കടന്നു കിട്ടിയാൽ കോടിയോ ദശലക്ഷങ്ങളോ ആണ് വാർഷിക പേക്കേജ്. ആ പരീക്ഷയിലാണ് ഗോവിന്ദ് ടോപ്പറായത്.**




*ഇങ്ങനെയുള്ള ഐ ഐ എമ്മുകളിൽ നിന്നെല്ലാം ഗോവിന്ദിനെ പ്രവേശന ഇന്റർവ്യൂവിന് വിളിച്ചിട്ടുണ്ട്.*

**ഐ ഐ എം അഹമ്മദാബാദ് 2022ലെ കണക്കുകൾ**

- ആവറേജ് ഫീസ് 23 ലക്ഷം
- ആവറേജ് സാലറി 25 ലക്ഷം
- ഓഫറുകളുടെ എണ്ണം 220
- കമ്പനികൾ വന്നത് 190
- ഉയർന്ന ശമ്പളം 1.2 കോടി

ന്റെൽ മാർക്കോടു കൂടി.

ക്യാറ്റ് എന്നാൽ അത്ര നിസ്സാരമായ പൂച്ചയല്ല. ഐ ഐ എമ്മുകളിലേക്കുള്ള പ്രവേശനപ്പരീക്ഷയാണ്.

അത് കടന്നു കിട്ടിയാൽ കോടിയോ ദശലക്ഷങ്ങളോ ആണ് വാർഷിക പേക്കേജ്. ആ പരീക്ഷയിലാണ് ഗോവിന്ദ് ടോപ്പറായത്.

അറിയാം ഗോവിന്ദിന്റെ വിശേഷങ്ങൾ. ജനനം 2001 മാർച്ച് 2 ന് കോട്ടയത്ത്.

ശാന്തിക്കാരനായ മുത്തശ്ശന്റെ കാര്യം സൂചിപ്പിച്ചുവല്ലൊ. ശാന്തിയുമായി അരീക്കോട് ഊരാട്ടിരിയിൽ നിന്ന് ഗോവിന്ദൻ നമ്പൂതിരി പയ്യന്നൂരിലെ മാതമംഗലത്തെത്തി. അങ്ങനെ അവിടെ താമസമാക്കി. അടുത്തുള്ള രയരമംഗലം ഇല്ലത്തെ ഉണ്ണിമായ അന്തർജനം ജീവിത സഖിയായി. തനിക്ക് നേടാൻ കഴിയാതെ പോയത് മക്കളിലൂടെ നേടാൻ ആ അച്ഛൻ കൊതിച്ചു. മക്കളെ നന്നായി പഠിപ്പിച്ചു.

അദ്ദേഹത്തിന്റെ മകനാണ് ബാലസുബ്രഹ്മണ്യൻ. ക്യാറ്റ് കീഴടക്കിയ ഗോവിന്ദിന്റെ അച്ഛൻ.1991 ൽ തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗ് കഴിഞ്ഞതാണ്. 1997 മുതൽ ഗ്യാസ് അതോറിട്ടി ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ എഞ്ചിനീയർ. ഇപ്പോൾ നോയ്ഡയിലാണ്. അമ്മ ഗീത കോട്ടയം കിടങ്ങൂർ ചെറുവള്ളിൽ ഇല്ലത്തെ അംഗം. അനിയൻ ആനന്ദ് പ്ളസ് ടു പഠിക്കുന്നു.

പത്താം ക്ളാസ് വരെയും ക്ളാസ് ടോപ്പർ ആയിരുന്നു ഗോവിന്ദ്. അച്ഛന്റെ ജോലിയിലെ സ്ഥലം മാറ്റത്തിനൊത്ത് സംസ്ഥാനങ്ങളും സ്കൂളുകളും മാറിമാറിപ്പോന്നു. ഹൈദരാബാദും ഉത്തർപ്രദേശും രാജസ്ഥാനും മറ്റുമായി പന്ത്രണ്ടാം ക്ലാസ് വരെ. ഇപ്പോൾ ബിറ്റ്സ് പിലാനിയിൽ അവസാന സെമസ്റ്റർ വിദ്യാർത്ഥിയാണ്. മെയ് മാസത്തോടെ അതു കഴിയും.

നവംബർ 27 നായിരുന്നു ക്യാറ്റ് പരീക്ഷ. ആദ്യപരിശ്രമത്തിൽ തന്നെ പരീക്ഷ ജയിച്ചു എന്നതു മാത്രമല്ല, അതിൽ ഇന്ത്യയിൽ ടോപ്പറായി പത്രങ്ങളുടെ ഒന്നാം പേജിൽ ഇടം പിടിച്ചു എന്നതാണ് ഗോവിന്ദിന്റെ നേട്ടം. ഇന്ത്യയിൽ ഏറ്റവുമധികം പേർ അപേക്ഷിക്കുന്ന അഹമ്മദാബാദ് ഐ ഐ എമ്മിൽത്തന്നെ അഡ്മിഷൻ കിട്ടാനുള്ള റാങ്ക്. ഇന്ത്യയിലെ ടോപ്പറായാലും 23 ലക്ഷം രൂപ ഫീസ് വേണം എം.ബി.എ പഠനത്തിന്.



*അമ്മ ഗീത അനിയൻ ആനന്ദ് അച്ഛൻ ബാലസുബ്രഹ്മണ്യൻ എന്നിവർക്കൊപ്പം ഗോവിന്ദ്*

## ക്യാറ്റിന് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളോട് പറയാനുള്ളത്

ആദ്യം സിലബസ് എന്തെന്ന് മനസ്സിലാക്കുക. അതിൽ പറഞ്ഞ ഭാഗങ്ങൾ പഠിക്കുക. മുൻ വർഷങ്ങളിലെ ചോദ്യപ്പേപ്പറുകൾ ചെയ്തു നോക്കുക. അതിലുള്ള എല്ലാ ചോദ്യങ്ങളും ചെയ്യാൻ പറ്റണം. അതായിരിക്കണം ലക്ഷ്യം. അങ്ങനെ പറ്റുന്ന വരെ കൺസെപ്റ്റുൾ ക്ളിയർ ആക്കുക. പരീക്ഷാഹാളിലെ സമയത്ത് തന്നെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പറ്റുന്നുണ്ടോ എന്നും നോക്കണം. കാരണം രണ്ടു മണിക്കൂറിൽ പരീക്ഷ തീർക്കേണ്ടതുണ്ട്.



പഠനം കഴിഞ്ഞാലോ? ദശലക്ഷങ്ങൾ വാർഷിക പായ്ക്കേജുള്ള ജോലി. അത്രയ്ക്ക് വിലപിടിച്ചതാണ് ഐ ഐ എമ്മിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ളോമ. ഇങ്ങനെയുള്ള കോഴ്സിനാണ് ഗോവിന്ദ് അഡ്മിഷന് ശ്രമിക്കുന്നത്.

പ്ളസ് ടു കാലത്ത് കോട്ടയിലെ വൈബ്രന്റ് അക്കാദമിയിൽ എൻട്രൻസ് കോച്ചിംഗിന് ചേർന്നിരുന്നു. ഐ ഐ ടിയായിരുന്നു ലക്ഷ്യം. ഐ ഐ ടികളിലേക്കുള്ള പ്രവേശനപ്പരീക്ഷയിൽ 8000 ആയിരുന്നു റാങ്ക്. നാലായിരമെങ്കിലും ലഭിച്ചാലേ ഐ ഐ ടി കളിൽ അഡ്മിഷൻ ലഭിക്കൂ. എന്നാൽ ഐ ഐ ടി കളെപ്പോലെ തന്നെ പ്രസ്റ്റീജിയസ് ആയ ബിറ്റ്സ് പിലാനിയിൽ അഡ്മിഷൻ ലഭിച്ചു. 2019 ലാണ് ബിറ്റ്സ് പിലാനിയിൽ ചേർന്നത്.

ഇതേ സമയത്തു തന്നെ മറ്റൊന്നു കൂടി സംഭവിച്ചു. ഗോവിന്ദിന്റെ വല്യച്ഛൻ ഹരിനാരായണന്റെ മകൻ അശ്വിൻ ഐ ഐ എമ്മിലേക്കുള്ള ക്യാറ്റ് എഴുതി ടോപ്പറായി. അശ്വിനും 100 പെർസെന്റൈൽ സ്കോർ നേടിയാണ് ക്യാറ്റ് കീഴടക്കിയത്. അതൊരു മോട്ടിവേഷനും കാരണവുമായിരുന്നു. ക്യാറ്റാകുന്ന പൂച്ചയെ പിടിക്കാനുള്ള വഴി അശ്വിനിൽ നിന്നും ചോദിച്ചറിഞ്ഞു.

കോവിഡ് പൊട്ടിപ്പുറപ്പെട്ടതും ക്യാമ്പസുകൾ അനിശ്ചിതമായി അടച്ചിട്ടതും അക്കാലത്തായിരുന്നു.

സാധാരണഗതിയിൽ ഒരു ബിടെക്കുകാരൻ സപ്ളിയടിച്ച് വീട്ടിലിരുന്നു പോവുന്ന അവസ്ഥ. എന്നാൽ ഗോവിന്ദ് ഒന്നല്ല രണ്ടു പരീക്ഷകളെ വീട്ടിലിരുന്ന് ഓൺലൈനായി നേരിട്ടു. ബിറ്റ്സിലെ ബിടെക്കിനു വേണ്ട ഇലക്ട്രോണിക്സും കമ്മ്യൂണിക്കേഷനും. അതെല്ലാം സിലബസ് പ്രകാരം തീർക്കണം. അതിനു പുറമെയാണ് ക്യാറ്റ് കീഴടക്കാനുള്ള മാനേജ്മെന്റ് പഠനം. ദിവസം ആറു മണിക്കൂർ ഇതിനായി നീക്കി വെച്ചു. സംശയങ്ങൾ അപ്പപ്പോൾ ദൂരീകരിച്ചു. വെബ്സൈറ്റുകളും ഓൺലൈൻ മെറ്റീരിയലുകളും മറ്റുമായി കോവിഡിനെയും പരീക്ഷയെയും തോല്പിച്ചു.



### ഐഐഎം ക്യാറ്റ്: മലയാളി വിദ്യാർഥിക്ക് 100 പെർസന്റൈൽ

ന്യൂഡൽഹി ● ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐഐഎം) പ്രവേശനത്തിനുള്ള ക്യാറ്റ് പരീക്ഷയിൽ യുപിയിൽ നിന്നുള്ള മലയാളി വിദ്യാർഥിക്ക് 100 പെർസന്റൈൽ സ്കോർ. ബിറ്റ്സ് പിലാനിയിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ ബിടെക് അവസാന വർഷ വിദ്യാർഥിയായ ബി.ഗോവിന്ദ് ആണ് 100 പെർസന്റൈൽ സ്വന്തമാക്കിയ 11 പേരിൽ ഉൾപ്പെട്ടത്. കേരളത്തിൽ പരീക്ഷയെഴുതിയ മറ്റൊരു വിദ്യാർഥിയും ഇതിലുണ്ട്. യുപിയിൽ നിന്ന് 100 പെർസന്റൈൽ നേടിയ ഏക വിദ്യാർഥി ഗോവിന്ദാണ്.

ബി. ഗോവിന്ദ്.

ഗെയിലിൽ കെമിക്കൽ എൻജിനീയറായ പയ്യന്നൂർ മാതമംഗലം രേരമംഗലത്തു മനയിൽ ആർ.എം.ബാലസുബ്രഹ്മണ്യത്തിന്റെയും ഗീതയുടെയും മകനാണ്. നോയിഡ സെക്ടർ 45ലാണു താമസം. രാജസ്ഥാനിലെ കോട്ടയിൽ നിന്നാണ് 12-ാം ക്ലാസ് പൂർത്തിയാക്കിയത്.

വിദ്യാഭ്യാസം

*മലയാള മനോരമയുടെ ഒന്നാം പേജിൽ ഗോവിന്ദിന്റെ നേട്ടത്തെക്കുറിച്ച് വന്ന വാർത്ത*

പത്രങ്ങൾ വായിക്കാറുണ്ട്. സീരിയസ് വായന ബ്ളോഗിലാണ്. മോട്ടിവേഷണൽ സ്റ്റോറീസ് ഇഷ്ടമാണ്. എ പി ജെ അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ ഇഷ്ടപുസ്തകങ്ങളിലൊന്നാണ്. മൂവീസ് കാണാൻ ഇഷ്ടമാണ്. ഒരു ബ്രേക്കിനു വേണ്ടി ക്രിക്കറ്റും കാണാറുണ്ട്. ബിടെക് പഠനത്തിനും ക്യാറ്റിനും കൂടി ആറു മണിക്കൂർ സമയം നീക്കി വെച്ചിരുന്നു. സ്മാർട്ട് ആയി പഠിക്കണം.

ഇന്ത്യയിൽ ഒന്നാമനാവുക എന്നത് ചില്ലറക്കാര്യമല്ല. മുൻ വർഷത്തെ ചോദ്യപ്പേപ്പറുകൾ ചെയ്തു നോക്കി. ടോപ്പിക്കുകൾ ഓരോന്നായി തീർത്തു. ആ ടോപ്പിക്കിലെ മറ്റു ചോദ്യങ്ങൾ ചെയ്തു തീർത്തു. കൺസെപ്റ്റുകൾ നോട്ട്ബുക്കിൽ എഴുതി വെയ്ക്കുകയും ചെയ്തു. അങ്ങനെ സിസ്റ്റമാറ്റിക് ആയ പഠനത്തിന്റെ വിജയപീഠത്തിലാണ് ഇപ്പോൾ.

പഠിച്ചതെല്ലാം കേരളത്തിനു പുറത്താണെങ്കിലും കേരളം ഒട്ടും അന്യമല്ല. സമ്മർ വെക്കേഷനാണ് നാട്ടിൽ ചെലവഴിച്ചിരുന്നത്. അമ്മാത്തായ കോട്ടയത്തും ബെംഗളൂരുവിലുള്ള വല്യച്ഛന്റെ ഇല്ലത്തും. കോട്ടയത്ത് അമ്മാത്തെ മുത്തശ്ശൻ ഡോ. സി.എൻ.ടി. നമ്പൂതിരിയും മുത്തശ്ശി ഗംഗാദേവിയുമുണ്ട്. കേരളീയമായ ചില ശേഷിപ്പുകൾ ഇപ്പോഴുമുണ്ട്. അതിലൊന്നാണ് ഡൽഹിയിലെ മയൂർ വിഹാറിലുള്ള ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ സന്ദർശനം. മെഡിറ്റേഷനാണ് മനസ്സിനെ ഊർജ്ജവത്താക്കാനുള്ള മെഡിസിൻ.

പ്രവേശനത്തിന് ഇന്റർവ്യൂവും ഉണ്ട്. ക്യാറ്റ് സ്കോറും, പത്തിലെയും പന്ത്രണ്ടിലെയും മാർക്കുകളും,ഇന്റർവ്യൂവിന്റെ മാർക്കും എല്ലാം ചേർന്ന അഖിലേന്ത്യാ ഇൻഡക്സ് മാർക്കാണ് ഐ ഐ എം പ്രവേശനത്തിന് മാനദണ്ഡമാക്കുക. ഐ.ഐ.എമ്മിൽ നിന്ന് പി. ജി. പി കഴിഞ്ഞവർ ബിസിനസ് രംഗത്തെ ടോപ് ബ്രാസുകളാണ്. ഒന്നുകിൽ വൻ കമ്പനികളിലെ വലിയ പദവികളിൽ ദശലക്ഷങ്ങളുടെ പാക്കേജ്. അല്ലെങ്കിൽ സ്വന്തമായി വൻ സംരംഭങ്ങൾ തുടങ്ങുന്ന ബിസിനസ് മാഗ്നെറ്റുകൾ.

ബിറ്റ്സ് പിലാനിയിലെ ബി.ടെക് പൂർത്തിയാവുക മേയ് മാസത്തിലാണ്. അതു കഴിഞ്ഞാൽ അഹമ്മദാബാദിലെ ഐ ഐ എം ആണ് ലക്ഷ്യം. പിന്നെ, അതു കഴിഞ്ഞ് കിട്ടുന്ന ഉന്നതമായ പ്ളേയ്സ്മെന്റ്. സ്റ്റാർട്ട് അപ് പോലുള്ള ആശയങ്ങളും മനസ്സിലുണ്ട്. വിളിക്കാം ഗോവിന്ദിനെ, സമാനവഴികളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളോട് തീർച്ചയായും ചിലത് പറയാനുണ്ടാവും. ●

B.Govind
Rayaramangalath Mana
Tower 6/Flat Number 604
Sector 45,Noida,
Pincode: 201303
Mobile : 9110551134/
9387452369

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

യോഗക്ഷേമ സഭ
കോഴിക്കോട്
ജില്ലാകമ്മിറ്റി
പ്രസിദ്ധീകരണം

സ്വസ്തി കിട്ടുന്നവർ സ്ലിപ്പിലെ അഡ്രസ്സ്, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യത്യാസമുണ്ടെങ്കിലും 25-ാം തീയ്യതിക്കുള്ളിൽ സ്വസ്തി കിട്ടിയില്ലെങ്കിലും അറിയിക്കുക. എസ്.ടി.എം നമ്പർ കൂടി അറിയിക്കണം

**അറിയിക്കേണ്ട ഫോൺ നമ്പർ-9447332611**

ഗൂഗിൾ പേ /ബാങ്ക് ട്രാൻസ്ഫർ എന്നിവയിൽ എസ്.ടി.എം നമ്പർ കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക. ചെക്ക് /ഡ്രാഫ്റ്റ്, എം.ഒ. എന്നിവ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി എന്ന പേരിൽ അയക്കുക.

Net Banking / Google Pay
**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി,
ജില്ലാ ആസ്ഥാനമന്ദിരം,
കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം,
പി.ഒ. ചേവായൂർ, കോഴിക്കോട് 673017

പരസ്യനിരക്ക്

| | | | |
|---|---|---|---|
| ബാക്ക് കവർ കളർ | 15000 | വേളി പരസ്യം കളർ | 1500 |
| ഫ്രണ്ട് കവർ ഇന്നർ കളർ | 7500 | ഫുൾ പേജ് b/w | 3000 |
| ബാക്ക് കവർ ഇന്നർ കളർ | 7500 | ഫാഫ് പേജ് b/w | 1500 |
| ഫുൾ പേജ് കളർ | 5000 | ക്വാർട്ടർ പേജ് b/w | 750 |
| ഫാഫ് പേജ് കളർ | 2500 | സ്ട്രിപ്പ് b/w | 750 |
| ക്വാർട്ടർ പേജ് കളർ | 1500 | ജാതകങ്ങൾ | 1000 |
| സ്ട്രിപ്പ് കളർ | 1000 | ആശംസകൾ | 1000 |

വാർഷിക
വരിസംഖ്യ
**300**
രൂപ


***മാനേജിംഗ് എഡിറ്റർ, 9895621493***

*An Exclusive Publication on Namboodiri Life &Life style*



# വറ്റും വിളമ്പും

**വി.ടി വാസുദേവൻ**



ഭംഗിയായി ചെയ്യുന്നതെന്തും കലയാണ്. എന്നാൽ ഒരു കലാകാരനും സമ്മതിക്കാത്ത ഒരു ജീവിതയാഥാർത്ഥ്യമുണ്ട്. കൈപ്പുണ്യത്തിന്റെ കലയായ പാചകവൃത്തിയോളം ഹൃദ്യത വേറെയില്ലെന്ന്. പ്രിയപ്പെട്ടവരുടെ ഹൃദയത്തിലേക്കുള്ള വഴി ആദ്യം വായിലൂടെ, പിന്നെ വയറിലൂടെ (നല്ല ഭക്ഷണം. നല്ല വാക്കും) എന്നു പറയുന്നതു വെറുതെയല്ല. പകുതി നിവർത്തിയ കിടക്കയിൽ ചാരിയിരുന്നു മടിയുടെ മാധുര്യം ആസ്വദിക്കുന്നവർക്കു മനസ്സിലാവില്ല അമ്മമാർ ആത്മത്യാഗത്തിലൂടെ പകർന്നു നൽകുന്ന ഈ ജന്മാന്തരകലയുടെ സ്നേഹമസൃണത.

വണ്ട് ഒരു നമ്പൂതിരി ശിങ്കിടിയേയും കൂട്ടി തൃശ്ശൂർ പൂരത്തിനു പുറപ്പെട്ടു. ഉച്ചയ്ക്കു പൂരസ്ഥലത്തെത്തിയപ്പോഴേക്കും നമ്പൂതിരി വിശന്നു വശം കെട്ട് ശിങ്കിടിയോടു പറഞ്ഞുവത്രേ: 'ഞാൻ ബ്രഹ്മസ്വം മഠത്തിൽച്ചെന്ന് ഊണു കഴിച്ചു വരാം. അതുവരെ നീ ഈ ഇലഞ്ഞിത്തറയിലെ മേളം കണ്ടുനിന്നോ എന്ന്. ഇത് ഒരു വി.കെ. എൻ. കഥ മാത്രമല്ല, അന്യന്റെ വിശപ്പറിയാതെ ധാരാളം കഴിക്കുന്ന ഭോജനപ്രിയരെങ്കിലും സ്വന്തം ഭക്ഷണം പാകം ചെയ്യാനും അനുഭവിക്കാനും പണ്ടത്തെ നമ്പൂതിരിക്കു പ്രയാസമുണ്ടായിരുന്നില്ല. അമ്പലത്തിലെ തിടപ്പള്ളിയിൽ നേദ്യച്ചോറും പായസവും പാകം ചെയ്യുന്ന ശാന്തിവൃത്തിയിലൂടെ ചെറുപ്പം മുതൽക്കേ പാചകത്തിൽ സ്വയം പരിശീലനം നേടിയവരാണ് ആഢ്യ പ്രഭുക്കളൊഴികെയുള്ള മിക്ക ബ്രാഹ്മണരും.

ചുമട്ടുകാരനും മരംവെട്ടിയും ദേഹദണ്ഡം അനുഭവിക്കുന്നവരാണ്. എന്നാലും ദേഹദണ്ഡക്കാർ എന്നു വിളിക്കുന്നതു പാചകക്കാരെയാണ്. എന്തും അരച്ചും പൊടിച്ചും തരാൻ യന്ത്രങ്ങളും നൂതന അടുപ്പു സംവിധാവും ഇപ്പോൾ ഉണ്ടെങ്കിലും ആയാസരഹിതമല്ല വെപ്പുപണി. അലച്ചിൽ തീയിന്റെ ചൂട്, ഓരോ വിഭവത്തിന്റെയും വൈവിദ്ധ്യമാർന്ന സംസ്കരണ രീതി, അല്പവും പിഴയ്ക്കാതെ അപ്പപ്പോൾ വേണ്ട ചേരുവകൾ ചേർത്ത് രുചികരമാക്കാനുള്ള അദ്ധ്വാനം, ശ്രദ്ധ, ജാഗരൂകത. സൗന്ദര്യബോധം തുടങ്ങി മാനസികവും ശാരീരികവുമായ പ്രയാസങ്ങളെ നേരിടേണ്ടിവരും.

തീൻമേശയ്ക്കുമുമ്പ് ഇരിപ്പുറപ്പിച്ചവർ ഇതൊന്നും ഓർത്തെന്നുവരില്ല. ഉണ്ണാത്തവന് ഇല, ഉണ്ടവനു പായ എന്ന ഓട്ടപ്പന്തയത്തിൽ വെടുപ്പായി ഉണ്ണാൻ പോലും അറിയാത്തവരായി നമ്മൾ മാറി.

വെച്ചുവിളമ്പുന്നവരുടെ ദൈന്യതയെ ഓർമ്മിപ്പിക്കുന്ന പി. പി. രാമചന്ദ്രന്റെ ഒരു കവിതയുണ്ട്. ഉയരങ്ങളിൽ നിന്നുകൊണ്ട് ചുമർ പടവുകാർ താഴോട്ടു വിളിച്ചു പറയുകയാണ്. 'അമ്മായ്യേ, പരുക്കൻ കൂട്ട്' ഉടൻ താഴെ നിന്ന് മണലും സിമന്റും കൂട്ടിയ ചട്ടി ഉയർത്തുകയായി. അപ്പോൾ കേൾക്കാം 'കട്ട വരട്ടേ' എന്ന വിളി. ഉടൻ ഇഷ്ടിക നനച്ചുകൊടുക്കുകയായി. ഇങ്ങനെ അതുമിതും ഉയർത്തിയെടുത്തു കൊടുക്കാനായി ആ അമ്മായിയുടെ കൈകൾ പങ്കയിതളുകൾ പോലെ ചലിച്ചുകൊണ്ടിരിക്കുമ്പോൾ ഉയർന്നുകൊണ്ടിരിക്കുന്ന ഭിത്തിയിലെ മൂലയിൽ നിന്ന് ഇഷ്ടിക ചോദിച്ചു 'അമ്മായ്യേ, അമ്മായ്യേ,



അമ്മായിയുടെ വീടെവിട്യാ?' അമ്മായിയെ സ്നേഹിക്കുന്ന ആരെങ്കിലും വീട്ടിലുണ്ടോ?'ആ ശബ്ദം കേട്ടമ്പരന്ന് തന്റെ ദൈന്യതയിലും അനാഥത്വത്തിലും തരിച്ചുനിൽക്കുന്ന അമ്മായിയുടെ മുകളിൽ ഉച്ച സൂര്യന്റെ വിളിയും ഉയർന്നുപൊങ്ങി: 'പരുക്കൻ വരട്ടേ. ആളിക്കത്തുന്ന അടുപ്പിനും കരിനിറഞ്ഞ പാത്രങ്ങൾക്കുമിടയിൽ പരുക്കൻ ജീവിതം നയിക്കുന്ന വെപ്പുകാരും വിളമ്പുകാരും പങ്കിടുന്നതു നിസ്സഹായതയുടെ ഈ നെടുവീർപ്പാണ്.

ഇവയിൽ ഏറെ ഇനം വിഭവം. വായയ്ക്കു വേണ്ടതായാലും അല്ലെങ്കിലും -അതാണിന്നത്തെ മാന്യത. അത്തരം കേമൻ സദ്യ രാത്രി മുഴുവൻ ഉറക്കമൊഴിച്ചു പാകപ്പെടുത്തി ആയിരങ്ങളെ ഊട്ടുന്ന ദേഹണ്ണക്കാർ ഒടുവിൽ കുറച്ചു കഞ്ഞി കഴിച്ചു വിശപ്പടക്കാനാണിഷ്ടപ്പെടുക. കയ്യിൽ കിട്ടിയ താളോതകരയോ കൊണ്ടു ചോറിന്റെ ചങ്ങാതിമാരെ ചമച്ച് പക്ഷഭേദമില്ലാതെ കുട്ടികൾക്കും വീട്ടുകാർക്കും പരിജനങ്ങൾക്കും സ്വാദിഷ്ടമായി സമർപ്പിക്കുന്ന പണ്ടത്തെ വീട്ടമ്മയും ചിലപ്പോൾ ഒന്നും കഴിച്ചില്ലെന്നും വരും.

മഹാഭാരതത്തിൽ ഭീമനും നളനുമുണ്ടായിരുന്ന മേന്മകളിൽ പ്രധാന കൈയൂക്കുപോലെ പാചകത്തിലുള്ള അവരുടെ കൈപ്പുണ്യമാണ്. നളനു ദൈവാനുഗ്രഹം കൊണ്ടു ലഭിച്ച സിദ്ധിയെങ്കിൽ ഭീമൻ സ്വന്തം മിടുക്കു കൊണ്ടു പാചക വിദഗ്ധനായതാണ്. വെറും കറിക്കൈകൾ മാത്രമല്ല എന്റെ അറിവ് എന്നു പറഞ്ഞാണേത്രേ ഭീമൻ വിരാടരാജാവിനെ സമീപിച്ചത്. ചട്ടുകധാരിയായുള്ള ഭീമന്റെ വല്ലവേഷം (കീചകവധം) പ്രസിദ്ധമാണല്ലോ. രാജസൂയയാഗസദ്യയ്ക്കു ബാക്കിവന്ന വിഭവങ്ങൾ ചേർത്താണത്രേ അവിയൽ എന്ന കൂട്ടുകറി ഭീമൻ സൃഷ്ടിച്ചത്.

പുരാതനത്തിലായാലും അധുനാതനത്തിലായാലും ഉറുമ്പു മുതൽ കൊമ്പനാന വരെയുള്ള ജീവികൾ മനുഷ്യരുൾപ്പെടെ നിലനിന്നുപോരുന്നത് ആഹാരനീഹാരങ്ങളാലാണ്. പുസ്തകം വായിച്ചില്ലെങ്കിലും പാട്ടു കേട്ടില്ലെങ്കിലും ഇണചേർന്നില്ലെങ്കിലും നമുക്കു ജീവിക്കാം. പക്ഷേ, ഭക്ഷണം അകത്തുചെന്നില്ലെങ്കിലോ? ഉറുമ്പു മുതൽ കൊമ്പനാന വരെയുള്ള എല്ലാ ജീവികളും മനുഷ്യനുൾപ്പെടെ നിലനിന്നുപോരുന്നത് തിന്നലും ശേഷമുള്ള ചണ്ടിയെ ഉപേക്ഷിക്കുന്ന വിസർജ്ജനവും അടങ്ങുന്ന പ്രാണാപാന സംയുക്തമായ് അന്നധർമ്മത്താലാണ്. 'പ്രാണന്നന്നം ചരാചരാൻ' എന്നാണ് പ്രമാണം. പ്രാണൻ ഹൃദയത്തിൽ സ്ഥിതി ചെയ്ത് ഉള്ളിൽ ആഹ്ലാദത്തിരകളെ പ്രവേശിക്കുന്നു. പ്രാണാപാനസംയുക്തമാണ് ആഹാരം, മലമൂത്രങ്ങളെ ചലിപ്പിക്കുന്ന അധോവായുവാണ് ഈ അപാനൻ. മനുഷ്യർക്കും മൃഗങ്ങൾക്കും അനിവാര്യമായ ആഹാരത്തിന്റെ സ്വാദ് ആസ്വദിക്കാൻ ഉണ്ടാവേണ്ടത് അദ്ധ്വാനിച്ചു നേടിയ വിശപ്പാണ്. 'അഹം വൈശ്വാനരോ ഭൂത്വാ-പ്രാണിനാം ദേഹമാശ്രിതം' എന്ന് ജഠരാഗ്നിയെ പ്രകാശിപ്പിച്ചുവേണം ഊണു തുടങ്ങാൻ. എന്നാൽ ആ വൈശ്വാനരനെ മദ്യത്തിൽ മുക്കി കൊല്ലാനും മലയാളി ഇപ്പോൾ ശീലിച്ചുകഴിഞ്ഞു. വായനശാലയിലും പണിശാലയിലുമല്ല മദ്യശാലക്കു മുമ്പിലാണ് നാം ഇപ്പോൾ ക്യൂ നിൽക്കുന്നത്.

കേരളത്തിലെ വീടുകളിൽപ്പോലും ഭക്ഷണവിഷയത്തിൽ അമ്പരപ്പിക്കുന്ന മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. അടുക്കളയിൽ ഇന്ന് ഒട്ടും അദ്ധ്വാനഭാരം വേണ്ട. എന്തും അരച്ചും പൊടിച്ചും വേവിച്ചും തരാൻ യന്ത്രങ്ങളുണ്ട്. ഉരൽ, ഉലക്ക, അരകല്ല്, അമ്മിക്കല്ല് തുടങ്ങി കാർഷികസംസ്കാരസംഭാവനകൾ ഷോക്കേസിലേക്ക് മാറ്റപ്പെട്ടു. മറ്റെല്ലാ മനുഷ്യപ്രയത്നങ്ങളെന്നപോലെ ക്ഷണമുണ്ടാക്കലും ഊട്ടലും കർമ്മമണ്ഡലങ്ങളിൽനിന്ന് സ്വതന്ത്രമാവുകയാണ്. എല്ലാവരും കൂടിച്ചേർന്ന് ഭക്ഷണമൊരുക്കൽ അണുകുടുംബങ്ങളുടെ താവളമായിത്തീർന്ന വസതികളിൽ ഇല്ലാതായി. എൻട്രൻസാകാശത്തിൽ പറക്കുന്ന മകൾക്ക് പാചകം അറിയില്ല എന്നു പറയുമ്പോൾ വീട്ടമ്മ അഭിമാനിക്കുന്നു. വീട്ടിൽ എല്ലാ സൗകര്യങ്ങളുണ്ടായിട്ടും ആഹാരവിതരണ സ്ഥാപനങ്ങളെ (ഹോട്ടൽ കാറ്ററിങ്, ബേക്കറി തുടങ്ങിയവ) ആശ്രയിക്കുകയാണ് നാം. ആവിപറക്കുന്ന പുട്ടും കടലയും കപ്പയും ഉൾനാടൻ ചായക്കടകളിൽനിന്നുപോലും അപ്രത്യക്ഷമായി. 'വരിൻ, ഒരാപ്പുകുടിക്കാം'എന്ന വിളിയും കേൾക്കാതായി.

പണ്ടത്തെ ഗോത്രഗ്രാമങ്ങൾ നിറവിലും വറുതിയിലും ഒരേപോലെയാണ് കൊണ്ടാടിയിരുന്നത് -എല്ലാവർക്കും ഭക്ഷണം അല്ലെങ്കിൽ എല്ലാവർക്കും പട്ടിണി. ഈ പരസ്പരാദ്യദയഹൃദയബന്ധം സമ്പന്നഗൃഹസ്ഥാനങ്ങളിൽ പ്രതീക്ഷിക്കാൻ വയ്യ. എന്നാൽ നമ്പൂതിരിയില്ലങ്ങളിൽ കയറിച്ചെല്ലുന്ന വഴിപോക്കന് ഭക്ഷണസമയങ്ങളിൽ ഭക്ഷണം കിട്ടാതിരുന്നിട്ടില്ല. അതിഥിക്കു വേണ്ടി മനയ്ക്കൽ പ്രത്യേകിച്ചൊന്നും ഉണ്ടാക്കിയെന്നും വരില്ല. എങ്കിലും അതിഥിദേവോ ഭവ എന്ന മട്ടിലുള്ള ഉപചാരരീതികൾ കൈവെടിഞ്ഞില്ല.

നിസ്സാരനായ തന്റെ നേർക്ക് ആരെന്നു പോലും അന്വേഷിക്കാതെ ആതിഥ്യത്തിനു മത്സരിക്കുന്നതു കണ്ട് ലജ്ജിതനായ സംഭവം ഒരു സ്നേഹിതൻ ഈയിടെ ഓർമ്മിക്കുകയുണ്ടായി. ഒറ്റപ്പാലത്തെ ഒരു മനയിൽ ചെന്നപ്പോഴാണത്രെ ഈ സൽക്കാ

രാനുഭവമുണ്ടായത്. മനയിലെ ഒരംഗത്തെ കാണാൻ അവിടെ ചെന്നുപെട്ടത് നട്ടുച്ചയ്ക്കായിരുന്നു. അന്നവിടെ ആരുടേയോ പിറന്നാളായിരുന്നു. മിക്കവരുടേയും ഊണുകഴിഞ്ഞ സമയത്താണ് ഈ കയറിച്ചെല്ലൽ. ആളെ കണ്ടാൽ മാത്രം മതി. തനിക്കു ഭക്ഷണത്തിനു സമയമായിട്ടില്ല എന്നു പറഞ്ഞിട്ടും ഉണ്ണാനിരുത്തുകയായിരുന്നു. ഉണ്ണാൻ താൻ ഏകൻ. എന്തുവിളമ്പണമെന്നന്വേഷിച്ച് ഊട്ടാൻ പാത്രങ്ങളുമായി ചുറ്റും അനേകർ. സൽക്കാരത്തിന്റെ ആധിക്യം കണ്ടു പരിഭ്രമിച്ചു വേണ്ടവിധത്തിലുണ്ണാൻപോലും സാധിച്ചില്ലെന്നായിരുന്നു സുഹൃത്തിന്റെ പരാതി. ഉണ്ണുന്നതല്ല വിളമ്പുന്നതു കാണാനാണു രസമെന്നു പറഞ്ഞ് സദ്യ കാണാൻ വരുന്ന കുന്നംകുളത്തുകാരൻ വ്യാപാരി സുഹൃത്തിനേയും എനിക്കറിയാം. വിളമ്പുന്നതിലും ഉണ്ണുന്നതിലുമുള്ള നമ്പൂരിച്ചിട്ടയും വൃത്തിയുമാണ് അയാളെ ആകർഷിച്ചത്. ആസ്വദിച്ചു കൊണ്ടു സാവധാനത്തിൽ ഭക്ഷിക്കാൻ പ്രൊഫഷണൽ വിളമ്പുകാരുടെ വേഗത അനുവദിക്കുന്നില്ലെന്ന് ആവലാതിപ്പെടുന്നവരുമുണ്ട്. വിളമ്പലും തീറ്റയും അത്രവേഗത്തിലാണിവിടെ.

ഇലയ്ക്കു പിന്നിൽ ആൾ ഇരുന്നാൽ മാത്രമേ വിളമ്പൽ പതിവുള്ളു. ഓരോ വിഭവവും ആവശ്യത്തിനനുസരിച്ചു വേണ്ടത്ര കിട്ടുവാൻ സാധിക്കുമാറ് അനാവശ്യമായി ബാക്കിയാവാത്തവിധം ഓരോരുത്തരുടേയും ഇഷ്ടമറിഞ്ഞുള്ള കാറ്ററിങ് സമ്പ്രദായം. നാക്ക് ഇടത്തോട്ടുവെച്ച് ഇലയിൽ പ്രാധാന്യമനുസരിച്ച് വിഭവങ്ങൾ വിളമ്പുന്നതിനും സ്ഥാനമുണ്ട്. കഥകളിയിലെന്ന പോലെ പ്രധാന കഥാപാത്രങ്ങൾക്കു വലത്ത് ഇരിപ്പിടം, വലത്തേ അറ്റത്തു മുകളിലായി ക്രമത്തിൽ ഇടത്തോട്ടിടത്തോട്ട് എരിശ്ശേരി, കാളൻ, ഓലൻ, ഇലയുടെ ഇടതു ഭാഗത്ത് മുകളിലായി ഉപ്പേരികളും ഉപ്പിലിട്ടതുകളും. ചോറും വിഭവങ്ങളും രണ്ടും മൂന്നും തവണ വിളമ്പും. രസത്തിനുമുമ്പും മധുരക്കറികൾക്കു (പായസം) ശേഷവും ചോർക്കൊട്ടയുമായി എത്തണം. രസത്തിനു പപ്പടം നിർബ്ബന്ധം, പായസത്തിനുശേഷമാണ് മോരിന്റെ ഊഴം. പായസം ഇലയിൽ വിളമ്പിക്കഴിക്കലാണ് ഉചിതം. ചൂടുള്ള ഭക്ഷണവിഭവങ്ങൾ തണുപ്പിക്കാൻ ഇലയ്ക്കു കഴിയും. എന്നാൽ വാഴയില വെജിറ്റേറിയൻ ഹോട്ടലിൽപ്പോലും വിലപിടിച്ച വിഭവമായിത്തീർന്നു.




എന്തു കിട്ടിയാലും എങ്ങനെ കിട്ടിയാലും അമൃതായി തോന്നുന്ന വിശപ്പിന്റേയും അധ്വാനത്തിന്റേയും കാലം മറയുകയാണ്. തീൻ മേശയിലെ ബട്ടനമർത്തിയാലോ എ.ടി.എം. പോലെയുള്ള കാർഡുകൾ നിക്ഷേപിച്ചാലോ ഭക്ഷ്യപേയങ്ങൾ മുമ്പിലെത്തുന്ന കാലത്ത് വെപ്പും തീനും ഇനിയും താളം മാറും

ഇലയ്ക്കൽ ഇരുന്നാൽ ആദ്യം വെള്ളമെടുക്കുന്നത് ഇല കഴുകാനാണ്. ഭക്ഷണം കഴിഞ്ഞാലും ഇടയിൽനിന്ന് എഴുന്നേൽക്കലില്ല. കുടിക്കുനീർ ആചരിച്ചാലും ഇല്ലെങ്കിലും പന്തിയിലെ മറ്റുള്ളവരോടൊപ്പമേ എഴുന്നേൽക്കാനാവൂ. പഴകിയ സാധനങ്ങൾ കഴിക്കാറില്ല. രാവിലത്തെ ബാക്കി വൈകുന്നേരത്തേക്കുപോലും വെച്ചിരുന്നില്ല. അതുപോലെ നേരം തെറ്റിയും കഴിച്ചിരുന്നില്ല. ഉച്ചയ്ക്കുള്ള ഭക്ഷണം ആ സമയത്തു തരപ്പെടാതെവന്നാൽ വേണ്ടെന്നുവയ്ക്കലായിരുന്നു പതിവ്.

സാമൂഹ്യചരിത്രത്തെ നയിക്കുന്നത് പൂണൂലോ മന്ത്രതന്ത്രങ്ങളോ അല്ല അതതു വിഭാഗങ്ങളുടെ ഭക്ഷണസംസ്കാരം കൂടിയാണ്. വറ്റനും വിളമ്പനും (പാചകക്കാരനും വിതരണക്കാരനും) കൊട്ടിയൂർ ക്ഷേത്രഭരണസമിതിയിലെ അംഗങ്ങളാണ്. എന്തു കിട്ടിയാലും എങ്ങനെ കിട്ടിയാലും അമൃതായി തോന്നുന്ന വിശപ്പിന്റേയും അധ്വാനത്തിന്റേയും കാലം മറയുകയാണ്. തീൻ മേശയിലെ ബട്ടനമർത്തിയാലോ എ.ടി.എം. പോലെയുള്ള കാർഡുകൾ നിക്ഷേപിച്ചാലോ ഭക്ഷ്യപേയങ്ങൾ മുമ്പിലെത്തുന്ന കാലത്ത് വെപ്പും തീനും ഇനിയും താളം മാറും ●

വി. ടി വാസുദേവൻ
DEEPAKAM,Green gardens
Opposite to ground
P.O.Chittilappilly,Thrissur: 680551
Mobile: 9447837902



കുന്നം ത്രിവിക്രമൻ സോമയാജിപ്പാട് | കൊയ്ത്തൊടി പരമേശ്വരൻ സോമയാജിപ്പാട് | കുന്നം നാരായണൻ സോമയാജിപ്പാട് | തെക്കുമ്പറമ്പ് സുബ്രഹ്മണ്യൻ സോമയാജിപ്പാട് | നരിപ്പറ്റ വാസുദേവൻ സോമയാജിപ്പാട്, | തൃക്കടീരി വാസുദേവൻ അടിതിരിപ്പാട്

# അത്തക്കഞ്ഞി വെച്ചുനമസ്കാരത്തിനു ആശംസകൾ

കർമ്മമേ പുരുഷാർത്ഥമാക്കിയ
സിംഹവിക്രമശാലികൾ
കർമ്മയോഗികൾ, കർമ്മധീരർ,
മഹാപരിശ്രമശാലികൾ
ചോരകൊണ്ടു, വിയർപ്പുകൊണ്ടു
സമൃദ്ധമാക്കിയ ഭൂമിയിൽ
എന്തു ജാഡ്യമിതെന്തു നിഷ്ക്രിയ
ഭാവ,മിസ്ഥിതി മാറണം
അമരമാവണമെന്റെ രാഷ്ട്രം
വിശ്വവിശ്രുതിനേടണം
നിഖിലവൈഭവപൂർണ്ണമാവണം
എവിടെയും ജനജീവിതം
അരുതനീതികൾ, ആർത്തർ,
അറിയരുതംബദുഃഖമൊരല്പവും
വിശ്വശാന്തിവളർത്തുവാനവൾ
ശക്തിശാലിനിയാകണം.

നൂറ്റാണ്ടുകൾക്കുമുമ്പ്, കുംഭമാസത്തിലെ അത്തം നാളിൽ മീറ്റ്നദേശത്തെ ചെറുമുക്കു മനയിൽ അഗ്നിഹോത്രികളുടെ ഒരു സംഘം വിശപ്പും ദാഹവും യാത്രാക്ഷീണവും ശമിപ്പിക്കാൻ സന്ദർശിച്ചു. ചെറുമുക്ക് അത്യാശ്രമിക്ക് ഇല്ലത്തു നിന്നും അഷ്ടയിൽ ക്ഷേത്രത്തിൽ നിന്നും ആലങ്ങോട് ദേശത്തുനിന്നും ശുകപുരം ഗ്രാമത്തിൽ നിന്നും രാജഭരണകൂടത്തിൽ നിന്നും നേരിടേണ്ടി വന്ന നാടുകടത്തലിൽ മനം നൊന്ത ഒരു താവഴി ഒറ്റപ്പാലം മീറ്റ്ന ദേശത്തു താമസമുറപ്പിക്കുകയും അയിനിക്കിഴി ദേവസ്വത്തിന്റെ ഊരാള(പാരമ്പര്യട്രസ്റ്റി) രായി തോട്ടപ്പായ മനയുടെയും മീറ്റ്ന മനയുടെയും വടക്കുഭാഗത്ത് മീറ്റ്ന ചെറുമുക്കുമന പണിത് താമസിച്ചു പോരുന്നുമുണ്ടായിരുന്നു. അക്കാലത്ത് ശുകപുരം സഭാ യോഗക്കാരായ അക്കിത്തിരി-സോമയാജി-അടിതിരിമാർക്ക് അഗ്നിഹോത്രസംരക്ഷണത്തിനായി സ്വത്തുവഹകൾ സമർപ്പിക്കപ്പെട്ടിരുന്നു. പാലപ്പുറം അംശം ദേശത്ത് പല്ലാരമംഗലം ക്ഷേത്രവും കുളവും സഭായോഗം വകയാണ്. ഭാരതപ്പുഴയുടെ കിഴക്കേ കരയിലാണ് പാലപ്പുറം അംശം മീറ്റ്ന ദേശം. പടിഞ്ഞാറേ കരയിൽ മായന്നൂരിൽ എമ്പ്രാന്തിരി മഠത്തിൽ ഉത്രം നാളിൽ സന്ധ്യക്കുശേഷമുള്ള വെച്ചുനമസ്കാരം കഴിഞ്ഞാൽ രാത്രി തന്നെ പുഴ കടന്ന് പല്ലാരമംഗലത്ത് ദക്ഷിണാമൂർത്തി ക്ഷേത്രസ്ഥലത്തെത്തി വിശ്രമിക്കുന്നവർ ഉണ്ട്. അത്തം നാളിൽ വൈകുന്നേരം പല്ലാരമംഗലത്ത് എല്ലാ അഗ്നിഹോത്രികളുടെയും ഒരുമിച്ചു കൂടലുണ്ട്. മായന്നൂരിൽ രാത്രി തങ്ങി, അത്തം നാളിൽ രാവിലത്തെ തേവാരം കഴിഞ്ഞ് പുറപ്പെട്ടവരിൽ ഒരു ചെറുസംഘം കർമ്മികളാണ് മീറ്റ്ന ചെറുമുക്കുമനയിൽ നട്ടുച്ചക്ക് എത്തിയത്.

അന്ന് മീറ്റ്ന ചെറുമുക്കിലെ ഗൃഹനാഥന് കുട്ടികളുണ്ടായിരുന്നില്ലെന്നും അദ്ദേഹം അസുഖമായി കിടക്കുകയായിരുന്നെന്നും അന്തർജ്ജനം പെട്ടെന്ന് കഞ്ഞിയും നാളികേരപ്പൂളും ശർക്കരയും ഉപദംശമായും തയ്യാറാക്കി, പരിചാരിക (ഇരിയ്ക്കണമ്മ) കവുങ്ങിൻപാള കുത്തിയുണ്ടാക്കിയ പാത്രങ്ങളിലും ഇലക്കഷണങ്ങളിലും സ്വയം വിളമ്പിക്കഴിച്ച് സംതൃപ്തരായി. ഗൃഹനാഥൻ പലകമേൽ ദ്രവ്യം വെച്ച് നമസ്കരിച്ചത് കൈകൊണ്ട് അനുഗ്രഹിച്ചതായ ഒരു ഐതിഹ്യമുണ്ട്. കാറൽമണ്ണയിലെ തറവാട്ടിൽ അത്തക്കഞ്ഞി വച്ചു നമസ്കാരം മുടക്കം കൂടാതെ പിൻഗാമികൾ തുടരുന്നു 2023 മാർച്ച് 9 വ്യാഴാഴ്ച ഈ വർഷത്തെ അത്തക്കഞ്ഞി വെച്ചു നമസ്കാരം കാറൽമണ്ണ കൊയ്ത്തടി ചെറുമുക്ക് മനയിൽ അനുഷ്ഠിച്ചു. അഗ്നിഹോത്രി-പത്തിനാടി പരമ്പരയുടെ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥനാപൂർവ്വം **വേദഗുരുകുലം, കാറൽമണ്ണ, പാലക്കാട് ജില്ല. പിൻ- 679506.**



*ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്രം. പ്രക്ഷോഭവേദിയിൽ ശങ്കു ടി.ദാസും*
*സംസ്ഥാന പ്രസിഡന്റ് അക്കീരമൻ കാളിദാസൻഭട്ടതിരിപ്പാടും*

# യോഗക്ഷേമസഭയുടെ പ്രക്ഷോഭം വിജയത്തിലേക്ക്

മലപ്പുറം ജില്ലയിലെ പ്രശസ്തമായ ശുകപുരം ശ്രീ ദക്ഷിണാമൂർത്തി ക്ഷേത്രത്തിലെ ഇരുനൂറോളം മരങ്ങൾ മുറിച്ച് മാറ്റാനുള്ള മലബാർ ദേവസ്വം ബോർഡ് നീക്കത്തിനെതിരെ യോഗക്ഷേമസഭയുടെ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭത്തിന് വിജയത്തുടക്കം. ശങ്കു ടി. ദാസ് നൽകിയ ഹർജിയെ തുടർന്ന് ലേലവും മരം മുറിയും അന്തിമവിധി വരുന്നത് വരെ തടഞ്ഞിരിക്കുകയാണ് ഹൈക്കോടതി.

ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, അഷ്ടവൈദ്യൻ വൈദ്യമഠം നമ്പൂതിരിപ്പാട്, പൂമുള്ളി നമ്പൂതിരിപ്പാട് തുടങ്ങിയ സമുദായ ആചാര്യ ശ്രേഷ്ഠരുടെ നേതൃത്വത്തിൽ ക്ഷേത്രത്തിൽ വെച്ചുപിടിപ്പിച്ചവ ഉൾപ്പെടെയുള്ളവയാണ് ശബരിമല ഇടത്താവളത്തിന്റെ നിർമാണമെന്ന മറവിൽ മുറിച്ച് കടത്തുന്നത്. എടപ്പാളിൽ നിന്ന് ഒന്നര കിലോമീറ്ററോളം ഉള്ളിലാണ് ക്ഷേത്രം. വലിയ വാഹനങ്ങൾക്കൊന്നും പോകാവുന്ന റോഡുകളില്ല. ശബരിമലയിലേക്ക് പോകുന്നവരധികവും വലിയ വാഹനങ്ങളെയാണ് ആശ്രയിക്കുന്നത്. അവർക്കൊന്നും എത്താൻ പറ്റാത്തിടത്ത് പത്ത് കോടി ചെലവിൽ ഇടത്താവളം നിർമ്മിക്കുന്നത് അനാവശ്യമാണെന്നും സാമ്പത്തിക അഴിമതിയാണെന്നും ആരോപണമുണ്ട്.

> **അറിയേണ്ട വാർത്ത**
> **അഭിമാനം കൊള്ളേണ്ട വാർത്ത**
>
> ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, അഷ്ടവൈദ്യൻ വൈദ്യമഠം നമ്പൂതിരിപ്പാട്, പൂമുള്ളി നമ്പൂതിരിപ്പാട് തുടങ്ങിയ സമുദായ ആചാര്യ ശ്രേഷ്ഠരുടെ നേതൃത്വത്തിൽ ക്ഷേത്രത്തിൽ വെച്ചുപിടിപ്പിച്ചവ ഉൾപ്പെടെയുള്ളവയാണ് ശബരിമല ഇടത്താവളത്തിന്റെ നിർമാണമെന്ന മറവിൽ മുറിച്ച് കടത്തുന്നത്.


യോഗക്ഷേമസഭ ശുകപുരം ഉപസഭയുടെയും ദക്ഷിണാമൂർത്തി ക്ഷേത്ര ആചാര സംരക്ഷണ സമിതിയുടെയും സംയുക്ത നേതൃത്വത്തിൽ ആചാര സംരക്ഷണ വലയം തീർത്തു. ക്ഷേത്ര ചുറ്റുമതിലിന്റെ പുറത്ത് ആയിരകണക്കിന് ഭക്തർ ദീപം തെളിച്ചു. സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ അക്കീരമൺ കാളിദാസഭട്ടതിരിപ്പാട് ഉദ്ഘാടനം നിർവഹിച്ചു. ഡോ. കിരാതമൂർത്തി, ശബരിമല മുൻ മേൽശാന്തി തെക്കിനിയേടത്ത് കൃഷ്ണൻ നമ്പൂതിരി, വി.എൻ ദേവകി അന്തർജനം, പി എൻ ഭവത്രാതൻ , കെ.എം അച്യുതൻ നമ്പൂതിരി, എം ശങ്കരനാരായണൻ, കെ.പി രവീന്ദ്രൻ, ശങ്കുടി ദാസ് എന്നിവർ പ്രസംഗിച്ചു. പി.കെ നാരായണൻ ,പി കെ നീലകണ്ഠൻ, അനിയൻ കരുവാട്, എം ശ്രീരാമനുണ്ണി, പി.എം കൃഷ്ണൻ നമ്പൂതിരി തുടങ്ങിയ ശുകപുരം ഉപസഭാ ഭാരവാഹികളും സംബന്ധിച്ചു.

# മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



### പി.ഐ.സൂര്യ

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോ കെമിസ്ട്രിയിൽ പി.എച്ച്.ഡി. നേടിയ പി.ഐ.സൂര്യ. മുയിപ്പോത്ത് കളാശ്ശേരി നാരായണൻ നമ്പൂതിരിയുടെയും സുശീല അന്തർജനത്തിന്റെയും മകളും ഫറോക്ക് ഉപസഭയിലെ രാമനാട്ടുകര കണക്കില്ലം ഡോ. ശ്രീദ് ശർമയുടെ ഭാര്യയുമാണ്.



### ഭദ്ര അണ്ടലാടി


കോഴിക്കോട് സർവ്വകലാശാല വുമൺസ് ക്രിക്കറ്റ് ടീമിലേയ്ക്ക് സെലക്ഷൻ കിട്ടിയ ഭദ്ര പരമേശ്വരൻ. പാലക്കാട് വിക്റ്റോറിയ കോളേജിൽ രണ്ടാം വർഷ ഇക്കണോമിക്സ് ബിരുദ വിദ്യാർത്ഥിനിയായ ഭദ്ര അണ്ടലാടി പരമേശ്വരൻ നമ്പൂതിരിപ്പാടിന്റേയും തത്തമംഗലം വി എച് എസ് സി സ്ക്കൂൾ അദ്ധ്യാപികയായ രാധയുടേയും മകളാണ്.



### പ്രസാദ് ഏറാഞ്ചേരി


കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് സസ്യശാസ്ത്രത്തിൽ ഡോക്റേറ്റ് നേടിയ പ്രസാദ് ഏറാഞ്ചേരി.

വില്യാപ്പള്ളി ഏറാഞ്ചേരി ഇല്ലം രുദ്രൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: അശ്വതി



### നാരായണൻ നമ്പൂതിരി

കേന്ദ്ര സാംസ്കാരിക വകുപ്പ് നടത്തിയ രംഗോലി മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പ്രഥമ സ്ഥാനത്തിന് അർഹനായ കോഴിക്കോട് നരിക്കുനി സ്വദേശിയായ പൊന്നടുക്കം നാരായണൻ നമ്പൂതിരി. ന്യൂഡൽഹിയിലെ ചടങ്ങിൽ കേന്ദ്രമന്ത്രി മീനാക്ഷി ലേഖിയിൽ നിന്നു ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം സ്വീകരിച്ചു.



### നമന്യ

സി ബി എസ് സി സംസ്ഥാന കലോത്സവത്തിൽ ഭരതനാട്യത്തിൽ എ ഗ്രേഡ് നേടിയ നമന്യ ഉണ്ണികൃഷ്ണൻ. വടകര ഉപസഭയിലെ വെള്ളിയോട്ട് ഇല്ലത്തെ അംഗമാണ്. അമൃത ടി വിയിലെ റെഡ് കാർപെറ്റ് ഷോ, ഷോർട്ട് ഫിലിം, ആൽബങ്ങൾ, പരസ്യ ചിത്രങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. മൊബൈൽ 94467 79191




# ശതം ജീവ ശരദോ



## നൂറു പിറന്നാളിന്റെ പുണ്യവുമായി കാസർഗോഡ് ഉദിനൂർ കല്പമംഗലം ശ്രീദേവി അന്തർജനം

പരേതനായ കാസർഗോഡ് ഉദിനൂർ കല്പമംഗലം വിഷ്ണു നമ്പൂതിരിയുടെ പത്നി. തൃശൂർ കാട്ടൂർ കൂനമ്പിളി നാരായണൻ നമ്പൂതിരിയുടെയും കരുവന്നൂർ കൊട്ടിൽ മൂത്തേടത്തെ സരസ്വതി അന്തർജനത്തിന്റെയും മകൾ. ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം മേൽശാന്തിയായിരുന്ന വിഷ്ണു നമ്പൂതിരിയുടെ രണ്ടാമത്തെ വിവാഹത്തെ തുടർന്ന് ഇരുപത്തിരണ്ടാം വയസിൽ കല്പമംഗലത്തെത്തി.

Happy Birthday 102

ജനനം 1921 ഡിസംബർ (ധനു) മാസത്തിൽ ചോതി നക്ഷത്രം



*നൂറാം പിറന്നാൾ ദിനത്തിലെ ആദരം*



### ആശംസകളോടെ മക്കളും പേരമക്കളും

**സാവിത്രി അന്തർജനം(Late)**
ഭർത്താവ്: ഗുരുവായൂർ മൂത്തേടം വിഷ്ണുനമ്പൂതിരി.
മകൾ: മായ അന്തർജനം (ചെറുതയൂർ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ പത്നി, രണ്ട് കുട്ടികൾ. കശ്യപ് സി കൃഷ്ണൻ കൃതിക് സി. കൃഷ്ണൻ)

**ശ്രീധരൻ നമ്പൂതിരി (Late)**
തൃശൂർ ജില്ലയിൽ മനക്കൊടിയിലായിരുന്നു താമസം.
ഭാര്യ: അമ്മിണി (കുന്നംകുളം ചിത്തഞ്ഞൂർ മംഗലത്ത് മന)
മക്കൾ: കെ എസ് വിനോദ് കെ എസ് വിനയൻ

**നാരായണൻ നമ്പൂതിരി**
(റിട്ട അദ്ധ്യാപകൻ, യോഗക്ഷേമസഭ ഉത്തരമേഖല പ്രസിഡന്റ്)
ഭാര്യ: ശ്രീമണി (പിണറായി പെരികമന മകൾ/കാസർഗോഡ് കോട്ടിക്കുളം ജി.യു.പി സ്കൂൾ ഹെഡ്മിസ്ട്രസ് )
മക്കൾ: കെ.എൻ വൃന്ദ (എം.ടെക് /ബാംഗ്ലൂരിൽ താമസം. ചെറുവത്തൂർ ക്ലായിക്കോട് തെക്കില്ലത്ത് ഉമേഷ് നാരായണന്റെ പത്നി) ഇരട്ട കുട്ടികൾ: അതുല്യ & അമൂല്യ) കെ.എൻ വിഷ്ണു (ബി. ടെക് )



**'ഇപ്പോ മൊബൈല് വന്നപ്പോൾ
ഒരാൾക്കും ഒന്നിനും നേരല്യല്ലോ.
അവരെല്ലാവരെയും പിറന്നാളിന്
വരുമ്പോൾ കാണാമെന്ന് വിചാരിച്ചു.
വന്നില്ല. പരിഭവോണ്ട് പറഞ്ഞേക്കൂ.**

# നൂറ്റി രണ്ടാം വയസ്സിലെ പരിഭവം

ഇതു വായിക്കുന്നവർ ആരെങ്കിലും അവരോട് വിവരം പറയണം. ഈ മുത്തശ്ശിയെ ചെന്ന് കാണാൻ പറയണം. ഇതൊരു അപൂർവ ഭാഗ്യമാണ്. ഇതുപോലൊരു പരിഭവം കേൾക്കാൻ അധികം പേർക്കും അവസരമുണ്ടാവില്ല. നൂറ്റിമൂന്ന് പിന്നിട്ട ഒരാൾ ഇങ്ങനെ പരിഭവപ്പെടാൻ ഉണ്ടാവുന്നത് പുണ്യം കൂടിയാണ്.

**ടി എൻ മുരളീധരൻ നമ്പൂതിരി**



കോളിംഗ് ബെൽ അടിച്ചിട്ടും ന്യൂജൻ പയ്യന് ഒരു ഭാവഭേദവും ഇല്ല. അകത്ത് മൊബൈലിൽ കളിക്കുകയാണ് ഒരു ഏഴു വയസ്സുകാരൻ.

അവസാനം ഞാൻ പുറത്തു നിന്ന് വിളിച്ചു ചോദിച്ചു.

'ഹലോ......... നാരായണേട്ടനുണ്ടോ?'

കേട്ട ഭാവമില്ല.ആൾ മൊബൈൽ ലോകത്താണ്.

വീണ്ടും വിളിച്ചു.

അത് കേട്ട് അകത്തിരുന്ന മുത്തശ്ശി പറയുന്നത് കേട്ടു.

'ആരോ വന്നിരിക്കുന്നു കുട്ടി ഒന്നു നോക്കൂ.'

ഒരു യുവതി പുറത്തേയ്ക്ക് വന്നു.

'അമ്മാവൻ അമ്പലത്തിൽ പോയിരിക്കുകയാണ്, ഇപ്പോൾ വരും. കയറി ഇരിക്കൂ.' എന്നു പറഞ്ഞു.

യോഗക്ഷേമസഭയുടെ കാസർകോട് ജില്ലാ അർദ്ധവാർഷിക കൗൺസിൽ യോഗത്തിലും സംസ്ഥാന ഭാരവാഹികൾക്കുള്ള സ്വീകരണത്തിലും പങ്കെടുക്കുന്നതിനായി തലേന്ന് രാത്രിതന്നെ തൃക്കരിപ്പൂരിലെത്തിയതായിരുന്നു ഞങ്ങൾ. ഞാനും പന്തൽ രവിയും. പടന്നയിലെ ഉദിനൂർ കൽപ്പമംഗലത്ത് ഇല്ലത്താണ് ചെന്നത്. ഇല്ലത്തെ മൂസ്സായ കൽപ്പമംഗലം നാരായണൻ നമ്പൂതിരി അമ്പലത്തിൽ പോയതായിരുന്നു.

'ഞങ്ങൾ തൃശ്ശൂരിൽ നിന്നും വരുന്നതാണ്. യോഗക്ഷേമസഭ മധ്യമേഖല പ്രസിഡന്റ് തുറനല്ലൂർ മുരളീധരനും സെക്രട്ടറി പന്തൽ രവിയും ആണ്' എന്ന് പരിചയപ്പെടുത്തി.

ഉടനെ അകത്തിരുന്ന മുത്തശ്ശി അടുത്ത് വന്ന് ചോദിച്ചു.

'തൃശ്ശൂർ എവിടെന്നാ?'

'അന്നമനടയിൽ നിന്നാണ്. ഇദ്ദേഹം പന്തൽ വൈദികന്റെ മകൻ രവിയാണ്.'

ഉടനെ വന്നു ചോദ്യം.

'കടയ്ക്കവട്ടത്ത് ഒക്കെ അറിയോ?'

എനിക്ക് അത്ഭുതവും സന്തോഷവും തോന്നി. ഇത്രയും ദൂരം യാത്ര ചെയ്ത് എത്തിയത് സ്വന്തം സ്ഥലത്തേക്കോ? അവർ ഞങ്ങളുടെ ഉപസഭയിലെ ഇല്ലമാണെന്നും അവരെല്ലാവരും സുഹൃത്തുക്കളും ബന്ധുക്കളുമാണെന്നും മുത്തശ്ശിയോട് പറഞ്ഞു. അന്നമനട ഉപസഭയിലെ ഒട്ടുമിക്ക ഇല്ലങ്ങളിലെയും വിശേഷങ്ങളും മുത്തശ്ശിയുടെ ചാർച്ചക്കാരുടെ വിശേഷങ്ങളും ചോദിച്ചറിഞ്ഞു. തനിക്ക് പ്രത്യേകിച്ച് വയ്യായ്ക ഒന്നും ഇല്ലെന്നും പറഞ്ഞു. കുടിയ്ക്കാൻ ചായയോ കാപ്പിയോ എന്താ വേണ്ടേ? എന്നു ചോദിച്ചപ്പോൾ ഒന്നും വേണ്ടാ എന്നു പറഞ്ഞു.

'ധനുലെ ചോതിയാണ് പിറന്നാൾ! ഇവരെല്ലാവരും കൂടി ആഘോഷമായി നടത്തി. ഇപ്പോൾ 103 വയസ്സായി. ഇപ്പോഴും ഓർമ്മക്കുറവില്ല. കേൾവിയ്ക്ക് കുറച്ചു കുറവുണ്ട്. അത്യാവശ്യം കാര്യങ്ങൾ ചെയ്യും. പണ്ടൊക്കെ അമ്പലക്കുളത്തിൽ കുളിച്ച് തൊഴാറുമുണ്ട്. ഇപ്പോൾ അതിനു വയ്യ. ഗോപുരത്തിന്റെ നടവരെ നടന്ന് പോയി തൊഴുതു വരും.'

അപ്പോഴേയ്ക്കും ചായയെത്തി. മുത്തശ്ശി അടുത്തിരുന്ന് വിശേഷങ്ങൾ ചോദിച്ചു. കടയ്ക്കവട്ടത്തെ രവിയുടെ ആത്തേമ്മാര് ബന്ധുവാണ്. ഞാനവിടെ വന്ന് താമസിച്ചിട്ടുണ്ട്. പരമേശ്വരൻ, നാരായണൻ, ദാസൻ,

അനിയൻ എല്ലാവരും ജോലിക്കാരായില്ലേ? ഗുരുവായൂരപ്പന്റെ മകന് എന്താ ജോലി? വടക്കേ ഇല്ലത്തെ പെൺകുട്ടികളെയെല്ലാം കൊടുത്തു എന്നറിഞ്ഞു.

'എന്താ ഇല്ലപ്പേര്? എന്നായി എന്നോട്.

'തൊറാലൂര്.' ഞാൻ പറഞ്ഞു.

'അവിടേക്ക് ഒരു കുട്ടിയെ കടയ്ക്കവട്ടത്തുനിന്ന് കൊടുത്തിട്ടുണ്ട്. ആ കുട്ടിയുടെ 84 ാം പിറന്നാൾ കഴിഞ്ഞു.'

മുത്തശ്ശിക്കും എനിക്കും ചിരി വന്നു. എന്റെ വല്യച്ഛന്റെ രണ്ടാമത്തെ മകന്റെ ഭാര്യ തങ്കം അന്തർജനമാണ് മുത്തശ്ശി പറഞ്ഞ 84 കാരിക്കുട്ടി! 103 കഴിഞ്ഞ ആൾക്ക് 84 കാരിയും കുട്ടി ആവുമല്ലൊ

'മംഗലപ്പിള്ളി അമ്മിണിയുടെ വിശേഷങ്ങളെന്താണ്? നാരായണന് ജോലി ആയെന്നറിഞ്ഞു. മറ്റുള്ളവർക്ക് വല്ലതും ആയോ?'

മുത്തശിയുടെ ചോദിച്ചുകൊണ്ടേയിരുന്നു.എല്ലാവർക്കും ജോലി ആയെന്നു പറഞ്ഞു..

'മൈലക്കോട്ടത്ത് പോകാറുണ്ടോ?' അടുത്ത ചോദ്യം.

'പോയിട്ടില്ല. എങ്കിലും ശ്രീധരേട്ടനേയും രവിയേയും അറിയാം. രവിയോട് സംസാരിച്ചിട്ടുണ്ട്.' ഞാൻ പറഞ്ഞു,

അപ്പോൾ മുത്തശ്ശി പറഞ്ഞു. 'ഇപ്പോ മൊബൈല് വന്നപ്പോൾ ഒരാൾക്കും നേരല്ലാ. അവരെല്ലാവരെയും പിറന്നാളിന് വരുമ്പോൾ കാണാമെന്ന് വിചാരിച്ചു. വന്നില്ല. പരിഭവോണ്ട് പറഞ്ഞേക്കൂ.'

'ഞാൻ വിളിച്ചു പറഞ്ഞേക്കാം' മുത്തശ്ശിയോടു പറഞ്ഞു.

നാട്ടിൽ വന്ന് അവർക്ക് ആദരത്തിന്റെ ഫോട്ടോകൾ അയച്ച് വിവരം അറിയിച്ചു. മുത്തശ്ശിയുടെ അനുഗ്രഹത്തിനായി തീർച്ചയായും അവരെത്തുമെന്ന് പറഞ്ഞു.

ഇനി കഥയുടെ ഫ്ളാഷ് ബാക്കിലേക്ക് പോകാം. ഇരിങ്ങാലക്കുടെ കാട്ടൂർക്കാരാണെങ്കിലും തൃശൂർ കുന്നത്തങ്ങാടി വെളുത്തൂരിൽ കൂനമ്പിള്ളി ഇല്ലത്തെ ശ്രീധരൻ നമ്പൂതിരിയുടെ മകളാണ് ശ്രീദേവി അന്തർജ്ജനം എന്നു പേരുള്ള ഈ ഭദ്രദീപം. ദൈവാനുഗ്രഹം കൊണ്ട് പ്രായത്തെ വെല്ലുന്ന ആരോഗ്യവും ഓർമ്മശക്തിയുമുണ്ട്. രാവിലെ 5 മണിയ്ക്കുണർന്നാൽ രാത്രി കിടക്കും വരെയുള്ള എല്ലാ വീട്ടുകാര്യങ്ങളും ശ്രദ്ധിക്കുന്നുണ്ട്. പടന്ന ഉദിനൂർ കല്പമംഗലം ഇല്ലത്തെ ശ്രീദേവി അന്തർജ്ജനം മുതുമുത്തശ്ശിയായിട്ടും അതിഥി സൽക്കാരത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

ഉദിനൂർ ക്ഷേത്രപാലകക്ഷേത്രം മേൽശാന്തിയായിരുന്ന യശഃശരീരനായ വിഷ്ണു നമ്പൂതിരിയുടെ ദ്വിതീയ പത്നിയായിരുന്നു ശ്രീദേവി അന്തർജ്ജനം. അതിനൊരു കാരണമുണ്ട്. യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങളാരംഭിച്ച ആദ്യഘട്ടം. രണ്ടാം വേളിക്കെതിരെ (അധിവേദനം) തൃശൂരും വള്ളുവനാട്ടിലും യുവജനവിഭാഗം ശക്തമായി പ്രതിരോധം നടത്തുന്ന കാലം.

മകളുടെ പെൺകൊടക്കായി കൂനമ്പിള്ളി ശ്രീധരൻ നമ്പൂതിരിയും മകൻ രാമൻ നമ്പൂതിരിയും വധു ശ്രീദേവിയും അമ്മയും കൂടി തീവണ്ടിയിൽ തൃശ്ശിവപേരൂരിൽ നിന്ന് തൃക്കരിപ്പൂരിലേക്ക് സാഹസയാത്ര നടത്തി. അത് മുത്തശ്ശിക്ക് ഇന്നും ഓർമയുണ്ട്. രണ്ടാം വേളിക്കാണെന്ന് അറിഞ്ഞ് സഭക്കാർ വന്ന് വേളി മുടക്കാതിരിക്കാനായിരുന്നു ഈ യാത്ര.

അക്കാലത്ത് സാമ്പത്തികബാധ്യതയുള്ള നമ്പൂതിരിമാർ സ്വന്തം പെൺമക്കളെ വടക്ക് ഗോകർണ്ണം വരെ കൊണ്ടുപോയി പൂണൂലിട്ടവർക്ക് വേളി കഴിച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നു. വടക്കോട്ട് കൊടുക്കൽ എന്നാണ് പറഞ്ഞിരുന്നത്. പിന്നീട് സ്വന്തം ഇല്ലമോ നാടോ ബന്ധുക്കളേയോ കാണുവാൻ പോലും കഴിയാതെ കാലം കഴിയ്ക്കുക. ഇന്നത്തെ കുട്ടികൾക്ക് ഇതു ചിന്തിയ്ക്കുവാൻ പോലും കഴിയുമോ?

അച്ഛനും അപ്ഫനും അടങ്ങുന്നതായിരുന്നു മുത്തശ്ശിയുടേത്. കരവന്നൂർ മൂത്തേടത്ത് ആണ് അമ്മാത്ത് എന്നും പാലാ രാമപുരം അമനകര ഇല്ലത്തെ മരുമകനായിരുന്നു അച്ഛൻ എന്നും പറഞ്ഞു. മുത്തശ്ശിയ്ക്കൊരു അനിയത്തി ഉണ്ട്. രുഗ്മിണി എന്നാണ് പേര്. അവരെ കർണ്ണാടക ബ്രാഹ്മണനാണ് വേളി കഴിച്ചത്. അവരുടെ വസതിയിൽ പോയതും ഓർത്തു പറഞ്ഞു.

കേരളപ്പിറവിയ്ക്കു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ ഇ.എം.എസിന് വോട്ടു ചെയ്തിട്ടുണ്ടത്രെ. അന്ന് നീലേശ്വരം മണ്ഡലത്തിൽ നിന്ന് ജയിച്ചാണ് ഇ.എം.എസ് മുഖ്യമന്ത്രിയായത്. 1962ൽ ഭർത്താവ് വിഷ്ണു നമ്പൂതിരിയുടെ മരണത്തോടെ വല്ലാത്ത ഒറ്റപ്പെടലായി. മൂന്നു കുട്ടികൾ. സാവിത്രി, ശ്രീധരൻ, നാരായണൻ. മൂത്ത രണ്ടു മക്കളെയും ഭർത്താവിന്റെ ആദ്യ പത്നിയായ ജേഷ്ഠത്തിയ്ക്ക് തുണയാക്കി. മൂന്നു വയസ്സുള്ള മകൻ നാരായണനെയും കൊണ്ട് തൃശ്ശൂർക്ക് പോന്നു. പിന്നീട് കാൽ നൂറ്റാണ്ടോളം ജന്മനാട്ടിൽ തന്നെ. ബന്ധുമിത്രാദികൾക്ക് ഉപകാരിയായി എല്ലാവരുടെയും മനസ്സിലെ ഇട്ടിച്ചിര്യേടത്തിയായി, ഓപ്പോളായി മാറി. അങ്ങനെ നാരായണന്റെ വിദ്യാഭ്യാസം തൃശ്ശൂരിലായി.

അങ്ങനെയിരിക്കെ ഭർത്താവിന്റെ ആദ്യപത്നി 1987ൽ മരിച്ചു. അതോടെ തൃശൂർ വാസം ഉപേക്ഷിച്ച് വീണ്ടും കാസർകോട്ടേക്ക്. ഉദിനൂരിലെ തറവാട്ട് ഭരണം ഏറ്റെടുത്തു. വയലിലും പറമ്പിലും കൃഷിചെയ്യിപ്പിച്ചു. ഇപ്പോൾ നൂറ്റിമൂന്നിലേക്ക് എത്തി.

മകന്റെ ഒപ്പം മുതുമുത്തശ്ശിയായി. ഹിന്ദി അധ്യാപകനായിരുന്നു മകൻ നാരായണൻ. പടന്ന ഗവൺമെന്റ് യു പി സ്കൂൾ എച്ച് എം ആണ് നാരായണന്റെ പത്നി ശ്രീമണി. ഇവർക്ക് രണ്ടു മക്കൾ, വൃന്ദയും, വിഷ്ണുവും, വൃന്ദയെ ചെറുവത്തൂർ ക്ലായിക്കോട് തെക്കില്ലം രമേഷ് നാരായണൻ വേളി കഴിച്ചു. വിഷ്ണു ബി.ടെക് കഴിഞ്ഞ് തിരുവനന്തപുരത്തെ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

മൂത്ത മകൻ ശ്രീധരൻ തൃശ്ശൂർ മനക്കൊടിയിൽ വന്ന് താമസമാക്കി. മകൾ സാവിത്രിയെ ഗുരുവായൂർ മൂത്തേടത്ത് വിഷ്ണു നമ്പൂതിരിയാണ് വേളി കഴിച്ചത്. രണ്ടുപേരും ഇപ്പോൾ ഇല്ല.

യോഗക്ഷേമസഭയുടെ ഭാരവാഹികളിൽ പലരും കാസർകോട് ജില്ലാ കൗൺസിൽ യോഗത്തിന് പങ്കെടുക്കുവാനാണ് എത്തിയതെങ്കിലും ഏവരും മുത്തശ്ശിയെ ആദരിക്കുന്നതിനും അനുഗ്രഹം വാങ്ങുന്നതിനുമാണ് പ്രാധാന്യം കൊടുത്തത്. മുന്നോക്ക സമുദായ ഐക്യമുന്നണിയുടെ അധ്യക്ഷൻ അരവിന്ദാക്ഷക്കുറുപ്പും ഉപാധ്യക്ഷൻ മുരളീധരൻ നമ്പൂതിരിയും ജില്ലാ പ്രവർത്തകരും ആദരണത്തിൽ പങ്കെടുത്തു. ●

ടി എൻ മുരളീധരൻ നമ്പൂതിരി
തുറനല്ലൂർ മന, കല്ലൂർ അന്നമനട
പി.ഒ. 680741, തൃശ്ശൂർ ജില്ല.
മൊബൈൽ 9447920531

## പുസ്തക പരിചയം

# ഹെജിമണിക്കാർ വായിക്കണം ഈ ഇരുമുടി നോവൽ




**ഈശ്വരൻ ശീരവള്ളി**



ശാന്തി ക്കു പോകാൻ തറ്റുടുത്തുനിന്ന കൃഷ്ണൻ നമ്പൂതിരിയെ കെട്ടിയിട്ട്, അദ്ദേഹത്തിന്റെ പത്നിയോട് മര്യാദകേട് കാട്ടി ഇരുവരെയും കൊലപ്പെടുത്തി മീശ മുളയ്ക്കാത്ത പിള്ളേർ കടന്നു കളഞ്ഞു എന്നു കേട്ടാൽ ഇന്നത്തെ സമൂഹത്തിന് എന്തു തോന്നും? മാധ്യമങ്ങൾ നിറയെ ബ്രാഹ്മണിക്കൽ ഹെജിമണിയെപ്പറ്റിയുള്ള ചർച്ചകൾ നിറയുമ്പോൾ, സമൂഹത്തിലെ ഏറ്റവും വലിയ ദുഷ്ടന്മാരായിരുന്നു ഈ സമൂഹം എന്നു സ്ഥാപിക്കാനുള്ള തിടുക്കത്തിൽ ആ വാർത്ത ചർച്ചപോലും ആകാനിടയില്ല.

സാങ്കൽപികമെങ്കിലും സമകാലിക സമൂഹത്തിന്റെ സാമൂഹിക നിലപാടുകളിൽ നിന്നുകൊണ്ട് അവതരിപ്പിക്കുന്ന ഇരുമുടിയുടെ കഥാപശ്ചാത്തലം വികസിക്കുന്നത് ഭയങ്കരാമുടി എന്ന പ്രദേശത്ത് നടക്കുന്ന ഈ സംഭവത്തിലൂടെയാണ്.

നോവലിലെ കേന്ദ്രകഥാപാത്രം, കൊല്ലപ്പെട്ട കൃഷ്ണന്റെ സഹോദരി ശ്രുതകീർത്തിയും സുഹൃത്തുക്കളും ചേർന്ന് നടത്തുന്ന അന്വേഷണത്തിൽ ഹിന്ദുസമൂഹത്തെ തകർക്കാനുള്ള വമ്പൻ ഗൂഢാലോചനയാണ് ബ്രാഹ്മണനിന്ദയും ആക്രമണങ്ങളും എന്നു വെളിവാകുന്നു. അതിന്റെ അൽപംകൂടി വിശാലമായ പദ്ധതിയായിരുന്നു ലോകമെമ്പാടുനിന്നും ഭക്തകോടികൾ എത്തുന്ന ശബരിമലയ്ക്കെതിരായ നീക്കങ്ങളും.

ധർമത്തെ പാലനം ചെയ്യുന്ന ധർമശാസ്താവിനെ തന്നെ പ്രതിരോധത്തിനായി ആശ്രയിക്കുന്നു ശ്രുതകീർത്തിയും കൂട്ടരും. പണ്ട് പന്തള രാജാവിനെ ആപത്ഘട്ടത്തിൽ രക്ഷിക്കാനെത്തിയ മണികണ്ഠൻ നിർദേശിച്ച പടയൊരുക്കം (വ്രതം) ഈ ഘട്ടത്തിൽ സമൂഹരക്ഷയ്ക്കായി അവർ സ്വീകരിക്കുന്നു. പത്രപ്രവർത്തകനായ രവിവർമ തമ്പുരാന്റെ നോവൽ വികസിക്കുന്നത് ഈ കഥാതന്തുവിലാണ്.



*മലയാള മനോരമയിൽ സീനിയർ അസിസ്റ്റന്റ് എഡിറ്ററാണ് രവിവർമ്മ തമ്പുരാൻ.*
*സുദർശന, തോന്നല്ലൂർ*
*പന്തളം, പിൻ: 689501*
*മൊബൈൽ: 9495851717*

അയ്യപ്പധർമത്തെ വിശദമാക്കുന്നതിനൊപ്പം അയ്യപ്പചരിതവും വിശദമായി അവതരിപ്പിക്കുന്നു. ഐതിഹ്യങ്ങളുടെയും കഥകളുടെയും വസ്തുതകളുടെയും ആചാരങ്ങളുടെയും ഇഴകളിൽ നിന്ന് യുക്തിഭദ്രമായ ഒരു അയ്യപ്പനെ കണ്ടെടുക്കാൻ ശ്രമിക്കുന്നതിനാൽ ഇതുവരെ പരിചിതമല്ലാത്ത ഒരു അയ്യപ്പരൂപത്തെ പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

നോവലിസ്റ്റിന്റെ സാമൂഹ്യനോവൽ പരമ്പരയിലെ മൂന്നാമത്തെ നോവലാണ് ഇരുമുടി. ജാതി, വർഗ സ്വത്വങ്ങൾ സമൂഹത്തിൽ വളരുമ്പോൾ ശുദ്ധഗതിക്കാരായ നമ്പൂതിരിമാരടക്കമുള്ള ഹിന്ദു ജനത അതിന്റെ ഇരകളാകുന്നതെങ്ങനെ എന്നാണ് ആദ്യഭാഗമായ ഭയങ്കരാമുടി ചർച്ച ചെയ്യുന്നത്. ഇന്നും സ്വയം കീഴാളരായി വിശ്വസിക്കുന്നവരെ നവോത്ഥാനത്തിന്റെ പടവുകളേറ്റിയത് മുന്നോക്കജാതിക്കാരായ ഒട്ടേറെ ദീർഘദർശികളാണെന്ന് സ്ഥാപിക്കുന്ന വേറിട്ടൊരു നവോത്ഥാന ചരിത്രമാണ് രണ്ടാം ഭാഗമായ മുടിപ്പേച്ച്.

> കണക്കും കഥകളും പഴമ്പുരാണങ്ങളും നിരത്തി ബ്രാഹ്മണനിന്ദ വർധിക്കുന്നതിന്റെ സത്യവും അതിന്റെ പിന്നാമ്പുറവും ഇനിയും തിരിച്ചറിയാൻ വൈകരുതെന്ന സന്ദേശമാണ് ഇത് നൽകുന്നത്. ബ്രാഹ്മണസ്വത്വം ഉയർത്തിപ്പിടിക്കാൻ നമ്പൂതിരിമാർക്കുള്ള പ്രചോദനവുമാണ് ഇരുമുടി

ഒഴുക്കോടെ വായിച്ചുപോകാവുന്ന, കഥയെയും ഐതിഹ്യങ്ങളെയും വസ്തുതകളെയും ഭാവനയെയും മികച്ച കയ്യടക്കത്തോടെ കോർത്തിണക്കുന്ന രചനയാണ് ഇരുമുടി. രണ്ട് മുടികളും കെട്ടുമുറുക്ക് എന്ന ഉപസംഹാരവുമായി മൂന്നു ഭാഗങ്ങളിലൂടെ 41 അധ്യായങ്ങളുള്ള ഈ നോവൽ വായിച്ചു മടക്കുമ്പോൾ മലയാളി സമൂഹത്തിനു മുൻപിൽ പിടിച്ച കണ്ണാടിയല്ലേ ഈ കൃതി എന്നു ചിന്തിച്ചാൽ അത് സ്വാഭാവികം മാത്രം. കണക്കും കഥകളും പഴമ്പുരാണങ്ങളും നിരത്തി ബ്രാഹ്മണനിന്ദ വർധിക്കുന്നതിന്റെ സത്യവും അതിന്റെ പിന്നാമ്പുറവും ഇനിയും തിരിച്ചറിയാൻ വൈകരുതെന്ന സന്ദേശമാണ് ഇത് നൽകുന്നത്. ബ്രാഹ്മണസ്വത്വം ഉയർത്തിപ്പിടിക്കാൻ നമ്പൂതിരിമാർക്കുള്ള പ്രചോദനവുമാണ് ഇരുമുടി ●


Easwaran Namboothiri H,
Seeravally Illam, Kothala P O,
Pampady, 686502, Kottayam
Mobile: 9446388082

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

# സ്വസ്തി ബന്ധുക്കളുടെ ശ്രദ്ധക്ക്

സ്വസ്തി വായിക്കുന്നവരും സ്വസ്തിയെ ഇഷ്ടപ്പെടുന്നവരും പ്രതിനിധികൾ ആവാൻ ആഗ്രഹിക്കുന്ന വരുമായ എല്ലാ **സ്വസ്തി ബന്ധുക്കളുടെയും ഒരു ഒത്തുചേരൽ മേയ് ഒന്നിന് കോഴിക്കോട്** യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരത്തിലെ ഓഡിറ്റോറിയത്തിൽ നടത്തുന്നു.ഒരു ദിവസത്തെ സമ്പൂർണ്ണമായ കൂടിച്ചേരൽ. ദൂരസ്ഥലങ്ങളിൽ നിന്നു വരുന്നവർക്ക് താമസസൗകര്യത്തിനായി ആസ്ഥാന മന്ദിരത്തിൽ അതിഥിമുറികളുമുണ്ട്. തൊട്ടടുത്ത് അമ്പലവും. ഒരു കോഴിക്കോടൻ യാത്ര പ്ളാൻ ചെയ്ത് വരിക. കുടുംബത്തിലെ പരിപാടികൾക്ക് വരുന്ന പോലെ. മാസികയുടെ നടത്തിപ്പിലും ജേണലിസത്തിലും താല്പര്യമുള്ള ചെറുപ്പക്കാർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക സെഷൻ ഉണ്ടായിരിക്കും.

സ്വസ്തി വായിക്കുന്ന എല്ലാവരും താഴെ കൊടുത്ത ഫോറം പൂരിപ്പിച്ച് തപാലിലോ (യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാനമന്ദിരം, കോവൂർ വിഷ്ണുക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017 ) വാട്ട്സ് അപ്പിലോ (9495369337 ) അയക്കാൻ താല്പര്യം. ഡാറ്റ അപ്ഡേറ്റ് ചെയ്യാൻ വേണ്ടിയാണ് ഇത്.

പേര്..................: ..........................................................................................

എസ്.ടി.എം.നമ്പർ ..........................................................................................

ഇല്ലപ്പേര്...........: ..........................................................................................

വിലാസം..........: ..........................................................................................

പിൻകോഡ്.....: ..........................................................................................

ജില്ല..................: ..........................................................................................

മൊബൈൽ.....: ..........................................................................................

സ്വസ്തിയെ എങ്ങനെ വിലയിരുത്തുന്നു

വളരെ മോശം ❑ തരക്കേടില്ല ❑ ശരാശരി ❑ നല്ലത് ❑ വളരെ മികച്ചത് ❑

**സ്വസ്തിയുടെ ഒത്തു ചേരലിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വിളിക്കുക**

ജില്ലാസെക്രട്ടറി: താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
ചീഫ് എഡിറ്റർ: കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി 9072383651
മാനേജിംഗ് എഡിറ്റർ: വിനോദ് മങ്ങത്തായ 9895621493




*ഇടത്ത് പഴയ കൂത്തമ്പലത്തിന്റ സ്ഥലം. മുന്നിൽ പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം. വലത്ത് ഭഗവതി ക്ഷേത്രം..* കുറ്റിപ്പുറം റെയിൽവെ സ്റ്റേഷനിൽ നിന്നു സുമാർ മൂന്നര കി.മീ. തെക്കുകിഴക്കായി ഭാരതപ്പുഴയുടെ തെക്കെ കരയിൽ സ്ഥിതി ചെയ്യുന്നു.

## കലാപത്തിന്റെ ഓർമ്മകളുമായി

# വരാഹമൂർത്തിയുടെ മുമ്പിൽ

**കെ. എം. എസ് ഭട്ടതിരിപ്പാട്**



ഈയിടെ ഒരു വേളയിൽ പങ്കെടുക്കാനിടയായി. ഏറെ പരിചയക്കാരാരും അവിടെയില്ലാത്തതുകൊണ്ട് മണ്ഡപത്തിനുപുറത്തിറങ്ങി. ഗേറ്റിനടുത്തെത്തിയപ്പോൾ ഒരു ബോഡ് കണ്ടു. പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം. മോഹിച്ച കളിപ്പാട്ടം കിട്ടിയ കുട്ടിയെപ്പോലെയായി ഞാൻ. ആ ക്ഷേത്രം ഈ പ്രദേശത്താണെന്നറിയാമെങ്കിലും ഇത്രയടുത്താണെന്നറിഞ്ഞില്ല.

വർഷങ്ങൾക്കു മുമ്പിവിടെ വന്നതാണ്. ഒരു പാടുമാറ്റങ്ങൾ ഇവിടെ വന്നിട്ടുണ്ടെന്നു കേട്ടിരുന്നു. സുരേഷ് ഗോപി. എം.പി. യുടേയും, മറ്റ് പല സുമനസ്സുകളുടേയും കനിവും, കൂട്ടായ്മയും ക്ഷേത്രത്തിനെ ചരിത്രത്തിന്റെ ഇരുളടഞ്ഞ ഏകാന്തതയിൽ നിന്നു പുതിയ പുലരി വെളിച്ചത്തിലേക്ക് എത്തിച്ചിരിക്കുന്നുവെന്ന്.

ഇത്തരം പഴയ സംസ്കൃതിയെപ്പറ്റി പറയുമ്പോൾ, നാം കൊല്ലങ്ങളുടേയും കാലത്തിന്റെ പരിമിതികളുടേയും ചട്ടക്കൂട്ടിൽ നിന്നു പുറത്തുകടക്കണം. 1500 – 2000 ആണ്ടുകൾക്കു മുമ്പ് കേരളത്തിലെ സാമൂഹിക, ഭരണ, സാംസ്കാരിക മേഖലയുടെ കടിഞ്ഞാൺ പിടിച്ചിരുന്ന പന്നിയൂർ ഗ്രാമത്തിന്റെയും ശുകപുരം ഗ്രാമത്തിന്റെയും ദ്രവിച്ച ചില പഴയ ഓലകൾ വായിച്ചിട്ടു മനസ്സിനക്കാലത്ത് ഒരു പതം വന്നിരുന്നു. പിന്നീടു എ.ഡി. 562ൽ നടന്നുവെന്നു വിശ്വസിക്കുന്ന കുപ്രസിദ്ധ പന്നിയൂർ കലാപവും ശേഷം ഭവിച്ചതും ഉള്ളിലിപ്പോഴും നീറിക്കിടപ്പുണ്ട്.

ഇപ്പോഴുമെന്നു പറഞ്ഞത്, അന്നെനിക്കറിയില്ലായിരുന്നു. ഒരു പക്ഷെ ആ കലാപത്തിനെതിർനിന്നു, തടുക്കാൻ കഴിവില്ലാതെ പ്രതിഷേധിച്ചു പന്നിയൂർ ഗ്രാമം വിട്ടിറങ്ങിപ്പോന്ന ദുഃഖിതരായ നമ്പൂതിരിമാരിൽ എന്റെ കാരണവന്മാരും ഉണ്ടായിരുന്നിരിക്കാം. ഇതിനു കാരണമായിപ്പറയുന്നത്, ഞങ്ങളിന്നു ശുകപുരത്തിൽപ്പെട്ടവരാണ്. പക്ഷെ, പണ്ടു ശുകപുരം ഗ്രാമത്തിൽ ഋഗ്വേദികളായ കൌഷീതകന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളുവത്രെ.

പന്നിയൂരാകട്ടെ ഋഗ്വേദികളും സാമവേദികളും യജുർവേദികളുമെല്ലാമുണ്ടായിരുന്നു. അപ്പോൾ ഋഗ്വേദികളായ ആശ്വലായനന്മാരായ ഞങ്ങളുടെ കുടുംബം പന്നിയൂരിൽ


കൂടെ വന്ന അനുചരന്മാർക്കുവേണ്ടി പരശുരാമൻ കേരളത്തിലാദ്യം സ്ഥാപിച്ചതാണ് വരാഹമൂർത്തിക്ഷേത്രം. വരാഹമൂർത്തിയാവാനുള്ള കാരണം ചരിത്രമായും ഭൂവിജ്ഞാനിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു. 5100 കൊല്ലങ്ങൾക്കു മുമ്പു നടന്ന ഒരു മഹാഭൂകമ്പം അറബിക്കടൽ തീരമാകെ കലക്കി മറിച്ചു. കൃഷ്ണന്റെ ദ്വാരക മുങ്ങിപ്പോയി. വരാഹമൂർത്തിയാണല്ലോ ഭൂമീദേവിയെ കട്ടുകൊണ്ടുപോയ ഹിരണ്യാക്ഷനെ വധിച്ചു ഭൂമിയെ സുസ്ഥിരമായി നിർത്തിയത്. ഭൂപാളികളുടെ ചലനം സൃഷ്ടിക്കുന്ന മർദ്ദമാണല്ലോ ഭൂകമ്പത്തിനാധാരം. പിന്നീടേതായാലും വലിയ ഭൂകമ്പങ്ങളുണ്ടായില്ല.

## പന്നിയൂർ ഗ്രാമത്തിന്റെ അധഃപതനത്തിനു കാരണം

പന്നിയൂർ ഗ്രാമത്തിന്റെ അധഃപതനത്തിനു കാരണമായ കലാപത്തെപ്പറ്റി ചില പാഠഭേദങ്ങളുണ്ട്. അതിൽ പൊതുവെ അംഗീകരിച്ചത് ഇതാണ്. അക്കാലങ്ങളിൽ വേദങ്ങളിൽ ബിരുദാനന്തര പഠനത്തിനു കേരളത്തിൽ സൗകര്യങ്ങളില്ലായിരുന്നു. ജട, രഥ, മുതലായ അഷ്ടവികൃതികളൊഴിച്ച് വേദ വേദാംഗങ്ങളിൽ ഉപരിപഠനത്തിന് തമിഴ് നാട്ടിലെ തഞ്ചാവൂർ, കുംഭകോണം തുടങ്ങിയ പ്രദേശങ്ങളിൽ പോകണം. അവിടങ്ങളിൽ പ്രത്യേക പാഠശാലകൾ ഉണ്ടായിരുന്നു താനും.

വൈദിക കാര്യങ്ങളിൽ അഗ്രിമസ്ഥാനത്തായിരുന്നു പന്നിയൂർ ഗ്രാമം. ശുകപുരം അക്കാലത്ത് ഏറെക്കുറെ ഉപഗ്രാമമായിരുന്നുവത്രെ, കൌഷീതകന്മാർക്ക് മാത്രമായി. അന്നു നമ്പൂതിരിമാരിൽ എല്ലാ തരം തിരിക്കലും വേദാടിസ്ഥാനത്തിലായിരുന്നുവല്ലൊ. അങ്ങനെ പന്നിയൂരിൽ നിന്നു പഠനത്തിന് നിഷ്ണാതരായ യുവാക്കൾ കൂട്ടമായി തഞ്ചാവൂരിൽ പോയി വന്നിരുന്നു. അക്കാലത്താകട്ടെ, തമിഴ് ബ്രാഹ്മണർക്ക് പാലക്കാടിനിപ്പുറം കുടിയേറ്റത്തിന് അവസരം ലഭിച്ചിരുന്നുമില്ല. അതിനു കാരണം പന്നിയൂരിന്റെ അധൃഷ്യതയാണെന്നവർ കരുതി.

അങ്ങനെയിരിക്കെയാണ് നാട്ടിൽ അധികാരസ്ഥാനത്തുള്ള ഉന്നത കുടുംബസ്ഥരായ ഒരുപറ്റം നമ്പൂതിരി യുവാക്കൾ പഠനം കഴിഞ്ഞു എന്താണ് ഗുരുദക്ഷിണ വേണ്ടതെന്നാരാഞ്ഞപ്പോൾ 'പന്നിയൂർ തേവരെ തീണ്ടി തേജസ്സ് നശിപ്പിക്കണ'മെന്നു ഗുരുക്കന്മാർ കൂട്ടമായി ആവശ്യപ്പെട്ടത്. നാട്ടിൽ പ്രധാന താക്കോൽ സ്ഥാനത്തുള്ളവരായതുകൊണ്ടു ഭൂരിപക്ഷത്തിന്റെ എതിർപ്പിനെ അവഗണിച്ചു അവരതു നടപ്പാക്കി. പഴുപ്പിച്ച ചെമ്പുതകിടുകൊണ്ടു വിഗ്രഹം ചുട്ടുപൊള്ളിച്ചു.



*ചിത്രത്തിൽ വരാഹവും യക്ഷിയും നിലകൊള്ളുന്ന തറ*

ഇത്രയും ഭീകരമായ ഒരു പാതകം തടയാനാവാതെ തകർന്ന മനസ്സിൽ വരാഹമൂർത്തിയെ കുടിയിരുത്തി ഭൂരിഭാഗം നമ്പൂതിരിമാരും ഗ്രാമം വിട്ടു, ശുകപുരം, പെരുവനം, ഇരിങ്ങാലക്കുട ഗ്രാമങ്ങളിൽ അഭയം തേടി. അങ്ങനെ ഒരു കാലത്ത് കേരളത്തിൽ ഭരണത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന , പിന്നീടു ഭരിക്കാൻ പെരുമാക്കന്മാരെ തിരഞ്ഞെടുക്കാൻ അഗ്രിമസ്ഥാനത്തുണ്ടായിരുന്ന ഒരു ഗ്രാമം കാലത്തിന്റെ വിസ്മൃതിയിലമർന്നു.

നിന്നും മനം നൊന്ത് ഇറങ്ങിപ്പോന്നവരോ, തളിപ്പറമ്പു പെരിഞ്ചല്ലൂർ ഗ്രാമത്തിൽ നിന്നും പിന്നീടു പോന്നവരോ ആയിരിക്കണം. രണ്ടാമതുപറഞ്ഞവർ, ഇപ്പോഴും ശുഭകർമ്മങ്ങൾക്കു മുന്നോടിയായി, വടക്കോട്ടു നേദിക്കുന്ന ഒരു കീഴ്‌വഴക്കമുണ്ട്. എന്റെ ചെറുപ്പത്തിലത് കണ്ടിട്ടുണ്ട്. ആന്ധ്രയിൽ നിന്നു പലകാലങ്ങളായി കുടിയേറിയ പണിക്കത്ത്, തരണനല്ലൂർ മുതലായ ചുരുക്കം ഇല്ലങ്ങളൊഴികെ മറ്റെല്ലാവരും തളിപ്പറമ്പു വഴി വന്നു തെക്കോട്ടു പടർന്നവരാണ്. അടിവേരുകൾ ഇപ്പോഴും വടക്കീശ്വരത്ത് തന്നെയാണ്. അതിനുമുമ്പ് ഗുജറാത്തിലും, നർമ്മദാനദീതീരങ്ങളിലും, വറ്റിപ്പോയ സരസ്വതീ നദിതടങ്ങളിലുമായിരിക്കും.

അങ്ങനെ ഇതിഹാസകാരൻ കൂടിയായ പരശുരാമൻ കൂടെ വന്ന അനുചരന്മാർക്കുവേണ്ടി കേരളത്തിലാദ്യം സ്ഥാപിച്ചതാണ് വരാഹമൂർത്തിയുടെ ഈ ക്ഷേത്രം. വരാഹമൂർത്തിയാവാനുള്ള കാരണം ചരിത്രമായും ഭൂവിജ്ഞാനീയവുമായി ബന്ധപ്പെട്ടിരിക്കുന്നു. 5100 കൊല്ലങ്ങൾക്കു മുമ്പു നടന്നെന്നു കരുതുന്ന ചരിത്രം തിരുത്തിയ ഒരു മഹാഭൂകമ്പം രാജസ്ഥാൻ, ഗുജറാത്തു മുതൽ അറബിക്കടൽ തീരമാകെ കലക്കി മറിച്ചു. കൃഷ്ണന്റെ ദ്വാരക മുങ്ങിപ്പോയി, സരസ്വതീ നദിയുടെ ഗമനപഥമടക്കം. ഇങ്ങു കൊങ്കൺ കേരള തീരവും വലിയ തോതിൽ ഭൂചലനത്തിനടിപ്പെട്ടു. കടലിൽ നിന്നു കരപൊന്തി വന്നു. സരസ്വതി നദി ഇന്നത്തെ റാൻ ഓഫ് കച്ചിൽ അപ്രത്യക്ഷയായി സറ്റ്ലജ്ജും (ശതദ്രു) യമുനയും പടിഞ്ഞാട്ടും കിഴക്കോട്ടും വഴിമാറിയൊഴുകി സിന്ധുവിലും ഗംഗയിലും സംഗമിച്ചു.

വലിയ ഭൂകമ്പങ്ങൾക്ക് തുടർച്ചയായി ചെറിയ തുടർ ചലനങ്ങൾ സ്വാഭാവികമാണ്. ഇവ കേരളത്തിലും ഭീതി സൃഷ്ടിച്ചു. പലയിടത്തും ഗ്രാമജീവിതം അസാധ്യമായി. കുറെ പേർ തിരിച്ചുപോകാൻ പോലും തുനിഞ്ഞു. പിന്നീട് ഐതിഹ്യ പ്രകാരം നാരദന്റെ നിർദ്ദേശമനുസരിച്ച് കേരളത്തിന്റെ മദ്ധ്യപ്രദേശമായ പന്നിയൂരിൽ മൂന്നാമത്തെ അവതാരമായ വരാഹ പ്രതിഷ്ഠ നടത്തി. വരാഹമൂർത്തിയാണല്ലോ ഭൂമീദേവിയെ ' കട്ടു' കൊണ്ടുപോയ ഹിരണ്യാക്ഷനെ വധിച്ചു ഭൂമിയെ സുസ്ഥിരമായി നിർത്തിയത്. ഭൂപാളികളുടെ ചലനം സൃഷ്ടിക്കുന്ന മർദ്ദമാണല്ലൊ ഭൂകമ്പത്തിനാധാരം. അപ്പോൾ തുടർചലനങ്ങൾ സ്വാഭാവികമാണ്. പിന്നീടേതായാലും വലിയ ഭൂകമ്പങ്ങളുണ്ടായില്ല. പന്നിയൂർ ഏറെക്കുറെ കേരളത്തിന്റെ മദ്ധ്യത്തിലാണ്.

മുമ്പ് സൂചിപ്പിച്ചതുപോലെ ഈ കുടിയേറ്റം ബി.സി. 1000 മുതലാരംഭിച്ചിരിക്കാം. പ്രസിദ്ധമായ പന്നിയൂർ ആയിരം കുടുംബങ്ങൾ ഋക്, യജുർ, സാമവേദങ്ങൾക്കുണ്ടായിരുന്നു. അതു എ.ഡി. ആറ്, ഏഴ് നൂറ്റാണ്ടുവരെ അനുസ്യൂതം തുടർന്നു. ആദ്യകാലത്ത് പന്നിയൂർ, ശുകപുരം മുതലായ ഗ്രാമങ്ങളായിരുന്നു ഭരണചക്രം പിടിച്ചിരുന്നത്. ബ്രാഹ്മണർ ഇങ്ങനെ ഭൗതിക കാ

ര്യങ്ങളിലടപെടുന്നതു ശരിയല്ലെന്ന തോന്നലിൽ എ.ഡി. മൂന്നാം നൂറ്റാണ്ടു മുതൽ തമിഴ് നാട്ടിൽ നിന്നും ഭരണം നടത്താൻ പെരുമാക്കന്മാരെ ക്ഷണിച്ചു വരുത്തി. കേരളോൽപ്പത്തിയിൽ എ.ഡി. 246 ലാണിതാരംഭിക്കുന്നത്.

ആദ്യകാലത്ത് മാമാങ്കത്തിനു അധ്യക്ഷപദവിയും നമ്പൂതിരിമാർക്കായിരുന്നുവെന്ന് കെ.വി. കൃഷ്ണയ്യരും പറയുന്നു. പന്നിയൂരും ശുകപുരവും ഏറെക്കുറെ തുല്യശക്തികളായിരുന്നു വെങ്കിലും, പ്രശസ്തിയും പ്രാമാണ്യവും പന്നിയൂരിനേറും. അങ്ങനെയിരിക്കെയാണു എ.ഡി. 562 ൽ നടന്നുവെന്നുപറയപ്പെട്ട വലിയ കോളിളക്കം സൃഷ്ടിച്ച പന്നിയൂർ ക്ഷേത്രധ്വംസനം നടന്നത്. പന്നിയൂരിൽ നിന്ന് വേദങ്ങളിൽ ഉപരിപഠനത്തിന് തഞ്ചാവൂരിൽ പോയ നമ്പൂതിരിയുവാക്കൾ അവിടുത്തെ ഗുരുക്കന്മാർ ആവശ്യപ്പെട്ടപ്രകാരം ഗുരുദക്ഷിണയായി ചെയ്തതാണ് ഈ പാതകം.

4000 ത്തിലധികം ഇല്ലങ്ങളുണ്ടായിരുന്ന ഗ്രാമം അധോഗതിയിലേക്ക് മൂക്കുകുത്തി. നിരവധി കുടുംബങ്ങൾ ഈ അത്യാചാരത്തെ എതിർത്തു. തടുക്കാനാവാതെ പ്രതിഷേധിച്ചു. നൊന്ത മനസ്സുമായി പരദേവതയായ വരാഹമൂർത്തിയെ വെടിഞ്ഞു. ആത്മരക്ഷാർത്ഥം ശുകപുരം, പെരുവനം, ഇരിങ്ങാലക്കുട മുതലായ ഗ്രാമങ്ങളിലേക്ക് ചേക്കേറി. പന്നിയൂർ ചരിത്രത്തിന്റെ ഇരുണ്ട അദ്ധ്യായങ്ങളിലൊതുങ്ങി.

വർഷങ്ങൾക്കുശേഷം പന്നിയൂർ സാമൂതിരിയുടെ അപ്രീതിക്കിരയായി. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരെപ്പോലെ തനിക്കും നമ്പൂതിരിമാരുടെ കൂടെ പന്തിഭോജനം വേണമെന്നൊരാശ നാമ്പിട്ടു. പന്നിയൂർ സമ്മതിച്ചാൽ ആവാമെന്നായിരുന്നു, ശുകപുരം ഗ്രാമക്കാരുടെ നിലപാട്. പക്ഷെ ഹിരണ്യഗർഭം നടത്തിയാലെ സമ്മതിക്കുകയുള്ളുവെന്ന പന്നിയൂർ വാദമാണ് സാമൂതിരി രാജാവിനെ ചൊടിപ്പിച്ചത്. പിന്നീടാകാവുന്ന വിധത്തിലെല്ലാം രാജശാസന ഇവർക്കെതിരെയിറക്കി. വേദപഠനം വിലക്കി, പൂജ മുതലായ കർമ്മങ്ങളനുഷ്ഠിക്കരുത്. എന്തിനേറെ ഗ്രാമത്തിലുള്ള നമ്പൂതിരിമാരെ മുഴുവനും തരം താഴ്ത്തി. ഇതെ



വർഷങ്ങൾക്കുശേഷം പന്നിയൂർ സാമൂതിരിയുടെ അപ്രീതിക്കിരയായി. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരെപ്പോലെ തനിക്കും നമ്പൂതിരിമാരുടെ കൂടെ പന്തിഭോജനം വേണമെന്നൊരാശ നാമ്പിട്ടു. പന്നിയൂർ സമ്മതിച്ചാൽ ആവാമെന്നായിരുന്നു, ശുകപുരം ഗ്രാമക്കാരുടെ നിലപാട്. പക്ഷെ ഹിരണ്യഗർഭം നടത്തിയാലെ സമ്മതിക്കുകയുള്ളുവെന്ന പന്നിയൂർ വാദമാണ് സാമൂതിരി രാജാവിനെ ചൊടിപ്പിച്ചത്.

ല്ലാം കർശനമായി നിരീക്ഷിക്കാൻ ദേശം തോറും രക്ഷാ പുരുഷന്മാരെയും സാമൂതിരി നിയമിച്ചു. അവർ പലപ്പോഴും രാജ്യപ്രീതിക്കുവേണ്ടി അതിരുവിട്ടു പ്രവർത്തിച്ചു.

പന്നിയൂരമ്പലം ഭാഗികമായി നശിപ്പിച്ചു. കൂത്തമ്പലം പൊളിച്ചു, ഭഗവതിയമ്പലം പൊളിച്ചു. വിഗ്രഹം അവിടെനിന്നു മാറ്റാൻ നിർദ്ദേശിച്ചു. (അടുത്തുള്ള കൂട്ടക്കടവിൽ ചിറ്റൂർ നമ്പൂതിരിപ്പാടിന് ഈ ദേവീ വിഗ്രഹം വെച്ചു പൂജിക്കാൻ ഏർപ്പാടാക്കിയെന്നു ചരിത്രം. കാലചക്രം തിരിഞ്ഞതോടെ 1980 ൽ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ അനുവാദത്തോടെ വിഗ്രഹം പന്നിയൂർ കൊണ്ടുവന്നു ഇന്നുള്ള സ്ഥലത്ത് പ്രതിഷ്ഠ നടത്തി. അന്ന് അദ്ദേഹവും പങ്കെടുത്തു എന്നാണ് കേട്ടിട്ടുള്ളത്.

ഓർമ്മകൾ മേയുന്ന ഭൂതകാല പരിസരത്തുനിന്നു മടങ്ങാൻ തോന്നിയില്ല. ചെരുപ്പ് ഊരിവെച്ചു പ്രദക്ഷിണ വഴിയിലെത്തി. വിശാലമായ മതിലകവും, നിഴൽ വിരിക്കുന്ന മരങ്ങളും ക്ഷേത്രത്തിന്റെ ഗരിമ വിളിച്ചോതി. നിശ്ശബ്ദതയാണ് സ്ഥായീഭാവം. ഞാനും ചുവടുകളോർത്തുവെച്ചു. വടക്കു ആദ്യം കാണുന്നത് സുബ്രഹ്മണ്യന്റെ കോവിൽ. ചെറുതാണെങ്കിലും പഴക്കം തോന്നിച്ചില്ല.

ദൂരെ വയലിനപ്പുറം പന്നിയൂർ തുറ എന്നറിയപ്പെടുന്ന ജലാശയമാണ്. പണ്ടു ഭാരതപ്പുഴ വഴിമാറി

അതിലെ ഒഴുകിയിരുന്നു. തുറയെന്നാൽ തുറമുഖം എന്നർത്ഥം. ക്ഷേത്രത്തിന്റെ ഊട്ടുപുരയിൽ നിന്നും നേരിട്ടിറങ്ങാവുന്ന കടവ് ഉണ്ടായിരുന്നുവെന്നു പഴമക്കാർ പറയാറുണ്ട്. ഇപ്പോഴും ഭാരതപ്പുഴയിൽ വെള്ളപ്പൊക്കം വരുന്നഘട്ടങ്ങളിൽ നദി പഴയ വഴി മറക്കാതെ ഇതിലെ വന്നു വരാഹമൂർത്തിയെ ദർശിക്കാറുണ്ടത്രെ. 2019ലും ഇതാവർത്തിച്ചു.

ഇവിടുത്തെ ഓരോ മണൽത്തരിക്കും പല കഥകളും പറയാനുണ്ടാവും. ക്ഷേത്ര ധ്വംസനത്തിലേക്ക് നയിച്ച യഥാർത്ഥ സംഭവം ദു:ഖഭാരത്തോടെ നമ്മെ അറിയിക്കും. തഞ്ചാവൂർ കുംഭകോണം ഭാഗങ്ങളിലേക്ക് പഠിക്കാൻ പോയ നമ്പൂതിരി യുവാക്കൾ അവ്യക്തമായ കാരണങ്ങളാൽ ഗുരുദക്ഷിണയായി ചെയ്തതോ, വാർത്താളി ദേവിയും ബൗദ്ധതാന്ത്രിക കർമ്മങ്ങളുമായി ബന്ധപ്പെട്ടതോ, അതോ ഇനിയും കേൾക്കാത്ത കഥകളുണ്ടോ. എല്ലാം കൂടി ഇഴപിരിഞ്ഞു കിടക്കുന്ന 562ലെ ആ ദുർദ്ദിനത്തെപ്പറ്റി ഇവിടെ വീശുന്ന

കാറ്റിനും ചിലത് പറയാനുണ്ടാവും. ഒരു ഗ്രാമത്തിന്റെ കഥ. ഉന്നതശ്രേണിയിലിരുന്ന് കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയ കഥകൾ. ഭൂചലനങ്ങളെ നിലയ്ക്ക് നിർത്തിയ ഗ്രാമ ദേവത, പ്രകൃതിയുടെ അപ്രസഹ്യമായ മാറ്റങ്ങളെ തടുത്തില്ല. ദേവൻ തന്നെയാണല്ലോ പ്രകൃതി സംഭവങ്ങൾക്ക് കാരണഭൂതൻ.

ഏതായാലും ചരിത്രം ആവർത്തിക്കാതിരിക്കട്ടെ, പഴമൊഴി മുഴുവൻ പതിരാവട്ടെ,പതുക്കെ പതുക്കെയെല്ലാം വിസ്മൃതിയിലായി.

'അവിടെ ശിവനാണ് ' അടുത്ത ക്ഷേത്രത്തിലാരാണെന്നറിയാതെ ഞാൻ നോക്കി നിന്നപ്പോൾ ഒരു സ്ത്രീ തിരിഞ്ഞു നിന്നു പറഞ്ഞു.

'അടച്ചു. അടുത്തുകാണുന്നത് ഭഗവതി അമ്പലമാണ് '. അവർ കയ്യിൽ പൂക്കൊട്ടയും വിളക്കുമായി നടന്നകന്നു. ശിവൻ വളരെ പഴക്കമുണ്ടെന്നു കേട്ടിട്ടുണ്ട്. ലഹളക്കാലത്ത് കൊള്ളയും കൊലയും ഭയന്നു ഓടിപ്പോകുന്ന നമ്പൂതിരി സ്ത്രീകൾ സ്വകാര്യമായി ആഭരണങ്ങൾ ഇവിടെയായിരുന്നുവത്രെ ഒളിപ്പിച്ചിരുന്നത്. ഭഗവതി ക്ഷേത്രത്തിനു കുറെയധികം പറയാനുണ്ട്. അനുഗ്രഹം ചൊരിയുന്ന ശക്തിയുള്ള ദേവിയാണ്. അതുകൊണ്ടാണ് സാമൂതിരി ഇവിടെ നിന്ന് മാറ്റാനും തീരുമാനിച്ചത്. അടഞ്ഞുകിടന്ന ശ്രീകോവിലിലേക്ക് നോക്കി തൊഴുതു. വേഗം നടക്കലെത്തി അഞ്ചാറുപേരവിടെയവിടെ നിൽപ്പുണ്ട്.

'പ്രധാന വഴിപാടെന്താണ് '.

കൗണ്ടറിലെ ഉദ്യോഗസ്ഥനോടു ചോദിച്ചു.

'എല്ലാം പ്രധാനം തന്നെ'. അയാൾ ചിരിച്ചു.

'ഇവിടുത്തുകാരനല്ലെന്നു തോന്നുന്നു'.

'അല്ല. പക്ഷെ കേട്ടിട്ടുള്ളത് ഞങ്ങളും പണ്ട് ഈ ഗ്രാമവാസികളായിരിക്കാനിടയുണ്ടെന്നാണ് '.

അയാൾ ഞാനടുത്തു പറയാൻ പോകുന്നതെന്താണെന്നറിയാൻ ആകാംക്ഷയിലായിരുന്നു. സമയം കഴിയാറായി. പന്നിയൂർ കലാപവും ആശ്വലായനന്മാരായ ഋഗ്വേദികളുമൊന്നും അയാൾ അറിയേണ്ടതില്ലല്ലൊ. അയാൾ പതുക്കെ ചിരിച്ചു.

'എന്നാ, അഭിഷ്ടസിദ്ധി പൂജയായ്ക്കോട്ടെ '.




**ഇവിടുത്തെ ഓരോ മണൽത്തരിക്കും പല കഥകളും പറയാനുണ്ടാവും. ക്ഷേത്ര ധ്വംസനത്തിലേക്ക് നയിച്ച യഥാർത്ഥ സംഭവം ദു:ഖഭാരത്തോടെ നമ്മെ അറിയിക്കും.**

'ആയ്ക്കോട്ടെ' ഞാനും പറഞ്ഞു.

'250 രൂപ. പേര് ?'

ഞാൻ സഹധർമ്മിണിയുടെ പേരും നാളും പറഞ്ഞു. ഈയാഴ്ച വിവാഹവാർഷികമാണ്.

മേൽശാന്തി അടയ്ക്കാനുള്ള ശ്രമത്തിലാണ്. സമയം 12 ആയി. ഞാൻ ജുബ്ബയും ബനിയനുമഴിക്കാൻ സമയമില്ലാത്തതുകൊണ്ടു പുറത്തു നിന്നു തൊഴുതു. ബിംബം ഇവിടന്ന് വ്യക്തമല്ല. അഞ്ജനനിറമുള്ള നീലക്കറുപ്പിലാണത്രെ വിഗ്രഹം. തേറ്റമേൽ ഭൂമി. ഇടതുകാൽ തുടയിൽ ലക്ഷ്മീദേവി.

ഗ്രാമദേവതയാണെങ്കിൽ ഒരു വയസ്സിനുള്ളിൽ തൊഴുതിരിക്കണം. എല്ലാം മറന്നു ബലിക്കല്ലിനടുത്തു കൈകൂപ്പി നിൽക്കുമ്പോൾ ഒരപൂർവ്വാനുഭൂതിയിലായിരുന്നു. ദൂരെ ശ്രീകോവിലിൽ എണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ഈ ഭൂമിയുടെ പുന:സ്ഥാപനം നടത്തിയ അവതാരത്തിനാവാത്തതൊന്നുമില്ല, അറിയാത്തതൊന്നുമില്ല. പ്രാർത്ഥിക്കേണ്ടതുമില്ല.

പുറത്തൊരാൾ തൊഴുതുനിൽക്കുന്നതു കണ്ടതുകൊണ്ടാവണം മേൽശാന്തി മടിച്ചു നിന്നു.

തിരികെ നടക്കുമ്പോൾ പരശുരാമനും, വരാഹമൂർത്തിയും, കലാപരംഗങ്ങളുമൊന്നും മനസ്സിലില്ല. ഒരു നിറവ്. ഒരനുഭൂതി. ശൂന്യതയിലെ നിറവിന്റെ ഒരനുഭൂതി.

വലത്തുഭാഗത്ത് ഉയരത്തിലൊരു തിണ്ടും അവിടെ ചില ശേഷിപ്പുകളുമുള്ളതായി കണ്ടു. ഇവിടെ കയറിത്തൊഴാൻ ജുബ്ബ ഊരണമോ എന്നാലോചിക്കെ പിന്നിൽ നിന്നൊരശരീരി കേട്ടു.

'കേറിത്തൊഴുതോളൂ. ചിത്രത്തിൽ വരാഹവും, യക്ഷിയും' മുമ്പുകണ്ട സ്ത്രീയാണ് അടുത്തുള്ള അയ്യപ്പക്ഷേത്രത്തിലേക്കു പോകുകയാണവർ. ഞാൻ പടവുകയറി.

ഇവിടെ ഉണ്ടായിരുന്നത് കേരളത്തിലെ പഴയ പ്രസിദ്ധമായ 12 കൂത്തമ്പലങ്ങളിലൊന്നായിരുന്നു.

125 അടി നീളവും 15 അടി വീതിയും. രാജാവിന്റെ പേക്കൂത്തിന്നിരയായ മറ്റൊരനുഷ്ഠാനകേന്ദ്രം. ചാക്യാർമാർ വന്ദിക്കുന്ന വരാഹമൂർത്തി. ചിത്രമോ മറ്റൊ ഉള്ളതുകൊണ്ടാവാം. 'ചിത്രത്തിൽ വരാഹം' എന്നറിയപ്പെടുന്നു. അടുത്തുതന്നെ യക്ഷിയെ തളച്ച ഒരു തൂണും.ക്ഷേത്രാങ്കണത്തിൽ ശിവക്ഷേത്രത്തിന് സമീപമുള്ള മരത്തിലധിവസിച്ചിരുന്ന ഒരു യക്ഷി ഭക്തന്മാർക്ക് ഭീഷണിയായപ്പോൾ ഇവിടെ തളച്ചതാണത്രെ. എങ്ങനെയോ ചിത്രഗുപ്തന്റെ പ്രതിമയുമുണ്ടിവിടെ. അയ്യപ്പന്റെ അമ്പലം തെക്കു-കിഴക്ക് അഗ്നികോണിലാണ്.

തലമുറകളായി പ്രാർത്ഥിച്ചുപോരുന്ന ഗ്രാമദേവതയുടെ തേജസ്സിനെ തല്ലിക്കെടുത്താൻ ചില കുത്സിത ശക്തികൾ മുതിരുമെന്നറിഞ്ഞു, മനമുരുകി ആയിരക്കണക്കിനു ഭക്തന്മാർ പ്രാർത്ഥിച്ചു കരഞ്ഞിറങ്ങിപ്പോയതാണിവിടെനിന്ന്. ഏതായാലും ആ നിമിഷത്തെ പുനഃസൃഷ്ടിക്കാൻ ഞാനാഗ്രഹിച്ചില്ല. പുതിയ യുഗപ്പിറവിയിൽ പുത്തൻ തലമുറ. സുമനസ്സുകളുടെ ഈ തലമുറയിൽ നിന്നാരംഭിക്കാം ഒരു സംസ്കൃതിയുടെ പ്രാദുർഭാവം. ●

കെ. എം എസ് ഭട്ടതിരിപ്പാട്
ഗുരുപവൻ, കാവനാട്ട് മന,
കോട്ടപ്പടി കോട്ടക്കൽ പിൻ 676503
ഫോൺ - 9744999300.

# നവതി ആഘോഷിച്ച കരുമാരപ്പറ്റ മുത്തശ്ശി


**രൂപ കരുമാരപ്പറ്റ**

ഉരുക്കുവനിതയെ കാണാൻ ഞങ്ങൾക്ക് ഇല്ലപ്പറമ്പിന് പുറത്തേക്ക് നോക്കേണ്ടി വന്നില്ല. കിടങ്ങഴി മനയിൽ നിന്ന് കരുമാരപ്പറ്റ മനയിലെ ഡോ.നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ സഹധർമിണിയായെത്തിയ ഉമാദേവി അന്തർജനം ഞങ്ങളുടെ കുടുംബത്തെ ഒരു കൊടുങ്കാറ്റിലും ഉലയാതെ പിടിച്ചു നിർത്തി. പുരോഗമനവാദിയായ ഭർത്താവിനും പഴയ സംസ്കാരത്തിൽനിന്ന് അണുവിട ചലിക്കാത്ത മറ്റു കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ടയാളായി ഉണ്ണിമായ .

മുപ്പതാം വയസിൽ ഭർത്താവിന്റെ ആയുരാരോഗ്യ സൗഖ്യത്തിനു നോമ്പെടുത്ത് ധനുവിലെ തിരുവാതിര നാളിൽ സഖിമാരോടൊത്ത് കൈകൊട്ടി കളിയിലേർപ്പെട്ടിരിക്കെ ഹൃദയാഘാതത്തിന്റെ രൂപത്തിലെത്തി വിധി നിശബ്ദമായി ഭർത്താവിന്റെ ജീവൻ തട്ടിയെടുത്തു. കരഞ്ഞു തളർന്നിരിക്കാൻ ഉണ്ണിമായയ്ക്ക് കഴിയുമായിരുന്നില്ല. 15 വയസുള്ള മൂത്ത മകൾക്ക് താഴെ നാലു മക്കൾ, ഒരുപാട് വസ്തുവകകൾ, വലിയൊരു ആശ്രിത സമൂഹം...

അഞ്ച് പതിറ്റാണ്ട് മുമ്പത്തെ സമുദായത്തിലെ വൈധവ്യത്തിന്റെ സകല ചങ്ങലകളാലും ബന്ധിക്കപ്പെട്ടിരുന്നുവെങ്കിലും മക്കളെയും സ്വത്തുക്കളെയും ആശ്രിതരെയും ചേർത്തുപിടിച്ചു പോരാടി. ആഭരണങ്ങളും നിറമുള്ള വസ്ത്രങ്ങളും ഇഷ്ടപ്പെട്ട ഉണ്ണിമായ വെളുപ്പ് മാത്രം അണിഞ്ഞു. കാതിൽ ഒരു ചെറിയ കല്ലുള്ള കമ്മൽ ഒഴികെ ബാക്കി എല്ലാം ഉപേക്ഷിച്ചു. കരഞ്ഞു കലങ്ങേണ്ട കണ്ണുകളല്ല വാക് ശരങ്ങൾക്ക് ഉചിതമായ മറുമൊഴിയാണ് സ്ത്രീകൾക്ക് അതിജീവനത്തിന് ആവശ്യമെന്ന് കർമത്തിലൂടെ ബോധ്യപ്പെടുത്തി. കിണറ്റിലിറങ്ങാനും ആനയ്ക്ക് ഭക്ഷണമൂട്ടാനും തുടങ്ങി സാഹസികമായ പല കാര്യങ്ങളും ചെയ്തു, നിഷ്കർഷതയോടെ തേവാരവും.

നവതിയിൽ എത്തി നിൽക്കുന്ന ആ ജീവിത സപര്യ തന്നെയാണ് കരുമാരപ്പറ്റ എന്ന ഇല്ലത്തിന്റെ നെടുംതൂൺ. ശാരീരിക അവശതകൾ അലട്ടുമ്പോഴും ഓർമയെ കൂടുതൽ മൂർച്ച കൂട്ടി മക്കളും പേരക്കുട്ടികളും അവരുടെ മക്കളും എല്ലാമായി സന്തോഷത്തോടെ കഴിയുന്നു. ഉമാദേവി എന്ന അമ്മയ്ക്ക്, മുത്തശ്ശിക്ക് ആദരപൂർവം ആശംസകൾ. ●



മക്കൾ:
ഇന്ദിര, ഡോ. വാസുദേവൻ നമ്പൂതിരിപ്പാട്,
പ്രൊഫ. നാരായണൻ നമ്പൂതിരിപ്പാട്,
ശ്രീദേവി, മോഹനൻ നമ്പൂതിരിപ്പാട്

മരുമക്കൾ:
കേശവൻ നമ്പൂതിരി (നടുവിൽ മണ്ണഴി),
വനജ (മന്ദ്യത്ത്),
സാവിത്രി (പഴയത്ത്),
പരമേശ്വരൻ നമ്പൂതിരിപ്പാട് (പയ്യൂർ),
നന്ദിനി (കടക്കൊട്ടുതല)

പേരക്കുട്ടികൾ:
സുധ, പ്രകാശ്, അളക, രൂപ,
രാകേഷ്, ഡോ. ഉമ, ശ്രീദേവി,
ഡോ. വരുൺ, അരവിന്ദ്,
ആര്യ, നിരഞ്ജൻ

പ്രപൗത്രർ:
പല്ലവി, കേശവ്, അങ്കിത, അദ്വൈത്,
സംവേദ്, നരേൻ, കൗശിക്,
അലോക്, ഭദ്ര, പ്രണവ്, ആദിത്യ

**കോഴിക്കോട് ചേവായൂർ താമസിക്കുന്ന പുതുശ്ശേരി നാരായണൻ മൂസ്സതിന്റെ സപ്തതി 26.02.23 ഞായറാഴ്ച ആഘോഷിച്ചു**




ആശംസകളോടെ
ഭാര്യ സുജാത, മകൾ ഇന്ദു, മരുമകൻ അരുൺ കുമാർ,
പേരക്കുട്ടികൾ മാളവിക, ഭഗത് വിഷ്ണു

13.03.2023 ന്
84 ാം പിറന്നാൾ ആഘോഷിച്ചു

കുന്ദമംഗലം ഒഴയാടി എടക്കാട്ടില്ലത്ത്

**മധുസൂദനൻ നമ്പൂതിരിക്ക്**

ആശംസകളോടെ: ഭാര്യ ലീല അന്തർജനം,
മക്കൾ: ശങ്കരനാരായണൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി,
മരുമക്കൾ: നന്ദിനി, ഗംഗ,
പേരക്കുട്ടികൾ: നവനീത് ശങ്കർ, നന്ദന ശങ്കർ, നിവേദ്.



# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O
Perumbavoor, Pin: 683556 , Phone No.: 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O, Perumbavoor Pin: 683556 Phone: 0484-2656938
[Affiliated to M.G. University] [NAAC Accredited at the "A" Level]
www.ssvcollege.ac.in ssvidyapeetom@gmail.com

**U G Courses**

B.A History, Economics, English, Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry,
B.Sc. Computer Science
B.Com. Taxation, B.Com. Computer Application

**P G Courses**

M.A. History
M.Com. Finance, M.Com. International Business
M.Sc. Chemistry
M.Sc. Computer Science

**Hostel facility for women**

## V.T BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O, Palakkad Dt, Pin: 679517 Phone: 0466-2268927
[Affiliated to University of Calicut] [NAAC Accredited at the "B+" Level]
principalvtb@gmail.com

**U G Courses**

B.A. Sanskrit, History, Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A.

**P G Courses**

M.Sc. Computer Science
M.Com

## SREE SANKARA COLLEGE

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2678898
[Affiliated to University of Kerala]
sscollegenagaroor@gmail.com

**Courses**

B.Sc. Physics, B.A. Economics
B.Com. Taxation

## SREE SANKARA VIDYAPEETOM COLLEGE (Self-Finance)

Nagaroor P.O, Kilimanoor, Pin: 695601, Phone: 0470-2677241, 2678899
[Affiliated to University of Kerala] ssvcn@md3.vsnl.net.in

**U G Courses**

B.B.A , B.A. English
B.Com. Computer Application , B.Com. Co-operation
B.Sc. Computer Science

**P G Courses**

M.Com. Finance
M.Sc. Computer Science

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O, Kilimanoor, Thiruvananthapuram, Pin: 695601
Phone: 0470-2678610 ssvpems@gmail.com

**LKG to 12 [CBSE]**

## TEMPLES MANAGED BY SREE SANKARA TRUST

1. Raloor Kavu Devi Temple, Nagaroor
2. Thekkinkadu Shiva Temple, Nagaroor
3. Vishnu Temple, Nagaroor

"Thamaso Ma Jothir Gamaya"

## കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ജോയന്റ് ഡയറക്ടർ

# കടന്നിരുന്നപ്പോൾ

പതിനഞ്ച് വയസ്സു വരെ സ്കൂളിൽ പോയിട്ടില്ലാത്ത ഒരാൾ ഒന്നാം റാങ്കോടു കൂടി ഐ എസ് എസ് പാസാവുമോ. അങ്ങനെ പാസായി കേന്ദ്രആരോഗ്യ മന്ത്രാലയത്തിൽ ജോയന്റ് ഡയറക്ടറായ ഒരാൾ കടവല്ലൂർ അന്യോന്യത്തിൽ കടന്നിരിക്കുമോ. കടവല്ലൂരിൽ കടന്നിരുന്ന ഒരാൾ സ്ത്രീകളെയും ഇതര മതക്കാരെയും ശിഷ്യരാക്കി ഋഗ്വേദം പഠിപ്പിക്കുമോ? ഇല്ലത്ത് സ്റ്റുഡിയോ സെറ്റപ്പ് ഇട്ട് വേദം ചൊല്ലി റിക്കാർഡ് ചെയ്ത് ആയിരം ജിബിയാക്കി സൂക്ഷിക്കുമോ? കോതമംഗലത്തു വാസുദേവൻ നമ്പൂതിരി ഇതെല്ലാം ചെയ്യും.

**ഉദയൻ നമ്പൂതിരിപ്പാട്**



തൃശൂർ കുന്ദംകുളത്തിനടുത്തുള്ള ഒരു ഗ്രാമമായ പോർക്കളങ്ങാടാണ് കോതമംഗലത്തുമന. അച്ഛൻ നാരായണൻ നമ്പൂതിരി നല്ലൊരു ഓത്തനായിരുന്നു. പഴയ ചിട്ടകൾ വെച്ചുപുലർത്തിയിരുന്ന ആൾ. അതിനാൽ വാസുദേവനെ സ്കൂളിൽ ചേർത്തില്ല. പകരം ഇല്ലത്തിരുത്തി സംസ്കൃതം പഠിപ്പിച്ചു. ഒമ്പതാം വയസ്സിൽ ഉപനയനം. പിന്നീട് പതിനാലാം വയസ്സിൽ സമാവർത്തനം നടത്തുന്നതു വരെ അച്ഛൻ തന്നെ ഋഗ്വേദം പഠിപ്പിച്ചു. അതു കഴിഞ്ഞ് വേദങ്ങളുടെ ഉപരിപഠനം തിരുനാവായ ബ്രഹ്മസ്വം മഠത്തിൽ.

വേദം കൊണ്ടു വയറു നിറയില്ലെന്ന് മനസ്സിലായപ്പോൾ പതിനഞ്ചു വയസ്സിൽ ആധുനിക വിദ്യാഭ്യാസത്തിനായി സ്കൂളിൽ ചേർന്നു. നേരെ ഏഴാം ക്ലാസിലാണ് പഠനം തുടങ്ങിയത്. അക്കാലത്ത് അങ്ങനെ പതിവുണ്ട്. പിന്നെ, പ്രീഡിഗ്രിക്കു ശേഷം ഇന്ത്യയിലെ ഏറ്റവും പ്രസ്റ്റീജിയസ് ഇൻസ്റ്റിറ്റ്യൂട്ടായ കൊൽക്കത്തയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ. അവിടെ നിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ ബി സ്റ്റാറ്റ്, എം സ്റ്റാറ്റ് എന്നീ ബിരുദങ്ങൾ. ഡൽഹിയിലെ പ്രശസ്ത സർവ്വകലാശാലയായ ജെ എൻ യു വിലും പിന്നീട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തിലും റിസർച്ച് ഓഫീസറായി. അക്കാലത്താണ് ഒന്നാം റാങ്കോടു കൂടി ഐ എസ് എസ് കിട്ടിയതും കേന്ദ്ര സർവ്വീസിൽ ചേർന്നതും.



ആദ്യപാരഗ്രാഫിൽ സൂചിപ്പിച്ച പോലൊരാൾ ഒന്നാം റാങ്കോടു കൂടി ഐ എസ് എസ് പാസാവുമോ?. സംശയമാണ്. കേന്ദ്രആരോഗ്യ മന്ത്രാലയത്തിൽ ജോയന്റ് ഡയറക്ടറായ ഒരാൾ കടവല്ലൂർ അന്യോന്യത്തിൽ കടന്നിരിക്കുമോ? അതും സംശയമാണ്. കടവല്ലൂരിൽ കടന്നിരുന്ന ആൾ സ്ത്രീകളെയും ഇതര മതക്കാരെയും ശിഷ്യരാക്കി ഋഗ്വേദം പഠിപ്പിക്കുമോ. ഡൽഹിയിൽ പതിനഞ്ചു കൊല്ലത്തെ കേന്ദ്ര സർവീസു ബാക്കിയുള്ളപ്പോൾ അച്ഛനമ്മമാരെ നോക്കാനായി അത് ഉപേക്ഷിച്ച് നാട്ടലെത്തുമോ? കോതമംഗലത്തു വാസുദേവൻ നമ്പൂതിരി തികച്ചും വിഭിന്നനാണ്. ഇതെല്ലാം ചെയ്യും.

ഡൽഹിയിൽ ജോലിയിലിരിക്കെ തെക്കേ മഠം മാനേജരായ വടക്കുമ്പാട് നാരായണനും കൂട്ടരും അദ്ദേഹത്തെ കാണാൻ ഓഫീസിൽ ചെന്നു. ഗെയിറ്റിലുണ്ടായിരുന്ന പാറാവുകാരനോടു വാസുദേവൻ



*കോതമംഗലം വാസുദേവൻ നമ്പൂതിരി കടവല്ലൂർ അന്യോന്യത്തിൽ കടന്നിരുന്നപ്പോൾ*

എന്ന ആളെ കാണണമെന്നു ആവശ്യപ്പെട്ടു. പാറാവുകാരൻ ചോദിച്ചു. ഏതു വാസുദേവനെ, കാറിൽ വരുന്ന ആളേയോ ബസ്സിൽ വരുന്ന ആളേയോ?. വന്നവർക്ക് സംശയമുണ്ടായില്ല ബസ്സിൽ വരുന്ന വാസുദേവനേയാണു കാണേണ്ടതെന്നു പറഞ്ഞു. അപ്പോൾ പാറാവുകാരൻ പറഞ്ഞത്രെ. 'വോ വാസുദേവൻ സാർ ഹെ , യഹാം ക ബഡാ സാഹിബ് ഹെ' . ഈ ലാളിത്യം ജീവിതത്തിൽ ഇപ്പോഴും അദ്ദേഹം കാത്തു സൂക്ഷിക്കുന്നു.

നമ്പൂതിരിമാർ മുമ്പ് വേദത്തിൽ ഉപരിപഠനം നടത്തിയിരുന്നത് ബ്രഹ്മസ്വം മഠങ്ങളിൽ താമസിച്ചു കൊണ്ടായിരുന്നു. അന്നത്തെ രണ്ടു പ്രധാന വേദപാഠശാലകളായിരുന്നു തൃശൂരിലേയും തിരുന്നാവായയിലേയും ബ്രഹ്മസ്വം മഠങ്ങൾ. രണ്ടു കൂട്ടരുടേയും പഠന മികവ് പരീക്ഷിച്ചിരുന്നത് കടവല്ലൂർ ശ്രീരാമ ക്ഷേത്രസന്നിധിയിൽ വെച്ച് കൊല്ലംതോറും നടക്കുന്ന അന്യോന്യം എന്ന വേദപരീക്ഷയിലായിരുന്നു. ഒരോ യോഗക്കാരുടേയും ഋഗ്വേദത്തിലെ പാണ്ഡിത്യം, പദബോധം, സ്വരശുദ്ധി, ആലാപന മികവ്, മുദ്രകളുടെ പ്രയോഗം എന്നിവയാണ് അവിടെ പരീക്ഷിക്കുക. വലിയ വേദജ്ഞരുടെ മുന്നിലാണ് പരീക്ഷ. വാരമിരിക്കൽ, ജട, രഥ എന്നിവയാണ് സാധാരണ പരീക്ഷ. ഇവക്കു ശേഷമാണ് കടന്നിരിക്കൽ. അതിനും മുകളിലെ പരീക്ഷയാണ് വലിയ കടന്നിരിക്കൽ. കടന്നിരിക്കൽ കഴിഞ്ഞാൽ തന്നെ വേദപണ്ഡിതരായി അംഗീകരിക്കപ്പെട്ടിരുന്നു.

**10472 ഋക്കുകളുള്ള ഋഗ്വേദം ഒരോ പദത്തിന്റയും ഹസ്തമുദ്ര സഹിതം ആലാപനം ചെയത് ഓഡിയോയിലും വീഡിയോയിലും റിക്കാർഡു ചെയ്തു സൂക്ഷിച്ചിരിക്കുന്നു. വേദം പഠിക്കാനോ കേൾക്കാനോ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഗുരുവിന്റെ അടുത്തു പോകാതെ തന്നെ പാരമ്പര്യ രീതിയിൽ ചൊല്ലി പഠിക്കാൻ ഈ വിഡിയോ ഉപകരിക്കും.**

കടവല്ലൂരിൽ മുപ്പത്തിരണ്ടു കൊല്ലം മുമ്പെ 1990 ലാണ് അവസാനമായി കടന്നിരിക്കൽ നടന്നത്. അന്നു കടന്നിരുന്നത് ഋഗ്വേദ പണ്ഡിതരായ നാറാസ് നാരായണൻ നമ്പൂതിരിപ്പാടും ഡോക്ടർ മണ്ണൂർ ജാതവേദൻ നമ്പൂതിരിയുമായിരുന്നു. വലിയ കടന്നിരിക്കൽ ഇതിനു മുമ്പ് 1964 ലായിരുന്നു അവസാനം നടന്നത്. ചൊവ്വന്നൂർ സഭാമഠത്തിൽ നടന്ന അന്യോന്യത്തിൽ പന്താവൂർ സുബ്രഹ്മണ്യൻ നമ്പൂതിരി , കൂടലാറ്റുപുറത്ത് അനുജൻ നമ്പൂതിരിപ്പാട് എന്നിവരാണ് വലിയ കടന്നിരിക്കൽ നടത്തിയത്.

2022 നവംബർ 16 നു തുടങ്ങി 26നു അവസാനിച്ച കടവല്ലൂർ അന്യോന്യത്തിൽ ഇത്തവണ രണ്ടു വേദോപാസകർ കടന്നിരിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിലെ ആരോഗ്യ മന്ത്രാലയത്തിൽ നിന്നു ജോയന്റ് ഡയറക്ടറായി വിരമിച്ച കോതമംഗലം വാസുദേവൻ നമ്പൂതിരിയും , ആയുർവേദ ഡോക്ടറായ നാറാസ് ഇട്ടിരവി നമ്പൂതിരിപ്പാടുമായിരുന്നു കാലങ്ങൾക്കു ശേഷം ഈ കൊല്ലം കടന്നിരിക്കൽ വിജയകരമായി പൂർത്തിയാക്കിയത്.

വേദങ്ങളിലെ എല്ലാ മന്ത്രവിധികളും അവസാനിക്കുന്നത്, ' ഇദം ന മമ' എന്ന പ്രസ്താവത്തോടെയാണല്ലോ. വേദങ്ങളിൽ പ്രാവീണ്യം നേടിയ നമ്പൂതിരിമാരും അത്തരം മനോഭാവക്കാരാണെന്നു തോന്നാറുണ്ട്. അവർ ഒരിക്കലും പേരിനും പ്രശസ്തിക്കും പിന്നാലെ പോകാറില്ല. യഥാർത്ഥ വേദോപാസകൻ തന്റെ പ്രവൃത്തികളിലൂടെ ലോക നന്മ മാത്രമേ ആഗ്രഹിക്കാറുള്ളു. അത്തരത്തിൽപ്പെട്ട വേദ പണ്ഡിതനാണ് ഇത്തവണ കടന്നിരുന്ന കോതമംഗലം വാസുദേവൻ നമ്പൂതിരി. കാരണം വേദസംസ്ക്കാരം നിലനിന്നു പോരാൻ കഠിന ശ്രമങ്ങൾ ചെയ്യുന്ന വാസുദേവൻ നമ്പൂതിരിക്ക് താനൊരു വലിയ കാര്യമാണു ചെയ്യുന്നതെന്ന ഭാവം ഒട്ടുമില്ല. തന്റെ ജീവിതം തന്നെ വേദ വേദാന്തങ്ങളുടെ പ്രചരണങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു.പുരാതന ഇന്ത്യയിലെ വൈദിക സംസ്കൃതസൂക്തങ്ങളുടെ ശേഖരമാണ് ഋഗ്വേദം. സനാതന സംസ്ക്കാരത്തിന് അടിസ്ഥാനമായി കരുതുന്ന നാലു വേദങ്ങളിൽ മന്ത്രങ്ങളുടെ എണ്ണം കൊണ്ട് വലിയതും പ്രഥമസ്ഥാനത്തുള്ളതും ഋഗ്വേദം തന്നെ.

വേദ മന്ത്രങ്ങളിൽ കുടികൊള്ളുന്ന ഈശ്വരീയ ശക്തി ഉപാസകന് ഇഷ്ടപ്രാപ്തിയും അനിഷ്ട നിവാരണവും പ്രദാനം ചെയ്യുന്നു. ആദിയോ അന്തമോ ഇല്ലാത്ത വേദമന്ത്രങ്ങൾ ഋഷി ദർശനങ്ങളാൽ രൂപപ്പെട്ട് വാചിക പാരമ്പര്യത്താൽ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ്. പക്ഷേ നാം ജീവിക്കുന്ന ആധുനിക കാലത്ത് വേദങ്ങൾ പാരമ്പര്യ സമ്പ്രദായത്തിൽ ഗുരുമുഖത്തു നിന്ന് പഠിക്കാൻ സമയമോ അവസരമോ ഇല്ലാത്ത അവസ്ഥയാണു

# ആചാര്യരത്നം പുരസ്ക്കാരത്തിന് അർഹനായി

തൃശൂർ തെക്കേ മഠം സംസ്കൃത വേദപണ്ഡിതന്മാർക്കു നല്കി വരാറുള്ള ആചാര്യരത്നം പുരസ്ക്കാരത്തിനു ഈ വർഷം അർഹനായത് വാസുദേവൻ നമ്പൂതിരിയാണ്. കാലിഫോർണിയ വേദാന്ത സൊസൈറ്റി അദ്ധ്യക്ഷനും വേദപണ്ഡിതനുമായ ശ്രീമദ് തത്ത്വമയാനന്ദ സ്വാമിജിയാണ് പുരസ്ക്കാരം നല്കിയത്. കൂടാതെ തിരുനാവായ ബ്രഹ്മസ്വം മഠത്തിൽ വെച്ചു നടത്തിയ വിജ്ഞാന സദസ്സിലും ആദരിക്കുകയുണ്ടായി.



ള്ളത്. അതു തിരിച്ചറിഞ്ഞ വാസുദേവൻ നമ്പൂതിരി ഓം അഗ്നിമീളെ പുരോഹിതം എന്ന മന്ത്രത്തോടെ ആരംഭിക്കുന്ന 10472 ഋക്കുകളുള്ള ഋഗ്വേദം ഒരോ പദത്തിന്റേയും ഹസ്തമുദ്ര സഹിതം ആലാപനം ചെയത് ഓഡിയോയിലും വീഡിയോയിലും റിക്കാർഡു ചെയ്തു സൂക്ഷിച്ചിരിക്കുന്നു.

വേദം പഠിക്കാനോ കേൾക്കാനോ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഗുരുവിന്റെ അടുത്തു പോകാതെ തന്നെ പാരമ്പര്യ രീതിയിൽ ചൊല്ലി പഠിക്കാൻ ഈ വിഡിയോ ഉപകരിക്കും. ഏതാണ്ട് അമ്പതു മണിക്കൂറിൽ അധികം ഉണ്ടാവും. അതേ പോലെ വേദ സംഹിതാപാഠങ്ങൾ ഉച്ചാരണങ്ങളും സ്വരങ്ങളും പിഴക്കാതെ സ്വയം ചൊല്ലി റിക്കാർഡ് ചെയ്തു വെച്ചിട്ടുമുണ്ട്. ഒരു കൊല്ലത്തിലധികം സമയം എടുത്ത ഒരു മഹാതപസ്യ തന്നെയായിരുന്നു ഈ പരിശ്രമം. ഇവ ഏതാണ്ടു ആയിരം ജീബിയോളം വരും .അതിനായി അദ്ദേഹം തന്റെ ഇല്ലത്തു ഒരു റിക്കാർഡിങ്ങ് സ്റ്റുഡിയോ തന്നെ സെറ്റു ചെയ്തു. വീഡിയോ റിക്കാർഡ് ചെയ്ത മന്ത്രങ്ങളിപ്പോൾ ഇരുപത്തഞ്ചു ഡാറ്റാ ഡ്രൈവിലാണ് സൂക്ഷിച്ചു വെച്ചിരിക്കുന്നത്. താളിയോലകളിൽ സൂക്ഷിച്ചിരുന്ന പൈതൃക സമ്പത്തു പോലെ ഇവയും കാലം കൊണ്ട് നശിച്ചു പോകാൻ ഇടവരുത്തരുത്. അതിനായി ഒരു വെബ്സൈറ്റ് നിർമ്മിച്ചു സൂക്ഷിക്കുന്നതു നന്നായിരിക്കും . ഏതായാലും വരും

> ഒരു കൊല്ലത്തെ മഹാതപസ്യ. ഏതാണ്ടു ആയിരം ജീബി. അതിനായി ഇല്ലത്തു റിക്കാർഡിങ്ങ് സ്റ്റുഡിയോ തന്നെ സെറ്റു ചെയ്തു. വീഡിയോ ചെയ്ത മന്ത്രങ്ങളിപ്പോൾ ഇരുപത്തഞ്ചു ഡാറ്റാ ഡ്രൈവിലാണ് സൂക്ഷിച്ചു വെച്ചിരിക്കുന്നത്.

കാലങ്ങളിൽ ആരും പഠിക്കാനോ പഠിപ്പിക്കാനോ ഇല്ലാതെ വേദങ്ങളും വേദ സംസ്ക്കാരവും അന്യംനിന്നു പോകരുത് എന്നുള്ള അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള ഈ പരിശ്രമങ്ങളെ നമിക്കാതെ വയ്യ.

ഋഗ്വേദത്തിന്റേയും സംസ്കൃത ഭാഷയുടേയും പ്രചരണത്തിനും സംരക്ഷണത്തിനുമുള്ള വാസുദേവൻ നമ്പൂതിരിയുടെ പരിശ്രമങ്ങൾ തുടങ്ങിയിട്ട് കാലങ്ങളേറെയായി. ഇരുപതു കൊല്ലമായി കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുക്കുകയോ സംഘാടകനായി പ്രവർത്തിക്കുകയോ ചെയ്യുന്നു. സംസ്കൃത ഭാഷാ പഠനത്തിനായി തെക്കേ മഠത്തിന്റെ കീഴിലുള്ള ആമ്നായ പീഠം ചാരിറ്റബിൾ ട്രസ്റ്റിന്റെ ഡയറക്ടറായും പ്രവർത്തിക്കുന്നു. ഈ സ്ഥാപനം താല്പര്യമുള്ളവരെ ഓൺലൈൻ ആയി സംസ്കൃത ഭാഷ പഠിപ്പിക്കുന്നുണ്ട്. കൂടാതെ യു ട്യൂബിൽ സ്ഥിരമായി പാഠങ്ങൾ തയ്യാറാക്കി പോസ്റ്റ് ചെയ്യുന്നുമുണ്ട്. തെക്കേമഠത്തിന്റെ ഉപദേശകനുമാണ്. സ്വന്തം ഇല്ലത്തു വെച്ച് വാസുദേവൻ നമ്പൂതിരി ജാതി മത ലിംഗ പ്രായ ഭേദമില്ലാതെ നിരവധി പേരെ ഋഗ്വേദവും സംസ്കൃതവും പഠിപ്പിക്കുന്നുണ്ട്.

ഒരു സ്ത്രീയും അദ്ദേഹത്തിന്റെ ശിഷ്യയായി ഋഗ്വേദം ചൊല്ലാൻ പഠിക്കുന്നുണ്ട്. കൂടാതെ ഹിന്ദു മതക്കാരല്ലാത്തവരും വേദങ്ങളെ പറ്റി അറിയാനായി അദ്ദേഹത്തിന്റെ അടുത്തു വരാറുണ്ട്. ഉപാസനാപരമായി വാരം ഇരിക്കുക, ത്രിസന്ധ, മുറജപം, ലക്ഷാർചന എന്നിവകളിൽ പങ്കെടുക്കാറുണ്ട്. കേരളത്തിനകത്തും പുറത്തും യൂണിവേഴസിറ്റികളിലും വേദ സമ്മേളനങ്ങളിലും സോദാഹരണ ക്ലാസുകൾ അദ്ദേഹം എടുക്കാറുണ്ട്. സംസ്കൃതം, മലയാളം ഹിന്ദി, ബംഗാളി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അവഗാഹമുണ്ട്.

ആലത്തിയൂർ ഗ്രാമക്കാരുടെ രണ്ടു വൈദികന്മാരിൽ ഒരാളാണ് കോതമംഗലം. അദ്ദേഹം പങ്കെടുക്കുന്ന പല വിവാഹ വേദികളിലും ഒരോ ചടങ്ങും എന്തിനുള്ളതാണെന്നും ചൊല്ലുന്ന മന്ത്രങ്ങളുടെ അർത്ഥമെന്താണെന്നും വധൂവരന്മാർക്കും സദസ്സിനും പറഞ്ഞു കൊടുക്കുന്ന പതിവുണ്ട്.

നമ്മുടെ സമുദായത്തിൽ നിന്ന് സിവിൽ സർവ്വീസ് പരീക്ഷ ജയിച്ച് ഉന്നത പദവിയിൽ ജോലി ചെയ്യുന്നവർ കുറവാണെന്നു പലരും പറയാറു


ണ്ട്. ഐ ഐ എസ്, ഐ പി എസ് എന്നിവ പോലെ യുപിഎസ് സി നടത്തുന്ന ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിലേക്കുള്ള പരീക്ഷയാണ് ഐ എസ് എസ് എന്നത്. അഖിലേന്ത്യാ തലത്തിൽ നടത്തുന്ന ഈ പരീക്ഷ വാസുദേവൻ നമ്പൂതിരി ഒന്നാം റാങ്കോടെയാണ് പാസ്സായത്.

1979 ൽ ഭാരത സർക്കാരിന്റെ ആസൂത്രണ മന്ത്രാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ചു. അവിടെ നിന്നു ഡെപ്യൂട്ടി ഡയറക്ടറായി പ്രൊമോഷനോടെ ടൂറിസം മന്ത്രാലയത്തിലും പിന്നീട് അഭ്യന്തര വകുപ്പിന്റെ കീഴിൽ സെൻസസ് വകുപ്പിലും ജോലി നോക്കി. ആരോഗ്യ മന്ത്രാലയത്തിൽ ജോയന്റ് ഡയറക്ടറായിട്ടായിരുന്നു അടുത്ത പ്രൊമോഷൻ. അതിനിടെ അച്ഛൻ മരിച്ചിരുന്നു. വാർദ്ധക്യത്തിലെത്തിയ അമ്മയേയും വേളി കഴിക്കാത്ത അപ്ഫൻമാരേയും സംരക്ഷിക്കാൻ വേണ്ടിയും തന്റെ ഇല്ലക്കാർ ചെയ്യേണ്ട പൗരോഹിത്യ ജോലി, ചെയ്യാൻ ഇല്ലത്ത് ആരും ഇല്ലാതായതു കൊണ്ടും ജോലിയിൽ നിന്നു സ്വയം വിരമിച്ചു. പതിനഞ്ചു കൊല്ലത്തെ സർവീസു കൂടി ബാക്കിയുണ്ടായിരുന്നപ്പോഴാണ് കേന്ദ്ര സർക്കാറിലെ ഉയർന്ന ജോലിയിൽ നിന്നു വിരമിച്ചത്.

വയസ്സായ മതാപിതാക്കളെ നാട്ടിൽ ഒറ്റക്കാക്കി ഉന്നത പദവിക്കും ശമ്പളത്തിനും പിറകെ പോകുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക് അനുകരിക്കാവുന്ന ഒരു മാതൃകയാണ് അന്നു വാസുദേവൻ നമ്പൂതിരി ചെയ്തത്.

നമ്പൂതിരിമാരുടെ ക്രിയകൾ പുസ്തകം നോക്കി ചെയ്യിക്കുമ്പോഴും മറ്റും ചില കാര്യങ്ങൾ തെറ്റായി ചെയ്യുന്നതു കാണാറുണ്ടെന്നു അദ്ദേഹം പറയുന്നു. ഉദാഹരണത്തിന് ഒരു സ്ഥലത്ത് സമാവർത്തന ക്രിയക്കിടയിൽ പ്ലാശിൻ ചമത മുകളിൽ കെട്ടി വെക്കുക എന്നു ചടങ്ങു പുസ്തകത്തിൽ കണ്ടത് തലയുടെ മുകളിൽ വെക്കുക എന്നു തെറ്റായി മനസ്സിലാക്കി ചെയ്യുന്നതു കണ്ടു. നമ്മുടെ സമുദായത്തിന്റെ വിവാഹ ചടങ്ങുകളിൽ ചില സ്ഥലങ്ങളിൽ ചെയ്യിപ്പിക്കുന്ന ഓതിക്കനും ചെയ്യുന്ന വധൂ വരന്മാരും അർത്ഥമറിയാതേയും, തെറ്റിച്ചും എന്തൊക്കെയോ കാട്ടി കൂട്ടുന്നതായിട്ടാണ് കാണാറുള്ളത്. വേദമന്ത്രങ്ങളിൽ വിവാഹ ബന്ധത്തെ വളരെ ഉത്കൃഷ്ടമായിട്ടാണ് പറയുന്നത്. അവയുടെ അർത്ഥവും സങ്കല്പങ്ങളും മനസ്സിലാക്കി വരനും വധുവും മന്ത്രങ്ങൾ ചൊല്ലുമ്പോൾ രണ്ടുപേരെയും ഒന്നാക്കുന്ന ക്രിയകൾ അർത്ഥവത്താവുകയും, ഒരളവു വരെ വിവാഹ മോചനങ്ങൾ ഒഴിവാക്കി ഒരേ മനസ്സോടെ അവർ മരിക്കുന്നതു വരെ ഒരുമിച്ചു ജീവിക്കുകയും ചെയ്യും. ഇതിന്നായി വിവാഹമടക്കമുള്ള എല്ലാ ഷോഡശക്രിയകളും അർത്ഥസഹിതം വീഡിയോവിലാക്കാൻ വാസുദേവൻ നമ്പൂതിരി ആഗ്രഹിക്കുന്നു. വരും തലമുറകൾക്ക് അതൊരു അനുഗ്രഹമാകും. ആരെങ്കിലും മുൻകയ്യെടുക്കുകയാണെങ്കിൽ എവിടെ വേണമെങ്കിലും ചെന്ന് അതു ചെയ്തു തരാൻ വാസുദേവൻ നമ്പൂതിരി തയ്യാറാണ്. അതുപോലെ വേദ , ക്രിയാദികളെ കുറിച്ചുള്ള സംശയങ്ങൾ പറഞ്ഞു കൊടുക്കാൻ എപ്പോഴും തയ്യാറാണെന്നും അദ്ദേഹം പറയുന്നു.

വാസുദേവൻ നമ്പൂതിരിയുടെ പത്നി സത്യവതി അന്തർജനം. ഏക മകൻ നാരായണൻ ബി ടെകിനു ശേഷം സംസ്കൃതത്തിൽ എം.എ. എടുത്തു. ഇപ്പോൾ ജോലിയെല്ലാം വിട്ട് സംഗീതത്തിന്റെ വഴിയിലാണ്. അദ്ദേഹം നൂറോളം കുട്ടികളെ സംഗീതം പറിപ്പിക്കുന്നു. ●




*മറ്റൊരു ചടങ്ങിൽ കോതമംഗലം വാസുദേവൻ നമ്പൂതിരി*

വിലാസം: വാസുദേവൻ നമ്പൂതിരി, കോതമംഗലത്തുമന, പോസ്റ്റ് പോർക്കളങ്ങാട്, കുന്ദംകളം പിൻ:680517 മൊബെൽ: 8547210191.

ഉദയൻ നമ്പൂതിരിപ്പാട്,
കിഴക്കേടത്തു മന, വയപ്പാറപ്പടി,
മഞ്ചേരി. മൊബൈൽ .8281926325.

**Naveen Thenjeeri & Associates**

**Business Consultants**

SK Tower, Chevarambalam, Kozhikode-17
Ph: 9746357183, 9995395427

Accounting, Auditing, Income tax return filing, GST return filing & Business advisory services

# ശങ്കരാചാര്യർ കാമശാസ്ത്രം പഠിച്ചത് കഥയും കളിയുമായി



മനോജ് പുല്ലൂർ.

## പുല്ലൂർ കളിയോഗത്തിൽ പിറന്ന സൗന്ദര്യലഹരിയെപ്പറ്റി

**ശ്രീജ പട്ടലൂർ**



സർവ്വജ്ഞപീഠം കയറണമെങ്കിൽ കാമശാസ്ത്രം പഠിച്ചേ പറ്റൂ. അതിനായി നടത്തിയ പരിശ്രമത്തിന്റെ ഫലമായാണ് ശങ്കരാചാര്യരുടെ സൗന്ദര്യലഹരി പിറന്നത്. ശങ്കരാചാര്യരുടെ കാമശാസ്ത്ര പഠനത്തിനു പിന്നിലുള്ള കഥയാണ് സൗന്ദര്യലഹരി എന്ന ആട്ടക്കഥക്ക് ആസ്പദം. പേര് കൊണ്ട് തന്നെ ആകർഷണം തോന്നുകയോ ആത്മീയമായി ചിന്തിക്കുകയോ ചെയ്തു പോകുന്ന ആട്ടക്കഥ. ആദിശങ്കരനെക്കുറിച്ച് ഒരു ആട്ടക്കഥയോ. അസാധ്യമെന്നാവും ആദ്യംതോന്നുക. എന്നാൽ സാധ്യമാക്കി മനോജ് പുല്ലൂർ.

പുല്ലൂർ മനയിൽ 150 വർഷംമുമ്പ് തന്നെ കളിയോഗം ഉണ്ടായിരുന്നതായി കെ.പി.എസ് മേനോന്റെ കഥകളി രംഗത്തിൽ പരാമർശമുണ്ട്. തിരശ്ശീല പിടിയ്ക്കുന്നതിന്നുകൂടി പ്രത്യേകം അഭ്യാസം നടന്നിരുന്നത്രേ. പിന്നീട് രണ്ടു തലമുറ കഴിഞ്ഞ് വീണ്ടും കഥകളിയുടെ ചുവടുകൾ ഈ തറവാട്ടിൽ പതിഞ്ഞു. നെല്ലിയോട് വാസുദേവൻ നമ്പൂതിരി കലാമണ്ഡലത്തിൽ അഭ്യാസം കഴിഞ്ഞ് ആദ്യം കുട്ടികളെ അഭ്യസിപ്പിച്ചത് പുല്ലൂർ മനയിലാണ്. കലാമണ്ഡലം കേശവൻ നമ്പൂതിരിയും കഥകളി അഭ്യസിപ്പിയ്ക്കുന്നതിനായി ഇവിടെയെത്തി. ഈ തലമുറയിൽ കലാമണ്ഡലം സാജൻ മുതൽ ഈ കുടുംബത്തിലെ ധാരാളം പേർ കഥകളി അദ്യസിച്ചിട്ടുണ്ട്.

അതുകഴിഞ്ഞ് പാലനാട് ദിവാകരൻ ഇവിടെ കഥകളി സംഗീതപഠനത്തിനും തുടക്കമിട്ടു. ആദ്യ ശിഷ്യനായി മനോജ് പുല്ലൂർ സംഗീതപഠനം തുടങ്ങി. മനോജിന്റെ മകൻ സാരംഗും അച്ഛന്റെ വഴി പിൻതുടർന്നു. കഥകളിയിൽ മാത്രം ഒതുങ്ങി നിന്നില്ല ഇവിടത്തെ പാരമ്പര്യം. പി.കെ ദേവൻ എന്ന നാടകകൃത്തും ഈ കുടുംബാംഗമാണ്. ഒരു ഡസനിലേറെ നാടകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇപ്പോഴിതാ സാക്ഷാൽ ശങ്കരാചാര്യരുടെ കഥ സൗന്ദര്യലഹരി എന്ന പേരിൽ ആട്ടക്കഥയാക്കിയിരിക്കുന്നു മനോജ് പുല്ലൂർ.

> ഒരു യുവ സന്യാസി സകലപണ്ഡിതരെയും തോൽപ്പിച്ചു സർവ്വജ്ഞപീഠ ലബ്ധിക്കായി എത്തിയിട്ടുണ്ടെന്നും, തന്റെ ഭാര്യയുടെ അവസരോചിതമായ ഇടപെടൽ കാരണം കാമശാസ്ത്രപരമായ ചോദ്യത്തിനു മൗനം അവലംബിക്കുകയും ഒരു വർഷത്തെ സാവകാശം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

കാശ്മീർ രാജ്യത്തു നടക്കുന്ന ഒരു കഥയാണ് ഇത്. നാലു വേദങ്ങളും ശാസ്ത്രങ്ങളും പഠിച്ച ശങ്കരനു സർവ്വജ്ഞപീഠം കയറുന്നതിനു തടസം കാമശാസ്ത്രതിലെ അറിവില്ലായ്മ ആയിരുന്നു. അതു നേടാൻ കാശ്മീരിലുണ്ടായ ഒരു സാഹചര്യത്തെ ഉപയോഗപ്പെടുത്തുകയാണ് കഥയിൽ ചെയ്യുന്നത്.

അവിടെത്തെ രാജാവ് സ്ത്രീലമ്പടനായ അമരുകൻ ആണ്. മിഥിലയിലെ ആചാര്യനും മീമാംസാ പണ്ഡിതനുമായ മണ്ഡനമിശ്രൻ ഒരു ദിവസം രാജാവിനെ കാണാൻ എത്തി. ഒരു യുവ സന്യാസി പണ്ഡിതരെ തോൽപ്പിച്ചു സർവ്വജ്ഞപീഠ ലബ്ധിക്കായി എത്തിയിട്ടുണ്ടെന്നും,

തന്റെ ഭാര്യയുടെ അവസരോചിതമായ ഇടപെടൽ കാരണം കാമശാസ്ത്രപരമായ ചോദ്യത്തിനു മൗനം അവലംബിക്കുകയും ഒരു വർഷത്തെ സാവകാശം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

പണ്ഡിതന്മാർക്ക് ഭീഷണി ആയി മാറിയ ആ യുവ സന്യാസിയെ ആവശ്യമെങ്കിൽ കൊന്നു കളയുമെന്നു രാജാവ് വാക്ക് നൽകുന്നു. പക്ഷെ, രാജാവിനു കഷ്ടകാലമായിരുന്നു. അത് നീങ്ങാൻ മൃത്യുഞ്ജയഹോമം ഏർപ്പാടാക്കി. എന്നാൽ യാഗവേദിയിൽ വെച്ചുതന്നെ രാജാവ് മൃത്യുവിനിരയായി.ആ രാജസഭയിലേക്കാണ് ശിഷ്യരോട് കൂടി ശങ്കരാചാര്യൻ എത്തിയത്. അവിചാരിതമായി ഉണ്ടായ രാജമൃത്യു കാമശാസ്ത്രം പഠിക്കാനുള്ള അവസരമാക്കി അദ്ദേഹം. പരാകായ പ്രവേശമെന്ന വിദ്യയിലൂടെ അമരുകന്റെ ശരീരത്തെ പുനർജ്ജനിപ്പിച്ച ശങ്കരാചാര്യൻ തന്റെ മൃതശരീരം കേടു കൂടാതെ കാട്ടിലെ ഗുഹക്ക് അകത്തു ആരും അറിയാതെ സൂക്ഷിച്ചു വെക്കണം എന്ന് ശിഷ്യർക്ക് നിർദ്ദേശവും നൽകി.

രാജാവിന്റെ പുനർജന്മം കൊട്ടാരത്തിൽ ആകെ സന്തോഷം പരത്തി. പത്നിയായ മഞ്ജരികയെ സമീപിച്ച രാജാവ് തനിക്ക് പുനർജന്മം ലഭിച്ചതിനാൽ രതിക്രീഡകൾ മറന്നിരിക്കുന്നു എന്നായി. തനിക്ക് ഗുരുവായി നിന്നു കാമശാസ്ത്രം പഠിപ്പിക്കണം എന്നും ആവശ്യപ്പെട്ടു. അമരുകനെ സന്തോഷപൂർവം ഉദ്യാനത്തിൽ വെച്ചു കാമകേളികൾ ചെയ്യാൻ പ്രേരിപ്പിക്കുകയും പലതും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. അമരുകൻ തനിക്ക് ലഭിക്കുന്ന ഓരോ അറിവും എഴുതി വെക്കുകയും ചെയ്യുന്നു.

കൊട്ടാരത്തിൽ ഇതു നടക്കുമ്പോൾ, കനകൻ എന്ന ഒരു കാട്ടാളൻ, ഈ ഗുഹയിലെ രഹസ്യം മനസ്സിലാക്കുകയും കൊട്ടാരത്തിൽ എത്തി മന്ത്രിയെ കാര്യം ധരിപ്പിക്കുകയും ചെയ്യുന്നു.അപ്പോൾ രാജാവിന്റെ ജീവൻ നിലനിർത്താൻ കാട്ടിൽ സൂക്ഷിച്ചു വെച്ച ശങ്കരാചാര്യരുടെ ശരീരം നശിപ്പിക്കാൻ കാട്ടാളനോട് നിർദ്ദേശം കൊടുക്കുന്നു.

എന്നാൽ, അതിനു മുമ്പ് തന്നെ ഉദ്ദേശ്യം പൂർത്തിയായ ശങ്കരൻ



സൗന്ദര്യത്തെ ലഹരിയായി കരുതുന്നതിന് പകരം ആരാധിച്ചും ബഹുമാനിച്ചും ആത്മീയമായ ഔന്നത്യം നേടണമെന്നു ഈ കഥ ലോകത്തോട് പറയുന്നു.

മഞ്ജരികയോട് സത്യം തുറന്നു പറഞ്ഞു സ്വശരീരത്തിൽ പ്രവേശിക്കുകയും അവളെ അനുഗ്രഹിച്ച് പരിവ്രാജികയായി തന്റെ കൂടെ പോരാൻ അനുവാദം നൽകുകയും ചെയ്യുന്നു. മന്ത്രിയോട് രാജ്യം അനാഥമാകാതെ യോഗ്യനായ ഒരാളെ ദത്തു എടുത്തു രാജാവ് ആക്കി വാഴിക്കണമെന്നും അതു വരെ ഭദ്രമായി കാത്തു കൊള്ളണം എന്നു നിർദ്ദേശിച്ചു സർവ്വജ്ഞപീഠലബ്ധിക്കായി യാത്ര തുടരുന്നു. ഈ കഥയാണ് മനോജ് പുല്ലൂർ കഥകളിയാക്കിയത്.

അരങ്ങിൽ അമരുകന്റെ തിരനോട്ടം. കത്തി വേഷത്തിന്റെ അഭൗമ സൗന്ദര്യമായി കോട്ടക്കൽ കേശവൻ. മഞ്ജരികയായി കലാമണ്ഡലം സാജൻ. കലാമണ്ഡലം മനോജിന്റെ മണ്ഡനമിശ്രൻ. മന്ത്രിയായി കലാമണ്ഡലം കേശവൻ നമ്പൂതിരി. ശങ്കരാചാര്യരായി വിഷ്ണു വെള്ളക്കാട്, ശിഷ്യരായി ഹരികേദാർ മേലേടം, ദേവദത്തൻ പുല്ലൂർ. ശങ്കരന്റെ രൂപം നമ്മൾക്ക് ചിത്രങ്ങളിൽ കണ്ടു പരിചയം ഉള്ള അതേ തരത്തിൽ. പച്ചവേഷത്തിലെ അമരുകനായി പീശപ്പള്ളി രാജീവൻ. കാട്ടാളവേഷത്തിൽ ജിഷ്ണു ഒരുപുലാശ്ശേരിയും.

കോട്ടക്കൽ മധു, വേങ്ങേരി നാരായണൻ, അത്തിപ്പറ്റ രവി, സാരംഗ് ഇവരുടെ സംഗീതം. പ്രഗത്ഭ മേളക്കാരായ കലാ ബാലസുന്ദരൻ, കലാ. രാജ് നാരായണൻ, കലാ. നന്ദകുമാർ,ബിജു. ചിട്ടപ്പെടുത്താനുള്ള പുല്ലൂർ സാജന്റെ പ്രാഗത്ഭ്യം ഈ കഥകളിയുടെ നിർണ്ണായക ഘടകം തന്നെ.

ശങ്കരാചാര്യരെപ്പറ്റി ഒട്ടുമറിയാത്തവർക്കും ഈ കഥകളിയിലൂടെ ചുരുക്കം ചില കഥകളെങ്കിലും അറിയാൻ കഴിയും. സൗന്ദര്യത്തെ ലഹരിയായി കരുതി യാത്ര ചെയ്യുന്നതിന് പകരം ആരാധിച്ചും ബഹുമാനിച്ചും ആത്മീയമായ ഔന്നത്യം നേടണമെന്നതും ഈ കഥ ലോകത്തോട് പറയുന്നു. എന്തായാലും നൂറ് ശതമാനവും കഥകളി ആയിട്ടുള്ള ഒരു പുതിയ കഥ അതും ആരും ചിന്തിക്കാത്ത ശങ്കരാചാര്യരെ പറ്റി. അതിനു പുല്ലൂർ ഉണ്ണി ഏട്ടനെ അഭിനന്ദിക്കാതെ വയ്യ. ആദ്യത്തെ മീറ്റിംഗിൽ പാലനാട് പറഞ്ഞു. കുടത്തിനുള്ളിൽ എരിയുന്ന തിരി ആണ് പുല്ലൂർ മനോജ് എന്ന ഉണ്ണി. ആ തിരിയുടെ ഒരു നാളം ഇന്ന് പുറത്തേക്കു നീളുന്നു. അതിൽ സന്തോഷം തോന്നുന്നു. സൗന്ദര്യലഹരിയിലൂടെ ആ തിരിനാളത്തിന് കൂടുതൽ സൗന്ദര്യമുണ്ടാവട്ടെ. ●

മനോജ് പുല്ലൂർ, പുല്ലൂർ മന,
പി.ഒ. മഞ്ഞപ്പറ്റ, മഞ്ചേരി
പിൻ 676123
മൊബൈൽ: 9447377098
ശ്രീജ പട്ടലൂർ: 9946188670

# അറുപത് എന്ന വില്ലൻ

ഗീത നാരായണൻ അരീക്കര



നോക്കണേ കൂട്ടരേ, ഈ അറുപത് എന്ന വില്ലന്റെ തമാശകൾ. ഇനിയങ്ങോട്ട് ജീവിത സായാഹ്നത്തിലേക്കുള്ള യാത്രയാണ് എന്ന് ഓർമ്മിപ്പിക്കുന്ന അഹങ്കാരി. അമ്പത്തൊമ്പത് വയസ്സുവരെ പിറന്നാൾ അധികമാരും അറിയില്ല.

പിറന്നാൾക്ക് വയസ്സ് പറയാൻ പാടില്യാ ത്രേ. എന്നാലോ അറുപതാം പിറന്നാൾ എന്ന് പറയേം ആവാം. അതോണ്ട് ആയുസ്സ് കുറഞ്ഞാലും സാരണ്ടാവില്യേയിരിക്കും. നാടുമുഴുവൻ വിളിച്ചറിയിച്ച് ഗംഭീര സദ്യയും ദാനങ്ങളും നൽകി അറുപതുകാർ സന്തുഷ്ടരാകുന്നു. എന്നാൽ മനഃസമാധാനം ഇല്ലാതാക്കി അവന്റെ കളികൾ തുടങ്ങും.

അറുപത് കഴിഞ്ഞ ആൾക്ക് പിന്നെ ദാമ്പത്യ സുഖോം പറഞ്ഞിട്ടില്ല. എങ്ങാനും പ്രിയതമയെ ചേർന്ന് കിടന്നാൽ അപ്പൊ കേൾക്കാം. 'ദേ... മനുഷ്യാ... നിങ്ങക്ക്



പത്തറുപത് വയസ്സായി. ചെറുപ്പാന്നാ വിചാരം...'

അതും ഇവന്റെ വില്ലത്തരത്തിൽ ഒന്ന്.

ഇനിയും ഒരുപാടുണ്ട്. അച്ഛനും അമ്മയ്ക്കും അറുപത് കഴിഞ്ഞാൽ അവർ വൃദ്ധന്മാരായി എന്ന ധാരണയായി മക്കൾക്ക്. താക്കീതായി.

അതേയ് നിങ്ങക്ക് പ്രായമായി എന്ന ബോധം വേണം. വെറുതെ ഒരോ മോഹങ്ങളൊന്നും വേണ്ട. അടങ്ങി ഇരിക്ക്യാ ഭേദം.

തനിച്ചെങ്ങാനും നടക്കുന്നതിനിടയിൽ എവിടെയെങ്കിലും ഒന്നിരുന്നാൽ മറ്റുള്ളവരുടെ പറച്ചിൽ ഇങ്ങനെ

'അല്ല മാഷേ.... ങ്ങനെ തനിച്ച് നടക്കണോ... പ്രായം ആയില്ലേ...വല്ല തലചുറ്റലോ... ക്ഷീണമോ വന്നാലോ.. '

സൗഹൃദകൂട്ടായ്മകളുടെ സ്നേഹസംഗമങ്ങളും നല്ല യാത്രകളും മനസ്സിനിണങ്ങിയ വിനോദ പരിപാടികളും കൊണ്ട് അറുപത് എന്ന ഈ വില്ലനെ മറി കടക്കുക. ജീവിതസായാഹ്നത്തെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ കഴിയും. തീർച്ച. അനുഭവം ഗുരു എന്നാണല്ലൊ. ●

ഗീത നാരായണൻ നമ്പൂതിരി,
ശ്രീഹരി , അരീക്കര മന,
പോസ്റ്റ്: നടുവട്ടം,
കുറ്റിപ്പുറം, പിൻ:679571.
മൊബൈൽ: 85939 72928



# പാഞ്ഞാളപ്പൻ സ്തോത്രം

പ്രിയദത്ത കെ. കെ.

വക്ത്രാബ്ജം മൃദുഹാസ സുന്ദരതരം,
ഫാലേ ച ഗോരോചനം,
കണ്ഠം ചാരു വിഭൂഷണൈ തുളസികാ
മാല്യൈശ്ച ദീപ്തോജ്ജ്വലം;
കാരുണ്യാമൃത വർഷ പൂർണ്ണനയനം,
പാഞ്ചാലദേശേ സ്ഥിതം,
ശ്രീലക്ഷ്മീസഹിതം, വിരാജിതവിഭും,
നാരായണം ത്വാം ഭജേ.

കേയൂരാംഗദ, കങ്കണൈ, പരിലസത്
രത്നാംഗുലീയൈ പുനഃ
ഭാസ്വത് കിങ്കിണി, മേഖലാ പരിവൃതം,
പീതാംബരാലംകൃതം;
ഭക്താനാമഭയാലയം, മുരരിപോ!
ത്വൽപാദപങ്കേരുഹം,
ശ്രീലക്ഷ്മീസഹിതം, വിരാജിതവിഭും,
നാരായണം ത്വാം ഭജേ. ●

പ്രിയദത്ത കെ. കെ, മുട്ടത്തുകാട്ടിൽ മാമണ്ണ് മന, സ്വസ്തി, എം.ഇ.ആർ.ആർ.എ 94
മേനോൻ പറമ്പ് റോഡ്,ഇടപ്പള്ളി കൊച്ചി 24,ഫോൺ: 0484 2968692, മൊബൈൽ: 9446935762





sreedath, s/o padmanabhan namboodiri & lalitha, panat illam, p.o vilayil, malappuram. and aiswarya, d/o nandakumar & anupama, konavoor illam, p.o kilimangalam, trissur married on january 22



# ടയോട്ടയും നിസാ
# ഇവരുടെ ക

## ഇല്ലപ്പെരുമ
## കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലം
## വൈലത്തൂർ


**ലോകത്തെ ഏറ്റവും മുൻനിര വാഹനനിർമ്മാതാക്കളായ ടയോട്ട, നിസാൻ, ഫോർഡ്, മൈനിംഗ് കമ്പനിയായ പ്ലേസർ പെസിഫിക് എന്നിവയെല്ലാം കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലക്കാർ ആസ്ട്രേലിയയിൽ തുടങ്ങിയ സംരംഭത്തിന്റെ കസ്റ്റമേഴ്സായിരുന്നു. പരമ്പരാഗത നമ്പൂതിരി ഉല്പന്നങ്ങളല്ല, മറിച്ച് വെഹിക്കിളുകളുടെ കസ്റ്റമൈസ്ഡ് രൂപങ്ങൾ**



രാജേന്ദ്രൻ, ശശിധരൻ, ശശിധരന്റെ
പത്നി വരദ, ശശിയുടെ പത്നി

**കേരള ബ്രാഹ്മണരിൽ അപ്ഫൻമാർ
ക്കാൻ തുടങ്ങിയത് പന്നിക്കാട്ട് ഇല്ലത്ത
കരിച്ച് വിപ്ലവം സൃഷ്ടിച്ച കടലുണ്ടിയിലെ
ത്തിന്റെ മകൾ സരോജിനി അന്തർജനമ
പോലെ ലോകത്തെ പ്രസ്റ്റീജിയസ്
നാഷനൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച
ലെ ഊർജ വകുപ്പ് ഫണ്ട് ചെയ്യുന്ന 7.
പ്രോജക്റ്റ് ചെയ്യുന്ന ടീമിനെ നയിക്കുന്
നോളജിയുടെ ആപ്ലിക്കേഷനുകളിലൊ
ലഭിച്ചിട്ടുണ്ട് ഇവിടത്തെ**

താമരക്കുളം ദിവാകരൻ നമ്പൂതിരി



ലോകത്തെ ഏറ്റവും മുൻനിര വാഹനനിർമ്മാതാക്കളായ ടയോട്ട, നിസാൻ, ഫോർഡ്, മൈനിംഗ് കമ്പനിയായ പ്ലേസർ പെസിഫിക് എന്നിവയെല്ലാം കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലക്കാർ ആസ്ട്രേലിയയിൽ തുടങ്ങിയ സംരംഭത്തിന്റെ കസ്റ്റമേഴ്സായിരുന്നു. പരമ്പരാഗത നമ്പൂതിരി ഉല്പന്നങ്ങളല്ല, മറിച്ച് സെമി ട്രെയിലറുകൾ, ലോ ലോഡറുകൾ, ടിപ്പിംഗ് ട്രക്കുകൾ, ട്രക്ക് മൌണ്ടഡ് ഹൈഡ്രോളിക് ക്രെയിനുകൾ, മറ്റു ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ, കാർഗോ വെഹിക്കിളുകളുടെ കസ്റ്റമൈസ്ഡ് രൂപങ്ങൾ എന്നിവയായിരുന്നു ഉൽപ്പന്നങ്ങൾ. (ഉദാ: റോഡ് ട്രെയിൻ, ഫോൾഡിംഗ് ലോഗ് ജിങ്കർ)

കുറച്ചു കൂടി എളുപ്പത്തിൽ മനസ്സിലാക്കാൻ ഒരു വഴി പറഞ്ഞു തരാം. ഒരു കെട്ടിടത്തിന്റെ വലിപ്പമുള്ള യന്ത്രം റോഡിലൂടെ കൊണ്ടു പോവണമെന്നു വയ്ക്കുക. നിലവിലെ ഒരു വാഹനവും അതിനു പറ്റില്ലെന്നും വിചാരിക്കുക. അപ്പോൾ ഒരു കസ്റ്റമൈസ്ഡ് വാഹനം ഉണ്ടാക്കേണ്ടി വരും. ഇങ്ങനെയുള്ള ട്രാൻസ്പോർട്ട് എഞ്ചിനീയറിംഗ് സൊല്യൂഷൻസ് കൊടുക്കുന്നതായിരുന്നു ഇവരുടെ കമ്പനി.

ആസ്ടേലിയയിലായിരുന്നു പ്രവർത്ത



*നാരായണൻ മൂസ്സ്, സരോജിനി അന്തർജനം*



# ാനും ഫോർഡും
# സ്റ്റമേഴ്സ്



രാജേന്ദ്രൻ സ്വിറ്റ്സർ ലാന്റ് യാത്രക്കിടയിൽ



*മകൻ മോഹൻ സരോവർ, മോഹന്റെ പ്രസന്ന, രാജന്റെ പത്നി ജ്യോതി*

**അടക്കം സ്വജാതിയിൽ നിന്ന വേളി കഴി ായിരുന്നു. ആദ്യമായി ഘോഷ ബഹിഷ് ല സാക്ഷാൽ മനഴി പാർവ്വതി അന്തർജന ാണ് ഈ സഹോദരന്മാരുടെ അമ്മ. നാച്വർ പ്രസിദ്ധീകരണങ്ങളിൽ 70ലേറെ ഇൻറർ ് ആളും ഈ ഇല്ലത്തുണ്ട്. അമേരിക്കയി 8 മില്യൺ ഡോളറിന്റെ (60 കോടി രൂപ) ന ലീഡറും ഇവിരെയുണ്ട്. ക്വാണ്ടം ടെക് നിൽ ഉൾപ്പെടെ മൂന്ന് അമേരിക്കൻ പേറ്റന്റ് ത പുതുതലമുറക്കാരന്.**

**ഇല്ലങ്ങളുടെ പെരുമ പല തരത്തിലാണ്. ചിലത് പഴക്കം കൊണ്ട്. മറ്റു ചിലത് ഭംഗി കൊണ്ട്. വേറെ ചിലത് ശിൽപ ചാരുത കൊണ്ട്. പ്രശസ്തരായ വ്യക്തികളെക്കൊണ്ടും ചരിത്രത്തിന്റെ ഭാഗമായത് കൊണ്ടും പെരുമ ഉള്ള ഇല്ലങ്ങളുണ്ട്. കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലം വിദ്യാഭ്യാസം കൊണ്ട് പേരെടുത്ത ഇല്ലമാണ്. റാങ്കുകാരും ഉന്നതമായ പാറ്റന്റ് കിട്ടിയവരും മറ്റും**

നം. ട്രാൻസ്പോർട്ട് എഞ്ചിനീയറിംഗ് കമ്പനി. കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലത്തെ ശശിധരനും രാജേന്ദ്രനും പിന്നെ ജോൺ റോയ് മാത്യൂസ് എന്ന ഒരു ആസ്ട്രേലിയക്കാരനും എക്സിക്യൂട്ടീവ് ഷെയർ ഹോൾഡേഴ്സും ഡയറക്ടർമാരും ആയ പ്രൊപ്രൈറ്ററി ലിമിറ്റഡ് കമ്പനി ആസ്ട്രേലിയ, പാപ്പുവ ന്യൂ ഗിനിയ, തായ്‌ലാന്റ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

വിപുലമായ മെഷീൻഷോപ്പ്, വർക്ക്ഷോപ് എന്നിവക്കു പുറമേ സ്പേയർ പാർട്സ് വില്പനയും ഉണ്ടായിരുന്നു. പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിക്ടോറിയയിലെ ടറൽഗോണിലെ സ്വന്തം ഉടമസ്ഥതയിലുള്ള ഫാബ്രിക്കേഷൻ ഫാക്ടറിയിലാണ് നടത്തിയത്. പാപ്പുവ ന്യൂ ഗിനിയയിൽ ഘടക നിർമാണവും കസ്റ്റമൈസേഷൻ ജോലികളും നടത്തി. ടയോട്ട , നിസാൻ , ഫോർഡ് , പ്ലേസർ പെസിഫിക് എന്നിവരായിരുന്നു പ്രധാന ഉപഭോക്താക്കൾ. ഈ കമ്പനിയുടെ വളർച്ചയെ തുടർന്ന് 1995-ൽ ശശിധരനും 96-ൽ രാജേന്ദ്രനും ജോലി രാജിവെച്ച് മുഴുവൻ സമയവും ബിസിനസ്സിൽ ഏർപ്പെട്ടു.

മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള വൈലത്തൂർ ആണ് തെക്കിനിയേടത്ത് കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലം. ഇപ്പോൾ അതിന് 2 ബ്രാഞ്ചുകളാണുള്ളത് - ചി



# വേളിക്കു മുമ്പ് വായിക്കാൻ തന്നത് വിവേകാനന്ദ സാഹിത്യ സർവ്വസ്വം

**ജ്യോതി രാജേന്ദ്രൻ**

ഞങ്ങളുടെ വിവാഹം 1985 ലായിരുന്നു. ചെറുപ്പം മുതലേ രാജേട്ടനെ അറിയാം. ഒരു സ്പിരിചൽ ഓറിയന്റേഷൻ ഉള്ള ആൾ. അടുപ്പത്തിനു കാരണം അതുകൂടിയാണ്. ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോൾ രാജേട്ടൻ വിവേകാനന്ദ സാഹിത്യ സർവ്വസ്വം തന്ന് വായിക്കാൻ പറഞ്ഞു. ഒരു പക്ഷേ ഇങ്ങനെയൊരു പുസ്തകം ആ പ്രായത്തിൽ വായിക്കാൻ നൽകുന്നവർ വിരളമാവും.

1989 ൽ ആസ്ട്രേലിയയുടെ അടുത്തുള്ള പാപ്പുവ ന്യൂ ഗിനിയയിൽ ഒരു സ്വിസ് കമ്പനിയുടെ ഫിനാൻഷ്യൽ കൺട്രോളറായി രാജേട്ടൻ ജോയിൻ ചെയ്തു. ഏട്ടൻ ശശിയേട്ടനും മകൻ മോഹനും അവിടെ ഉണ്ടായിരുന്നതു കൊണ്ട് ബുദ്ധിമുട്ടുണ്ടായില്ല.

ഞാൻ അക്കാലത്ത് ബി.എഡിനു പഠിക്കുകയായിരുന്നു. അതുകൊണ്ട് ഒരു വർഷം കഴിഞ്ഞാണ് അങ്ങോട്ടു പോയത്. ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരവും സന്തോഷപ്രദവുമായ കാലമായിരുന്നു ആ പത്ത് വർഷങ്ങൾ. ഞാനും അവിടെ യൂനിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ ഗസ്റ്റ് ഫാക്കൽറ്റിയായി. രാജേട്ടന്റെ അച്ഛൻ അൾഷിമേഴ്സിനാ



*രാജേന്ദ്രനും ജ്യോതിയും അവസാനമെടുത്ത ഫോട്ടോ*

ലും അമ്മ പ്രായാധിക്യത്താലും ബുദ്ധിമുട്ടിയിരുന്നു. അതിനാൽ 1999 ൽ ഞങ്ങൾ ഇന്ത്യയിലേക്ക് തിരിച്ചു വന്നു. അവരെ വിവാഹത്തിന് മുൻപു തന്നെ ഞാൻ വിളിച്ചിരുന്നത് വല്യച്ഛൻ, വലിയമ്മ എന്നായിരുന്നു. വിവാഹശേഷവും അത് തുടർന്നു. അവരുടെ അവസാന കാലത്ത്ഒന്നിച്ചു കഴിയാനായി. എല്ലാം വേണ്ടതുപോലെ ചെയ്യാൻ പറ്റിയല്ലോ. വലിയച്ഛൻ 2002 ലും വലിയമ്മ 2003 ലും ഈ ലോകത്തു നിന്നു യാത്രയായി.

പാപ്പുവ ന്യൂ ഗിനിയയിൽ നിന്നു മടങ്ങി വന്നതിനു ശേഷമാണ് രാജേട്ടൻ തനിക്കേറ്റവും ഇഷ്ടപ്പെട്ട ടീച്ചിംഗ് തിരഞ്ഞെടുക്കുന്നത്. കോഴിക്കോട് യൂനിവേഴ്സിറ്റി, സി.എ ഇൻസ്റ്റിട്യൂട്ട് എന്നിവിടങ്ങളിലായിരുന്നു തുടക്കം. പിന്നീട് ഐ.ഐ.എം, എൻ.ഐ.ടി തുടങ്ങി പല സ്ഥലങ്ങളിലും ഗസ്റ്റ് ഫാക്കൽറ്റിയായി. സ്റ്റുഡൻസിന് രാജേട്ടനോടുള്ള ആദരവും സ്നേഹവും ഞാൻ നേരിട്ട് കണ്ടത് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ബിസിനസ് കമ്യൂണിക്കേഷൻ ആന്റ് സോഫ്റ്റ് സ്കിൽ ഗസ്റ്റ് ഫാക്കൽറ്റി ആയി ജോയൻ ചെയ്തപ്പോഴാണ്. രാജേട്ടൻ അവിടത്തെ



*ജ്യോതിയുടെ കുടുംബം*

ലവിലും കരിങ്കപ്പാറയിലും. ഊരിൽ പരിഷ മൂസുകളായ കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലത്തിന്റെ ഊരാണ്മയിൽ അനവധി അമ്പലങ്ങളുണ്ട്.

ചിലവിൽ മഹാദേവ ക്ഷേത്രം, അക്കരെ വിഷ്ണു ക്ഷേത്രം, അയ്യപ്പൻകാവ് എന്നിവ ചിലവിൽ ഭാഗത്താണ്. കരിങ്കപ്പാറ ക്ഷേത്രസമുച്ചയത്തിലെ പ്രധാന പ്രതിഷ്ഠ നരസിംഹമൂർത്തിയാണ്. ഈ അമ്പലങ്ങളുടെ പരിപാലനത്തിന്നായി പന്നിക്കാട്ട് ഇല്ലം ധാരാളം സ്വത്തുവകകൾ വകയിരുത്തിയിരുന്നു. കരിങ്കപ്പാറ അമ്പലത്തിന്റെ ഭരണം ഇപ്പോൾ ദേവസ്വം ബോർഡിനാണ്.

നാട്ടുകാരും കൂടിയാന്മാരുമായി വളരെ നല്ല ബന്ധം പുലർത്തിയിരുന്നു പന്നിക്കാട്ട് ഇല്ലക്കാർ. മലബാർ ലഹളക്കാലത്ത് ഇല്ലത്തുള്ളവർക്ക് കാവലിരുന്നതും സുരക്ഷിതരായി തിരുവില്വാമലയിൽ എത്തിച്ചതും തദ്ദേശീയരായ കുടിയാന്മാർ തന്നെയായിരുന്നു.

പഞ്ഞമാസങ്ങളിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും വയറു നിറയേ ഒരു നേരത്ത ഭക്ഷണം കൊടുക്കുകയും അവർക്ക് അക്ഷരാഭ്യാസവും കണക്കും പഠിപ്പിക്കുന്നതിനായി ഒരു ടീച്ചറെ ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

ഇല്ലങ്ങളുടെ പെരുമ പല തരത്തിലുമാണ്. പഴക്കംകൊണ്ട്, ഭംഗികൊണ്ട്, ശിൽപ ചാരുതകൊണ്ട്. പ്രശസ്തരായ വ്യക്തികളെ കൊണ്ടും, ചരിത്രത്തിന്റെ ഭാഗമായത് കൊണ്ടും പെരുമ ഉള്ള ഇല്ലങ്ങളുണ്ട്.കണ്ണാഞ്ചേരി പന്നിക്കാട്ട് വിദ്യാഭ്യാസം കൊണ്ട് പേരെടുത്ത ഇല്ലമാണ്.

ഇനി ഇവരെപ്പറ്റി ചിലത് പറയാം. അതെല്ലാം മറ്റു ഇല്ലങ്ങളിൽ ഇല്ലാത്ത പെരുമകൾ.

കേരള ബ്രാഹ്മണരിൽ ആദ്യമായി അപ്ഫൻമാർ എല്ലാവരും സ്വജാതിയിൽ നിന്ന് വേളി കഴിക്കാൻ തുടങ്ങിയത് പന്നിക്കാട്ട് ഇല്ലത്താകാനാണ് സാധ്യത. ഭാഗപത്ര

ഫിനാൻസ് ഫാക്കൽറ്റി ആയിരുന്നു. പൊതുവെ വീട്ടിൽ ഒതുങ്ങിക്കൂടുന്ന എന്നെ രാജേട്ടൻ നിർബന്ധിച്ചാണ് ടീച്ചിംഗിലേക്കിറക്കിയത്. തുടങ്ങിയത് മടിച്ചു കൊണ്ടാണെങ്കിലും ഞാനത് ഇഷ്ടപ്പെടാൻ തുടങ്ങി. എം.എ. പഠനത്തിന് ശേഷമായിരുന്നു വിവാഹം. പിന്നീട് ബി.എഡ്, എം.എ ലിറ്ററേച്ചർ, എം.എസ്.സി യോഗ ഒക്കെ എടുക്കാൻ സാധിച്ചത് രാജേട്ടന്റെ പ്രോത്സാഹനം ഒന്നുകൊണ്ട് മാത്രമാണ്.

2005 ലാണ് അസുഖത്തിന്റെ തുടക്കം. ജോണ്ടിസ് ആണെന്ന് സംശയിച്ച് ടെസ്റ്റ് ചെയ്തപ്പോൾ കാൻസർ ആണെന്ന് അറിഞ്ഞു. ഉടനെ സർജറിക്ക് വിധേയനായി. ഒരു വർഷം കഴിഞ്ഞ് അതേ സ്ഥാനത്തു ഒരു സർജറി കൂടി വേണ്ടി വന്നു. ഞങ്ങളുടെ രണ്ടു കുടുംബങ്ങളുടേയും സ്നേഹവും സപ്പോർട്ടും കരുതലും കൊണ്ടു മാത്രമാണ് കടന്നു പോകാൻ പറ്റിയത്. അത് ഒരു തിരിച്ചറിവും കൂടിയായിരുന്നു. കുടുംബബന്ധങ്ങളുടെ പ്രാധാന്യവും കൂടെ ജോലി ചെയ്യുന്നവരുടേയും കൂട്ടുകാരുടേയും സ്നേഹവും ഒക്കെ അനുഭവിച്ചറിഞ്ഞ നാളുകളായിരുന്നു അവ.

ആദ്യമാസത്തെ റെസ്റ്റിനു ശേഷം പിന്നേയും ടീച്ചിംഗിലേക്ക്. ഒരു പുനർജന്മം തന്നെയായിരുന്നു അതിനുശേഷമുള്ള ജീവിതം. അസാദ്ധ്യമായ വിൽപവറായിരുന്നു രാജേട്ടന്. 2005 മുതൽ 2018 വരെയുള്ള കാലത്ത് പലപ്പോഴും ഹോസ്പിറ്റലിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. ഡിസ്ചാർജ് ചെയ്തു വന്ന് അടുത്ത ദിവസം തന്നെ ക്ലാസ് എടുക്കാൻ പോകും. ആ എനർജി കണ്ട് ഞാൻ അദ്ഭുതപ്പെട്ടിട്ടുണ്ട്. എപ്പോഴും പോസിറ്റീവ് ഔട്ട്ലുക്ക്. ഒരിക്കലും ഒരു പരാതിയും പറയില്ല. ജീവിതം നന്നായി മുന്നോട്ടു കൊണ്ടുപോകാൻ ഇതെന്നെ വളരെ സഹായിച്ചിട്ടുണ്ട്. രാജേട്ടൻ പഠിപ്പിച്ച കാര്യങ്ങൾ ഇന്നും പാലിക്കാറുണ്ട്.

രാത്രി ഉറങ്ങുമ്പോൾ ഇഷ്ടദേവതയുടെ കാൽക്കലാണ് കിടക്കുന്നത് എന്ന് സങ്കൽപിച്ച് എല്ലാ പ്രശ്നങ്ങളും ആ കാൽക്കൽ സമർപ്പിച്ച് ഉറങ്ങണം. രാവിലെ എഴുന്നേറ്റാൽ ഒരു ദിവസം കൂടി എനിക്ക് കിട്ടിയല്ലോ എന്ന് ഭഗവാനെ സ്മരിച്ചു കൊണ്ട് എഴുന്നേൽക്കണം. ശ്രീമദ് ഭഗവദ് ഗീതയിലെ പല ശ്ലോകങ്ങളും വായിച്ച് അർത്ഥം പറഞ്ഞു തരുമായിരുന്നു. അതു പോലെ സ്വാമി വിവേകാനന്ദന്റേയും രമണ മഹർഷിയുടേയും ജീവിതത്തിലെ പ്രധാന സംഭവവികാസങ്ങളെല്ലാം പലപ്പോഴായി വിവരിച്ചു തന്നിരുന്നു.

രാജേട്ടന് യാത്രകൾ ഒരുപാട് ഇഷ്ടമായിരുന്നു. ഞങ്ങൾ ഒരുമിച്ച് അനവധി യാത്രകൾ നടത്തിയിട്ടുണ്ട്. വളരെയധികം പ്ലാനിംഗും റിസർച്ചും ഒക്കെ ചെയ്തിട്ടാണ് യാത്രകൾ. സർജറി കഴിഞ്ഞ ശേഷമാണ് ചാർധാം യാത്ര പോയത്. ഹിമാലയത്തിന്റെ തണുപ്പിനെ ഓർത്ത് ആശങ്കയും പേടിയുമായിരുന്നു. എന്നാൽ പൂർവാധികം സന്തോഷത്തോടെയാണ് തിരിച്ചു വന്നത്.

2017 ഡിസംബറിൽ ബാംഗളൂരിൽ ശശിയേട്ടന്റേയും പ്രസന്നേടത്തിയുടേയും കൂടെ രണ്ടു മൂന്നു ദിവസം ഞങ്ങൾ താമസിച്ചു. പ്രസന്നേടത്തിയും ടീച്ചിംഗ് ഫീൽഡിലായതു കൊണ്ട് രണ്ടു പേരും കണ്ടുമുട്ടിയാൽ കോളേജിലെ കാര്യങ്ങൾ ഒരു പാടു ഡിസ്കസ് ചെയ്യും. അവിടന്ന് ഞങ്ങൾ രമണാശ്രമത്തിലും പോയിരുന്നു. അത് ഞങ്ങളുടെ ഒന്നിച്ചുള്ള അവസാന യാത്രയാണെന്ന് അന്ന് വിചാരിച്ചിരുന്നില്ല.

2018 മാർച്ച് 22 നാണ് രാജേട്ടൻ ശരീരമുക്തനായത്. മോഹനേയും വരദയേയും കാത്തിരുന്ന പോലെയായിരുന്നു രാജേട്ടന്റെ മരണം. അവർ രാത്രി 1 മണിക്ക് എത്തി രാജേട്ടന്റെ കൂടെത്തന്നെയായിരുന്നു. പ്രാർത്ഥനയും മന്ത്രങ്ങളുമായി, രാവിലെ മരിക്കുന്നതു വരെ. മകന്റെ സ്ഥാനത്തു നിന്ന് എല്ലാ കർമ്മങ്ങളും ചെയ്തത് ഏട്ടന്റെ മകൻ അപ്പുവായിരുന്നു. ചിതാഭസ്മം ഏറ്റവും ഇഷ്ടപ്പെട്ട കാശിയിലും പ്രയാഗയിലും നിമഞ്ജനം ചെയ്തു. ●

ങ്ങൾ തന്നെയാണ് അതിന് തെളിവ്.

1930 കളിൽ തന്നെ ഗണിത ശാസ്ത്ര ബിരുദധാരിയായ പരമേശ്വരൻ മൂസ് ജില്ലാ പഞ്ചായത്ത് ഓഫീസർ ആയാണ് വിരമിച്ചത്. അദ്ദേഹത്തിന്റെ മകൻ ലെഫ്റ്റനന്റ് കേണൽ വിജയ് കുമാർ ഒരു ആർക്കിടെക്റ്റും ഇൻഡോ-പാക് യുദ്ധത്തിൽ പട നയിച്ച പ്രതിഭയുമാണ്. മകൾ ഡോക്ടർ ഗീതാ ദേവദാസാകട്ടെ ഒരു പ്രശസ്ത ഗൈനക്കോളജിസ്റ്റുമാണ്. വിജയ് കുമാറിന്റെ മകൻ കിരൺ കണ്ണാഞ്ചേരി US ലെ ഐവി ലീഗ് യൂണിവേഴ്സിറ്റി, കോർണെലിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് എടുത്തു

# ഒരു റോൾ മോഡൽ അദ്ധ്യാപകൻ

**രാമകൃഷ്ണൻ** (ശിഷ്യൻ ചാർട്ടേഡ് അക്കൗണ്ടന്റ്)



ഒരു റോൾ മോഡൽ അദ്ധ്യാപകൻ ആരാണ്? അദ്ദേഹത്തിന്റെ രീതികൾ എങ്ങനെയിരിക്കണം എന്നു ചോദിച്ചാൽ ഒട്ടും തന്നെ സംശയമില്ലാതെ രാജേന്ദ്രൻ സാർ എന്നു തന്നെയാണ് ഉത്തരം.

അദ്ദേഹം പ്രചോദിപ്പിക്കുകയും വാർത്തെടുക്കുകയും ചെയ്തത് നൂറു കണക്കിന് ചാർട്ടേഡ് അക്കൗണ്ടന്റുമാരേയും എംബിഎ പ്രൊഫഷണൽസിനെയുമായിരുന്നു.

ക്ലാസിൽ പലതരം പഠനശേഷിയുള്ളവരുണ്ടാവും. ഏറ്റവും സഹായവും ശ്രദ്ധയുമാവശ്യമുള്ള കുട്ടികൾക്കും വിഷയം മനസ്സിലായെന്നുറപ്പു വരുത്തുമായിരുന്നു.എത്ര തവണ മനസ്സിലായില്ലെന്നു പറഞ്ഞാലും വീണ്ടുംപറഞ്ഞു തരാൻ യാതൊരു മടിയുമില്ല. ഏറ്റവും ഗഹനമായ വിഷയങ്ങൾ ഏറ്റവും എളുപ്പമായ മോഡലുകളുപയോഗിച്ചു പറഞ്ഞു തരികയാണ് യഥാർത്ഥ പാണ്ഡിത്യത്തിന്റെ ലക്ഷണം.ഒരു നല്ല അദ്ധ്യാപകൻ ഒരു നിത്യ വിദ്യാർത്ഥിയുമായിരിക്കും. സാറിന്റെ സ്റ്റഡിറൂം കണ്ടാൽ ഇതു ബോധ്യപ്പെടും. സാറിന്റെ വിഷയമായിരുന്ന ഫിനാൻസിലെ ഏറ്റവും പുതിയ പരിഷ്കാരങ്ങളും മാറ്റങ്ങളും പഠിക്കുന്നതിനോടൊപ്പം തന്നെ ഗണിതം, ഫിസിക്സ് , ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങളും ഏറെ താല്പര്യമെടുത്തു പഠിച്ചു കൊണ്ടേയിരുന്നു. ●



*സ്റ്റഡിറൂം: അക്കൗണ്ടൻസി മുതൽ ഭഗവത് ഗീത വരെ*

## മൂത്ത മകൾ നളിനി

നാരായണൻ മൂസതിന്റെ മൂത്ത മകൾ നളിനി അന്തർജ്ജനത്തെ വിവാഹം കഴിച്ചത് കരിപ്പോട്ട് ഇല്ലത്തു നാരായണൻ മൂസതാണ്. അദ്ദേഹം പൊതുമരാമത്തു വകുപ്പിൽ ഓവർസിയർ ആയിരുന്നു. 2005 ൽ മരണപ്പെട്ടു. നളിനി അന്തർജനം ചാപ്പനങ്ങാടി ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലായി പ്രവർത്തിച്ച് 2002 ൽ വിരമിച്ചു. അവർക്കു 3 മക്കളാണ്. മൂത്ത മകൾ ഡോക്ടർ ദീപ ബേപ്പൂർ FHS ലും ഭർത്താവ് ഡോക്ടർ സുരേഷ് വള്ളിക്കുന്നു FHS ലും മെഡിക്കൽ ഓഫിസർമാരാണ്. ഇവരുടെ മകൾ ശ്രീലക്ഷ്മി തൃശൂർ ഗവണ്മെന്റ മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസ് കഴിഞ്ഞു. രണ്ടാമത്തെ മകൻ ശിവപ്രസാദ് ഹയർ സെക്കന്ററിയിൽ അധ്യാപകനായി ജോലി ചെയ്യുന്നു. ഭാര്യ സന്ധ്യ ഹൈസ്കൂൾ അധ്യാപിക ആണ്. ഇവരുടെ രണ്ട് ആൺകുട്ടികൾ സ്കൂളിൽ പഠിക്കുന്നു. മൂന്നാമത്തെ മകൻ ശ്രീകാന്തും ഭാര്യ രോഹിണിയും എറണാകുളത്തു ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്നു. അവർക്കു രണ്ട് പെൺകുട്ടികൾ. അവരും സ്കൂൾ വിദ്യാർത്ഥികൾ. ●

# അപൂർവ്വം ഈ പിതൃ-പുത്ര ബന്ധം

**സി. എ ലഭിക്കുന്നത് ദുഷ്കരമായ ഒരു കാലത്താണ് അഖിലേന്ത്യാ തലത്തിൽ 30-ാം റാങ്കോടെ ജയം. ഉടനെ വലിയൊരു ഓഫർ തേടിയെത്തി. സിങ്കപ്പൂർ ആസ്ഥാനമായ ഒരു ഗ്രൂപ്പിൽ വലിയ ശമ്പളത്തിൽ ജോലി. എന്നാൽ മകന് വേണ്ടി അതും വേണ്ടെന്നു വച്ചു.**

ആസ്ട്രേലിയയിൽ സംരംഭകനായി മാറിയ ശശിധരന്റെ ജീവിത കഥയിൽ നിന്ന് പഠിക്കേണ്ടത് സംരംഭകത്വമല്ല. മനുഷ്യ ബന്ധത്തിന്റെ ഊഷ്മളതയാണ്. കോടികളുടെ സംരംഭകനാവുന്നതിനേക്കാൾ പ്രയാസമുള്ള ഒരു ദൗത്യമാണ് അദ്ദേഹം നിർവഹിച്ചത്.

എൽ.ഐ.സി.യിലെ ഡിവിഷണൽ ഓഫീസിൽ ജോലി ചെയ്തിരുന്ന തിരുനെൽവേലിയിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽപ്പെട്ട ഉഷാ കൃഷ്ണസ്വാമിയെ 1975-ൽ വിവാഹം ചെയ്യുമ്പോൾ ശശിധരൻ സി.എ. വിദ്യാർത്ഥിയായിരുന്നു.



*ശശിധരൻ, ഭാര്യ ഉഷ, മകൻ മോഹൻ എന്നിവർ ഫയൽ ഫോട്ടൊ*

ഒരു പ്രശസ്ത ഫിനാൻഷ്യൽ കമ്പനിയുടെ വൈസ് പ്രസിഡന്റ് ആണ്, കിരണിന്റെ പത്നി അശ്വതിയും US ഇൽ നിന്ന് മാസ്റ്റേഴ്സ് എടുത്തിട്ടുണ്ട്.

നല്ല ടെക്നിക്കൽ സ്കിൽ ഉണ്ടായിരുന്ന അനിയൻ ശ്രീകുമാരൻ മൂസ് ഏതു തരം മോട്ടോറുകളും റിപ്പയർ ചെയ്യുകയും സ്വന്തമായി തിരൂർ പമ്പ് എന്ന പേരിൽ ഒരു വാട്ടർ പമ്പ് ഡിസൈൻ ചെയ്യുകയും ചെയ്തിരുന്നു.

ഇളയ അനിയൻ കെ.പി. നാരായണൻ മൂസ് പോസ്റ്റ് മാസ്റ്ററായിരുന്നു. രണ്ടാം ലോക മഹായുദ്ധ കാലത്ത് അഭ്യസ്ത വിദ്യരായ നിരവധിപേർ ജോലിയില്ലാതിരിക്കുമ്പോഴാണ് നാരായണൻ മൂസ് ജോലിക്ക് ചേരുന്നത്.

നാരായണൻ മൂസിന്റെ ഭാര്യ കടലുണ്ടി മനഴി ഇല്ലത്തെ സരോജിനി അന്തർജനം, ആദ്യമായി ഘോഷ ബഹിഷ്കരിച്ച് വിപ്ലവം സൃഷ്ടിച്ച സാക്ഷാൽ മനഴി പാർവ്വതി അന്തർജനത്തിന്റെ മകളാണ്. ഇ.എം.എസിന്റേയും വി.ടി.യുടേയും പുസ്തകങ്ങ ളിൽ ഇവരെപ്പറ്റി പറയുന്നുണ്ട്. ഈ ദമ്പതിമാർക്ക് കെ പി നളിനി, കെ.പി.ശശിധരൻ, കെ.പി. രാജേന്ദ്രൻ എന്നിങ്ങനെ 3 മക്കൾ. ഇദ്ദേഹത്തിന്റെ മക്കളും പേരക്കുട്ടികളുമാണ് പെരുമയുടെ ഈ അധ്യായം നിറക്കുന്നത്.

നാചർ പോലത്തെ പ്രസ്റ്റീജിയസ് പ്രസിദ്ധീകരണങ്ങളിൽ 70 ലേറെ ഇന്റർനാഷനൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, അമേരിക്കയിലെ ഊർജ വകുപ്പ് ഫണ്ട് ചെയ്യുന്ന 60 കോടി രൂപയുടെ പ്രൊജക്റ്റിനെ നയിക്കുകയും ചെയ്യുന്ന ക്വാണ്ടം ടെക്നോളജിയിൽ പേറ്റന്റ് നേടിയ ഡോ മോഹൻ സരോവർ ശശിധരന്റെ മകനാണ്.

മോഹന്റെ ഭാര്യ ഡോ വരദാ സരോവർ ബർക്കലെയിൽ നിന്നും പി.എച് ഡി എടുത്ത് കൺസൾട്ടന്റ് സ്റ്റാറ്റിറ്റീഷ്യൻ ആയി വർക്ക് ചെയ്യുന്നു. സ്വന്തമായി ഒരു ഫിനാൻഷ്യൽ കൺസൾട്ടൻസി സ്ഥാപനം നടത്തുന്നു പ്രശാന്ത്.

ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും റിട്ടയർ ചെയ്ത് വക്കീലായി പ്രാക്റ്റീസ് ചെയ്യുന്ന കുമാരൻ മൂസ്, യു എ ഇ ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഫിനാൻസിൽ ടെക്നിക്കൽ അഡ്വൈ

(ഉഷയുടെ സഹോദരൻ വീരരാഘവൻ അറിയപ്പെടുന്ന ഒരു ആത്മീയപ്രഭാഷകനും, ചിന്മയ മിഷ്യനിലെ സജീവ സാന്നിധ്യവുമാണ്.)

76–ൽ ഇന്റർമീഡിയറ്റ് പാസ്സായതിനു ശേഷമായിരുന്നു അച്ഛന്റെ അപ്രതീക്ഷിത വിരമിക്കൽ. കെഎസ്എഫ്ഇ യിൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റായി ജോയൻ ചെയ്തു. കോഴിക്കോട്ടു തന്നെ തുടരാൻ വേണ്ടി കൂടിയായിരുന്നു അത്. 1978 ജനുവരിയിൽ സി.എ. ഫൈനൽ 30–ാം റാങ്കോടെ വിജയിച്ചു. പ്രമുഖ കമ്പനികളിൽ നിന്ന് അഞ്ചോളം ഓഫറുകൾ വന്നെങ്കിലും സിങ്കപ്പൂർ ആസ്ഥാനമായ ഒരു ഗ്രൂപ്പിന്റെ ഓഫറാണ് സ്വീകരിച്ചത്. പോകാൻ തയ്യാറെടുക്കുമ്പോഴാണ് തികച്ചും അപ്രതീക്ഷിതമായി രണ്ടാം ഗർഭകാലത്തെ സങ്കീർണതകളെ തുടർന്ന് 1979 ലെ ഉഷയുടെ മരണം.

ഒന്നര വയസ്സ് പ്രായമുള്ള മോഹനെ കൊണ്ടുപോകാനും ഇവിടെ നിർത്താനും വയ്യ എന്ന അവസ്ഥയിൽ ശശിധരൻ ജോലി ഏറ്റെടുക്കാനുള്ള പ്രയാസത്തെപ്പറ്റി ഗ്രൂപ്പിനെ അറിയിച്ചു. അവർ മൂന്നു വർഷത്തേക്ക് നീട്ടിനൽകി. ഇക്കാലത്താണെങ്കിൽ അങ്ങനെയൊരു കാര്യവും സംഭവിച്ചെന്നു വരില്ല.

3 വർഷം കഴിഞ്ഞു സിങ്കപ്പൂരിൽ ജോലിക്കു ചേരാൻ സമയമായി. എന്നാൽ നാലര വയസ്സുള്ള മകനെയോർത്ത് ശശിധരൻ ജോലിയിൽ ചേരാൻ മടിച്ചു. പക്ഷേ, ദീർഘവീക്ഷണമുള്ള അനിയൻ രാജേന്ദ്രൻ മോഹന് നല്ലൊരു ഭാവിയുണ്ടാകാൻ ഏട്ടൻ ഈ ജോലി ഏറ്റെടുത്തേ മതിയാകൂ എന്ന് നിർബന്ധിച്ചു. ശശിധരന്റെ അച്ഛനമ്മമാരും അതേ നിലപാടെടുത്തു. മോഹനെ ഇവർ മൂന്നു പേരെയും ഏല്പിച്ച് ശശിധരൻ വിദേശത്തേക്ക് പുറപ്പെട്ടു.

പിന്നീട് , ഓസ്ട്രേലിയയിൽ നിന്ന് അടുത്ത് സ്വതന്ത്രമായ പാപ്പുവ ന്യൂഗിനിയ (PNG) യിൽ ഡപ്യൂട്ടേഷനിൽ പോയി. രണ്ടര കൊല്ലം കഴിഞ്ഞു. മോഹനെ അവിടെ സ്കൂളിൽ എടുക്കാനുള്ള പ്രായം (7 വയസ്സ് ) ആയപ്പോൾ, അവൻ ഇവിടെ നിന്നു ഒറ്റയ്ക്ക് വിമാനത്തിൽ കയറി, സിംഗപ്പൂരിൽ ട്രാൻസിറ്റും കഴിഞ്ഞു, പി.എൻ.ജി. യിലെത്തി. ഒരു ടെസ്റ്റ് നടത്തി, മോഹനെ രണ്ടാം ക്ലാസ്സിൽ ചേർത്തി. പിന്നെ എട്ടാം ക്ലാസ്സിൽ ഓസ്ട്രേലിയക്കു പോകുന്നത് വരെ, മോഹൻ പി.എൻ.ജി.യിൽ ഒരു ഇന്റർനാഷണൽ സ്കൂളിലാണ് പഠിച്ചത്. 1989ൽ സി.എ. കഴിഞ്ഞ്. രാജനും 1990ൽ ജ്യോതിയും പി.എൻ.ജി.യിലേക്ക് വന്നപ്പോൾ കുടുംബം വീണ്ടും ഒന്നിച്ചായി. കോഴിക്കോട്ടെ ഏറ്റവും പ്രശസ്തമായ എം.ബി ട്യൂട്ടോറിയലിന്റെ ഉടമ കൃഷ്ണൻ മൂസിന്റെ മകളാണ് ജ്യോതി.

1995 അവസാനത്തിൽ മോഹൻ 12–ാം ക്ലാസ് പൂർത്തിയാക്കി. തുടർ വിദ്യാഭ്യാസത്തെപ്പറ്റി വിപുലമായ ചർച്ചകൾ നടന്നു. അമേരിക്കൻ വിദ്യാഭ്യാസത്തിന്റെ മികവും, നമ്മുടെ താൽപര്യങ്ങൾക്കു മുൻതൂക്കം നൽകുന്ന വിദ്യാഭ്യാസ രീതിയും വേണമെങ്കിൽ ഏത് സ്ട്രീമിൽ നിന്നും വിഷയങ്ങൾ എടുത്തു ഡിഗ്രി പൂർത്തിയാക്കാം – വളരെ നല്ലതാണ്. മോഹൻ ഒരു ഐവി ലീഗ് യൂണിവേഴ്സിറ്റി ആയ, നഗരങ്ങളിൽ നിന്നകന്ന കോർണെലിൽ ചേർന്നു. അതിമനോഹരമായ പ്രകൃതിയും, സംസ്കാരവും വിദ്യയും സമന്വയിപ്പിച്ച ജീവിതരീതിയും! പിന്നീടുള്ള മോഹൻ സരോവറിന്റെ വളർച്ചയ്ക്കു ആധാരമായതു ഇവയാകാം.

1999–ൽ അച്ഛന് അൽഷിമേഴ്സും അമ്മയ്ക്ക് അർബുദവും ബാധിച്ചതിനാൽ രാജേന്ദ്രനും ജ്യോതിയും ഇന്ത്യയിലേക്ക് മടങ്ങി.

പ്രായം ചെല്ലുന്തോറും അമ്മയ്ക്ക് ശശിധരന്റെ ഭാവിയെയോർത്ത് ആധിയായി. മോഹന് നല്ല അറിവും പക്വതയും ഉള്ളതിനാൽ ആശങ്കപ്പെടുകയും വേണ്ട. അങ്ങിനെയാണ് 1999–ൽ രാമയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പ്രൊഫസർ പയ്യന്നൂർ നീലമന ഇല്ലത്തെ പ്രസന്നയെ വിവാഹം കഴിക്കുന്നത്. മോഹൻ അമ്മയെ പൂർണ മനസ്സോടെ സ്വാഗതം ചെയ്തു. 2000 മേയ് മാസത്തിൽ ശശിധരൻ ഇന്ത്യയിൽ തിരിച്ചെത്തി. പ്രസന്നയും ശശിധരനും ഇപ്പോൾ ബാംഗ്ലൂരിലാണ് താമസം.

ഡോ മോഹൻ സരോവർ സാൻഫ്രാസ്സിസ്കോയിലെ സാന്റിയാ നാഷനൽ ലബോറട്ടറീസിൽ ജോലി ചെയ്യുന്നു. 2008–ൽ മോഹൻ ചാലക്കുടിയിലെ വ്ളാങ്ങാട്ടിൽ പടുതോൾ മനയിലെ വരദയെ വിവാഹം കഴിച്ചു. വരദ ഇപ്പോൾ കാലിഫോർണിയയിലെ കൈസർ പെർമനന്റേയിൽ ജോലി ചെയ്യുന്നു.

ഇങ്ങനെയൊരു മോഹൻ സരോവറിനെ സൃഷ്ടിച്ചതാണ് ഏറ്റവും വലിയ എന്റർപ്രണർഷിപ്പ്. അമ്മ നഷ്ടപ്പെട്ട ഒന്നര വയസ്സുകാരനെ ഏറ്റവും ഉന്നതമായ നിലയിലെത്തിച്ച അച്ഛൻ അവന്റെകൂടി താല്പര്യപ്രകാരമാണ് വിവാഹം കഴിച്ചത്. അപൂർവം പേർക്ക് മാത്രം കഴിയുന്നതാണ് ആദ്യത്തെ ത്യാഗവും രണ്ടാമത്തെ നേട്ടവും. ●



*റോഡ് ട്രെയിൻ*

സറായ രവികുമാർ CA, SAP, കോയമ്പത്തൂർ കമേഴ്സ്യൽ ടാക്സസ് ജോയന്റ് കമ്മീഷനറായ കേരള ബ്രാഹ്മണരിലെ അപൂർവ്വം ഐ.എ. എസ് കാരിലൊരാളായ ഗായത്രി എന്നിവരും പെരുമക്ക് മാറ്റുകൂട്ടുന്നു. ●

## രാജേന്ദ്രനെപ്പറ്റി മുൻ പ്രോവൈസ് ചാൻസലർ



Dr.P.Mohan, Former Pro Vice Chancellor & Profeossr, University of Calicut.

KP Rajendran was an outstanding teacher who left a lasting impression with the students he taught. He was one of the finest human being I have ever met. Ultimately teaching was the ultimate passion for him and he enjoyed it fully and thoroughly. He taught finance for the students in many instituitions including the department of Commerce and management studies, University of Calicut and the school of management studies Calicut. He used to lose himself in teaching and often spent much more time with the students than the time allotted for the session. Everywhere he was loved and respected by his students for the sheer depth of understanding of the subjects and the impeccable humility. Whenever students wanted his time he was just a call away. He used to be with them regardless of the health issues and the travel required. ●

# അമ്മയില്ലാത്ത കുട്ടിയിൽ നിന്ന് ക്വാണ്ടം സയൻസിന്റെ വിസ്മയ ലോകത്തേക്ക്



മോഹൻ സരോവർ ഭാര്യ വരദ മകൾ അമുദ

- ❑ആർ ആൻഡ് ഡി 100 അവാർഡ് നേടിയ ഒരു പ്രോജക്റ്റിലെ ടീം ലീഡർ
- ❑നിരവധി പ്രോജക്റ്റുകളിൽ ട്രസ്റ്റ് ലീഡും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും.
- ❑ഏർലി കരിയർ റിസർച്ച് എൽഡിആർഡി അവാർഡും ലീഡർഷിപ്പ് അവാർഡും.
- ❑നിരവധി സെലക്ഷൻ കമ്മിറ്റികളിലെ അംഗം, 3 യുഎസ് പേറ്റന്റുകൾ
- ❑നാഷണൽ ഹോണർ സൊസൈറ്റികളിൽ (യുഎസ്എ) അംഗത്വം
- ❑ക്വാണ്ടം സയൻസിനായ ജേണലിന്റെ എഡിറ്റോറിയൽ ബോർഡിൽ അംഗത്വം

*മോഹൻ സരോവറിനെ അറിയാം ഈ ലിങ്കിലൂടെ*
https://sites.google.com/site/sarovar

ശശിധരന്റെയും ഉഷയുടെയും മകനാണ് ഡോ: മോഹൻ സരോവർ. ഇപ്പോൾ കാലിഫോർണിയയിലെ സാൻഡിയ നാഷണൽ ലബോറട്ടറീസിൽ ഡിസ്റ്റിഗ്യുഷ്ഡ് ടെക്നിക്കൽ സ്റ്റാഫ് മെമ്പറാണ്. യുഎസിലെ ഊർജ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒരു ഫെഡറലി ഫണ്ടഡ് റിസർച്ച് ലാബ്. അമേരിക്കൻ പ്രതിരോധമേഖലക്കു വേണ്ടത്.

പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ എന്ന നിലയിൽ മോഹൻ നിരവധി ഗവേഷണ ഗ്രാന്റുകൾ നേടിയിട്ടുണ്ട്. നിലവിൽ, ക്വാണ്ടം കമ്പ്യൂട്ടറുകളുടെ ഒപ്റ്റിമൈസേഷൻ, വെരിഫിക്കേഷൻ, എൻജിനീയറിങ് റിലയബിലിറ്റി എന്നിവ അടങ്ങുന്ന 7.8 മില്യൺ യുഎസ് ഡോളറിന്റെ (60 കോടി രൂപ) ഒരു പ്രോജക്റ്റിന്റെ ഡയറക്ടറാണ് അദ്ദേഹം. 20 ഓളം ഗവേഷകരും പോസ്റ്റ്ഡോക്റ്ററൽ വിദ്യാർത്ഥികളും അടങ്ങുന്ന ഒരു ടീമിന്റെ ലീഡർ. ഹൈ ഇംപാക്റ്റ് ജേണലുകളിൽ 70+ ഗവേഷണ പ്രബന്ധങ്ങളും.



കെ.പി. നളിനിയും കുടുംബവും

ഒന്നര വയസ്സിൽ അമ്മയെ നഷ്ടപ്പെട്ട കുട്ടി ഇങ്ങനെയാരു സ്ഥാനത്ത് എത്തിയതിൽ അച്ഛന് വലിയ പങ്കുണ്ട്. 7 വയസ്സുവരെ മുത്തശ്ശന്റേയും മുത്തശ്ശിയുടെയും അപ്ഫന്റേയും കൂടെ. ഏഴാം വയസ്സിൽ ആസ്ട്രേലിയൻ ദ്വീപിലേക്ക്. പിന്നീട് അച്ഛനും മകനും മാത്രമുള്ള ലോകം. അതു കഴിഞ്ഞ് അപ്ഫനും ചെറിയമ്മയുമെത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം ആസ്ടേലിയയിൽ അച്ഛന്റെ കൂടെ താമസിച്ച്.

പിന്നീട് യു.എസ്.എ.യിലെ കോർനെൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലും കമ്പ്യൂട്ടർ സയൻസിലും ബിരുദവും കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ ബിരുദാനന്തര ബിരുദവും. കൂടാതെ, ഫിലോസഫി, സൈക്കോളജി, ലിറ്ററേച്ചർ, കലയുടെ ചരിത്രം, ഫോട്ടോഗ്രാഫി, ലോകമതങ്ങൾ, ഇതിഹാസങ്ങൾ, രാഷ്ട്രീയ വ്യവസ്ഥകൾ, ടെക്നിക്കൽ റൈറ്റിംഗ്, ഇക്കണോമിക്സ് എന്നിവയിലും കോഴ്സുകൾ.

തുടർന്ന് ക്വാണ്ടം ഇലക്ട്രോഡൈനാമിക്സും ഹയർ മാത്തമാറ്റിക്സും. അങ്ങിനെ പിഎച്ച്ഡി ഫിസിക്സിലേക്ക് മാറ്റി. ബർക്കലി സർവകലാശാലയിൽ പോസ്റ്റ്ഡോക്ടറലും ചെയ്തു. ഗൂഗിൾ വർക്ക്ഷോപ്പ്, നാസ, ലോസ് അലമോസ് റിസർച്ച് സെന്റർ, അമേരിക്കൻ ഫിസിക്കൽ സൊസൈറ്റി, യുസി ബെർക്ക്ലി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാൻഡേർഡ്സ് ബെംഗളൂരു ഐഐഎസ്സി, ഐഐടി മദ്രാസ് എന്നിവയുൾപ്പെടെ ലോകമെമ്പാടുമുള്ള മികച്ച സ്ഥാപനങ്ങളിൽ നിന്ന് പ്രഭാഷണത്തിന് ക്ഷണം. ക്വാണ്ടം കമ്പ്യൂട്ടിംഗാണ് പ്രധാന ഏരിയ. ക്വാണ്ടം ടെക്നോളജിയുടെ ഫിസിക്കൽ സെക്യൂരിറ്റിയുടെ ആദ്യ ആപ്ലിക്കേഷനുകളിലൊന്നിന് പേറ്റന്റും ലഭിച്ചു. ഇത് ഉൾപ്പെടെ മൂന്നു പേറ്റന്റുകൾ.

ചാലക്കുടി വ്ളാങ്ങാട്ടിൽ പടുതോൾ മനയിലെ ഡോ വരദയെയാണ് മോഹൻ വിവാഹം കഴിച്ചത്.

ടാറ്റ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിൽ ഇന്റേൺഷിപ്പോടെ മുംബൈ സർവ കലാശാലയിൽ നിന്ന് ജ്യോതിശാസ്ത്രത്തിലും സ്പേസ് ഫിസിക്സിലും എം.എസ്.സി പൂർത്തിയാക്കിയ ശേഷം വരദ ഈസ്റ്റ് ബേയിലെ കാലിഫോർണിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന്

# മരിച്ച് അഞ്ചുവർഷമായിട്ടും പൂർവ വിദ്യാർത്ഥികൾ ഫോണിലേക്ക് വിളിച്ചു കൊണ്ടിരിക്കുന്നു

ശശിധരന്റെ അനിയൻ രാജേന്ദ്രനും അപൂർവ ജനുസ്സുള്ള ഒരാളായിരുന്നു. ഒരു നിർവചനത്തിലും പെടുത്താനാകാത്ത ഒരു സവിശേഷ വ്യക്തി. ചെറിയ കുട്ടിയുടെ ജിജ്ഞാസയും നിഷ്കളങ്കതയും, ഒരു സന്യാസിയുടെ നിസ്സംഗത്വവും രാജേന്ദ്രന്റെ പ്രത്യേകതകളായിരുന്നു. സൗന്ദര്യബോധവും



വികാരങ്ങളും, യുക്തിയും ദാർശനികതയും എല്ലാം ഉൾക്കൊണ്ട് മറ്റുള്ളവരെ സഹായിക്കുന്നതിലായിരുന്നു ആനന്ദം.തനിക്ക് അഖിലേന്ത്യാ തലത്തിൽ അഞ്ചാം റാങ്ക് കിട്ടിയ കാര്യം ഭാര്യ ജ്യോതി അറിയുന്നത് രാജേന്ദ്രന്റെ മരണശേഷം പഴയ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചപ്പോഴാണ്. ഭാര്യയാവാൻ പോവുന്ന പെൺകുട്ടിക്ക് വിവേകാനന്ദസാഹിത്യസർവസ്വം വായിക്കാൻ കൊടുത്ത അപൂർവ മനുഷ്യൻ.

പാപ്പുവ ന്യൂ ഗിനിയയിലെ ഒരു സ്വിസ് ഗ്രൂപ്പിന്റെ ഫിനാൻഷ്യൽ കൺട്രോളറായിട്ടായിരുന്നു തുടക്കം. പിന്നീട് ഒരു പ്രധാന ഹോൾഡിംഗ് കമ്പനിയുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും കമ്പനി സെക്രട്ടറി കൂടിയായി. പി.വി.സി പൈപ്പ് നിർമ്മാണം, റെഡിമിക്സ്ഡ് കോൺക്രീറ്റ്, ക്വാറി പ്രവർത്തനങ്ങൾ, ഗതാഗത എഞ്ചിനീയറിംഗ് , വാഹന ഡീലർഷിപ് (മെർസിഡസ് ബെൻസ്, ഫോർഡ്, സുബാരു) എന്നിവയായിരുന്ന പ്രധാന അനുബന്ധ സ്ഥാപനങ്ങൾ. ഫോം നിർമ്മാണം, മെറ്റൽ ഫാബ്രിക്കേഷൻ, സോളാർ ടെക്നോളജി, മൈനിംഗ് - ബിൽഡിംഗ് കോൺട്രാക്റ്റുകൾ എന്നിവയും സിസ്റ്റർ കമ്പനികളായിരുന്നു

അടുത്ത കാലത്ത് സ്വാതന്ത്ര്യം ലഭിച്ച പാപ്പുവ ന്യൂ ഗിനിയയിലെ എംപ്ലോയീസിനെ മോട്ടിവേറ്റ് ചെയ്യുക, ട്രെയിനിംഗ് നൽകുക എന്ന ഭാരിച്ച ചുമതലയായിരുന്നു രാജേന്ദ്രന്. പുതിയ രീതികൾ കണ്ടെത്തി തികച്ചും പുതിയ അപ്രോച്ചിലൂടെ അതു സാദ്ധ്യമാക്കുകയായിരുന്നു.

ഉത്തരവാദിത്തങ്ങൾ നിർവ്വചിച്ച്, കാര്യങ്ങളെ എങ്ങിനെ നിയന്ത്രിക്കാമെന്ന് പരിശീലിപ്പിച്ച് സെൻററുകൾ ഉണ്ടാക്കുക. സിസ്റ്റങ്ങളുടെ പ്രവർത്തനരൂപകൽപ്പന, നിരീക്ഷണം, റിപ്പോർട്ടുകൾ ഉണ്ടാക്കുകയും അവ വിശകലനം ചെയ്യാൻ പഠിപ്പിക്കുകയും മാനേജർമാരേയും സൂപ്പർവൈസർ മാരേയും പരിശീലിപ്പിക്കുകയും എല്ലാമെല്ലാം രാജേന്ദ്രന്റെ ഉത്തരവാദിത്വമായിരുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക ഏജൻസികൾ, യൂറോപ്യൻ യൂനിയൻ എന്നിവരുമായുള്ള ലെയ്സൺ, ചർച്ചകൾ എന്നിവയും രാജേന്ദ്രനെയാണ് ഏൽപ്പിച്ചിരുന്നത്. ഇൻസ്റ്റിട്യൂട്ട് ഓഫ് ചാർട്ടേർഡ് എക്കൌണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ സർട്ടിഫൈഡ് ഇൻഫോർമേഷൻ സിസ്റ്റം ഓഡിറ്റ് (സി.ഐ.എസ്.എ) പരീക്ഷയിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ അഞ്ചാം റാങ്ക് നേടി.

1999 ൽ പി.എൻ.ജിയിൽ നിന്നും മടങ്ങിയെത്തിയതിനുശേഷം കോഴിക്കോട് ചാലപ്പുറത്തെ ആർ.യു. അസോസിയേറ്റ്സ് എന്ന ഓഡിറ്റ് സ്ഥാപനത്തിൽ പങ്കാളിയായി. അവിടെ രാജൻ ബി.എസ്എൻ എൽ ഇന്റേണൽ ഓഡിറ്റും നോർത്ത് മലബാർ ബാങ്കിൽ സ്റ്റാട്യൂട്ടറി ഓഡിറ്റും പല പൊതുമേഖലാ ബാങ്കുകളിൽ സിസ്റ്റം ഓഡിറ്റും ബ്രാഞ്ച് ഓഡിറ്റും നടത്തി. എൻ. ഐ.ടിയിലും ഐ ഐ എമ്മിലും യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റിലും സി.എ. ഇൻസ്റ്റിറ്റ്യൂട്ടിലും ഫാക്കൽട്ടിയായി. ടീച്ചിംഗ് ഒരു തപസ്സു പോലെ നിർവഹിച്ചു. മരിച്ച് അഞ്ചുവർഷമായിട്ടും അദ്ദേഹത്തിന്റെ ഫോണിലേക്ക് ദൂരദിക്കുകളിൽ നിന്ന് പൂർവ വിദ്യാർത്ഥികൾ വിളിച്ചുകൊണ്ടിരിക്കുന്നു. സംശയദൂരീകരണത്തിന്. ഗുരുനാഥൻ മാഞ്ഞുപോയതറിയാതെ. ●

---

ബയോസ്റ്റാറ്റിസ്റ്റിക്സിൽ സെക്കൻഡ് മാസ്റ്റേഴ്സും യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ ബർക്കലെയിൽ നിന്ന് പി.എച്ച്.ഡി.യും നേടി. പിഎച്ഡിക്കുൻപ് അവർ കാലിഫോർണിയ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ഏജൻസിയിൽ ഗ്രാജ്വേറ്റ് അനലിസ്റ്റായും സേവനമനുഷ്ഠിച്ചു.


മാനേജ്ഡ് കൈസർ പെർമനന്റേയിലെ അഡിക്ഷൻ ആന്റ് മെൻറൽ ഹെൽത്ത് റിസർച്ചിൽ സീനിയർ ഡാറ്റ കൺസൾട്ടന്റ് ആണ് വരദാ സരോവർ.

വളരെ വലിയ ഡാറ്റകളുടെ സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് ആണ് വരദയുടെ ഫീൽഡ്. യു.കെയിലെ ബ്രിസ്റ്റോൾ യൂണിവേഴ്സിറ്റിയിൽ ഓണററി റിസർച്ച് ഫെല്ലോ കൂടിയാണ്.

35 ഗവേഷണ പ്രബന്ധങ്ങൾ വിവിധ ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബർക്കലെ യൂനിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒൻപതോളം അവാർഡുകളും സ്കോളർഷിപ്പുകളും ലഭിച്ചിട്ടുണ്ട്. ഗോൾഡൻ കീ നാഷണൽ ഹോണർ സൊസൈറ്റി അംഗം കൂടിയാണ്.

ലിങ്ക് https://scholar.google.com/citations?user=_21kCLIAAAA-J&hl=en ●

വിലാസം:
കെ.പി.ശശിധരൻ : 9916728642
സി.ജ്യോതി, വില്ല -66, സ്കൈ ലൈൻ മെഡോസ്, സദനം റോഡ്, സിവിൽ സ്റ്റേഷൻ പി.ഒ, ഫോൺ: 9895346857
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ:9447337337




# ആ നൊബേൽ സമ്മാനത്തിൽ ഒരു നമ്പൂതിരി പങ്കാളിത്തം

**പ്രെസെന്റഡ് ടു ആലക്കാട് എസ് ഉണ്ണികൃഷ്ണൻ ഫോർ കോൺട്രിബ്യൂട്ടിംഗ് ടു അർവാർഡ് ഓഫ് ദ നൊബേൽ പീസ് പ്രൈസ്.**

**വിനോദ് മങ്ങത്തായ**



ഇങ്ങനെ വാചകമുള്ള സർട്ടിഫിക്കറ്റ് ഒരു നമ്പൂതിരിയുടെ കയ്യിലേയുള്ളൂ. ലോകത്തിലെ ഏറ്റവും വലിയ പുരസ്കാരമാണ് നോബൽ സമ്മാനം. ഇന്ത്യൻ രൂപയിൽ പതിനെട്ടു കോടിയോളം മൂല്യം. അറിവിന്റെ ലോകോത്തരമായ അംഗീകാരമായി ഫലകം. സ്വീഡിഷ് അക്കാദമിയുടെ അതീവ രഹസ്യ സ്വഭാവമുള്ള ജഡ്ജിംഗ് കമ്മിറ്റിയാണ് തെരഞ്ഞെടുപ്പ് നടത്തുക. ജേതാവ് ആ മേഖലയിൽ സർവ്വജ്ഞപീഠം കയറിയ ആളോ പ്രസ്ഥാനമോ ആയിരിക്കണം. അതു മാത്രം പോരാ, 1895 ലെ ആൽഫ്രഡ് നോബലിന്റെ വിൽപ്പത്ര പ്രകാരം 'Those who during the Preceeding year have conferred greatest benefit to human kind'.

മനുഷ്യരാശിക്ക് മുഴുവൻ ഉപകരിക്കുന്ന നേട്ടങ്ങളാണ് ഈ വാർഷിക സമ്മാനത്തിന് പരിഗണിക്കുക എന്നർത്ഥം. സാഹിത്യം, ശാസ്ത്രം (മെഡിസിൻ അടക്കം വെവ്വേറെ ശാഖകൾ), പിന്നെ സമാധാനം എന്നിവയ്ക്കാണ് നോബൽ നൽകുന്നത്.



ഇന്ത്യയിലെ നോബൽ ജേതാക്കളെ നമുക്കറിയാം. ടാഗോർ, സി വി രാമൻ തുടങ്ങിയ വിരലിലെണ്ണാവുന്ന പ്രതിഭകൾ. കേരളീയരാരെങ്കിലും? ഏയ്... ഇതു വരെ ഇല്യ. ഉത്തരം പെട്ടെന്നു തന്നെ വരും. എന്നാലറിയുക 2007 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം പങ്കിട്ടത് അമേരിക്കൻ വൈസ് പ്രസിഡണ്ടായിരുന്ന അൽഗോറും, ഒപ്പം ഇൻറർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന ശാസ്ത്രജ്ഞരുടെ രാജ്യാന്തര സംഘടനയുമായിരുന്നു. ആഗോളതാപനത്തെ മാനേജ് ചെയ്യാനുള്ള രീതികൾ രാജ്യങ്ങളിലെ ഭരണകൂടങ്ങളിലും സാധാരണക്കാ



*ഗോവയിലെ ഇൻസ്റ്റിറ്റ്യൂട്ട്*

**ആഗോളതാപനത്തെ മാനേജ് ചെയ്യാനുള്ള രീതികൾ രാജ്യങ്ങളിലെ ഭരണകൂടങ്ങളിലും സാധാരണക്കാരിലും എത്തിക്കുകയെന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്ത് നടപ്പാക്കിയതാണ് സംഘടനയെ നോബൽ സമ്മാനത്തിൽ എത്തിച്ചത്. ഇതിന്റെ രചനയിൽ പ്രധാന പങ്കു വഹിച്ച ശാസത്രജ്ഞന്മാരിൽ കേരളീയനായ ഒരു നമ്പൂതിരിയുമുണ്ട്. തൃശൂർ പെരുമ്പിളിശ്ശേരി ആലക്കാട് ഡോക്ടർ എ എസ് ഉണ്ണിക്കൃഷ്ണൻ. അന്നും ഇന്നും നോബലുമായി ബന്ധപ്പെട്ട് പറയാവുന്ന ഏക മലയാളി.**



*...പി സിസി ടീമിനെ അഭിനന്ദിച്ചപ്പോൾ... അന്നത്തെ പ്രധാനമന്ത്രി മൻ മോഹൻ സിംഗിനൊപ്പം ഡോ ഉണ്ണിക്കൃഷ്ണൻ (മൂന്നാമത് )*

രിലും എത്തിക്കുകയെന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്ത് നടപ്പാക്കിയതാണ് സംഘടനയെ നോബൽ സമ്മാനത്തിൽ എത്തിച്ചത്. അതിനവർ അടിസ്ഥാനമാക്കിയത് അവരുടെ തന്നെ ഗവേഷണ നിരീക്ഷണങ്ങളുടെ വാർഷികപഠനറിപ്പോർട്ടാണ്.

ഇതിന്റെ രചനയിൽ പ്രധാന പങ്കു വഹിച്ച ശാസത്രജ്ഞന്മാരിൽ കേരളീയനായ ഒരു നമ്പൂതിരിയുമുണ്ട്. തൃശൂർ പെരുമ്പിളിശ്ശേരി ആലക്കാട് ഡോക്ടർ എ എസ് ഉണ്ണിക്കൃഷ്ണൻ. അന്നും ഇന്നും നോബലുമായി ബന്ധപ്പെട്ട് പറയാവുന്ന ഏക മലയാളി. ദേശീയപ്രാധാന്യമുള്ള ഈ വാർത്ത ചുരുക്കം പത്രങ്ങളുടെ തൃശൂർ എഡിഷനിൽ ഒതുങ്ങിപ്പോയി.

The Nnobel piece committie said that Nnobel peiece prize is being given for their efforts to build up and desseminate greater knowledge about man made climate change and to lay the foundation for the measures.

കാലാവസ്ഥാ വ്യതിയാനത്തെ പറ്റി സൂക്ഷ്മമായി പഠിക്കാൻ ഐപിസിസിയുടെ ശാസ്ത്രജ്ഞർ ലോകത്തിന്റെ പല ഭാഗങ്ങളിലിരുന്ന് വിവിധ ഗ്രൂപ്പുകളായി പ്രവർത്തിച്ചു . കാലാവസ്ഥാ മാറ്റത്തിന്റെ ശാസ്ത്രീയാടിത്തറ എന്ന വിഷയത്തിൽ പഠനം നടത്തിയ ഒന്നാം ഗ്രൂപ്പായിരുന്നു ഉണ്ണിക്കൃഷ്ണന്റേത്. മേൽനോട്ടം വഹിച്ചത് വിഖ്യാത ശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ രാജേന്ദ്ര പച്ചൗരി. ഗവേഷണ നിരീക്ഷണങ്ങൾ ക്രോഡീകരിച്ച് ഐപിസിസി പ്രസിദ്ധീകരിച്ച റിപ്പോർട്ടിലെ അഞ്ചാമധ്യായം സമുദ്ര കാലാവസ്ഥയിലെ മാറ്റവും സമുദ്രനിരപ്പും എന്ന വിഷയത്തിലെ പഠന നിരീക്ഷണങ്ങളാണ്. ഈ അധ്യായത്തിന്റെ ലീഡ് ഓതർ ആയിരുന്നു ഡോക്ടർ ഉണ്ണിക്കൃഷ്ണൻ.

സമുദ്രനിരപ്പ് ക്രമേണ ഉയരുകയാണല്ലോ. ആഗോള തലത്തിൽ വർഷം തോറും ശരാശരി 1.7 മില്ലിമീറ്റർ നിരക്കിൽ . ഇപ്പോക്ക് പോയാൽ ഒരു നൂറ്റാണ്ടിനുള്ളിൽ ലോകത്തെ കടലോരനഗരങ്ങളിൽ ചിലതെങ്കിലും സമുദ്രം കൊണ്ടു പോയെന്നു വരാം. ലോകത്തെ തീരദേശ പട്ടണങ്ങൾക്കല്ലാം വലിയ വാണിജ്യ പ്രാധാന്യമുള്ളവുമുണ്ടല്ലോ. സമുദ്രനിരപ്പിൽ വരുന്ന ചെറിയ ഉയർച്ചകൾ പോലും വലിയ നാശ നഷ്ടങ്ങളുണ്ടാക്കാം .ഭീതിദമായ ഈ അവസ്ഥയെ പ്രതിരോധിക്കാൻ ലോകത്തെല്ലായിടത്തും ശീലിച്ച് പാലിക്കേണ്ട ഒരു സ്റ്റാൻഡാർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയർ കൂടിയേ തീരൂ.

ഡോക്ടർ ഉണ്ണിക്കൃഷ്ണൻ ഇരുപത് വർഷമായി ഈ രംഗത്ത് പ്രവർത്തിച്ചു. ഒറ്റയ്ക്കും കൂട്ടായും നിരന്തരമായ പഠനങ്ങൾ. കടൽ നിരപ്പുയരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനുള്ള പഠനങ്ങൾ ഏറെ ശ്രമകരമാണ്. കാലഘട്ടം, മുൻ കണ്ടെത്തലുകളെല്ലാം വിരൽത്തുമ്പിൽ ലഭ്യമാവുന്ന ഗൂഗിളിനും മുമ്പാണെന്നോർക്കണം. ഈ രംഗത്ത് സമഗ്രമായ പഠനം സാധ്യമാവണമെങ്കിൽ അത് ഗ്രൂപ്പ് വർക്കിനു മാത്രമേ സാധിക്കൂ. ഇവിടെയാണ് ഐപിസിസിയുടെ പ്രസക്തിയും പ്രാധാന്യവും. കാലദേശഭേദമില്ലാതെ ജ്ഞാനികളുടെ ഒരു പ്ലാറ്റ്ഫോം ഒരുക്കി. അതിനുമപ്പുറം ദീർഘകാല പഠന ഗവേഷണങ്ങൾക്കുള്ള ഫണ്ടും ലഭ്യമാക്കി. അസസ്മെന്റ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് മൂന്നു വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചു. ഇവരുടെ 2006 ലെ റിപ്പോർട്ടും തുടർന്നുള്ള പ്രവർത്തനങ്ങളുമാണ് നോബൽ കമ്മിറ്റി വിലയിരുത്തിയത്.

ശാസ്ത്ര പഠനങ്ങളിലെ രീതികളും കണ്ടെത്തലുകളും ലളിതമായി വിവരിക്കാൻ ബുദ്ധിമുട്ടാവും.ഏറ്റവും ചുരുക്കി പറഞ്ഞാൽ സമുദ്രോഷ്മാവ് കൂടുമ്പോൾ സമുദ്രജലം വികസിക്കുന്നു. ഇതോടൊപ്പം അന്തരീക്ഷോഷ്മാവും വർധിക്കും. (ചിലപ്പോൾ തിരിച്ചുമാവാം). ഗ്രീൻ ഹൗസ് ഇഫക്ടുകൾ ഭൂമിയിലെയും അന്തരീക്ഷത്തിലെയും ചൂടിന്റെ ബാലൻസിനെ (കുറയാനും കൂടാനും ഇടയാക്കാതെ നിലനിർത്തുന്ന ബഹിരാകാശത്തിലെ ഓസോൺ പാളിയുടെ പ്രവർത്തനങ്ങൾ ) തകരാറിലാക്കും. ധ്രുവങ്ങളിലേതടക്കം ഭീമൻ മഞ്ഞുപാളികൾ ഉരുകി സമുദ്രത്തിലെത്തുന്നു.ഇവിടെ നമുക്കെന്തു ചെയ്യാം / നമ്മളെന്തു ചെയ്യണം എന്നതാണ് ഈ പഠനം മുന്നോട്ടു വെയ്ക്കുന്നത്.

സമാധാനത്തിനുള്ള നോബൽ സമ്മാനം ഒരു ശാസ്ത്ര സംഘടന നേടുന്നതിന്റെ സാംഗത്യം കൂടി ഒന്നു വ്യക്തമാക്കാം. സമുദ്രജലനിരപ്പിലെ വർധനയുടെ തോതും ഒരു പരിധി വരെ നിയന്ത്രിക്കണമെങ്കിൽ ഈ രംഗത്ത് ഒരു യൂനിവേഴ്സൽ പ്രോട്ടോക്കോൾ രൂപപ്പെട

## ഡോക്ടർ ഉണ്ണിക്കൃഷ്ണൻ

തൃശൂർ ചേർപ്പ് പെരുമ്പിളിശ്ശേരി ആലക്കാട് പരേതനായ ശങ്കരൻ നമ്പൂതിരിയുടെയും നീലി അന്തർജനത്തിന്റെയും മകൻ

വിദ്യാഭ്യസം: ബി എസ് സി ഫിസിക്സ്, കുസാറ്റിൽ നിന്ന് എം എസ് സി (ഓഷ്യനോഗ്രാഫി )

എം ഫിൽ:ജെ എൻ യുവിൽ നിന്ന് എൻവയോൺമെന്റ് സയൻസിൽ

പി എച്ച് ഡി :ഫ്രാൻസിൽ ഡി ബ്രിട്ടാഗ്നേ സർവ്വകലാശാലയിൽ നിന്ന് ഫിസിക്കൽ ഓഷ്യനോഗ്രാഫിയിൽ ഡോക്ടറേറ്റ് . ഇന്ത്യയിൽ ടാലന്റ് സ്കോളർഷിപ്പ്. വിദേശത്ത് മെരിറ്റിൽ ലഭിച്ച ഗ്രാൻറുകൾ.

കരിയർ: സി എസ് ഐ ആർ ഗോവയിൽ കരിയർ, തുടങ്ങുന്നു .ചീഫ് സയന്റിസ്റ്റ് ആയി 2015 വരെ തുടർന്നു. ദേശീയ ഏജൻസിയിൽ 2017 വരെ കൺസൾട്ടന്റ്. ഇന്ത്യൻ ഓഷ്യനിലെ സമുദ്രനിരപ്പിലുണ്ടാകുന്ന വ്യതിയാനങ്ങളെപ്പറ്റി വിവിധ ഗവേഷണങ്ങൾ. പുസ്തകങ്ങളും ഫീച്ചറുകളുമായി 75 ലധികം നാഷനൽ, ഇന്റർനാഷനൽ പ്രസിദ്ധീകരണങ്ങൾ. കാലാവസ്ഥാ/ സമുദ്രനിരപ്പിലെ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട നിരവധി ഗവൺമെന്റ് കമ്മിറ്റികളിൽ, രാജ്യാന്തര ഡെലിഗേഷനുകളിൽ എക്സ്പർട്ട് മെമ്പർ.

സഹധർമ്മിണി :ഡോക്ടർ ജയശ്രീ, പനാജി പോളിടെക്നിക്കിൽ ലക്ചറർ. മകൻ: ദിലീപ് സി.ഐ.എസ്.എഫിൽ എഞ്ചിനീയറാണ് ഡൽഹിയിൽ.


നോബൽ സമ്മാനത്തിലെ മലയാളി സ്പർശം

സമാധാനത്തിനുള്ള നോബൽസമ്മാനം നേടിയ ഐ.പി.സി.സി.യിലെ മലയാളി സാന്നിധ്യമായ ഡോ. എ.എസ്. ഉണ്ണികൃഷ്ണനെപ്പറ്റി

എ.എം. പ്രീതി

...കൾ തെളിവാകുന്നു

*മാതൃഭൂമിയിൽ വന്ന വാർത്ത*

ണം. അന്താരാഷ്ട്ര ഫോറങ്ങളിൽ മെമ്പർമാരായ രാജ്യങ്ങളിലെല്ലാം ഇതിനായി ഏകീകൃത നിയമനിർമ്മാണങ്ങളും അതിന്റെ മോണിട്ടിറങ്ങും നിർബന്ധമാണ്. അമേരിക്കയിൽ രൂപപ്പെടുന്ന മാലിന്യവ്യൂഹം പ്രശ്നം സൃഷ്ടിക്കുന്നത് ഗ്ളോബിന്റെ മറ്റേ അറ്റത്തുള്ള ഏഷ്യൻ രാജ്യങ്ങളിലായിരിക്കാം. ചിലപ്പോൾ തിരിച്ചും. അതായത് നിയമ നിർമ്മാണത്തെ ഒരു ഗ്ലോബൽ പെഴ്സ്പെക്ടീവിൽ കാണണമെന്നർത്ഥം. ഇവിടെ സയൻസ് ലാബറട്ടറികളിൽ നിന്ന് ലോകജനതയിലേക്ക്, രാജ്യാതിർത്തികളുടെ അതിർവരമ്പുകൾ കണക്കാക്കാതെ ,നേരിട്ട് ഇറങ്ങുകയാണ്.ശാസ്ത്രം ജനനന്മക്കും ലോകനന്മക്കും.ഈ അറിവും അതിന്റ ആക്ഷനുകളും ലോകത്ത് രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെ കുറക്കുന്നു.പരിസ്ഥിതിയെ കൂടുതൽ സന്തുലമാക്കുന്നു.ഭൂമിയെയും മനുഷ്യരാശി ഉൾപ്പെട്ട ജീവലോകത്തെയും വലിയ പരുക്കുകൾ കൂടാതെ നില നിർത്താൻ സഹായിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ ആവശ്യാനുസരണമായ ലഭ്യതയും ഉപയോഗവും ആത്യന്തികമായി സമാധാനത്തിലേക്ക് നയിക്കുമല്ലോ.കണ്ടുപിടുത്തങ്ങൾക്കപ്പുറത്ത് ലക്ഷ്യവേധിയായ ആക്ഷ

**കണ്ടുപിടുത്തങ്ങൾക്കപ്പുറത്ത് ലക്ഷ്യവേധിയായ ആക്ഷനുകൾ കൂടി ഉണ്ടായി. മലിനീകരണം കുറയ്ക്കുന്ന പ്രായോഗികമായ നിയന്ത്രണങ്ങളും നിയമങ്ങളും ലോകവ്യാപകമായി നിലവിൽ വന്നതിന്റെ പിന്നിൽ ഇവരുടെ കണ്ടെത്തലുകൾ പ്രധാന പങ്ക് വഹിച്ചു.വാഹനപ്പുകയുടെ കാര്യത്തിൽ പാലിക്കേണ്ട യൂറോ വൺ നിലവാരമൊക്കെ നമുക്കും പരിചയവുമാന്നത് 2010 ന് ശേഷമാണല്ലോ.**

നുകൾ കൂടി ഉണ്ടായി എന്നതാണ് ഐപിസിസി പ്രവർത്തനങ്ങളെ വ്യത്യസ്തമാക്കുന്നത്. മലിനീകരണം കുറയ്ക്കുന്ന പ്രായോഗികമായ നിയന്ത്രണങ്ങളും നിയമങ്ങളും ലോകവ്യാപകമായി നിലവിൽ വന്നതിന്റെ പിന്നിൽ IPCC യുടെ കണ്ടെത്തലുകൾ പ്രധാന പങ്ക് വഹിച്ചു.വാഹനപ്പുകയുടെ കാര്യത്തിൽ പാലിക്കേണ്ട യൂറോ വൺ നിലവാരമൊക്കെ നമുക്കും പരിചയവുമാന്നത് 2010 ന് ശേഷമാണല്ലോ.

വേദജ്ഞരുടെ ഇല്ലമാണ് ആലയ്ക്കാട്. പാരമ്പര്യമായി യജുർവേദികൾ. അച്ഛൻ ശങ്കരൻ നമ്പൂതിരി ഒന്നാന്തരം ഓത്തനായിരുന്നു. ഉണ്ണിക്കൃഷ്ണനും വിധിയാംവണ്ണം മുതലോറയുണ്ടായി. വേദത്തിന്റെ കൂടെ കുട്ടികൾക്കായി അറിവിന്റെ വാതിലുകളെല്ലാം തുറക്കപ്പെട്ടു. ഡോക്ടർ ഉണ്ണിക്കൃഷ്ണന്റെ വാക്കുകളിങ്ങനെ. ☐☐അച്ഛൻ നൽകിയ ഫ്രീഡം ഓഫ് തിങ്കിംഗ് വല്ലാത്തൊരു ആത്മവിശ്വാസമാണ് പകർന്നു നൽകിയത് ☐.

വിശ്രമമില്ലാതെ ഇന്നും പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്ന ഈ ശാസ്ത്രജ്ഞന്റെ റെസ്യൂമെയിൽ ഇങ്ങിനെ കാണാം. Minute contributions for IPCC for getting Nobel prize for Peaceiece along with Mr Al Gore.

വിനയത്തിന്റെ വലുപ്പത്തിനു മുമ്പിൽ നമുക്ക് ശിരസ്സു നമിക്കാം അഭിവാദയേ....

Dr. AS Unnikrishnan
F8, Shreyas Co-Operative Housing Society,Shreyas co op society,Reogo Bbagh,Alto Santa Cruz,Bombolimn Ccomplex
Goa: 403202
Mobile: 9637097405
as.unnikrishnan@gmail.com
വിനോദ് മങ്ങത്തായ
മൊബൈൽ: 9895621493



### എഞ്ചിനീയർ ... തിരക്കഥാകൃത്ത്... സംവിധായിക...

# ഈ നമ്പൂതിരിപ്പെൺകുട്ടി ഇതെല്ലാമാണ്

വ്യാജ ചാരക്കേസിൽ ബലിയാടാക്കപ്പെട്ട ISRO ശാസ്ത്രജ്ഞനായിരുന്ന നമ്പി നാരായണന്റെ കഥ (ബയോപിക്ക് )ഇയ്യിടെ ഫീച്ചർ സിനിമയായി വന്നു .റോക്കട്രി. 'ത്രീ ഇഡിയറ്റ്സി'ലൂടെ പ്രസിദ്ധനായ ആർ മാധവൻ പ്രധാന കഥാപാത്രമായി അഭിനയിച്ച സിനിമ മലയാള മടക്കം നിരവധി ഭാഷകളിൽ ഡബ് ചെയ്യപ്പെട്ടു .അന്യഭാഷാ സിനിമകൾക്കുള്ള ഓസ്കാർ പ്രാഥമിക നോമിനേഷനും നേടി.റോക്കട്രിയുടെ ഹിന്ദി ,ഇംഗ്ലീഷ് തിരക്കഥയൊരുക്കിയത് വിടി ഭട്ടതിരിപ്പാടിന്റെ അയൽനാട്ടുകാരിയായ നമ്പൂതിരിപ്പെൺകിടാവാണ് .ശ്രീദേവി കൃഷ്ണൻ .കേന്ദ്ര സർവീസിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന കൂറ്റനാട് പാറയിൽ മന കൃഷ്ണൻ നമ്പൂതിരി -ഗംഗാദേവി ദമ്പതിമാരുടെ മകൾ .

തിരുവനന്തപുരം സി ഇ ടി യിൽ നിന്ന് ബിടെക്. കാമ്പസ് സെലക്ഷനിൽ, നല്ല പ്ളേസ്മെന്റ് കിട്ടി .പക്ഷേ സിനിമയായിരുന്നു ശ്രീദേവിയുടെ സ്വപ്നം . അമാന്തിച്ചില്ല ,ആ എഞ്ചിനീയർ കൊൽക്കൊത്തയിലെ സത്യജിത് റേ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. ഡയറക്ഷനിലും സ്ക്രീൻ പ്ലേ റൈറ്റിങ്ങിലും പി ജി ഡിപ്ളോമ നേടി.

കരിയറിന്റെ തുടക്കം തിരക്കഥാരചനയിൽ .അതും പ്രശസ്തരുടെ കൂടെ . മലയാളിയായ ബോളിവുഡ് സംവിധായകൻ ബിജോയ് നമ്പ്യാരുടെ (ശയ്ത്താൻ ,വസീർ ഫെയിം) ഡയറക്ഷനിൽ ദുൽക്കർ സൽമാൻ അഭിനയിച്ച സോളോ ആയിരുന്നു ശ്രീദേവിയുടെ ആദ്യത്തെ ഫീച്ചർ ഫിലിം. ഇതിലെ 'വായു' എന്ന ഭാഗത്തിന്റെ തിരക്കഥാകൃത്തും അസോസിയേറ്റ് ഡയറക്ടറും ശ്രീദേവിയായിരുന്നു .2014ൽ ശ്രീദേവി ഒരുക്കിയ പെഹലു (Perspective) എന്ന ചിത്രം ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈ എടുത്ത് ധാരാളം അന്താരാഷ്ട്ര മേളകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട് .

2019 വരെ മുംബൈയിൽ ബിജോയ് നമ്പ്യാരുടെ കീഴിൽ സ്ക്രിപ്റ്റ് റൈറ്ററും അസോസിയേറ്റ് ഡയറക്ടറുമായി വർക്ക് ചെയ്തു.ഇറോസ് എന്റർടെയിൻമെന്റിനു കീഴിൽ ഫ്ളിപ്പ് എന്ന ഹിന്ദി വെബ് സീരീസ് അക്കാലത്താണ് ചെയ്തത് .സോണിക്കു വേണ്ടി പത്ത് എപ്പിസോഡുള്ള മറ്റൊരു വെബ് സീരീസും തയ്യാറാക്കിയിട്ടുണ്ട് .

ഇപ്പോൾ ശ്രീദേവി മലയാളത്തിൽ സ്വന്തം തിരക്കഥയായ ഖുബ്ബൂൽ സംവിധാനം ചെയ്ത് ഒരുക്കാനുള്ള പരിശ്രമത്തിലാണ് .താമസം തൃപ്പൂണിത്തുറയിൽ .ജ്യേഷ്ഠൻ വിഷ്ണുനാരായണൻ യുകെയിൽ കെമിക്കൽ എഞ്ചിനീയർ.

# സഫലമീ യാത്ര

**മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരിയെ ഐകകണ്ഠ്യേന പ്രസിഡണ്ടായി തെരഞ്ഞെടുക്കുമ്പോൾ തടുക്കശ്ശേരി പഞ്ചായത്തിന് കെട്ടിടമൊന്നുമില്ല. ഇല്ലത്തെ പത്തായപ്പുരയെ പഞ്ചായത്താഫീസാക്കി. പഞ്ചായത്തിലുടനീളം സ്നേഹവാത്സല്യങ്ങളുടെ 'ബ്രാഹ്മണിക്കൽ ഹെജിമണി'യാണ് ജനകീയനായ ഈ നേതാവിന് കേരളശ്ശേരിക്കാർ നൽകിയത്.**



*നീലകണ്ഠൻ നമ്പൂതിരി മല്ലിശ്ശേരി എസ്റ്റേറ്റിൽ*

മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരി യാത്രയായി.1923 മെയ് 8 ന് ജനനം. അക്ഷരാർത്ഥത്തിൽ നൂറു വർഷങ്ങൾ തികയുന്ന പുണ്യജീവിതം. 2023 ജനുവരി 8 ന് അസ്തമിച്ചു.

നൂറ്റാണ്ടു നീളുന്ന കർമ്മസപര്യയിൽ പ്രധാനം സമൂഹസേവനം തന്നെയായിരുന്നു. മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരിയെ പ്രസിഡണ്ടായി തെരഞ്ഞെടുക്കുമ്പോൾ തടുക്കശ്ശേരി പഞ്ചായത്തിന് കെട്ടിടമൊന്നുമില്ല. വാടകക്ക് എടുക്കാൻ വരുമാനവുമില്ല. ഇല്ലത്തെ പത്തായപ്പുരയെ പഞ്ചായത്താഫീസാക്കി. പഞ്ചായത്ത് ഹെൽത്ത് സെന്റർ, കേരളശ്ശേരി ഹൈസ്കൂളും ശ്രീകൃഷ്ണപുരം വി ടി ഭട്ടതിരിപ്പാട് സ്മാരക കോളേജും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ; ഗ്രാമങ്ങളുടെ വിദൂര ഭാഗങ്ങളിൽപ്പോലും നല്ല റോഡുകൾ; പഞ്ചായത്തിലെ പ്രഥമ പൗരൻ നേതൃത്വം നൽകിയ പ്രൊജക്ടുകൾ നിരവധിയാണ്.

നാട്ടിലെ ഓരോ സ്പന്ദനവും എന്നുമറിഞ്ഞു. പഞ്ചായത്തിലുടനീളം സ്നേഹവാത്സല്യങ്ങളുടെ 'ബ്രാഹ്മണിക്കൽ ഹെജിമണി'യാണ് ജനകീയനായ ഈ നേതാവിന് കേരളശ്ശേരിക്കാർ നൽകിയത്. 1959 ൽ ഒറ്റപ്പാലം താലൂക്കിലെ ആദ്യ റബ്ബർ പ്ളാന്റേഷൻ തുടങ്ങിയത് മല്ലിശ്ശേരിയായിരുന്നു. മല്ലിശ്ശേരി എസ്റ്റേറ്റിൽ 30 വർഷങ്ങളുടെ ഇടവേളകളിൽ രണ്ടു പ്രാവശ്യം കാലാവധി കഴിഞ്ഞ റബ്ബർ മൊത്തം റീ പ്ളാന്റ് ചെയ്തു. ഒരു മനുഷ്യായുസിൽ അധികം പേർക്ക് സാധിക്കാത്തതാണ് ഇത്. കാരണം ആയുസിന് അത്രക്ക് നീളമുണ്ടാവുക എളുപ്പമല്ല.

കാർഷികമേഖലയിലെ പുതു പരീക്ഷണങ്ങളെ എന്നും പ്രോത്സാഹിപ്പിച്ചു. കുഞ്ചുനായരെപ്പോലുള്ള മഹാരഥന്മാർക്ക് തട്ടകമായ വാഴേങ്കട നരസിംഹമൂർത്തി ക്ഷേത്രത്തിന്റെ ട്രസ്റ്റിയായി മരണം വരെ പ്രവർത്തിച്ചു.

# കോങ്ങാട് മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരി


പ്രഥമ പ്രസിഡണ്ട് ,പാലക്കാട് ജില്ലയിലെ
കേരളശ്ശേരി (പഴയ തടുക്കശ്ശേരി)
ഗ്രാമപഞ്ചായത്ത്.
ജനനം: 1923 മെയ് 8
മരണം: 2023 ജനുവരി 8
അച്ഛൻ: നീലകണ്ഠൻ നമ്പൂതിരി
അമ്മ: തെക്കുമ്പാട്ട് മഹൾ നങ്ങേലി അന്തർജനം
സഹധർമ്മിണി: തടുക്കശ്ശേരി മഹൾ
സരസ്വതി അന്തർജനം (2012ൽ നിര്യാതയായി)
മക്കൾ: നീലകണ്ഠൻ, ശങ്കരൻ,
പരമേശ്വരൻ,അർച്ചന.
പുത്ര ഭാര്യമാർ: ഗൗരി, ലീല, ശാലിനി
ജാമാതാവ്: ഡോക്ടർ പരമേശ്വരൻ.
2023 ഫെബ്രുവരി 19 ന്
സപിണ്ഡീകരണം നടന്നു.



*നീലകണ്ഠൻ നമ്പൂതിരി സഹധർമ്മിണിയ്ക്കും മക്കൾക്കുമൊപ്പം 1970കളിലെഫോട്ടൊ*

രാവിലെ 5 മണിക്ക് തുടങ്ങുന്ന ദിവസങ്ങൾ. നടത്തവും നാരായണീയ പാരായണവും പത്രവായനകളും ചേർന്ന നീലകണ്ഠൻ നമ്പൂതിരിയുടെ ദിനചര്യ നൂറു വർഷങ്ങൾ നീണ്ടു. വിശ്രമമില്ലാത്ത ഈ കർമ്മയോഗിയുടെ സേവനങ്ങളും സംഭാവനകളും നിരവധി പേർക്ക് അത്താണിയായി. കൃത്യനിഷ്ഠയുടെ ഈ തമ്പുരാൻ തന്റെ ജീവിത യാത്രക്ക് വിരാമമാകും വരെ നടന്നു തീർത്തത് അളവറ്റ ദൂരമായിരുന്നു. യാത്രയിലുടനീളം ഇല്ലത്തുള്ളവർക്കും സ്വന്തം നാട്ടാർക്കും ജാഗ്രതയോടെ പകർന്നു നൽകിയത് നിറഞ്ഞ സ്നേഹവും.മല്ലിശ്ശേരി നീലകണ്ഠൻ നമ്പൂതിരിയുടെ, നാട്ടാരുടെ സ്വന്തം മുത്തച്ഛന്റെ ധന്യസ്മൃതികൾക്ക് ഒരിക്കലും മരണമില്ല. ●

മല്ലിശ്ശേരി അനിയന്റെ
കോൺടാക്ട് നമ്പർ:
9446941884



Sankaran. M. N
Mallisserymana
Parassery post
Kongad via.
Palakkad Dist.
Pin: 678631
Ph: 9446941884

**രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രക്കും മുമ്പാണ് ആളും അർത്ഥവും ഷർട്ടും മൊബൈലും ഒന്നും കൂട്ടില്ലാതെ ഒരു നമ്പൂതിരി ഭാരതം രണ്ടു വട്ടം നടന്നു കണ്ടത്. അദ്ദേഹത്തെ അടുത്തു പരിചയപ്പെടാൻ അവസരമുണ്ടായ അരീക്കോട് ഉപസഭാ സെക്രട്ടറി കൂടിയായ തെഞ്ചീരി ഹരി എഴുതുന്നു.**

## നടന്നു നേടിയ സാമ്രാജ്യം

# ഭാരതായണം



പള്ളിപ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരി യാത്രക്കിടയിലെ ഒരു ദൃശ്യം

പള്ളിപ്പാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരി. രണ്ടു വട്ടം കാൽനടയായി ഭാരതപര്യടനം നടത്തിയ ആൾ. ശങ്കരാചാര്യർ കാൽനടയായി സഞ്ചരിച്ച് സ്ഥാപിച്ച ചതുർമഠങ്ങളിൽ അദ്ദേഹത്തിനു ശേഷം കാൽനടയായി എത്തിച്ചേർന്ന മറ്റൊരു കേരളീയ ബ്രാഹ്മണൻ ഒരു പക്ഷേ പള്ളിപ്പാട് മാത്രമായിരിക്കും. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിനു മുന്നിൽ പ്രണാമം!

എന്റെ നാട്ടിലെ വിളയിൽ പുതിയകാട് ഇല്ലത്ത് ഒരു പടിപാടിയിൽ പങ്കെടുക്കാൻ വന്നതായിരുന്നു അദ്ദേഹം. യോഗക്ഷേമസഭയുടെ മലപ്പുറം ജില്ലാവനിതാസഭാ ക്യാമ്പിൽ വച്ചാണ് ഈ മഹാത്മാവിനെ പരിചയപ്പെട്ടത്. തൃശ്ശൂർ ജില്ലയിൽ അന്തിക്കാട്ടിനടുത്ത് ചാഴൂർ പള്ളിപ്പാട് മനയിൽ ജനനം. അച്ഛൻ ശങ്കരനാരായണൻ നമ്പൂതിരി എന്ന പി.എസ്.എൻ. 37 വർഷം ചാഴൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അമ്മ ആര്യ അന്തർജ്ജനം. മൂന്നു ജ്യേഷ്ഠസഹോദരൻമാരുണ്ട്. അവിവാഹിതൻ.

കണ്ടാൽ സാധാരണ നമ്പൂതിരിമാരെപ്പോലെത്തന്നെ. എന്നാൽ കാഴ്ചക്കപ്പുറത്താണ് അദ്ദേഹത്തിന്റെ മഹത്വം.

ഭാരതീയ സന്യാസി പാരമ്പര്യമനുസരിച്ച് യാതൊരു സംഘർഷങ്ങളും കൂടാതെയുള്ള ശാന്തി തേടി ഭാരതത്തെയും വിവിധ സംസ്കാര ഭാഷകളാൽ കോർത്തിണക്കപ്പെട്ട ഭാരതീയരെയും കണ്ടറിയാനുള്ള അദ്ദേഹത്തിന്റെ ശ്രമം വേറിട്ടതാണ്.

2019 ലാണ് 74 ദിവസം നീണ്ടു നിന്ന 3000 കിലോമീറ്റർ കാൽനടയാത്ര കാശിയിലേക്ക് നടത്തിയത്. ഒരു ദിവസം ശരാശരി 40 കിലോമീറ്റർ നടന്നാണ് ഇത് പൂർത്തിയാക്കിയത്. അർദ്ധനഗ്നനായി കഠിനചൂടിലും തണുപ്പിലും കാൽനടയായി യാത്ര ചെയ്തു. രണ്ടു തോർത്തുമുണ്ടും ഭിക്ഷാപാത്രവും വെള്ളക്കുപ്പിയും വിരിപ്പായി ഉപയോഗിക്കാൻ പ്ലാസ്റ്റിക് ഷീറ്റും ടോർച്ചും കുടയും മാത്രം. ഏറെ അത്ഭുതമുളവാക്കുന്നത് ഒരു ചില്ലിക്കാശുപോലും കരുതാതെ സ്വന്തം വീട്ടുകാരുമായോ നാട്ടുകാരുമായോ യാതൊതുതരത്തിലും ബന്ധപ്പെടാതെയായിരുന്നു ഈ യാത്ര എന്നതാണ്. ദാനമായി കിട്ടിയത് ഭക്ഷിച്ച് ജാതിമത ഭേദമന്യേ എത്തുന്ന ഇടത്ത് കിടന്നുറങ്ങി പള്ളിപ്പാട് യാത്ര പൂർത്തിയാക്കി.

‘ ഒരിക്കൽപ്പോലും മുഴുപ്പട്ടിണിയായില്ല, ആരും യാതൊരു തരത്തിലും ഉപദ്രവിക്കാൻ ശ്രമിച്ചുമില്ല’ അദ്ദേഹം പറയുന്നു.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് പൂജയും തന്ത്രവിദ്യയും പഠിക്കാനെത്തിയ ശിഷ്യന്റെ സ്വഭാവപ്രത്യേകതകൾ തിരിച്ചറിഞ്ഞ ഗുരു നീലകണ്ഠൻ നമ്പൂതിരി ഉണ്ണിക്കൃഷ്ണനെ പൂജാപഠനത്തിന് നിർബന്ധിച്ചില്ല. അദ്ദേഹമാണ് ശിഷ്യനോട് യാത്രക്കു പോകാൻ നിർദ്ദേശിച്ചത്. അങ്ങനെ 20 വർഷത്തോളം ബദരീനാഥിൽ കഴിഞ്ഞു.

ശൈത്യകാലത്ത് അമ്പലം അടയ്ക്കുമ്പോൾ ആറു മാസം നാട്ടിൽ തിരിച്ചെത്തും. ഇതിനിടയ്ക്ക് ഒരു കേരളപര്യടനത്തിന് പദ്ധതിയിട്ടിരുന്നു, കേരളത്തിലെ തൊള്ളായിരത്തിലധികം വരുന്ന ഗ്രാമങ്ങളിൽ ഓരോ ദിവസം വീതം ചെലവഴിക്കാൻ.

മൂന്നു വർഷത്തെ ബൃഹദ് പദ്ധതി. ഒടുവിൽ വേണ്ടെന്നുവെച്ചു.

പിന്നെയാണ് ഭാരതയാത്രക്കുള്ള ഉൾവിളി വന്നത്.

അനുഭവങ്ങളുടെ കരുത്താണ് ഈ യാത്രകൊണ്ട് നേടിയത്.

തെലങ്കാനയിലെ ഒരനുഭവം പറയാം. കർഷകരായ ആതിഥേയർ ഭക്ഷണം വിളമ്പി. അതു കഴിച്ചശേഷം കുടിക്കാൻ വെള്ളം ചോദിച്ചു, ഭാഷയറിയാത്തതിനാൽ ആംഗ്യത്തിൽ. എത്ര പറഞ്ഞിട്ടും അവർക്കു മനസ്സിലാകാത്തതു പോലെ. ഒടുവിൽ കൈയിലെ കുടിവെള്ളക്കുപ്പി കാട്ടിയും മറ്റും ശ്രമം തുടർന്നപ്പോൾ ഗൃഹനാഥ വീട്ടിനകത്തുനിന്നും ഒരു പാത്രം കൊണ്ടുവന്ന് ഉയർത്തിക്കാട്ടി. അതിനകത്ത് കഷ്ടിച്ച് രണ്ടു ഗ്ലാസ് വെള്ളമേ ഉണ്ടായിരുന്നുള്ളൂ. ആ വീട്ടിൽ ആകെ ബാക്കിയുള്ളത്. ആ ഗ്രാമത്തിൽ വെള്ളമെത്തിയിട്ട് ദിവസങ്ങളായെന്ന് വഴിക്കുവന്ന ഹിന്ദി അറിയുന്ന ഒരാൾ വിശദീകരിച്ചു.

'നോക്കൂ, കുടിക്കാൻപോലും തികയാത്ത വെള്ളം ഊരും പേരുമറിയാത്ത ഒരു ഭിക്ഷാംദേഹിക്ക് കുളിക്കാൻ കൊടുത്തവരുടെ മനസ്സിന്റെ വലിപ്പം നമ്മളറിയുന്ന വിദ്യാസമ്പന്നർക്കുണ്ടാവുമോ?' നിർമമമായി ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി ചോദിക്കുന്നു. അതാണ് ഇന്ത്യയുടെ മഹത്വം.

എന്തുകൊണ്ടാണ് തോർത്തുമുണ്ട് യാത്രാവേഷമാക്കിയത്?

സൗകര്യം തന്നെ പ്രധാനം. വെള്ളത്തിന്റെ ലഭ്യത കുറഞ്ഞയിടങ്ങളിൽ സഞ്ചരിക്കുമ്പോൾ തുണിയലക്കാൻ ഒരുപാട് വെള്ളം സംഘടിപ്പിക്കുക എളുപ്പമാവില്ല. അഥവാ അലക്കാനായില്ലെങ്കിൽ, മുഷിഞ്ഞ തുണിയുടെ വലിപ്പം കുറയ്ക്കുകയാണല്ലോ അഭികാമ്യം. ചെറുപ്പത്തിൽ മലപ്പുറത്തുനിന്നും മാതൃസഹോദരൻ തോർത്തുമുണ്ടുടുത്ത് ബസിൽ യാത്ര ചെയ്ത് അന്തിക്കാട്ടെത്തിയ ഓർമയുമുണ്ട്. ഈ തോർത്തുമുണ്ട് ഒന്നു രണ്ടു ക്ഷേത്രങ്ങളിൽ പ്രവേശനം തടഞ്ഞെങ്കിലും മറ്റു പ്രശ്നങ്ങൾക്കൊന്നും കാരണമായില്ല. മധുരയിലെ ഒരു ക്ഷേത്രത്തിൽ കയറാൻ അധികൃതർ സമ്മതിച്ചില്ല. അന്വേഷിച്ചപ്പോൾ കോടതിവിലക്കാണ് കാരണം എന്നു മനസ്സിലായി. പക്ഷേ, മറ്റൊരാൾ മുണ്ടു തന്നു. അങ്ങനെ ക്ഷേത്രദർശനം സാധ്യമായി.



*ഉണ്ണികൃഷ്ണൻ നമ്പൂതിരിക്കൊപ്പം ലേഖകൻ തെഞ്ചീരി ഹരി*

കൈയിൽ ഒരു പൈസയുമില്ലാതെ ഇത്രയും ദൂരം യാത്ര ചെയ്യുമ്പോൾ എങ്ങനെയാണ് ആവശ്യങ്ങൾ നടന്നുപോയത്? നമുക്കാണെങ്കിൽ ആരോടെങ്കിലും ചോദിക്കാൻ മനുഷ്യസഹജമായ അഭിമാനം അനുവദിക്കില്ല. പക്ഷേ, അങ്ങനെയൊരു പ്രശ്നമില്ല, ഏതാനും ദിവസം കൊണ്ടു തീരുന്ന കാര്യമാണത്. ഭക്ഷണം ജീവൻ നിലനിർത്താൻ അത്യാവശ്യമാണല്ലോ. അതിനാൽ ചോദിക്കാൻ മടിക്കേണ്ട കാര്യമില്ല എന്ന് അദ്ദേഹം പറയും.

കാശിയാത്രയ്ക്ക് ആത്മസാക്ഷാത്കാരം പോലെ എന്തെങ്കിലും ലക്ഷ്യമുണ്ടായിരുന്നോ എന്നാവും ചിലരുടെ സംശയം. അങ്ങനെയൊരു ലക്ഷ്യവുമായി പോയാൽ സാധിക്കുന്ന കാര്യമാണോ ആത്മസാക്ഷാത്കാരം എന്നാവും മറുപടി. യാത്രയുടെ അനുഭവത്തെക്കുറിച്ചാണെങ്കിൽ അത് വാക്കുകളാൽ വിവരിക്കാനാവാത്തതാണെന്നും. യാത്രയെക്കുറിച്ച് എഴുതാനുദ്ദേശ്യമില്ല. അതിന് കാരണമുണ്ട്.

തനിക്ക് അത്രയ്ക്ക് അറിവില്ല എന്നതുതന്നെ.

ഗൃഹസ്ഥാശ്രമം ഉപേക്ഷിച്ചതാണോ എന്നു ചോദിക്കുമ്പോൾ വിവാഹം വേണ്ടെന്നു വെച്ചെന്നേയുള്ളൂ എന്ന് മറുപടി പറയും. ഉപേക്ഷിക്കലും വേണ്ടെന്നു വെക്കലും രണ്ടാണല്ലൊ.


ഒന്നാം യാത്രയിലെ അനുഭവസമ്പത്ത് ഉൾക്കൊണ്ട് 2022 ജനുവരിയിൽ കന്യാകുമാരി നിന്ന് ആരംഭിച്ച് ഭാരതത്തിന്റെ പടിഞ്ഞാറൻ തീരത്തുകൂടി കേരളം, കർണ്ണാടകം, മഹാരാഷ്ട്ര കടന്ന് ഗുജറാത്ത് ദ്വാരകാ പീഠം, ഡൽഹി വഴി ബദരീ പീഠം. അവിടുന്ന് പുരി കാഞ്ചി പീഠങ്ങളിലും സന്ദർശിച്ച് കഴിഞ്ഞ ഡിസംബറിൽ കന്യാകുമാരിയിൽ തിരിച്ചെത്തി. ഭാരതത്തെയും ഭാരതീയരെയും അറിഞ്ഞ ഇദ്ദേഹം പറയുന്നു

ഭിക്ഷ നല്കാൻ അല്പം വൈമനസ്യം നമ്മൾ കേരളീയർക്കു മാത്രമാണെന്ന്. മഹത്തുക്കൾ ഏത് നേരം ,ഏത് രൂപത്തിൽ ,നമുക്ക് ദരശനം നല്കുമെന്നറിയില്ല. ആയതിനാൽ എല്ലാവരേയും ഈശ്വരാംശമായി കണ്ട് സ്നേഹിക്കാം നമിക്കാം.

ആദ്യത്തെ കാശി യാത്രയിൽ ദിവസം 40 കിലോ മീറ്റർ നടന്നു. എന്നാൽ രണ്ടാം

പുതിയ യാത്രയിൽ 30 കിലോ മീറ്ററായി ചുരുക്കി. കന്യാകുമാരിയിൽ നിന്നാരംഭിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി തീരങ്ങൾ വഴി കേരളത്തിലൂടെയായിരുന്നു രണ്ടാം യാത്ര. യാത്രാനുഭവങ്ങൾ ക്യാമ്പിലെ അംഗങ്ങളുമായി അദ്ദേഹം പങ്കുവച്ചു ●


തെഞ്ചീരി ഹരി
തെഞ്ചീരി ഇല്ലം,
പി.ഒ വിളയിൽ, പിൻ: 673641
മലപ്പുറം ജില്ല
മൊബൈൽ: 9446153308
ഉണ്ണികൃഷ്ണൻ നമ്പൂതിരി
മൊബൈൽ: 9495087655

## ചോദ്യം / ഉത്തരം

എന്തിനായിരുന്നു യാത്ര ?

എന്താണ് ഈ ലോകത്തിന്റെ ഒരു സംവിധാനം എന്നു മനസ്സിലാക്കാൻ.

യാത്ര കഴിഞ്ഞപ്പോൾ മനസ്സിലായത് ?

നമ്മൾ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല. എല്ലാം മുറപോലെ നടന്നുകൊള്ളും എന്ന്.



*ഭക്തകവി പൂന്താനം ജീവിച്ച മലപ്പുറം കീഴാറ്റൂരിലെ ഇല്ലം*

**ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റു വേണമോ മക്കളായ്. പൂന്താനത്തിന്റെ ഈ വരികൾ അറം പറ്റിയ ഒന്നായി. ഭക്തകവിയുടെ ഏറ്റവും ഒടുവിലത്തെ പിൻഗാമിയായ പൂന്താനം രാമൻ നമ്പൂതിരി കഥാവശേഷനായപ്പോൾ ആ ഇല്ലത്ത് പിൻതുടർച്ചക്കാർ ഇല്ലാതെ പോയി. ഇല്ലമാകട്ടെ ഗുരുവായൂർ ദേവസ്വത്തിന് സമർപ്പിക്കുകയും ചെയ്തു. തന്റെ അമ്മയുടെ അമ്മാത്തായ പൂന്താനം ഇല്ലത്തെയും അമ്മാമനായ പൂന്താനം രാമൻ നമ്പൂതിരിയെയും കെ.പി. നിലീന അനുസ്മരിക്കുന്നു**

# പൂന്താനത്തെ അമ്മാമൻ

**നിലീന കെ.പി.**



മോട്ടോർ സൈക്കിളും രണ്ടു കാറുകളും പൂന്താനത്തുണ്ടായിരുന്നു. ആര്യ അന്തർജ്ജനത്തെയും കാറോടിക്കാൻ പഠിപ്പിച്ചിരുന്നു വത്രേ! നമ്പൂതിരിമാർക്കിടയിലെ ആദ്യത്തെ ബസ് മുതലാളിയും അദ്ദേഹമായിരുന്നിരിക്കണം- 1940 കളിലാണ് ബസ് സർവീസ്.

അമ്മയുടെ അമ്മാമനെ, പൂന്താനം ഇല്ലത്തെ അവസാനത്തെ കണ്ണിയായ രാമൻ നമ്പൂതിരിയെ ഞാൻ കണ്ടിട്ടില്ല. പക്ഷേ, ധാരാളം കേട്ടിട്ടുണ്ട് ഇല്ലത്തെ മുത്തശ്ശിയിൽ നിന്ന്. മുത്തശ്ശിയുടെ ജ്യേഷ്ഠത്തിയുടെ മകനായിരുന്നു കുട്ടൻ എന്ന് വിളിച്ചിരുന്ന പൂന്താനം രാമൻ നമ്പൂതിരി.

പിന്നീട് അമ്മാമന്റെയും അമ്മായിയുടെയും കാലശേഷം ഇല്ലത്തിന്റെയും അമ്പലത്തിന്റെയും അവകാശം അവണൂര് ഉള്ളവർക്ക് (രാമൻ നമ്പൂതിരിയുടെ സഹോദരിയുടെ മക്കൾക്ക്) വന്നുചേർന്നതിനു ശേഷമാണ് പൂന്താനത്തെ വിശേഷങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയത്. ഗുരുവായൂർ ദേവസ്വത്തിന് ഇല്ലവും അമ്പലവും സമർപ്പിച്ചശേഷമാണ് ആ പുണ്യഭൂമി സന്ദർശിക്കുവാൻ ഭാഗ്യം കിട്ടിയത്.

പൂന്താനത്തിന് നമ്മുടെ മനസ്സിലുള്ള സ്ഥാനം പറയേണ്ടതില്ലല്ലോ. പതിനാറാം നൂറ്റാണ്ടിൽ മധുരലളിതമായ ഭാഷാകവിതകളിലൂടെ ഈശ്വരഭജനം ചെയ്ത അദ്ദേഹത്തിന്റെ ജന്മഗൃഹം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്തുള്ള കീഴാറ്റൂരിലാണ്. അദ്ദേഹത്തിന്റെ ഏഴാം തലമുറയാണ് രാമൻ നമ്പൂതിരി.

1902 ഇടവമാസം 12 ന് ആണ് രാമൻ നമ്പൂതിരി ജനിച്ചത്. അച്ഛൻ നാരായണൻ നമ്പൂതിരി. അമ്മ ശ്രീ




*ഭക്തകവി പൂന്താനം ഉടലോടെ സ്വർഗ്ഗത്തിൽ പോയതെന്ന് വിശ്വസിക്കുന്ന സ്ഥലം*

ദേവി അന്തർജനം മൂക്കുതല മൂത്തേടത്ത് മകൾ. ആനമങ്ങാട് അവണൂർ ദാമോദരൻ നമ്പൂതിരിയുടെ പത്നി സാവിത്രി ഏക സഹോദരിയും. കുരുവമ്പലം മൂത്തകൊരമ്പ് മനയിൽ നിന്ന് ആര്യ അന്തർജ്ജനത്തെയാണ് വേളി കഴിച്ചത്.

വിവാഹശേഷം ആര്യ അന്തർജ്ജനത്തിന്റെ സഹോദരിമാരെയും അനുജനെയും പൂന്താനത്ത് കൊണ്ടുവന്ന് സംരക്ഷിക്കാനും അദ്ദേഹം തയ്യാറായി. അനുജത്തിമാരുടെ വിവാഹവും പ്രസവവും എല്ലാം സ്വന്തം സഹോദരിമാരായി കരുതി രാമൻ നമ്പൂതിരി നടത്തിക്കൊടുത്തു.

രാമൻ നമ്പൂതിരിക്ക് പതിമൂന്നാമത്തെ വയസ്സിൽത്തന്നെ കുടുംബഭാരം ഏറ്റെടുക്കേണ്ടിവന്നിരുന്നു. അക്കാലത്ത് ധാരാളം ഭൂസ്വത്ത് ഉണ്ടായിരുന്നു. നമ്പൂതിരിമാർക്ക് അന്ന് സാധാരണമല്ലാത്ത പല കാര്യങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. മോട്ടോർ സൈക്കിളും രണ്ടു കാറുകളും പൂന്താനത്തുണ്ടായിരുന്നു. ഇതെല്ലാം സ്വയം ഓടിച്ചിരുന്നതിനു പുറമെ വാഹനങ്ങളുടെ സാങ്കേതിക വിദ്യയും അദ്ദേഹത്തിന് അറിയാമായിരുന്നു. ആര്യ അന്തർജ്ജനത്തെയും കാറോടിക്കാൻ പഠിപ്പിച്ചിരുന്നുവത്രേ! തൃശൂർ ഭാഗത്ത് ബസ് സർവ്വീസും നടത്തിയിരുന്നു. നമ്പൂതിരിമാർക്കിടയിലെ ആദ്യത്തെ ബസ് മുതലാളിയും അദ്ദേഹമായിരുന്നിരിക്കണം- 1940 കളിലാണ് ബസ് സർവീസ്.

> സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നിസ്സഹകരണ പ്രസ്ഥാനം, ഉപ്പുസത്യഗ്രഹം, ഖിലാഫത്ത് പ്രസ്ഥാനം ഇവയിലൊക്കെ പങ്കെടുത്തിട്ടുണ്ട്. ഖിലാഫത്ത് ലഹളയിൽ പങ്കെടുത്തതിന്റെ പേരിൽ ജയിൽവാസവും അനുഷ്ഠിച്ചു. ജയിൽമോചിതനായെങ്കിലും സമുദായം ഭ്രഷ്ട് കല്പിച്ചു. ഇക്കാലത്തെ ഒറ്റപ്പെടൽ മനസ്സ് മടുപ്പിച്ചു. മക്കളില്ലാത്തതിന്റെ ദുഃഖം വേറെയും.



*പൂന്താനം രാമൻ നമ്പൂതിരിയും പത്നി മൂത്തകൊരമ്പ് മനയിലെ ആര്യ അന്തർജ്ജനവും*

കുതിരസവാരി ഇഷ്ടവിനോദമായിരുന്നു. അതിനായി കുതിരയും ഉണ്ടായിരുന്നു. കവളപ്പാറ മൂപ്പിൽനായർ ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവന്നു സമ്മാനിച്ച സൈക്കിൾ വളരെക്കാലം അദ്ദേഹം ഉപയോഗിച്ചിരുന്നു. ഇത്രയേറെ ആധുനികത മനസ്സിലുണ്ടായിട്ടും തികഞ്ഞ ഈശ്വരഭക്തനായിരുന്നു രാമൻ നമ്പൂതിരി. നിരന്തരമായ അഭ്യസനത്തിലൂടെ മണിക്കൂറുകളോളം ധ്യാനനിരതനാവാനും അദ്ദേഹത്തിനാവുമായിരുന്നു. എന്നാൽ ഗുരുവായൂർ പോകുമ്പോൾ താൻ പൂന്താനം നമ്പൂതിരിയാണെന്നുള്ള കാര്യം ആരെയും അറിയിക്കാതിരിക്കാനും ശ്രദ്ധിച്ചിരുന്നു.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് പൊതു പ്രവർത്തനവും ആരംഭിച്ചു. നിസ്സഹകരണ പ്രസ്ഥാനം, ഉപ്പുസത്യഗ്രഹം, ഖിലാഫത്ത് പ്രസ്ഥാനം ഇവയിലൊക്കെ പങ്കെടുത്തിട്ടുണ്ട്. ഖിലാഫത്ത് ലഹളയിൽ കലാപകാരികൾക്ക് സഹായങ്ങൾ ചെയ്തുകൊടുത്തതിന്റെ പേരിൽ കോഴിക്കോടും ബെല്ലാരിയിലും ജയിൽവാസവും അനുഷ്ഠിച്ചു. മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിയുടെ ആത്മകഥയിൽ രാമൻ നമ്പൂതിരി കോഴിക്കോട്, ബെല്ലാരി ജയിലിൽ കൂടെ ഉണ്ടായിരുന്ന കാര്യം സൂചിപ്പിക്കുന്നുണ്ട്. 10 വർഷത്തെ കഠിനതടവാണ് വിധിച്ചത്. കുറേപ്പേരുടെ ശ്രമഫലമായി അത് ഒന്നര വർഷമായി ചുരുക്കാൻ സാധിച്ചു. എന്നാൽ അദ്ദേഹം സഹായം പ്രതീക്ഷിച്ചിരുന്നവരിൽ പലരും അവഗണിക്കുകയാണ് ഉണ്ടായത്. ജയിൽമോചിതനായെങ്കിലും സമുദായം ഭ്രഷ്ട് കല്പിച്ചു. ഇക്കാലത്തെ ഒറ്റപ്പെടൽ മനസ്സ് മടുപ്പിച്ചു. മക്കളില്ലാത്തതിന്റെ ദുഃഖം വേറെയും. അതിനുശേഷം എല്ലാവരിൽ നിന്നും ഉൾവലിഞ്ഞ രീതിയിലാണ് ജീവിച്ചത്. അദ്ദേഹവും പത്നിയും സഹായത്തിനായി ഇളയകൊരമ്പ് മനയിലെ ശ്രീദേവി എന്ന കുട്ടിയും മാത്രമായ ലോകം.

ഭ്രഷ്ടിൽ നിന്ന് മോചനം കിട്ടാൻ ഏറെ പണച്ചിലവുള്ള പരിഹാരക്രിയകൾ വേണ്ടിവന്നിട്ടുണ്ട്. സാമ്പത്തിക ഭദ്രതയെത്തന്നെ ഇതു ബാധിച്ചു. ഇക്കാലത്ത് രാമൻ നമ്പൂതിരിക്ക് മറ്റുള്ളവരിലുള്ള വിശ്വാസം മുഴുവൻ

ഇല്ലാതായി. പുറത്തുനിന്ന് ആരെയും കയറ്റാതിരിക്കാൻ പടിപ്പുരവാതിൽ അടച്ചു. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരെ അകത്തു കയറ്റാതിരിക്കാൻ വൈദ്യുതിയുടെ ഉപയോഗം തന്നെ നിർത്തി. മണ്ണെണ്ണവിളക്കുകൾ ഉപയോഗിക്കാൻ തുടങ്ങി. ഇല്ലത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാതായി. ജീവിതനിലവാരം പുറകോട്ടു പോയി. അമ്പലത്തിന്റെ അവസ്ഥയും മോശമായി കാടുകയറിയ അവസ്ഥയിലായി. മേച്ചിലോടുകൾ ആരൊക്കെയോ ഇളക്കി കൊണ്ടുപോവാൻ തുടങ്ങിയപ്പോൾ എല്ലാം പൊളിച്ചെടുത്ത് ഇല്ലത്തു കൊണ്ടുവന്നു. മരപ്പണികൾ വിറ്റുകളഞ്ഞു. പൂന്താനത്തിന്റേതായിരുന്ന ഇടത്തുപുറം ക്ഷേത്രം- ഭക്തകവിക്കു വേണ്ടി ഗുരുവായൂരപ്പൻ വന്നിരുന്ന ക്ഷേത്രം- ഇദ്ദേഹത്തിന്റെ രണ്ടു തലമുറക്കു മുമ്പു തന്നെ നടുവിലേടത്തു ഇല്ലത്തിന്റെ കൈവശത്തിലായിരുന്നു. ഇല്ലത്തിന്റെ ചുറ്റുമുള്ള പറമ്പ് ഒഴിച്ച് എല്ലാം വിറ്റുപോവുകയും ചെയ്തു. വസ്തുനികുതി അടക്കാനുള്ള പ്രയാസം നേരിട്ടതിനാൽ വിറ്റൊഴിവാക്കിയതാണെന്ന് കുറുവ നാരായണൻ നമ്പൂതിരി തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. കിട്ടിയ പണം സ്ഥിര നിക്ഷേപമായി ബാങ്കുകളിൽ നിക്ഷേപിച്ചു. ഇതും അന്ന് ഒരു പുതിയ കീഴ്‌വഴക്കമായിരിക്കണം. ചെലവ് കുറച്ച് ജീവിക്കാനും അദ്ദേഹം ആരംഭിച്ചു. കൂടെയുള്ളവർക്കും ഈ മാറ്റങ്ങൾ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിരിക്കണം. പലപ്പോഴും വൈദ്യസഹായവും മരുന്നുകളും കിട്ടാൻ വളരെ കഷ്ടപ്പാടായിരുന്നുവെന്ന് കൂടെ താമസിച്ചിരുന്ന കുട്ടി പറയാറുണ്ടായിരുന്നത്രേ. ഭൂപരിഷ്കരണം മൂലവും കുറേ സ്ഥലങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതേസമയം സ്വാതന്ത്ര്യസമര പെൻഷൻ അദ്ദേഹം നിരസിക്കുകയാണുണ്ടായത്. പണത്തിനു വേണ്ടിയല്ല, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയല്ലേ ഞാൻ സമരം ചെയ്തത് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ബീഡി തെറുത്ത് വിറ്റ് ഉപജീവന മാർഗ്ഗം കണ്ടെത്തിയപ്പോഴും മിച്ചഭൂമി വിതരണത്തിനു ശേഷമുണ്ടായിരുന്ന പട്ടയദാനങ്ങൾ ഒന്നും ശ്രദ്ധിക്കുകയോ കുടിയാന്മാർ ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടി വെച്ച തുകയൊന്നും കൈപ്പറ്റുകയോ ചെയ്തിട്ടുമില്ല.



*പൂന്താനം രാമൻ നമ്പൂതിരിയുടെ സഹോദരി അവണൂർ സാവിത്രി അന്തർജനം. പൂന്താനത്തെ താളിയോലകളും കാണാം*




*1993 ആഗസ്റ്റ് 29 ന് മുഖ്യമന്ത്രി കെ കരുണാകരനാണ് പൂന്താനം ഇല്ലവും ക്ഷേത്രവും അവകാശികളിൽ നിന്ന് ഏറ്റെടുത്തത്.*

1985 ലായിരുന്നു മരണം. ഭാര്യാസഹോദരിമാരുടെ ആൺമക്കളെ ആരെയെങ്കിലും ദത്തെടുക്കണമെന്ന ആഗ്രഹം നടന്നില്ല. കൂടെ താമസിച്ചിരുന്ന വളർത്തുപുത്രിയെ നിയമാനുസരണം അനന്തരാവകാശി ആക്കിയതുമില്ല. 1989-ൽ ഭാര്യ ആര്യാ അന്തർജ്ജനത്തിന്റെ മരണശേഷം വളർത്തുപുത്രി ശ്രീദേവി ഒറ്റക്കായി. ആദ്യം അച്ഛനും അദ്ദേഹത്തിന്റെ കാലശേഷം സഹോദരന്മാരും കൂടെ താമസിച്ചിരുന്നു. പിന്നീട് അനന്തരാവകാശം കേസാവുകയും കോടതി വിധി പ്രകാരം അവണൂരിലെ സഹോദരിയുടെ മക്കൾ അനന്തരാവകാശികളാവുകയും ചെയ്തു.

ഇല്ലം ഏറ്റെടുക്കുമ്പോൾ അവിടെയുണ്ടായിരുന്ന വസ്തുക്കൾ കുറച്ച് ഗൃഹോപകരണങ്ങളും, താളിയോല ഗ്രന്ഥങ്ങളും, പൂന്താനം ഉപയോഗിച്ചിരുന്നത് എന്നു വിശ്വസിക്കുന്ന എഴുത്താണിയും മറ്റുമാണ്. ഇതെല്ലാംതന്നെ അവണൂർക്ക് കൊണ്ടുവന്നു. അധ്വക്കേറ്റായ നാരായണൻ നമ്പൂതിരി, പെരിന്തൽമണ്ണയിലെ വ്യാപാരിയായിരുന്ന നീലകണ്ഠൻ നമ്പൂതിരി, പുതുമന ശങ്കരൻ നമ്പൂതിരിയുടെ പത്നി അമ്മിണി അന്തർജ്ജനം, മൈക്രോബയോളജിയിൽ ഡോക്ടറേറ്റ് എടുത്ത് അമേരിക്കയിൽ അദ്ധ്യാപകനായി ജോലിചെയ്തശേഷം പെരിന്തൽമണ്ണയിലെ ചേതന ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം ആരംഭിച്ച ഡോ. ദാമോദരൻ നമ്പൂതിരി (എ.എം.ഡി. നമ്പൂതിരി) എന്നിവരാണ് സഹോരിയുടെ മക്കൾ. രാമൻ നമ്പൂതിരിയുടെയും ആര്യ അന്തർജ്ജനത്തിന്റെയും സംസ്കാരക്രിയകളും പിതൃകർമ്മങ്ങളും നീലകണ്ഠൻ നമ്പൂതിരിയാണ് ചെയ്തത്.

1992-ൽ ഇല്ലവും അമ്പലവും ഗുരുവായൂരപ്പന് സമർപ്പിച്ചു. അന്നത്തെ മുഖ്യമന്ത്രി കരുണാകരൻ അവണൂർ നാരായണൻ നമ്പൂതിരിയിൽ നിന്നും രേഖകൾ ഏറ്റുവാങ്ങി. കുറച്ച് സ്ഥലവും ബാങ്കിലുണ്ടായിരുന്ന തുകയും ശ്രീദേവിക്ക് കൊടുത്തു. ദേവസ്വം ഏറ്റെടുത്തശേഷം ഇല്ലത്തിന്റെ കേടുപാടുകൾ തീർത്ത് മുറ്റം ടൈലുകൾ പാകി വൃത്തിയാക്കി. പടിഞ്ഞാറ്റയിൽ ഭഗവതിക്കും തേവാരമൂർത്തികൾക്കും നിത്യപൂജയും എല്ലാ വർഷവും നടത്തുന്ന തിരുമാന്ധാംകുന്നിൽ ഭഗവതിക്ക് കളംപാട്ടും എല്ലാം മുടങ്ങാതെ നടത്തുന്നുണ്ട്. പൂന്താനദിനം, വിജയദശമിക്ക് കുട്ടികളുടെ വിദ്യാരംഭം തുടങ്ങിയ ആഘോഷങ്ങളും നടക്കുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ പ്രതിനിധി അവിടെ താമസിച്ച് എല്ലാം

നോക്കിനടത്തുന്നുണ്ട്. പൂന്താനം ഇല്ലം ഇപ്പോൾ ഒരു തീർത്ഥാടന കേന്ദ്രമായിട്ടുണ്ട്.

പൂന്താനം വിഷ്ണുക്ഷേത്രം പൂർവ്വപ്രതാപം വീണ്ടെടുത്ത് നല്ല നിലയിലായതിൽ രാമൻ നമ്പൂതിരിയുടെ ആത്മാവ് സന്തോഷിക്കുന്നുണ്ടാവും. നാട്ടുകാരാണ് ക്ഷേത്രപുനരുദ്ധാരണത്തിന് മുൻകൈയെടുത്തത്. പിന്നീട് ദേവസ്വം ഏറ്റെടുത്തപ്പോൾ ഒന്നുകൂടി ഭംഗിയായി. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിലുള്ള അമ്പലങ്ങളിൽ വരുമാനത്തിൽ രണ്ടാംസ്ഥാനത്താണ് ഈ ക്ഷേത്രം.

ചതുർബാഹുവായ മഹാവിഷ്ണുവിന് പുറമെ ഭക്തകവി ആരാധിച്ചിരുന്ന വെണ്ണകൃഷ്ണനെയും അവിടെ കാണാം. ഉപദേവനായി വിഘ്നേശ്വരനുമുണ്ട്. വെണ്ണക്കണ്ണന് മറ്റൊരു ശ്രീകോവിൽ പണിയാനുള്ള നടപടികളായിട്ടുണ്ടെന്ന് പൂജാരി കണ്ണൻ പറയുകയുണ്ടായി. ഗുരുവായൂർ ഏകാദശി, കുചേലദിനം തുടങ്ങി ഗുരുവായൂരിലെ പ്രധാന ദിവസങ്ങൾ ഇവിടെയും ആചരിക്കാറുണ്ട്. പൂന്താന ദിനത്തിന് ഇവിടെനിന്ന് ഇല്ലത്തേക്ക് എഴുത്താണി എഴുന്നള്ളിപ്പ് പതിവുണ്ട്. വെണ്ണക്കണ്ണന് നൈവേദ്യം വെണ്ണ തന്നെ.

ഇവിടുത്തെ വിഷ്ണുവിഗ്രഹം ഏറെ വിശേഷപ്പെട്ടതാണ്. തൃശ്ശിനാപ്പള്ളിയിൽ നിന്ന് വരുത്തിയ ശില്പികൾ പോളിഷ് ചെയ്ത് എടുത്ത ബിംബമാണ്. അവരെ ഏർപ്പാട് ചെയ്തത് രാജാരവിവർമ്മയായിരുന്നത്രേ. കേരളത്തിൽ ഇപ്രകാരമുള്ള പ്രതിഷ്ഠ അപൂർവ്വമാണല്ലോ. ടിപ്പുവിന്റെ പടയോട്ടക്കാലത്തോ മാപ്പിള ലഹളയിലോ ഈ അമ്പലത്തിന് കേടുപാടുകൾ ഒന്നും വരുത്തിയിട്ടില്ല.

കടപ്പാട്: അവണൂർ നീലകണ്ഠൻ നമ്പൂതിരിയുടെ പത്നി ശ്രീദേവി അന്തർജ്ജനം ഞങ്ങളുടെ അച്ചോളാണ്. അമ്മാമനും അച്ചോളുമായിരുന്നു പൂന്താനം ഇല്ലം ഏറ്റെടുക്കുന്ന കാര്യത്തിൽ പ്രധാന പങ്ക് വഹിച്ചത്. അവിടെയുണ്ടായിരുന്ന എല്ലാത്തിനെപ്പറ്റിയും നല്ല അറിവുണ്ടായിരുന്നു. ഏറെ ശ്രദ്ധയോടെയും ബഹുമാനത്തോടെയും എല്ലാം രേഖപ്പെടുത്തിയതും അച്ചോളാണ്. അവിടെനിന്നു കിട്ടിയ രേഖകളൊക്കെ സൂക്ഷിച്ചുവെക്കുന്നതും അവരാണ്. ഉദാഹരണമായി അവിടെയുണ്ടായിരുന്ന ഗ്രന്ഥങ്ങൾ ഗുരുവായൂർക്ക്



*പൂന്താനം രാമൻ നമ്പൂതിരി പത്നി മൂത്തകൊരമ്പ് മനയിലെ ആര്യ അന്തർജ്ജനത്തോടൊപ്പം. പത്നിയുടെ സഹോദരിമാരെയും കാണാം*

ഇല്ലം ഏറ്റെടുക്കുമ്പോൾ അവിടെയുണ്ടായിരുന്ന വസ്തുക്കൾ കുറച്ച് ഗൃഹോപകരണങ്ങളും, താളിയോലഗ്രന്ഥങ്ങളും, പൂന്താനം ഉപയോഗിച്ചിരുന്നത് എന്നു വിശ്വസിക്കുന്ന എഴുത്താണിയും മറ്റുമാണ്. ഇതെല്ലാം അവണൂർക്ക് കൊണ്ടുവന്നു.

കൈമാറുന്നതിനു മുമ്പായി എല്ലാം എഴുതിവെച്ചിട്ടുണ്ട്. രാമൻ നമ്പൂതിരിയുടെ പ്രായശ്ചിത്ത ക്രിയകൾക്ക് പങ്കെടുത്ത നമ്പൂതിരിമാരുടെ ലിസ്റ്റ്, അതിനായി ചെലവായ തുക എല്ലാം സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവാഹത്തിന് വായിച്ച മംഗളപത്രവും. ഈ വിഷയത്തിൽ താല്പര്യമുള്ള ആർക്കും ഇതൊക്കെ കാണിച്ചുകൊടുക്കുവാൻ അച്ചോൾക്ക് ഉത്സാഹമാണ്. പൂന്താനം അമ്മാമനെപ്പറ്റി അച്ചോൾ എഴുതിയ കുറിപ്പാണ് എനിക്ക് പ്രചോദനമായത്.

ചെറുപ്പത്തിൽ അമ്മാത്ത് പോയി അമ്മാമന്റെ കൂടെ മോട്ടോർ സൈക്കിളിൽ സവാരി ചെയ്തതെല്ലാം ഡോ. അവണൂർ ദാമോദരൻ നമ്പൂതിരി ഓർത്തെടുക്കുന്നു. ആര്യഅന്തർജ്ജനത്തിന്റെ സഹോദരങ്ങൾ ആയിരുന്നുവല്ലോ അവർക്ക് ഏറ്റവും അടുത്ത ബന്ധുക്കൾ.

അനുജൻ മൂത്തകൊരമ്പ് വാസുദേവൻ നമ്പൂതിരിയുടെ മകൾ നിർമ്മല അച്ഛനും അച്ചോൾമാരുമെല്ലാം പറഞ്ഞിരുന്ന കാര്യങ്ങൾ ഓർക്കുന്നുണ്ട്. ആര്യ അന്തർജ്ജനത്തെയും കാറോടിക്കാൻ പഠിപ്പിച്ചിരുന്നുവത്രേ. കോഴിക്കോട് തന്നെയുണ്ടായിരുന്ന ശ്രീദേവി (കുഞ്ഞുകുട്ടി)യുടെ മകൻ മേജർ എസ്.എസ്.പോറ്റിയുടെ ഭാര്യ അജിത പൂന്താനത്തു പോയി താമസിച്ച കാലം ഓർക്കുന്നു.

രാമൻ നമ്പൂതിരി സമ്മാനിച്ച ഒരു മോതിരം നിധിപോലെ സൂക്ഷിച്ചിട്ടുണ്ട് അവർ. അന്ന് ഇല്ലത്തിന്റെ അവസ്ഥ മോശമായിരുന്നു. അറ്റകുറ്റപ്പണികൾ ചെയ്യാത്തതും പ്രാഥമിക സൗകര്യങ്ങളുടെ അഭാവവും പ്രത്യേകം സൂചിപ്പിച്ചു. അവിടെയുണ്ടായിരുന്ന താളിയോലഗ്രന്ഥങ്ങൾ ഗുരുവായൂരപ്പന് സമർപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ മോഹം പിന്നീട് പൂർത്തീകരിച്ചുവല്ലോ.

ക്ഷേത്രത്തിന്റെ വിശദാംശങ്ങൾ കഴകക്കാരായ രാധ വാരസ്യാരും മകൾ ശ്രീജയുമാണ് നൽകിയത്. പൂന്താനം ഇല്ലവുമായും അവർക്ക് വളരെ അടുപ്പമുണ്ടായിരുന്നു. കുറുവ നാരായണൻ നമ്പൂതിരി എഴുതി ഇടത്തുപുറം വിഷ്ണുക്ഷേത്ര സമിതി പ്രസിദ്ധീകരിച്ച കവിതാ സമാഹാരമായ പൂന്താനം വൈകുണ്ഠത്തിൽ എന്ന പുസ്തകത്തിൽ ആമുഖമായി പൂന്താനം രാമൻ നമ്പൂതിരിയെപ്പറ്റി വിശദമായി എഴുതിയിട്ടുണ്ട്. ബന്ധുക്കളിൽ നിന്ന് കിട്ടാതിരുന്ന പല വിവരങ്ങളും ആ പുസ്തകത്തിൽ നിന്നാണ് ലഭിച്ചത്. അദ്ദേഹം പലതവണ പൂന്താനത്തുപോയി ഇത്തരമൊരു ലേഖനം തയ്യാറാക്കിയില്ലായിരുന്നുവെങ്കിൽ രാമൻ നമ്പൂതിരിയുടെ പല സ്വഭാവസവിശേഷതകളും നമുക്ക് അറിയാൻ പറ്റുമായിരുന്നില്ല. ശ്രീ. കുറുവ നാരായണൻ നമ്പൂതിരിക്ക് പ്രണാമം. ●


നിലീന കെ.പി.
മംഗലശ്ശേരി,അരക്കിണർ പി.ഒ.
കോഴിക്കോട്–28
മൊബൈൽ 9895166416





# കാൽപ്പന്തു കളി

ഇവിടെ ഉദയമില്ല അസ്തമനവും
പൂക്കളോ ശലഭങ്ങളോ ഇല്ല.
മഴവില്ലു ചുംബിക്കുന്ന ചക്രവാളങ്ങൾ
കാണ്മാൻ കിളിവാതിലുകളില്ല.
കടുത്ത വേദനയുടെ ഗ്രീഷ്മനിശ്വാസങ്ങൾ
തണുത്തുറഞ്ഞ് മനസ്സിന്റെ
കണ്ണാടി മങ്ങിയിരിക്കുന്നു.
ചുറ്റിലും ആർത്തലച്ച സ്റ്റേഡിയത്തിന്റെ
വർണ്ണപ്പൊലിമ.
അതിനിടയിൽ പ്രിയപ്പെട്ടവളുടെ
വാചാലമായ കണ്ണുകളുടെ തിളക്കം.
കാലിൽ മുത്തമിട്ട പന്തുമായി ഗോൾ
വലയിലേക്കുള്ള കുതിപ്പ്.
ഞരമ്പുകളിൽ ആവേശത്തിന്റെ
കുത്തിക്കയറൽ.
മുന്നിൽ കോട്ട കെട്ടിയ ഡിഫൻസ്.
പെട്ടെന്നാണ് ദുരന്തം ഗോളടിച്ചത്.
കാൽപ്പന്തുപോലെ നിലത്തു
വീണുരുണ്ടു അസഹ്യമായ വേദന.
ദേശീയഗാനത്തിന്റെ ശീലുകൾ
നേർത്തു നേർത്ത് ആകാശത്തിൽ
ലയിക്കുന്ന വിജയപഥം.
കാലിൽ മുത്തമിട്ട കാൽപന്ത് വലുതായി
വലുതായി ഭൂഗോളത്തോളം.






**കെ.പി.പുരുഷോത്തമൻ നമ്പൂതിരി**



കീഴാറ്റുപുറത്ത് ഇല്ലം,
പി ഒ നടേരി, കാവുംവട്ടം,
കൊയിലാണ്ടി,
കോഴിക്കോട് ജില്ല
മൊബൈൽ: 9526767507






ഡോ. മഹിത വർമ്മ, ശ്രുതി മുരളി, സൂര്യാ ശ്യാം ഗോപാൽ, മൂർത്തിയേടം കൃഷ്ണൻ നമ്പൂതിരി, ഡോ. എം എസ് പരമേശ്വരൻ



ആൽബം ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ ദിനേശൻ നമ്പൂതിരിപ്പാട് പ്രകാശനം ചെയ്യുന്നു

# ശങ്കരമാധവം ഓഡിയോ ആൽബം




തൃശ്ശൂർ ജില്ലയിലുള്ള വെങ്കിടങ്ങ് ശ്രീ ശങ്കരനാരായണമൂർത്തീക്ഷേത്രത്തിലെ ദേവീദേവന്മാർക്കുള്ള ഗാനാഞ്ജലിയായി പ്രൊഫ. മാന്തിട്ട വിഷ്ണു നമ്പൂതിരി ഗാനരചനയും തലവടി കൃഷ്ണൻ കുട്ടി സംഗീത സംവിധാനവും ചെയ്തിട്ടുള്ള ശങ്കരമാധവം ഓഡിയോ ആൽബം ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ ദിനേശൻ നമ്പൂതിരിപ്പാട് 2023 ജനുവരി 30 ന് ക്ഷേത്രാങ്കണത്തിലെ വേദിയിൽ വെച്ച് ദീപാരാധനയ്ക്ക് ശേഷം പ്രകാശനം ചെയ്തു. മധു ബാലകൃഷ്ണൻ, ഡോ. മഹിത പരമേശ്വരൻ, ശ്രുതി മുരളി, സൂര്യാ ശ്യാം ഗോപാൽ എന്നിവരാണ് ഗാനങ്ങൾ ആലപിച്ചിട്ടുള്ളത്. മൂർത്തിയേടം കൃഷ്ണൻ നമ്പൂതിരിയും ഡോ. എം എസ് പരമേശ്വരനും നാരായണീയ വേദവ്യാസ ശ്ലോകങ്ങളും ആലപിച്ചിരിക്കുന്നു. പാട്ടത്തിൽ മുരളീധരനും വിഷ്ണു നമ്പൂതിരിയുമാണ് ആൽബത്തിന്റെ നിർമ്മാതാക്കൾ.

*Orchestration & Recording : SM Audio Studio, Thrissur*
*YouTube/Facebook : Valiyambalam Temple, Venkitangu*

**അന്വേഷണങ്ങൾക്ക്**
**മൊബൈൽ: 8714839298**

# 4 GENERATIONS



മുതുമുത്തശ്ശൻ / മുത്തശ്ശൻ / അച്ഛൻ / മകൻ　　in one frame..

**കൃഷ്ണൻ നമ്പൂതിരി, മകൻ കൃഷ്ണൻ നമ്പൂതിരി, ഹരികൃഷ്ണൻ, അനികേത് ഹരി**
**( കണ്ണന്നൂർ തെക്കേടത്ത് മന, ഞാങ്ങാട്ടിരി, പാലക്കാട് ജില്ല )**

ഏവർക്കും ഹൃദ്യമായ വിഷു ആശംസകൾ: ഉഷാ കൃഷ്ണൻ തെക്കേടം, അനഘ ഹരി, ആതിര കൃഷ്ണൻ, കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ സാകേത് പരമേശ്വരൻ, കാണിപ്പയ്യൂർ അഭിനന്ദൻ.

## ഷഷ്ഠിപൂർത്തി ആശംസകൾ

### രമ രവി തെക്കേടം



**അനുഗ്രഹാശിസ്സുകളോടെ**
അമ്മ: ആര്യ അന്തർജ്ജനം (കിഴക്കെ കുത്തുള്ളി)

**ആശംസകളോടെ**
ഭർത്താവ്: രവി തെക്കേടം.
മക്കൾ: രാഹുൽ &ശ്രീദേവി (വടക്കുമ്യാൽ) രോഹിത് &അപർണ (അരപ്പനാട്ട് മന)
പൗത്രൻ: ത്രിവിക്രം രാഹുൽ തെക്കേടത്ത്.
സഹോദരങ്ങൾ, മറ്റു ബന്ധുമിത്രാദികൾ.

## ഷഷ്ഠിപൂർത്തി ആശംസകൾ

### വാസന്തി വാസുദേവൻ



**ആശംസകളോടെ:**
ഭർത്താവ്: ആലയ്ക്കാട് വാസുദേവൻ നമ്പൂതിരി
മക്കൾ: ശരണ്യ, സുജന്യ, ലാവണ്യ
മരുമക്കൾ: സജീവ് പൂവ്വത്തടി, ശ്രീകാന്ത് ഗോവിന്ദില്ലം, ഹൃഷികേശ് കാവുംപുറം.
പേരക്കുട്ടികൾ: ധനഞ്ജയ്, കശ്യപ്

### ഓർമ്മക്കുറിപ്പ് /രാമമംഗലം തെങ്ങനാൽ ഇല്ലത്ത് നാരായണൻ നമ്പൂതിരി

# കഥാപ്രസംഗത്തിലെ ഒറ്റയാൻ

**ടി എൻ അജിത്ത് കുമാർ**



കഥാപ്രസംഗകലയിൽ നമ്പൂതിരി സമുദായത്തിൽ നിന്ന് പ്രശസ്തിയാർജിച്ച ഏകവ്യക്തി ഒരു പക്ഷേ ടി.പി.എൻ. ആയിരിക്കും. രാമമംഗലം തെങ്ങനാൽ ഇല്ലത്ത് നാരായണൻ നമ്പൂതിരി. അദ്ദേഹം മറഞ്ഞിട്ട് 37 വർഷമായി. ഇപ്പോൾ ഈ പേരു കേട്ടാൽ യോഗക്ഷേമസഭയിലെ അംഗങ്ങൾക്ക് പോലും അറിഞ്ഞെന്നു വരില്ല.

എന്നാൽ 1985 മെയ് മാസത്തിൽ യോഗക്ഷേമസഭയുടെ എട്ടാം സംസ്ഥാന സമ്മേളനം രാമമംഗലത്ത് വച്ച് നടത്തിയതിന്റെ ജനറൽ കൺവീനർ ആയിരുന്നു. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന വി ടി ഭട്ടതിരിപ്പാടിന്റെ വിഖ്യാതമായ നാടകം പുനരവതരിപ്പിച്ച ആ സമ്മേളനം ഏറെ ശ്രദ്ധേയവുമായിരുന്നു.വേറെ ചില കാര്യങ്ങൾ പറയാം. മഹാകവി ജി ശങ്കരക്കുറുപ്പായിരുന്നു ഈ കാഥികന്റെ ഒരു കഥാപ്രസംഗം എറണാകുളത്ത് ഉദ്ഘാടനം ചെയ്തത്. കലാമണ്ഡലത്തിൽ അവതരിപ്പിച്ച കഥ കേട്ട് സാക്ഷാൽ വള്ളത്തോൾ അത്താഴത്തിന് ക്ഷണിച്ചത് വേറൊരു കഥ. മഹാകവി ഒളപ്പമണ്ണ കഥയ്ക്ക് വേണ്ടി കവിതയെഴുതിക്കൊടുത്തതും ചെറിയ കാര്യമല്ല. തൃപ്പൂണിത്തുറ ആർ. എൽ വിയിലെ സംഗീതാധ്യാപകർ ട്യൂൺ ചെയ്തു കൊടുത്തതും വലിയ കാര്യം തന്നെ. കെ കെ വാധ്യാർ, കെ ആർ ഹരിപ്പാട്, കെ കെ അരൂർ, ജോസഫ് കൈമാപ്പറമ്പൻ, കെ ജി കേശവപ്പണിക്കർ, എം. പി. മന്മഥൻ തുടങ്ങി സാംബശിവൻ, കെടാമാഗലം സദാനന്ദൻ എന്നിവരുടെയെല്ലാം സമകാലീനനായിരുന്നു.



1985 മെയ് മാസത്തിൽ യോഗക്ഷേമസഭയുടെ എട്ടാം സംസ്ഥാന സമ്മേളനം രാമമംഗലത്ത് വച്ച് നടത്തിയതിന്റെ ജനറൽ കൺവീനർ ആയിരുന്നു. ടി പി എന്നിന്റെ കഥാപ്രസംഗം ഉദ്ഘാടനം ചെയ്തത് മഹാകവി ജി ശങ്കരക്കുറുപ്പ്. കലാമണ്ഡലത്തിലെ അവതരണം കഴിഞ്ഞപ്പോൾ സാക്ഷാൽ വള്ളത്തോൾ അത്താഴത്തിന് ക്ഷണിച്ചു. മഹാകവി ഒളപ്പമണ്ണ ടി പി എന്നിന്റെ കഥകൾക്ക് വേണ്ടി കവിതകളെഴുതി.

കൊല്ലവർഷം 1102–ാമാണ്ടിലാണ് ജനനം. അച്ഛൻ പരമേശ്വരൻ നമ്പൂതിരിയും അമ്മ തിരുവേഗപ്പുറ നെടുങ്ങോട്ടരി കല്ലാനിക്കാട്ടു മനയിലെ ശ്രീദേവി അന്തർജനവും. ടി പി എന്നിന് 6 വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. തുടർന്ന് അമ്മാത്തായിരുന്നു ബാല്യവും പ്രൈമറി വിദ്യാഭ്യാസവും. പിന്നീട് സ്വന്തം നാടായ രാമമംഗലത്ത് വരികയും കോലഞ്ചേരി ഹൈസ്കൂളിൽ ചേരുകയും ചെയ്തു. അക്കാലത്ത് എം പി മന്മഥൻ കോലഞ്ചേരി സ്കൂളിൽ മഗ്ദലനമറിയം എന്ന കഥാപ്രസംഗം അവതരിപ്പിക്കുകയുണ്ടായി. അതിൽ പ്രചോദിതനായി അതുപോലെ ചിലത് അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പിന്നീട് തൃശൂർ സെൻറ് തോമസ് സ്കൂളിലായി പഠനം.

തൃശ്ശൂരിലെ ജീവിതം ഒരു വഴിത്തിരിവായി. 1947–48 കാലത്ത് യോഗക്ഷേമസഭയുടെ പ്രവർത്തനം വളരെ സജീവമായിരുന്നു. ഈ കാലഘട്ടത്തിൽ നമ്പൂതിരി സമുദായത്തിലെ പുരോഗമന ചിന്താഗതിക്കാരായിരുന്ന എം.ആർ.ബി., വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയവരുമായി അടുത്തിടപഴകാനും അവരുടെ സ്നേഹാദരങ്ങൾ ആർജിക്കാനും അവസരമുണ്ടായി. തന്നെയുമല്ല യോഗക്ഷേമസഭയുടെ ഒട്ടു മിക്ക സ്ഥലങ്ങളിലും കഥാപ്രസംഗവും അവതരിപ്പിച്ചു.

ആയിടക്ക് 1949 നവംബർ 9ന് കേരള കലാമണ്ഡലത്തിൽ ഒരു പരിപാടി അവതരിപ്പിച്ചു. റിട്ട. വിദ്യാഭ്യാസ ഡയറക്ടർ എ.എൻ. തമ്പി, തിരു–കൊച്ചിമുഖ്യമന്ത്രി ടി.കെ. നാരായണപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ, പുത്തൂർ അച്യുതമേനോൻ, മഹാകവി വള്ളത്തോൾ തുടങ്ങിയ പ്രമുഖർ അടങ്ങിയതായിരുന്നു സദസ്സ്. അവരുടെ പ്രശംസക്ക് പാത്രമാവുകയും പരിപാടി അവതരിപ്പിക്കൻ തിരുവനന്തപുരത്തേക്ക് ക്ഷണിക്കുകയും ചെയ്തു. അന്ന് രാത്രി മഹാകവി വള്ളത്തോളിനൊപ്പമായിരുന്നു അത്താഴം.

1949ൽ റേഡിയോ ഒരു അത്ഭുത വസ്തു ആയിരുന്നു. അന്ന് തിരുവനന്തപുരം നിലയത്തിൽ നിന്ന് വള്ളത്തോളിന്റെ രാധയുടെ കൃതാർത്ഥതയെ ആസ്പദമാക്കി അര മണിക്കൂർ നേരം കഥാപ്രസംഗം അവതരിപ്പിച്ചു. അതിന് വളരെ നല്ല പ്രതികരണവും ലഭിച്ചു. അതോടെ കഥാപ്രസംഗമേഖലയിൽ കൂടുതൽ സജീവമായി.

പി ജെ ആൻറണിയുടെ ഓട

ക്കുഴൽ ആണ് ജനകീയ കഥാപ്രസംഗികനെന്ന നിലയിൽ ഏറെ പ്രസിദ്ധനാക്കിയത്. നിലനിന്നിരുന്ന ജന്മികുടിയാൻ ബന്ധങ്ങളുടെ കൈപ്പേറിയ പശ്ചാത്തലംപരിചയപ്പെടുത്തുന്ന ഒരു കഥയായിരുന്നു അത്. ടി പി എന്നിന്റെ സമകാലീനരായി ഇന്ന് ജീവിച്ചിരിക്കുന്ന പലരുടെയും ചുണ്ടുകളിൽ ആ കഥകളിലെ പാട്ടുകളും ഈരടികളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ഓരോ കഥയുടെയും രൂപരേഖ മനസ്സിൽ കൊണ്ടുനടക്കുകയും അനുയോജ്യനെന്ന് തോന്നുന്ന ഏതെങ്കിലും സാഹിത്യകാരനെ വിളിച്ചു വിശദമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിഎടുക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. ഇത്തരത്തിൽ അമ്പതിലേറെ കഥകൾ അവതരിപ്പിച്ചിട്ടുണ്ട് .

സീത രാവണന്റെ മകളാണ് എന്ന ഒരു കഥയുണ്ട്. എന്നാൽ സീതമണ്ഡോദരിയുടെയും കൂടി മകളാണെന്ന ഇതിവൃത്തമാണ് അദ്ദേഹം അവസാനമായി 1986 ൽ അവതരിപ്പിച്ച മണ്ഡോദരിയുടെ മകൾ എന്ന കഥയിൽ ഉള്ളത്. കഥകൾ തിരഞ്ഞെടുക്കുന്നതിലെ ഈ പ്രത്യേകത ഉപകഥകളിലും പാലിച്ചു. ഉള്ളൂരിന്റെ അംബ അവതരിപ്പിക്കുമ്പോൾ ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ വരികൾ ഉൾക്കൊള്ളിച്ച് ഉപകഥ അവതരിപ്പിക്കാറുണ്ട്.

കഥാപ്രസംഗത്തിന്റെ ഓരോ ഘടകവും പരമാവധി ശ്രദ്ധിച്ചിരുന്നു. അംബയിലെ ഗാനങ്ങൾ എഴുതിയത് മഹാകവി ഒളപ്പമണ്ണയാണ്. സിന്ധു എന്ന കഥയിലെകവിതകൾ സുപ്രസിദ്ധ ഹാസ്യസാഹിത്യകാരൻ വാണക്കുറ്റിയുടെതാണ്. നാടകകൃത്തായ കെ എസ് നമ്പൂതിരിയാണ് മേഘമൽഹാറിലെ ഗാനങ്ങൾ രചിച്ചത്. ഈ കഥ എറണാകുളം ടിഡിഎം ഹാളിൽ മഹാകവി ജി ശങ്കരക്കുറുപ്പ് ആണ് ഉദ്ഘാടനം നിർവഹിച്ചത്.

ഗാനങ്ങൾ ട്യൂൺ ചെയ്തതും പ്രഗൽഭർ തന്നെ. ആർ എൽ വി യിലെ പ്രധാന സംഗീതാധ്യാപക നായിരുന്ന കല്യാണസുന്ദരം , മാവേലിക്കര രാമനാഥൻ, എ പിആർ വർമ്മ, കുമരകം ബോസ് തുടങ്ങിയ പ്രമുഖരെകൊണ്ടാണ് വിവിധ കഥകൾക്കായി സംഗീതസംവിധാനം



*ഒരു കഥാപ്രസംഗ വേദിയിൽ ടി പി നാരായണൻ നമ്പൂതിരി*

നിർവഹിച്ചത്.

കഥാപ്രസംഗം രംഗത്തേക്ക് വരുന്നതിനുമുമ്പ് മുമ്പ് അല്പകാലം നാടകരംഗത്തും പ്രവർത്തിച്ചിട്ടുണ്ട്. അജിത് കുമാർ കലാസമിതി എന്ന പേരിൽ ഒരു നാടകട്രൂപ്പ് അദ്ദേഹം കുറച്ചുകാലം കാലം നടത്തിയിരുന്നു ആദ്യത്തെ നാടകം 'പ്രഖ്യാപനം' ആലപ്പുഴ അവതരിപ്പിക്കാൻ ശ്രമിച്ചു. കമ്മ്യൂണിസ്റ്റ് ആശയഗതിയോട് ബന്ധമുണ്ടെന്നോ മറ്റോ സംശയം കൊണ്ടായിരിക്കണം ആ നാടകത്തിന് അവതരണ അനുമതി നിഷേധിക്കപ്പെട്ടു. പിന്നീട് തടസ്സങ്ങൾ എങ്ങനെയൊക്കെയോ തരണം ചെയ്ത് ഒട്ടേറെ സാമ്പത്തിക നഷ്ടവും ഉണ്ടാക്കി അത് അവതരിപ്പിച്ചു ചിന്തകൻ എന്ന എന്ന ഒരു നാടകം കൂടി കഴിഞ്ഞപ്പോൾ കമ്പനിക്ക് വീണ്ടും മുമ്പോട്ടു പോകാനായില്ല.

കേരളത്തിനു പുറത്ത് ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും ടി പിഎൻ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ബോംബെ, കൽക്കട്ട, ഡൽഹി, തമിഴ്നാട്, ബാംഗ്ലൂർ എന്നിവിടങ്ങളിലെല്ലാം കഥാപ്രസംഗം നടത്തിയിട്ടുണ്ട്. രാമമംഗലം ഹൈസ്കൂളിലെ അധ്യാപകനായിരുന്നു. സോഷ്യൽ സ്റ്റഡീസ് ക്ലാസിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ ബ്രിട്ടീഷുകാർ അതിശക്തമായി അടിച്ചമർത്താൻ ശ്രമിക്കുമ്പോഴൊക്കെ ജനങ്ങളിൽ നിന്നും പ്രതിഷേധം അതിനേക്കാൾ ശക്തമായി ഉയർന്നു വന്നിരുന്നു എന്ന് ഉദാഹരിക്കാൻ ഒരു റബർ പന്തുമായി ക്ലാസിൽ വന്ന ടിപി എന്നെ ആ ക്ലാസിലെ വിദ്യാർഥിയായിരുന്ന ഞാൻ ഇപ്പോഴും ഓർക്കുന്നു.

അടിച്ചമർത്തുന്നത് കാണിക്കാൻ അദ്ദേഹം ആ പന്ത് ആഞ്ഞാഞ്ഞ് തറയിൽ അടിച്ചു അടിച്ചു കാണിച്ച്, ആഞ്ഞടിക്കും തോറും പന്ത് കൂടുതൽ ഉയരത്തിൽ പോകുന്നത് ജനങ്ങളുടെ പ്രതിഷേധം ആയി അദ്ദേഹം അവതരിപ്പിച്ചു. ഇത്തരം ഒട്ടേറെ ചിത്രങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യരുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു.

കഥാപ്രസംഗസംഘടനാ രംഗത്തും സജീവമായിരുന്നു. കോലഞ്ചേരിയിൽ സംഘടിപ്പിച്ച സംസ്ഥാന സമ്മേളനത്തിന് പ്രധാന പ്രവർത്തകനായിരുന്നു. സംസ്ഥാനവൈസ് പ്രസിഡണ്ട് എന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അധ്യാപകവൃത്തിയിൽ നിന്നു പെൻഷനായ ശേഷം യോഗക്ഷേമസഭയിൽ വീണ്ടും സജീവമായി.

1985 മെയ് മാസത്തിൽ യോഗക്ഷേമസഭയുടെ എട്ടാം സംസ്ഥാന സമ്മേളനം രാമമംഗലത്ത് വച്ച് നടത്തുകയുണ്ടായി അതിന്റെ ജനറൽ കൺവീനർ ആയിരുന്നു അദ്ദേഹം. ഈയിടെ അന്തരിച്ച ദേവൻ കക്കാട് സംവിധാനം ചെയ്ത അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന പഴയ വിഖ്യാതമായ വി ടി ഭട്ടതിരിപ്പാടിന്റെ നാടകവും അന്ന് അവതരിപ്പിച്ചത് പ്രത്യേകം ശ്രദ്ധേയമായി.1986 ജനുവരി 23-ാം തീയതിയായിരുന്നു അന്ത്യം. ●

അജിത് കുമാർ ടി എൻ
തെങ്ങനാൽ ഇല്ലം പി.ഒ രാമമംഗലം, എറണാകുളം പിൻ 686663
മൊബൈൽ 9447664350

ആദ്യവിധവാ വിഹാഹത്തിലെ മകൾ എഴുതിയ ഓർമ്മക്കുറിപ്പുകൾ

# അച്ഛന്റെ വേളിക്ക് ഗാന്ധിജിയുടെ ആശംസ

## ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ സ്വന്തം അമ്മയുടെ സംസ്കാരച്ചടങ്ങുകളിൽ നിന്ന് വിലക്കിയത് ഈ വേളിയ്ക്ക് കൂടിയതുകൊണ്ടാണ്. എം.ആർ. ബി ചരിത്രം അനുഭവം ഓർമ്മ എന്ന പുസ്തകത്തിൽ മകൾ സരള മധുസൂദനൻ



> വള്ളത്തോളിന്റെ മകളെ സംസ്കൃതം പഠിപ്പിച്ചിരുന്നത് കുട്ടിക്കൃഷ്ണ മാരാരായിരുന്നു. വീട്ടിലെത്തിയാണ് പഠിപ്പിക്കുന്നത്. എന്നാൽ മാരാർക്ക് നായന്മാരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കാൻ പാടില്ല. അതിനാൽ അടുത്തുള്ള മുല്ലമംഗലം മനയ്ക്കലായിരുന്നു ശാപ്പാട്. അതേ, അയിത്തം തന്നെ. ഇന്നാണെങ്കിൽ ടെലിവിഷൻ ചാനലുകൾക്ക് ഒരു മാസത്തെ അന്തിച്ചർച്ചക്ക് വകയായി.

**സരള മധുസൂദനൻ**

ഗാന്ധിജിയുടെ ആശംസാപത്രം ലഭിച്ച വേളി. കേരളത്തിലെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ഇ എം എസ് നമ്പൂതിരിപ്പാട് പങ്കെടുത്ത വേളി. നമ്പൂതിരി സമുദായത്തിലെ ആദ്യത്തെ വിധവാ വിവാഹമായിരുന്നു അത്. ആ വേളിയിലുണ്ടായ കുട്ടിയാണ് ഈ പുസ്തകത്തിന്റെ രചയിതാവ്. സരളമധുസൂദനൻ. എം. ആർ. ബിയുടെ മകൾ.

നമ്പൂതിരിമാർ പണം മുടക്കി വാങ്ങി വായിക്കേണ്ട പുസ്തകം. ഇതിൽ പറയുന്ന ഒരു കാര്യവും അനുഭവിക്കാത്തവരാണ് പുതുതലമുറക്കാർ.ആ വിവാഹം തന്നെ ഒരു അദ്ഭുതമാണ്.

സഭയുടെ ഒരു മീറ്റിംഗിൽ ഉയർന്നു വന്ന ചോദ്യമായിരുന്നു അത്. ആരെങ്കിലും വിധവാ വിവാഹത്തിന് തയ്യാറുണ്ടോ?. ഞങ്ങൾ തയ്യാറാണ് എന്ന മറുപടിയാണ് ആദ്യത്തെ വിധവാ വിവാഹത്തിൽ കലാശിച്ചത്. ആ ഞങ്ങൾ എന്നത് എം. ആർ. ബിയും പ്രേംജിയും.

അദ്ഭുതപ്പെടുത്തുന്ന അറിവുകൾ നറഞ്ഞതാണ് ഈ പുസ്തകം.

ഒരു ഉദാഹരണം പറയാം.

മലയാളത്തിലെ മികച്ച വിമർശകരിലൊരാളായിരുന്നല്ലോ കുട്ടിക്കൃഷ്ണ മാരാർ. വള്ളത്തോളാണെങ്കിൽ ആധുനിക കവിത്രയത്തിലെ അഗ്രഗാമിയും. ഇരുവരും വന്നേരിക്കാർ. വള്ളത്തോളിന്റെ മകളെ സംസ്കൃതം പഠിപ്പിച്ചിരുന്നത് മാരാരായിരുന്നു. വീട്ടിലെത്തിയാണ് പഠിപ്പിക്കുന്നത്. എന്നാൽ മാരാർക്ക് നായന്മാരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കാൻ പാടില്ല. അതിനാൽ അടുത്തുള്ള മുല്ലമംഗലം മനയ്ക്കലായിരുന്നു ശാപ്പാട്.

അതേ, അയിത്തം തന്നെ. ഇന്നാണെങ്കിൽ ടെലിവിഷൻ ചാനലുകൾക്ക് ഒരു മാസത്തെ അന്തിച്ചർച്ചക്ക് വകയായി. കോട്ടയത്തെ ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്ന് അടൂർ ഗോപാലകൃഷ്ണൻ രാജി വച്ച് പോവേണ്ടി വന്നത് അയിത്തവും അന്തിച്ചർച്ചയും കാരണമാണല്ലൊ. അന്ന് വള്ളത്തോളിനുമില്ല അതിൽ ആക്ഷേപം. പറഞ്ഞു വന്നത് അയിത്തത്തെപ്പറ്റിയല്ല. എം. ആർ. ബി ചരിത്രം അനുഭവം ഓർമ്മ എന്ന പുസ്തകത്തിന്റെ അപൂർവതയെക്കുറിച്ച് സൂചിപ്പിക്കാനാണ്.

സാഹിത്യപ്രവർത്തക സഹകരണസംഘം പ്രസിദ്ധീകരിച്ച് നാഷണൽ ബുക്ക് സ്റ്റാൾ വഴി വിതരണം ചെയ്യുന്ന ഈ ഓർമ്മക്കുറിപ്പുകൾ അനുഭവ തീവ്രത കൊണ്ട് അനന്യമാണ്. നാടകമോ നോവലോ കെട്ടുകഥയോ അല്ല പച്ചയായ ജീവിതം. 160 രൂപയേയുള്ളൂ. 110 പേജുകളും. ഒറ്റയിരിപ്പിൽ തീർക്കാവുന്ന വായന. വായിച്ചത് മുഴുവൻ ഒരായുസ്സു മുഴുവനും മനസ്സിൽ നിൽക്കുന്നതും.

സരളയെന്ന ഈ എഴുത്തുകാരിയുടെ ജനനം പോലും അപൂർവമായ ഒരിടത്താണ്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിൽ. വി.ടി ഭട്ടതിരിപ്പാടിന്റെ ഉദ്ബുദ്ധകേരളം എന്ന കോളനിയിൽ.

ചിലഭാഗങ്ങൾ വായിക്കാം:

വിവാഹാനന്തരമുള്ള അച്ഛന്റെയും അമ്മയുടെയും ജീവിതം ദുരിതപൂർണ്ണമായിരുന്നു.വിധവാവിവാഹ

## പുസ്തക പരിചയം

ത്തിൽ പങ്കുകൊണ്ടു എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ സ്വന്തം മാതാവിന്റെ സംസ്കാരച്ചടങ്ങുകളിൽ പങ്കെടുക്കാൻ അനുവദിച്ചില്ല. നമ്പൂതിരിപ്പാട് തന്റെ ആത്മകഥയിൽ എഴുതിയിട്ടുണ്ട്. 'അമ്മയും ഞാനും തമ്മിലുള്ള ഈ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ അവരുടെ മരണാനന്തരം നടത്തേണ്ട് ശേഷക്രിയകളെ സംബന്ധിച്ച ഒരു തർക്കം പ്രത്യേകിച്ച് എടുത്തുപറയേണ്ടതായിട്ടുണ്ട്. ശേഷക്രിയകളിൽ പങ്കെടുക്കേണ്ടവരായി ഞങ്ങൾ നാലുപേരാണുള്ളത്. എന്നാൽ വിധവാവിവാഹത്തിൽ പങ്കെടുത്തതിനെത്തുടർന്ന് എനിക്കുണ്ടായ ഭ്രഷ്ട് നിമിത്തം ഞാൻ കൂടി പങ്കുകൊള്ളേണ്ടതായ ശേഷക്രിയകളിൽ പങ്കുചേരാൻ മൂത്ത ജ്യേഷ്ഠൻ വിസമ്മതിച്ചു. അദ്ദേഹം പങ്കെടുക്കാത്ത ശേഷക്രിയയുടെ കാര്യത്തിൽ സഹോദരന്മാർക്കും മറ്റു ബന്ധുക്കൾക്കും വിഷമമുണ്ടായിരുന്നു. ഇതെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി ഞാൻ പങ്കെടുക്കുന്നില്ലെന്നു പറഞ്ഞ് അതിൽനിന്ന് സ്വയം പിന്മാറി.'

ഭ്രഷ്ടായതിനെത്തുടർന്ന് അമ്മയുടെ ഇല്ലമായ ഇട്ടിയാംപറമ്പത്തു മനയിലെ സ്ഥിതിയും മറിച്ചായിരുന്നില്ല. വിവാഹം നടന്നുവെന്നറിഞ്ഞപ്പോൾ വെട്ടുകത്തിയും കൊണ്ട് അമ്മയുടെ അപ്ഫൻ മുത്തച്ഛന്റെ നേർക്കു പാഞ്ഞടുത്തുവത്രെ. നിസ്സംഗനായി ഇരിക്കുന്ന മുത്തച്ഛനെക്കണ്ട് (അമ്മയുടെ അച്ഛൻ) കത്തി താഴെയിട്ട് ഇനി ഇല്ലത്തുനിന്ന് ജലപാനം കഴിക്കില്ലെന്നു പറഞ്ഞ് ഇറങ്ങിപ്പോയി. അദ്ദേഹം പൂജയും മറ്റുമായി ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ ഇല്ലത്താണ് വളരെക്കാലം താമസിച്ചത്. എന്നാൽ വാർദ്ധക്യത്തിൽ അവശനായപ്പോൾ എല്ലാം മറന്ന് ഇട്ടിയാംപറമ്പത്ത് വരികയും അവിടെക്കിടന്ന് മരിക്കുകയും ചെയ്തു.

അക്കാലങ്ങളെപ്പറ്റി അച്ഛൻ എഴുതി:'വിവാഹം കഴിയേണ്ട താമസമേയുണ്ടായുള്ളൂ. വിറളി പൂണ്ട് സമുദായം ഞങ്ങളുടെ നേർക്ക് നിർഭയം പടിവാതിൽ കൊട്ടിയടച്ചു. ഇരിയ്ക്കപ്പിണ്ഡം വെച്ചു. പക്ഷേ, ഞങ്ങൾക്ക് നിരാശ തോന്നിയില്ല. ഉൽപതിഷ്ണുക്കളായ ബഹുജനങ്ങളുമായി ഒത്തുചേരുകയായിരുന്നു. ഇതെല്ലാം പ്രതീക്ഷിച്ചുതന്നെയായിരുന്നു. '




*എം. ആർ. ബി*
*ചരിത്രം അനുഭവം ഓർമ്മ*

**വിവാഹം നടന്നുവെന്നറിഞ്ഞപ്പോൾ വെട്ടുകത്തിയും കൊണ്ട് അമ്മയുടെ അപ്ഫൻ മുത്തച്ഛന്റെ നേർക്കു പാഞ്ഞടുത്തുവത്രെ. നിസ്സംഗനായി ഇരിക്കുന്ന മുത്തച്ഛനെക്കണ്ട് കത്തി താഴെയിട്ട് ഇനി ഇല്ലത്തുനിന്ന് ജലപാനം കഴിക്കില്ലെന്നു പറഞ്ഞ് ഇറങ്ങിപ്പോയി.**

ദാരിദ്ര്യവും ഏകാന്തതയും നിറഞ്ഞ ഞങ്ങളുടെ ജീവിതം കരുത്തുള്ളതാക്കിത്തീർക്കാൻ ദുഃഖം കർമ്മശക്തി പകർന്നു. പനമ്പട്ട മേഞ്ഞ പർണ്ണശാലയിൽ ഞങ്ങൾ സസുഖം പാർത്തു. ചട്ടിയും കലവും ചിരട്ടക്കയ്യിലും ഗൃഹോപകരണങ്ങളായി. പല ദിവസങ്ങളിലും ഒരിക്കലൂണു മാത്രമായി കഴിഞ്ഞു. എന്തായാലും മുന്നോട്ടു വെച്ച കാൽ പിന്നോട്ടില്ല.

വർഷങ്ങൾ എത്രയോ കഴിഞ്ഞാണ് അച്ഛന് സ്വന്തം ഇല്ലത്തു പോകാനും അകത്തിരുന്നു ഭക്ഷണം കഴിക്കാനും സാധിച്ചത്. വിവാഹത്തിനുശേഷം ആദ്യമായി മുല്ലമംഗലത്തു ചെന്നപ്പോൾ പൂമുഖത്തിരുത്തിയാണ് ചോറു കൊടുത്തത്. പിന്നീട് തളത്തിലിരുന്ന് ആകാമെന്നായി. ഇതിലൊന്നിലും ആരോടും പരിഭവമോ ദേഷ്യമോ തോന്നിയിട്ടില്ലെന്ന് അച്ഛൻ പറയാറുണ്ട്. ചെയ്തതു ശരിയാണെന്ന നിഗമനത്തിൽ മനസ്സ് ഉറച്ചുനിൽക്കുകയും ചെയ്തു. പക്ഷേ, മനസ്സിൽ മായാതെ നിൽക്കുന്ന ഒരു സംഭവം അച്ഛൻ ഇടയ്ക്കിടെ ഓർമ്മിച്ചിരുന്നതായിട്ടറിയാം.

'അസുഖമായി കിടപ്പിലായ അച്ഛനെ കാണാൻ ഇല്ലത്തു ചെന്നപ്പോൾ സഹോദരന്മാർ സമ്മതിച്ചില്ല. ജനലിലൂടെ അച്ഛന്റെ കിടപ്പു കണ്ട് വേഗത്തിൽ മടങ്ങിവന്നു. മനസ് വല്ലാതെ വേദനിച്ചുവെങ്കിലും ചെയ്തത് തെറ്റാണെന്ന് അപ്പോഴും തോന്നിയില്ല. പശ്ചാത്താപവും ഇല്ല.' ഞങ്ങളെ ആഘോഷങ്ങൾക്കൊന്നിനും ആരും വിളിക്കാറുമില്ല, പോകാറുമില്ല. ഒറ്റപ്പെടലിന്റെ കയ്പുനീർ ഒരുപാടു കുടിച്ച കാലം ഞാനിപ്പോഴും ഓർക്കുന്നു.

അന്നത്തെ കാലത്ത് ഇല്ലങ്ങളിൽ ആചരിച്ചുപോന്ന ശുദ്ധാശുദ്ധങ്ങളും പഴമയുമൊക്കെ അമ്മാത്തായ ഇട്ടിയാംപറമ്പത്ത് മനയ്ക്കലും ഉണ്ടായിരുന്നു. ഇതിനൊക്കെ മാറ്റം വരുത്തിയത് അമ്മാമന്മാരായ ഐ.സി.പി. നമ്പൂതിരിയും ഐ.എസ്. നമ്പൂതിരിയുമാണ്. ഇടയ്ക്കെല്ലാം അമ്മാത്ത് പോകുമ്പോൾ കാപ്പികുടിച്ച ഗ്ലാസ്സ് കഴുകി കമിഴ്ത്തണം. ഇലച്ചീന്തിൽ തരുന്ന പലഹാരങ്ങൾ കഴിച്ചാൽ അവിടെ തളിച്ചു മെഴുകണം എന്നൊക്കെയുള്ള ചിട്ടകളായിരുന്നു. പിന്നീട് ആരെയും തൊടാൻ പാടില്ല. കുളത്തിൽ കുളിക്കണം എന്നൊക്കെയുള്ള നിബന്ധനകളോടെ അവിടെ താമസിക്കാമെന്നായി. കുളത്തിൽനിന്ന് വെള്ളം മുക്കി കരയ്ക്കു കൊണ്ടുവന്നു തരും. ചിലപ്പോൾ കിണറ്റിൽനിന്നാകും വെള്ളം കോരിത്തരുന്നത്. ഇത് പലപ്പോഴും ചെയ്തിരുന്നത് മുത്തശ്ശിയമ്മയോ അമ്മായിയോ ആയിരിക്കും.

ഇതൊക്കെ അറിഞ്ഞ് അമ്മയുടെ അനുജൻ ഐ. എസ്. അമ്മാമൻ ഒരിക്കൽ മുത്തശ്ശിയോട് കയർത്തു സംസാരിച്ചു. അതിന് പ്രത്യേകമായ ഒരു കാരണം കൂടിയുണ്ടായിരുന്നു. രണ്ടാമത്തെ വിധവാവിവാഹം ചെയ്ത മിസ്സിസ് ഞാളൂരെന്ന പേരിൽ അറിയപ്പെടുന്ന ശ്രീദേവി അന്തർജ്ജനം ഇട്ടിയാംപറമ്പത്തു വന്നു താമസിക്കുകയും കുളത്തിൽ കുളിക്കുകയുമൊക്കെ ചെയ്തിരുന്നു. അവർക്ക് ഇതാകാമെങ്കിൽ ഓപ്പോൾക്കായാലെന്താ എന്ന അമ്മാമന്റെ ചോദ്യത്തിന് മുത്തശ്ശിയമ്മ ഇങ്ങനെ മറുപടി നൽകി: 'അവരവിടെ വരു

ന്നതും പോകുന്നതുമൊക്കെ ആരും അറിയില്ല. അവരോട് കുളം തൊടരുത്. എച്ചിലെടുക്കണം എന്നൊക്കെ എങ്ങന്യാ പറയാ? നങ്ങേമയോട് (ഉമയുടെ വിളിപ്പേര്) സ്വാതന്ത്ര്യത്തോടെ പറയാലോ. അതു കേൾക്കേം ചെയ്യും. ' ഈ ഉത്തരത്തിനു മുന്നിൽ അമ്മാമൻ ചൂളിപ്പോയി. എങ്കിലും ഇത് മാറ്റങ്ങളുടെ തുടക്കമായി. അങ്ങനെ കാലത്തിന്റെ മാറ്റം എല്ലാറ്റിനും കാണായി.

വിവാഹത്തെത്തുടർന്ന് ക്ലേശകരമായ ജീവിതത്തെപ്പറ്റി അച്ഛനുമമ്മയും പറഞ്ഞു കേട്ടതു മാത്രമല്ല, കുറേയേറെ ക്ലേശങ്ങൾ ഞാനും ഏടത്തിയും അനുഭവിച്ച ഓർമ്മകളും മനസ്സിലുണ്ട്. കല്ലും മുള്ളും നിറഞ്ഞ വഴികൾ താണ്ടിയാണ് ഞങ്ങളുടെ ബാല്യം പിന്നിട്ടത്. നല്ല ഉടുപ്പോ കളിപ്പാട്ടങ്ങളോ എന്തിന്, വയറു നിറച്ച് കഞ്ഞിപോലും കഴിക്കാൻ വകയില്ലാത്ത കാലമായിരുന്നു. അന്യന്റെ കായ്കറിത്തോട്ടത്തിൽ നിന്ന് പറിച്ചെടുക്കുന്ന വെള്ളരിക്കാ പൂവൽ തിന്ന് സഹോദരിയും ഞാനും വിശപ്പടക്കിയിട്ടുണ്ട്. മാറാൻ മറ്റൊരുടുപ്പില്ലാതെ തിരുമ്പിയിട്ട് ഉടുപ്പ് ഉണങ്ങുന്നതു നോക്കി മണിക്കൂറുകളോളം കാത്തിരുന്നത് മനസ്സിന്റെ കോണിലൊരു കനലായി ഇന്നും കിടപ്പുണ്ട്.

താമസിക്കാനൊരിടമില്ലാതെ, ദേശാടനക്കിളിപോലെ അവിടെയുമിവിടെയുമായി അലഞ്ഞുതിരിഞ്ഞു നടക്കേണ്ട ഗതികേട്, ഇത്തരമൊരു ഘട്ടത്തിലാണ് ഇതു ഞങ്ങളുടെ വീടാണെങ്കിൽ നിങ്ങളുടേയും വീടാണ് എന്നു പറഞ്ഞ് പള്ളവും ആര്യാപള്ളവും കൊപ്പത്തെ അവരുടെ ഇല്ലത്തേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയത്. അവിടെ താമസിച്ച കാലം ഒരിക്കലും എന്റെ ഓർമ്മയിൽനിന്ന് മായില്ല. ഭക്ഷണവും ഉടുപ്പും മാത്രമല്ല. അവർ പകർന്നുതന്ന സ്നേഹവും ഓർമ്മയിൽ പച്ചപിടിച്ചുനിൽക്കുന്നവയാണ്. കുറേക്കാലം അവരുടെ തണലിൽ താമസിച്ച് അച്ഛനൊരു ജോലി കിട്ടിയതിനുശേഷമാണ് പള്ളത്തുനിന്നും പോന്നത്. എന്തിനേയും നേരിടാനുള്ള കരുത്ത് ധൈര്യം കിട്ടിയത് ആര്യാ പള്ളത്തിൽ നിന്നാണെന്ന് അമ്മ പറയാറുണ്ട്.

അങ്ങനെ വിപ്ലവാത്മക പരിവർത്തനങ്ങൾ പലതും നടപ്പിലാക്കാൻ വിധവാ വിവാഹം ഹേതുവായി. വി.

**ഇടയ്ക്കെല്ലാം അമ്മാത്ത് പോകുമ്പോൾ കാപ്പികുടിച്ച ഗ്ലാസ്സ് കഴുകി കമിഴ്ത്തണം. ഇലച്ചീന്തിൽ തരുന്ന പലഹാരങ്ങൾ കഴിച്ചാൽ അവിടെ തളിച്ചു മെഴുകണം എന്നൊക്കെയുള്ള ചിട്ടകളായിരുന്നു. പിന്നീട് ആരെയും തൊടാൻ പാടില്ല. കുളത്തിൽ കുളിക്കണം**

ടി.യുടെ സങ്കല്പത്തിലുള്ള ഉദ്ബുദ്ധസാംസ്കാരിക കേരളം ഉടലെടുത്തത് ഇക്കാലത്താണ്. വി.ടി.യുടെ സ്വപ്നസാക്ഷാത് കാരമായിരുന്നു. 'ഉദ്ബുദ്ധകേരളം'. സർവ്വസ്വവും സമൂഹത്തിനു സമർപ്പിക്കാനൊരുക്കമുള്ളവർ ഒന്നിച്ചു താമസിച്ച് ജാതിമതവ്യത്യാസമില്ലാതെ ഒരു കുടുംബത്തിലേതെന്നപോലെ സ്വാശ്രയശീലത്തോടെ തൊഴിൽ ചെയ്തു ജീവിക്കാനുള്ള ഒരു കോളനി അതായിരുന്നു വി. ടി. ആഗ്രഹിച്ചത്.

പട്ടാമ്പിയിൽ കൊടുമുണ്ട എന്ന സ്ഥലത്ത് കിട്ടിയ 26 ഏക്കർ ഭൂമിയിലാണ് ഒരു പരീക്ഷണമെന്ന നിലയിൽ കോളനി സ്ഥാപിച്ചത്. ഉദ്ബുദ്ധകേരളം എന്ന പത്രവും വി. ടി.യുടെ പത്രാധിപത്യത്തിൽ തുടങ്ങി. വി. ടി.ക്കു കിട്ടിയ കുടുംബവിഹിതം ഇതിനു മുതൽക്കൂട്ടായി. ഈ കോളനിയിൽ താമസിച്ച് പത്രത്തിന്റെയും പ്രസ്സിന്റെയും പ്രവർത്തനങ്ങളിലേർപ്പെട്ട് അച്ഛനുമമ്മയും ഏടത്തിയും അവിടെ താമസിച്ചു. ഇക്കാലത്താണ്

**നിലമ്പൂർ വലിയരാജ അച്ഛനു 200 രൂപ കൊടുത്തു. നരിപ്പറ്റ കേശവൻഭട്ടതിരിപ്പാടിന് ഈ തുക കൊടുത്ത് 10 സെന്റ് ഭൂമിയും അതിലൊരു വീടും വാങ്ങി. കുന്നിൻ പുറത്ത് സ്ഥിതിചെയ്തിരുന്ന പറമ്പിൽ ഒരു വീടെന്നു പറയാൻ വയ്യ, കുടിലൊ ചാളയെന്നോ പറയാവുന്ന ഒരു പാർപ്പിടം. പക്ഷേ, ഒരു സ്വർഗ്ഗം കിട്ടിയ അനുഭൂതിയായിരുന്നു ഞങ്ങൾക്ക്.**

കമ്പോസിങ്ങും എഡിറ്റിങ്ങും പ്രൂഫ് വായനയും പഠിച്ചതെന്ന് അച്ഛൻ പറഞ്ഞുകേട്ടിട്ടുണ്ട്. ഈ കോളനിയിലാണ് വിധവാവിവാഹത്തിലെ സന്തതിയായ എന്റെ ജനനം.

കോളനിയുടെ കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചു കൃഷിചെയ്ത് അദ്ധ്വാനിച്ച്, പരസ്പരം സഹായിച്ച്, സഹകരിച്ച് ജീവിതം മുമ്പോട്ടു കൊണ്ടുപോയി. ജന്മിയും കുടിയാനും, മുതലാളിയും തൊഴിലാളിയും എന്ന ഭേദമില്ലാതെ ഏകോദരസഹോദരങ്ങളെപ്പോലെ മാനുഷരെല്ലാരുമൊന്നുപോലെ എന്ന ഒരു ജീവിതം. പക്ഷേ, ഈ പ്രസ്ഥാനത്തിന് അല്പായുസ്സായിരുന്നു. സാമ്പത്തിക പരാധീനത അതിനെ തകർത്തു. അതോടെ ഞങ്ങൾക്ക് വീണ്ടും ദുരിതം. വീടില്ല, പണമില്ല. എങ്ങോട്ടു പോകണമെന്ന് അറിയില്ല. മുകളിലാകാശം താഴെ ഭൂമി എന്നൊക്കെ പറയാറുള്ള അരവസ്ഥ. ഈ ഘട്ടത്തിലാണ് നിലമ്പൂർ വലിയരാജ അച്ഛനു 200 രൂപ കൊടുത്തത്. നരിപ്പറ്റ കേശവൻഭട്ടതിരിപ്പാടിന് ഈ തുക കൊടുത്ത് 10 സെന്റ് ഭൂമിയും അതിലൊരു വീടും വിലയ്ക്കു വാങ്ങി. കുന്നിൻ പുറത്ത് സ്ഥിതിചെയ്തിരുന്ന പറമ്പിൽ ഒരു വീടെന്നു പറയാൻ വയ്യ കുടിലൊ ചാളയെന്നോ പറയാവുന്ന ഒരു പാർപ്പിടം. പക്ഷേ, ഒരു സ്വർഗ്ഗം കിട്ടിയ അനുഭൂതിയായിരുന്നു ഞങ്ങൾക്ക്. കൊടുമുണ്ട കാഞ്ഞൂർ രാമേട്ടന്റെയും, തടം, നരിപ്പറ്റ തുടങ്ങിയവരുടെയും നിർല്ലോഭമായ സഹായസഹകരണങ്ങളോടെ അഞ്ചു കൊല്ലത്തിലധികം കാലം അവിടെ താമസിച്ചു. അവിടുത്തെ ഓല മേഞ്ഞ കുടിലും ചാണകം മെഴുകിയ നിലവും തെങ്ങും മാവും നിറഞ്ഞു നിൽക്കുന്ന പറമ്പും ഓർമ്മയായി ഇന്നും എന്റെ മനസ്സിലുണ്ട്.

അക്കിത്തവും എം ടി വാസുദേവൻ നായരുമെല്ലാം അനുഗ്രഹിച്ചിട്ടുണ്ട് ഈ പുസ്തകത്തെ. കാവാലം നാരായണപ്പണിക്കർ അവതാരികയുമെഴുതി.

വിളിക്കാം എം.ആർ.ബിയുടെ മകളെ. എഴുതാം അവർക്ക്. ●

സരള മധുസൂദനൻ,
പിലാക്കുടി മന,
പി.ഒ.ഇരുമ്പനം,തൃപ്പൂണിത്തുറ,
എറണാകുളം, പിൻ:682309
മൊബൈൽ: 9746116990

കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം വിവർത്തനം ചെയ്ത മുറിയിൽ നിന്ന് / **ചരിത്രനിയോഗം**

# മഹാഭാരതം ലൈവ്



സാക്ഷാൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം വിവർത്തനം ചെയ്യാനുപയോഗിച്ചിരുന്ന കോട്ടയ്ക്കൽ കോവിലകത്തെ 'ഭാരതം മുറി'യിലിരുന്ന് മഹാഭാരതം ലൈവ് ആയി പ്രേക്ഷകരിലേയ്ക്കെത്തിക്കാൻ കഴിഞ്ഞതിന്റെ ത്രില്ലിലാണ് ആയടം കേശവൻ നമ്പൂതിരി. ഇതൊരു മഹാഭാഗ്യമായാണ് കരുതുന്നത്. പ്രഭാഷണ പരമ്പരയ്ക്ക് അനുഗ്രഹമായി 'ഒരു തമ്പുരാൻ ടച്ച് ' കിട്ടിയ പ്രതീതി.

2021 ജനുവരി ഒന്നു മുതൽ 'കേശവേട്ടന്റെ കൂടെ' എന്നപേരിൽ രണ്ട് വാട്സാപ്പ് ഗ്രൂപ്പുകളിലായി ഒരു പ്രഭാഷണ പരമ്പര നടന്നുവരുന്നുണ്ട് ഒന്നിടവിട്ട ദിവസങ്ങളിലായി. മുപ്പത് മിനിട്ട് നീണ്ടുനിൽക്കുന്ന പ്രഭാഷണം യു ട്യൂബിലും ലഭ്യമാണ്. ഈ പരമ്പര രണ്ടേകാൽ വർഷം പിന്നിട്ടു. ശ്രീവേദവ്യാസ മഹർഷി രചിച്ച മഹാഭാരതത്തെക്കുറിച്ചാണ് പ്രഭാഷണം. പ്രഭാഷണ പരമ്പരയിലെ 300 ാം ദിവസത്തെ പ്രഭാഷണമാണ് 'ഭാരതം മുറി'യിലിരുന്ന് ലൈവ് ചെയ്ത്.

ഏകദേശം ഒരുലക്ഷത്തോളം വരുന്ന ശ്ലോകങ്ങൾ, 2108 അദ്ധ്യായങ്ങൾ, 98 ഉപപർവ്വങ്ങൾ, 18 പർവ്വങ്ങൾ എന്നീ രൂപഘടനയിൽ ശ്രീവേദവ്യാസമഹർഷി അവതരിപ്പിച്ചിട്ടുള്ള മഹാഭാരതത്തിന് ഒരു യുട്യൂബ് ആവിഷ്കാരം. കഴിഞ്ഞ രണ്ടരക്കൊല്ലമായി വാട്സാപ്പിലും യുട്യൂബിലുമായി ഏകദേശം ആയിരത്തഞ്ഞൂറോളം പേർ മഹാഭാരതം കഥ കേൾക്കാൻ ഉത്സാഹത്തോടെ



*കോട്ടയ്ക്കൽ കോവിലകത്തെ ഭാരതം മുറിയിൽ നിന്ന് മഹാഭാരതം പ്രഭാഷണ പരമ്പര നടത്തുന്ന ആയടം കേശവൻ നമ്പൂതിരി*



*ആയടം കേശവൻ നമ്പൂതിരി  ഭാര്യ കടമേരി ചെറുവറ്റ ഇല്ലത്തെ രമ അന്തർജ്ജനവുമൊത്ത്*

കാത്തിരിക്കുകയായിരുന്നു. കഥ റെക്കോഡ് ചെയ്ത് വോയ്സ് ക്ലിപ് ആയി ഗ്രൂപ്പിലിടും. പിറ്റേ ദിവസം അതിനെ ആസ്പദമാക്കി ചർച്ച. വീണ്ടും അടുത്ത ദിവസം പ്രഭാഷണം. അങ്ങനെ കഥ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുന്നു.

ഒരു ദീർഘസത്രം തന്നെ. മഹാഭാരതത്തോടൊപ്പമൊരു ദീർഘയാത്ര.

മഹാഭാരതം കഥ ആദ്യം വിവരിക്കുന്നത് വ്യാസ ശിഷ്യനായ വൈശമ്പായനനാണ്. സ്യമന്തക തീർത്ഥത്തിലെ സത്രശാലയിൽ വെച്ച് കുരുവംശത്തിലെ രാജാവായ പരീക്ഷിത്തിന്റെ പുത്രനായ ജയമേജയനെ വ്യാസശിഷ്യനായ വൈശമ്പായനൻ മഹാഭാരതം കഥ ആദ്യമായി പറഞ്ഞുകേൾപ്പിക്കുന്നു. അങ്ങനെയാണ് മഹാഭാരത്തിന്റെ പ്രകാശന കർമ്മം നിർവ്വഹിക്കപ്പെട്ടത്. വ്യാസന്റെ അനുമതിയോടെ.

ആ സദസ്സിൽ വെച്ച് കഥ കേൾക്കാനിടയായ ഉഗ്രശ്രവസ്സ് എന്നു പേരുള്ള സൂതൻ മഹാഭാരതം നൈമിശാരണ്യത്തിലെ ശൗനക മഹർഷിയുടെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന, പന്ത്രണ്ടുകൊല്ലം നീണ്ടുനിൽക്കുന്ന ഒരു ദീർഘസത്രത്തിൽ വെച്ച് മഹർഷിമാരെ പറഞ്ഞുകേൾപ്പിക്കുന്നു.

മഹർഷിമാർ ജിജ്ഞാസയോടെ കഥ കേൾക്കാനിരിക്കുന്നു. സൂതൻ വിസ്തരിക്കുകയും ചെയ്യുന്നു.

ആദിപർവ്വത്തിലെ അനുക്രമണിക ഉപപർവ്വത്തിൽ മഹാഭാരതം കഥയുടെ തുടക്കം വിവരിക്കുന്നത് അങ്ങനെയാണ്. ആ കണക്കു വച്ച് നോക്കുമ്പോൾ ഈ പ്രഭാഷണവും വർഷങ്ങളെടുക്കും.

ഇനി പ്രഭാഷകന്റെ വിശേഷങ്ങളിലേയ്ക്ക്.

1959 മാർച്ച് 13ന് കോഴിക്കോട് ജില്ലയിൽ വടകരയ്ക്കടുത്തുള്ള കരുവഞ്ചേരിയിൽ ജനനം. അച്ഛൻ മാധവൻ നമ്പൂതിരി, അമ്മ രമ അന്തർജ്ജനം. നാലുവയസ്സുള്ളപ്പോൾ തന്നെ അച്ഛനെ നഷ്ടപ്പെട്ടു. ഇല്ലത്തിന്നടുത്തുള്ള മണിയൂർ ഹൈസ്ക്കൂളിൽ നിന്നു എസ് എസ് എൽ സി പാസ്സായി. തുടർന്നു പഠിക്കാനുള്ള സാഹചര്യമില്ലാതിരുന്നതിനാൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത് പ്രീഡിഗ്രി പാസായി.

കുട്ടിക്കാലത്തേ പ്രഭാഷണം മനസ്സിൽ കടന്നുകൂടിയിരുന്നു. അതിനു നല്ലവായന വേണം. കിട്ടാവുന്ന പുസ്തങ്ങളൊക്കെതന്നെ വായിച്ചു തീർത്തു. സ്ക്കൂൾ കാലഘട്ടത്തിൽ തന്നെ പ്രസംഗമത്സരങ്ങളിലും പ്രബന്ധ രചനാ മത്സരങ്ങളിലും പങ്കെടുത്ത് ധാരാളം സമ്മാനങ്ങൾ നേടുകയും ചെയ്തു.

ജ്യേഷ്ഠന് ചേളന്നൂരിലെ ഒരു ക്ഷേത്രത്തിൽ ശാന്തിയായിരുന്നു. അങ്ങനെ ഡിഗ്രി പഠനത്തിനായി ചേളന്നൂർ എസ് എൻ കോളേജിൽ ബി എ യ്ക്ക് ചേർന്നു. വിഷയം സാമ്പത്തിക ശാസ്ത്രം. പക്ഷേ, സാമ്പത്തികം അത്ര ഭദ്രമായിരുന്നില്ല. എന്നാൽ പ്രസംഗമത്സരങ്ങളിൽ കോളേജിന് നിരവധി ട്രോഫികൾ നേടിക്കൊടുക്കുവാൻ സാധിച്ചു. അതിനാൽ അദ്ധ്യാപകർക്കെല്ലാം ഇഷ്ടവുമായി. അതിന് ഗുണമുണ്ടായി.

കാന്റീനിലെ ഉച്ച ഭക്ഷണം അദ്ധ്യാപകർ സ്പോൺസർ ചെയ്തു. അങ്ങനെ ഉച്ചഭക്ഷണം മുട്ടില്ലാതെ കഴിഞ്ഞു.പോരാത്തതിന് കോളേജിലെ പുവർ ഏയ്ഡ് ഫണ്ടിൽ നിന്നു ഒരു തുകയും ലഭിച്ചുകൊണ്ടിരുന്നു അതായിരുന്നു വലിയൊരാശ്വാസം. കൂടാതെ പ്രിൻസിപ്പാളായിരുന്ന പ്രൊഫസ്സർ വസന്തകുമാരി ടീച്ചറും ഇടക്കൊക്കെ സഹായിച്ചിരുന്നു. ഡിഗ്രിപഠനം അങ്ങനെ കടന്നുപോയി.

തുടർന്നുള്ള പഠനത്തിനായി എം

> ഒരമ്പതു ബന്ധുക്കളുടേയോ പരിചയക്കാരുടേയോ പേരുകൾ പറയാൻ ആവശ്യപ്പെട്ടാൽ എനിക്ക് കഴിഞ്ഞെന്നുവരില്ല. പക്ഷെ മഹാഭാരതം, രാമായണം, ഭാഗവതം തുടങ്ങിയ കൃതികളിലെ ഒട്ടുമിക്കവാറും എല്ലാ കഥാപാത്രങ്ങളുടേയും പേരും അവരുടെ സ്വഭാവ വിശേഷങ്ങളും എനിക്ക് ഹൃദിസ്ഥമാണ്.

പ്രഭാഷണ രംഗത്ത് പ്രശസ്തരായിത്തീർന്ന കെ.ഇ.എൻ. കുഞ്ഞഹമ്മദ്, അബ്ദുസ്സമദ് സമദാനി എന്നിവരോടൊപ്പം കോളേജ് വിദ്യാഭ്യാസ കാലത്ത് പ്രസംഗ മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. ദേവഗിരി കോളേജിൽ നിന്ന് ആൾ കേരള ഇന്റർകോളേജിയേറ്റ് പ്രസംഗ മത്സരത്തിൽ രണ്ട് തവണ ഫാ. തിയോഡോഷ്യസ് ട്രോഫിയും ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് വി.കെ കൃഷ്ണമേനോൻ റോളിംഗ് ട്രോഫിയും നേടിയിട്ടുണ്ട്.



# മഹാഭാരതത്തിന് ഒരാമുഖമായി പറയുവാനുള്ളത്

എന്താണ് വ്യാസമഹാഭാരതത്തിന്റെ പ്രത്യേകത, എന്തുകൊണ്ടാണ് കാവ്യങ്ങളായും നാടകങ്ങളായും ആട്ടക്കഥകളായും ഓട്ടൻ തുള്ളലുമായൊക്കെ മഹാഭാരതത്തിന് ഇത്രയധികം പ്രചാരം ലഭിച്ചിട്ടുള്ളത് – ചോദ്യത്തിനുള്ള ഉത്തരം ഇതാണ് : 'മഹത്വാ ഭാരവത്വാ ച മഹാഭാരത മുച്യതേ... ' അതായത് മഹാഭാരതം അതിന്റെ മഹത്വം കൊണ്ടും ഭാരം കൊണ്ടുമാണ് ഇത്രയധികം പ്രചരിക്കാനിടയായിട്ടുള്ളത് എന്ന് സാരം. ഭാരം എന്നുപറയുന്നതിനുള്ള കാരണം അന്നേവരെ ഭാരതത്തിൽ അറിയപ്പെട്ടിരുന്ന ജ്ഞാനവിജ്ഞാനങ്ങളെല്ലാം അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നതുകൊണ്ടാണ്. മഹാഭാരതത്തെക്കുറിച്ച് വേദവ്യാസ മഹർഷി ആത്മവിശ്വാസത്തോടെ പറഞ്ഞുവെയ്ക്കുന്നത് നോക്കൂ–
'യദിഹാസ്തി തദന്യത്രയന്നേഹാസ്തി ന കുത്രചിത് '. അതായത് 'ഇതിലുള്ളത് മറ്റു പലയിടത്തും ഉണ്ടായിരിക്കും. എന്നാൽ ഇതിൽ ഇല്ലാത്തത് മറ്റെങ്ങും ഉണ്ടായിരിക്കുകയില്ല. '

*മഹാഭാരതം പ്രഭാഷണ പരമ്പര- യു ട്യൂബ് ലിങ്ക്: https://youtu.be/9XWJ2cha9aY*

എ ഇംഗ്ലീഷ് ലിറ്ററേച്ചറിന് ദേവഗിരി കോളേജിൽ ചേർന്നെങ്കിലും പഠനം തുടരാനായില്ല. പിന്നീട് കോഴിക്കോട് സർവ്വകലാശാല സെന്ററിൽ നിന്ന് എം എ മലയാളം ഡിഗ്രിയെടുത്തു. ഹോസ്റ്റലിൽ താമസം. സർക്കാർ വകുപ്പിലെ ചില ജീവനക്കാർക്ക് പ്രൊമോഷൻ കിട്ടാനായി വിവിധ ടെസ്റ്റുകൾ പാസാകണമായിരുന്നു. അവർക്ക് ക്ലാസുകളെടുത്തും വിദ്യാർത്ഥികൾക്ക് ട്യൂഷനെടുത്തുമാണ് ചെലവിനുള്ള തുക കണ്ടെത്തിയിരുന്നത്.

എം എ യ്ക്ക് ശേഷം ഏകദേശം എട്ട് വർഷം പാരലൽ കോളേജിൽ അദ്ധ്യാപനം. നീതിന്യായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനായി നിയമനം ലഭിക്കുന്നതുവരെ. ജോലിയിൽ പ്രവേശിച്ചപ്പോഴും പ്രഭാഷണ രംഗത്തുനിന്ന് വിട്ടുനിന്നില്ല. ക്ഷേത്രങ്ങളിലും മറ്റ് സാംസ്ക്കാരിക കേന്ദ്രങ്ങളിലും സജീവമായി ഇടപെട്ടുകൊണ്ടിരുന്നു.

അമ്മയ്ക്കു നല്ല വായനാശീലമുണ്ടായിരുന്നു. അമ്മാത്ത് നല്ലൊരു പുസ്തക ശേഖരവുമുണ്ടായിരുന്നു.

രാമായണത്തിലേയും മഹാഭാരതത്തിലേയും കഥാസന്ദർഭങ്ങളേയും കഥാപാത്രങ്ങളേയും പരിചയപ്പെടുത്തിക്കൊടുക്കുന്നതും അമ്മ തന്നെയാണ്.

ജ്യേഷ്ഠൻ ഭാഗവത സപ്താഹങ്ങളൊക്കെ നടത്തി വന്നിരുന്നു. ജ്യേഷ്ഠന്റെ മരണശേഷമാണ് കേശവേട്ടൻ ആദ്ധ്യാത്മിക പ്രഭാഷണങ്ങ



**കർമ്മവും കർമ്മഫലവും തന്നെയാണ് മഹാഭാരതത്തിലെ പ്രധാന പ്രതിപാദ്യ വിഷയം. ഒരു പശുക്കിടാവ് ആയിരം പശുക്കളുടെ ഒരു കൂട്ടത്തിൽ നിന്ന് എങ്ങനെയാണോ സ്വന്തം അമ്മയുടെ അടുത്തേയ്ക്ക് ഒരു സംശയവുമില്ലാതെ ഓടിയെത്തുന്നത് അതുപോലെ കർമ്മഫലവും മനുഷ്യരെ തേടിയെത്തുമെന്നുതന്നെയാണ് വ്യാസൻ മഹാഭാരതത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്**

ളിലും ഭാഗവത സപ്താഹങ്ങളിലും കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയത്.ചെട്ടിക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ നാല്പത്തൊന്നുദിവസം നീണ്ടുനിന്ന മഹാഭാരത പ്രഭാഷണ പരമ്പര വളരെയേറെ ജനപ്രീതി നേടുകയുണ്ടായി.

1979 ൽ വടകരയിൽ വെച്ച് സാഹിത്യ അക്കാഡമി ഒരു ചെറുശ്ശേരി ഉത്സവം സംഘടിപ്പിക്കുകയുണ്ടായി. ഉറൂബായിരുന്നു അന്ന് സാഹിത്യ അക്കാഡമിയുടെ പ്രസിഡന്റ്. ഉത്സവത്തോടനുബന്ധിച്ചു നടത്തിയ പ്രസംഗ- പ്രബന്ധരചനാ മത്സരങ്ങളിൽ ഒന്നാംസമ്മാനത്തിനർഹനായി. ഏകദേശം 250 രൂപയ്ക്കുള്ള പുസ്തകങ്ങൾ അന്ന് സമ്മാനമായി ഉറൂബിൽ നിന്ന് ഏറ്റുവാങ്ങിയത് ഏറെ സന്തോഷം തോന്നിയൊരനുഭവമായിരുന്നു.

ഭാര്യ കടമേരി ചെറുവൊറ്റ ഇല്ലത്തെ രമ അന്തർജ്ജനം. മൂന്ന് മക്കൾ. മൂത്ത മകൾ ഉമ ഹൈസ്കൂൾ അദ്ധ്യാപിക. ഭാഗവതത്തിലെ സാഹിത്യം എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. വയപ്പുറം പ്രസാദിന്റെ സഹധർമ്മിണിയാണ്. പ്രഭാഷണങ്ങൾ നടത്താറുണ്ട്. രണ്ടാമത്തെ മകൾ ഹേമ സംസ്കൃതം എം എ, ബി എഡ്. മാളിക ഹരി നമ്പൂതിരിയുടെ സഹധർമ്മിണിയാണ്. രണ്ട് ജാമാതാക്കളും ഭാഗവത സപ്താഹ ആചാര്യന്മാരാണ് എന്നതും അപൂർമായ ഒരു ഭാഗ്യം. മകൻ വിഷ്ണു നരിപ്പറ്റ ആർ.എൻ.എം.സ്കൂളിൽ മലയാളം അദ്ധ്യാപകനാണ് ●

കേശവൻ നമ്പൂതിരി,
ആയടത്തില്ലം,
പോസ്റ്റ്:കോട്ടൂർ,വഴി:നടുവണ്ണൂർ,
കോഴിക്കോട് ജില്ല, പിൻ:673614
ഫോൺ: 9961563180
മാന്തിട്ട വിഷ്ണു:8714839298

# 57ാം വിവാഹ വാർഷികാശംസകൾ



**കെ.ഗോപാലകൃഷ്ണൻ നമ്പൂതിരി**
S/o ബ്രഹ്മശ്രീ കൊല്ലം ഭൂതകുളം
നീലമന കൃഷ്ണൻ നമ്പൂതിരി,
സുഭദ്ര അന്തർജനം.

**ദേവകി അന്തർജനം**
D/o കോട്ടയം തിരുവഞ്ചൂർ
ബ്രഹ്മശ്രീ ചെട്ടിയിൽ നീലമന
കൃഷ്ണൻ പോറ്റി,
ദേവകി അന്തർജനം.

മൊബൈൽ: 9895503636

സ്നേഹത്തോടെ,
മക്കളും മരുമക്കളും
പേരക്കുട്ടികളും

# വിഷ്ണുവും രോഷ്നിയും



മുപ്ലിയം മണയത്താറ്റ് ഇല്ലത്ത് ശ്രീകുമാറിന്റെയും ഉമാദേവിയുടെയും മകൻ വിഷ്ണുവും ശ്രീകൃഷ്ണപുരം പാവുട്ടി മനയിലെ പരേതനായ വാസുദേവൻ നമ്പൂതിരിയുടെയും ശ്രീദേവിയുടെയും മകൾ രോഷ്നിയും തമ്മിലുള്ള വിവാഹം 2022 ഡിസംബർ മാസം 9 ന് (1198 വൃശ്ചികം 23) രാവിലെ 9:30 നും 11:08 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ തൃശ്ശൂർ ശ്രീ ശങ്കര കല്യാണ മണ്ഡപത്തിൽ വെച്ച് നടന്നു.


HAPPY BIRTHDAY
70
കോഴിക്കോട്
മുത്താലം കൊറ്റിവട്ടം
ഇന്ദിര
അന്തർജനത്തിന്റെ
സപ്തതി 2023
ഫെബ്രുവരി 11
ശനിയാഴ്ച
ആഘോഷിച്ചു.
ഇന്ദിരോപ്പോളും ജീവിത പങ്കാളി രാധാകൃഷ്ണേട്ടനും
ആശംസകളോടെ, സഹോദരൻ കൊറ്റിവട്ടം ജയരാജനും കുടുംബവും.
മുത്താലം, കോഴിക്കോട് മൊബൈൽ: 9961085646


25th
Anniversary
25 ാം വിവാഹ വാർഷികം
ആഘോഷിക്കുന്ന
താമരക്കുളം പ്രസാദത്തിൽ
ദാമോദരൻ നമ്പൂതിരിയും
ഉഷ അന്തർജനവും
ആശംസകളോടെ
ധന്യ, കണ്ണൻ,
രഘു പെരുമ്പിള്ളി ഇല്ലം.
മാമ്പറ്റ, താമരക്കുളം
പ്രസാദത്തിൽ,
പി.ഒ.മുക്കം. കോഴിക്കോട്
ജില്ല. ഫോൺ:9447637677



ഉപനയനം കഴിഞ്ഞ ഉണ്ണികൾക്ക് ആശംസകൾ
നരിക്കാട്ടിരി പ്രകാശൻ നമ്പൂതിരി & പാർവ്വതി പ്രകാശൻ ദമ്പതികളുടെ മകൻ അപ്പു എന്ന് വിളിയ്ക്കുന്ന അനന്ദ് നീലകണ്ഠനെ (കൂക്കമ്പാറ മരുമഹൻ) ഇല്ലത്തെ മുത്തച്ഛൻ നീലകണ്ഠൻ നമ്പൂതിരിയും നരിക്കാട്ടിരി പ്രദീപൻ നമ്പൂതിരി & ജ്യോത്സന പ്രദീപൻ ദമ്പതികളുടെ മകൻ കണ്ണൻ എന്ന് വിളിയ്ക്കുന്ന നിവേദിനെ (കുഴിയ്ക്കാട്ട് മരുമഹൻ) അച്ഛൻ പ്രദീപൻ നമ്പൂതിരിയും തറവാട്ടിൽ വെച്ച് 2023 ജനുവരി 26 ന് ഉപനിച്ചു. ബുന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ 2023 ഏപ്രിൽ 6 ന് ആണ് സമാവർത്തനം. അനന്ദുവിനും കണ്ണനും സ്വസ്തി ആയുഷ്മാൻ ഭവ:
അനന്ദ് നീലകണ്ഠൻ & നിവേദ്
നരിക്കാട്ടിരി മന
പോസ്റ്റ്: കുറ്റാനശ്ശേരി, പാലക്കാട് ജില്ല
മൊബൈൽ: 9446047445
9446497445
കോഴിക്കോട്
മുക്കം ശ്രീപാദം
പൊയിൽ
ഇല്ലത്ത്
പി.വി ഹരിയുടെയും
പി.ആർ അശ്വതി
യുടെയും മകൻ
ശിവദത്ത്
കൃഷ്ണന്റെ
ഉപനയനം
27/01/2023
ഇല്ലത്തു വച്ചു
നടന്നു.
ഫോൺ :
9947101063
മലപ്പുറം ജില്ല പാലപ്പറ്റ നടുവത്തേടത്ത്
കൃഷ്ണകുമാർ നിർമല ദമ്പതിമാരുടെ മകൻ
ശ്രീവാസിനെ മാർച്ച് ഒന്നിന് ഉപനയിച്ചു.
ആചാര്യൻ: പൊയിലിൽ (മൂസാമ്പൂരി) ശ്രീധരൻ നമ്പൂതിരി.
ആശംസകളോടെ: മുത്തച്ഛൻ, മുത്തശ്ശി,
ശ്രീമയി (ഓപ്പോൾ) മൊബൈൽ :9495321262

# കുട്ടിക്കൂട്ടം




**നിവേദ്യ കൃഷ്ണൻ**

കോട്ടയം ചങ്ങനാശ്ശേരി ഉപ സഭ പുഴവാത് മരങ്ങാട്ട് ഇല്ലത്ത് അനൂപ് കെ നമ്പൂതിരിയുടെയും ഉമാദേവിയുടെയും മകളാണ്.
മൊബൈൽ: 99713 64411





സംസ്ഥാന സ്കൂൾ കലോൽത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം നങ്ങ്യാർ കൂത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ **മേഘ്ന കൃഷ്ണ.** എളയൂർ പാലിശ്ശേരി മനയിലെ അദ്ധ്യാപക ദമ്പതിമാരായ അജിതിന്റേയും, പ്രസീതയുടേയും മകളാണ്








തിരുവനന്തപുരം കാലടി ജി. എച്ച് എസിലെ നാലാം ക്ലാസ് വിദ്യാർഥിനിയായ ഒമ്പത് വയസ്സുകാരി **പ്രണീത,** പഴയ കടലാസ്സ് കൊണ്ട് നിർമ്മിച്ചത്. തിരുവനന്തപുരം കരമന തളിയൽ മഹാദേവ നഗർ ചെങ്കില്ലത്ത് പ്രതീഷ് പോറ്റിയുടെയും നീലിമയുടെയും മകളും തിരുവനന്തപുരം കാലടി ഉപസഭാ അംഗവുമാണ്.
Praneetha.P.N,D/o Prathesh Potty,Chenkillam,T.M.Nagar,Thaliyal,-Karamana.PO,Thiruvananthapuram, Pin 696002.Mob: 8089112905.



സംസ്ഥാന ഹൈസ്കൂൾ വിഭാഗം ഗണിതശാസ്ത്രമേളയിൽ നമ്പർ ചാർട്ട് ഇനത്തിൽ എ ഗ്രേഡ് നേടിയ **ആദർശ് ദാമോദരൻ** എം. കോഴിക്കോട് പെരുമണ്ണ ഉപസഭയിലെ മങ്ങത്തായ ഇല്ലത്ത് സതീശന്റെയും ഉമയുടെയും മകനാണ്. (പി എം എസ് എ പി ടി എച്ച് എസ് എസ് കക്കോവ്)
മൊബൈൽ: 9446633226



സംസ്ഥാന ഹൈസ്കൂൾ വിഭാഗം സംസ്കൃതനാടകത്തിലും സംസ്കൃത അക്ഷര ശ്ലോകത്തിലും എ ഗ്രേഡ് നേടിയ മേലാറ്റൂർ ആർ. എം ഹൈസ്കൂളിലെ **എം ശ്രീദേവി.** മണ്ണാനിക്കാട് പ്രവീണിന്റെയും പ്രിയയുടെയും മകളാണ്.
മൊബൈൽ: 9744365710



കേരള സ്കൗട്ട് ആൻഡ് ഗൈഡ്സ് രാജ്യപുരസ്കാറിന് അർഹയായ വടകര പുതിയടം ശ്രീശൻ നമ്പൂതിരിയുടെയും സരിത ശ്രീശന്റെയും മകൾ **ടി.ഐ.ശിവദ**

**കുട്ടിക്കൂട്ടത്തിലേക്ക് രചനകൾ വാട്ട്സ് അപ്പിൽ അയക്കാം 9400992823**



ജനുവരി 15 ന് മൂന്നാം പിറന്നാൾ ആഘോഷിച്ച കൊയിലാണ്ടി കിഴാറ്റുപുറം പെരുമ്പള്ളി പ്രദീഷ് ദീപ ദമ്പതികളുടെ മകൾ **കൃഷ്ണശ്രീ**
മൊബൈൽ: 94474 24438

## വിനോദയാത്ര

# മൂന്നു കടലും ഒന്നിച്ചു കണ്ടപ്പോൾ ടീച്ചർ പഠിപ്പിച്ചത് ഓർമ്മ വന്നു

**ഇപ്സ**



ഫെബ്രുവരി മൂന്നിന് വെള്ളിയാഴ്ചയാണ് കന്യാകുമാരിയിലേയ്ക്ക് വിനോദയാത്ര പോയത്. കൂട്ടുകാരോടൊപ്പം പോകാൻ വലിയ ഇഷ്ടമായിരുന്നു. രാവിലെ എഴുന്നേറ്റു. അമ്മ ഉണ്ടാക്കിത്തന്ന പ്രഭാത ഭക്ഷണവും ഉച്ച ഭക്ഷണവും ബാഗിലാക്കി സ്കൂളിലെത്തി. 43 കുട്ടികളും 12 അധ്യാപകരും ഉണ്ടായിരുന്നു.

ഞങ്ങളെ ഓരോരോ ഗ്രൂപ്പാക്കി ബസ്സിൽ കയറ്റി. ഓരോ ഗ്രൂപ്പിനും ലീഡറും ഉണ്ടായിരുന്നു. ക്ലാസ് ടീച്ചറായ രാജി ടീച്ചറും, കമ്പ്യൂട്ടറിന്റെ ടീച്ചറായ ജിജി ടീച്ചറുമായിരുന്നു എന്റെ ഗ്രൂപ്പിന്റെ ലീഡർ. 7 മണിയ്ക്ക് യാത്ര ആരംഭിച്ചു. ആദ്യം പോയത് നെയ്യാർ ഡാമിലേക്കാണ്.തിരുവനന്തപുരം ജില്ലയിലെ ഒരു പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമാണ് നെയ്യാർ ഡാം. സുന്ദരമായ തടാകം,പൂന്തോട്ടം,ശുദ്ധജല അക്വേറിയം, (ഏഷ്യയിലെ ഏറ്റവും വലിയ അക്വേറിയം) പ്രതിമകൾ, മുയൽ, പ്രാവ്, പാർക്ക് എന്നിവ കണ്ടു. അവിടെയിരുന്നു ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ചു.

അവിടെ നിന്ന് തൃപ്പരപ്പു കാണാൻ പോയി. കന്യാകുമാരി ജില്ലയിലെ ഒരു പ്രധാന സ്ഥലമാണ് തൃപ്പരപ്പ്. അവിടെ വെള്ളച്ചാട്ടം കണ്ടു. വെള്ളത്തിൽ ഇറങ്ങി. പാർക്കിൽ കളിച്ചു.നീന്തൽകുളം കണ്ടു. താമ്രപർണി നദിയിലാണ് തൃപ്പരപ്പ് വെള്ളച്ചാട്ടം.

ബസ്സിൽ പാട്ടും ഡാൻസുമായി വട്ടക്കോട്ടയിലേയ്ക്ക് പുറപ്പെട്ടു. വലിയ ഗേറ്റ് ആദ്യം കണ്ടു. കരിങ്കല്ല് കൊണ്ട് നിർമിച്ചതാണ് വട്ടക്കോട്ടയെന്ന് സാർ പറഞ്ഞു. മതിലിനു വെളിയിലേക്കു നോക്കിയപ്പോൾ കാറ്റാടി പാടവും കടലും കണ്ടു. അവിടെ വേറെ സ്കൂളിലെ കുട്ടികളെയും കണ്ടു. പതിനെട്ടാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മ നിർമിച്ചതാണ് വട്ടക്കോട്ട എന്ന് പിന്നീട് അമ്മ പറഞ്ഞു തന്നു.



*ഇപ്സയും കൂട്ടുകാരും വിനോദയാത്രക്കിടയിൽ*

കോട്ടയുടെ നടുക്കായി ഒരു കുളവും, മണ്ഡപവും, കൽത്തൂണുകളും കണ്ടു. അവിടെ ഇരുന്നു ഉച്ച ഭക്ഷണം കഴിച്ചു. അതിനു ശേഷം കന്യാകുമാരിയിലേയ്ക്ക് പോയി. അവിടെ എത്തിയപ്പോൾ ജി.കെ ടീച്ചർ പഠിപ്പിച്ചതാണ് എനിയ്ക്കു ഓർമ വന്നത്. ഇന്ത്യൻ മഹാസമുദ്രം, ബംഗാൾ ഉൾക്കടൽ, അറബിക്കടൽ ഇവ മൂന്നും ഒന്നിയ്ക്കുന്ന സ്ഥലമാണ് കന്യാകുമാരി എന്ന് പഠിപ്പിച്ചിരുന്നു.

ആ സ്ഥലം കണ്ടപ്പോൾ എനിയ്ക്കു സന്തോഷമായി. ബോട്ടിൽ കയറി വിവേകാനന്ദപ്പാറയിലേയ്ക്ക് പോയി. തിരുവള്ളുവരിന്റെ വലിയ പ്രതിമ ദൂരെ നിന്നു തന്നെ കണ്ടു. കന്യാകുമാരി ദേവിയുടെ കാൽപാദം കണ്ടു. കടലിൽ ഇറങ്ങി. ചെറിയ തിരമാല കാലിൽ തട്ടി തിരിച്ചു പോയി. ടീച്ചർ കടയിൽ നിന്നു കളിപ്പാട്ടം വാങ്ങിത്തന്നു. തിരിച്ചു ബസ്സിൽ കയറി. ഒരു പെട്രോൾ പമ്പിൽ ബസ് നിർത്തി. അവിടെ ഇരുന്നു ആഹാരം കഴിച്ചു. തിരിച്ചു വീട്ടിലേയ്ക്കു. രാത്രി11 മണിയായി തിരിച്ചെത്തിയപ്പോൾ. ●

(ഇപ്സ നെടുമങ്ങാട് പുതുകുളങ്ങര ഗവ എൽ.പി.സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർഥിയാണ്)

D/o വിഷ്ണു വെങ്കിടേഷ് &
അഖില വാസുദേവൻ,
ശ്രീവിലാസത്തു മഠം,
ആലംകോട് ശാസ്ത ടെമ്പിൾ
റോഡ്, കുന്നുനട,
പി.ഒ.പുതുകുളങ്ങര, നെടുമങ്ങാട്,
തിരുവനന്തപുരം, പിൻ:695541
മൊബൈൽ: 9446172097

### വായിച്ച പുസ്തകം
# മുത്തശ്ശി മാവും മുത്തശ്ശൻ പ്ലാവും

**വരദ ഇ വി**



എനിയ്ക്ക് പുസ്തകങ്ങൾ വളരെ ഇഷ്ടമാണ്. അച്ഛന്റെ കൈവശമുള്ള ഒരു പുസ്തകം വളരെ ഇഷ്ടപ്പെടുന്നു. ആ പുസ്തകത്തിന്റെ പേര് മുത്തശ്ശി മാവും മുത്തച്ഛൻ പ്ലാവും എന്നാണ്. ഈ പുസ്തകം ഇഷ്ടപ്പെടാൻ കാരണം അത് പ്രകൃതിയെക്കുറിച്ച് ആയതു കൊണ്ടാണ്. പുസ്തകത്തിന്റെ ആദ്യ താളിൽ ഒരു നിധി കണ്ടെത്തിയ കഥ എന്ന കഥയാണ്. ഇത് അധ്വാനത്തെ പ്രോത്സാഹിപ്പിക്കാൻ സഹായിയ്ക്കുന്ന കഥയാണ്. പിന്നെ മൂന്നാം ക്ലാസിലെ മധു മാഷിന്റെയും കുട്ടികളുടെയും പ്രകൃതി യാത്രാവിശേഷങ്ങൾ ചേർത്താണ് പ്രൊ.എസ്.ശിവദാസ് പുസ്തകം രചിച്ചിട്ടുള്ളത്.

ഇത് വായിച്ചതോടെ പ്രകൃതിയേയും പരിസ്ഥിതിയേയും ഏറെ ഇഷ്ടപ്പെടുവാൻ തുടങ്ങി. അത്രയും മനോഹരമായാണ് ഇതിൽ പ്രകൃതിയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നത്. മധു മാഷിന്റെയും കുട്ടികളുടെയും കൂടെ ഉള്ള ഈ പുസ്തക വായന



യാത്ര വളരെ രസകരമായിരുന്നു. എത്ര പ്രകൃതിവിഭവങ്ങളാണ് ഈ പുസ്തകത്തിൽ. ഇത് പ്രകൃതിയെ സ്നേഹിക്കുവാൻ പഠിപ്പിക്കുന്നു. ഈ പുസ്തകം അന്തർദേശീയ കുടുംബകൃഷി വർഷമായ 2014 ആയി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചതാണ്.

ഞാൻ വായിക്കാൻ ആഗ്രഹിക്കുന്ന ആലീസിന്റെ അത്ഭുത ലോകം എന്ന പുസ്തകത്തെ ചില സംഭവങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. ഓരോ പേജിലെയും സംഭവങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ പച്ചനിറത്തിലുള്ള ഒരു വട്ടത്തിൽ ഓരോ പേജിലുമുണ്ട്. ഈ വട്ടത്തിലെ കാര്യങ്ങൾ വായിച്ചാൽ പഴയ കാലത്ത കാർഷിക പദ്ധതികളും ഈ കാലത്തെ കാർഷിക പദ്ധതികളും മനസ്സിലാക്കുവാൻ കഴിയും. എല്ലാ പ്രായക്കാർക്കും ഒരേ പോലെ രസിക്കും.

പരിസ്ഥിതിയുടെ മേന്മയും മനോഹാരിതയും കൂടുതൽ അറിയിയ്ക്കുന്നതാണ് ഇത്. കുട്ടികൾക്കായി45 പ്രകൃതി പരിസ്ഥിതി പഠന പ്രവർത്തനങ്ങളുണ്ട്. 8 കൃഷിപ്പാട്ടുകളും. അവ ചൊല്ലി ആസ്വദിച്ച് ഈ പുസ്തകം വായിയ്ക്കാം. മധുമാഷിന്റെയും കുട്ടികളുടെയും പ്രകൃതിയാത്രയെപ്പറ്റി ഈ പുസ്തകം തീർച്ചയായും വായിച്ചു നോക്കണം അത്രയും രസകരമാണ്. ഞാൻ ചുരുങ്ങിയ കാര്യങ്ങൾ മാത്രമെ പറഞ്ഞിട്ടുള്ളൂ. ഇത്രയും പറഞ്ഞ് ഞാൻ അവസാനിപ്പിക്കുയാണേ....... ●

വരദ ഇ വി
d/o എണ്ണാഴി വിനോദ്
എണ്ണാഴി മന കുറ്റിപ്പാല, പി.ഒ
വട്ടംകുളം, എടപ്പാൾ,
മലപ്പുറം: 679578
ഫോൺ: 9744616003,9495156654

# പേടിയാണെനിക്കമ്മേ



**ഹരിപ്രിയ വി. എൻ**

വിജനമീ വഴി നടക്കുവാൻ
പേടിയാണെനിക്കമ്മേ..
മനസ്സൊക്കെ കുരുങ്ങികിടക്കുന്ന
മനസ്സാക്ഷിയില്ലാ മനുഷ്യക്കൂട്ടമാണിന്നിവിടം.
മയക്കുമരുന്നുകൾ കുത്തിനിറച്ചു വരും
വാഹനങ്ങൾ എനിക്കു ഭയം
കൂട്ടിനായി കൂട്ടുന്ന ചെങ്ങായിയെയും ഭയം.

വിശ്വാസങ്ങൾ നിറം വറ്റുന്ന നേരത്ത്
ഒറ്റക്കാണ് നമ്മളിൽ പലരും
ലഹരിക്കടിമപ്പെടും ലോകം
ക്ഷണികമാം സുഖത്തിനൊടുക്കുന്നത്
മനുഷ്യത്വത്തിൻ വിശ്വാസം.

ദുർബലമായി പോയിടും മനസ്സും വപുസ്സും
ദുർബലമായിടും യുവത്വവും
ഇരട്ടി വേഗത്തിൽ കുതിക്കും സമൂഹത്തിന്
വിപത്തല്ലോ ദുർബലമായൊരു യുവത്വം
മദ്യക്കൊള്ളയും പാൻമസാലയും
ലഹരിമാഫിയകളും വേട്ടയാടും നമ്മുടെ യുവത്വം
അരുതരുത് അരുതരുത് തളരരുത് നമ്മൾ
ജീവിതം തന്നെ ലഹരിയെന്നോർക്കണം
തിരികെ പിടിക്കണം നമ്മുടെ സംസ്കാരം.
തുടക്കം എന്നിൽ നിന്നും
എൻ കൂട്ടരിൽനിന്നും
എൻ കുടുംബത്തിൽ നിന്നും
സമൂഹത്തിനായി ശക്തിയോടൊരുമിക്കാം
നമുക്ക് നമ്മിൽ നിന്ന് തന്നെ. ●

ഡിഗ്രി രണ്ടാം വർഷം, d/o നാരായണൻ നമ്പൂതിരി & പ്രിയ, വെദിരമന, TC 29/883(3), പാൽകുളങ്ങര, തിരുവനന്തപുരം 24, മൊബൈൽ: 9400820840/94470 41839



# വഴിയോരത്തെ കിളിക്കൂട്

**ആര്യകൃഷ്ണ പി**

(ഏഴാം ക്ളാസ് എ ജവഹർ നവോദയ വിദ്യാലയ മലപ്പുറം.
പഴങ്ങോട്ടുപൊറ്റ ഇല്ലത്ത് ജയന്റെയും ഉമയുടെയും മകളാണ്.
പഴങ്ങോട്ടുപൊറ്റ ഇല്ലം,പി. ഒ പുളിയക്കോട്, വഴി കുഴിമണ്ണ,
മലപ്പുറം ജില്ല, മൊബൈൽ: 8086721402)

ആ വഴിയോരത്തെ ആൽച്ചുവട്ടിൽ
ഈർച്ചവാളേന്തീട്ടു നിൽക്കുന്നയാൾ.
കണ്ണു കൂർപ്പിച്ചതാ നോക്കീടുന്നു
കൂട്ടിലെക്കുഞ്ഞു കിളികൾക്കുനേർ.

താരങ്ങളെന്നോണം എണ്ണിയാലോ
തീരാത്തയത്രയും ചേതനകൾ.
പാറിപ്പറക്കാൻ ചിറകില്ലാത്ത
പാവം കിളിക്കിടാങ്ങൾക്കു നേരേ,
യുദ്ധപ്രഖ്യാപനമെന്നപോലെ
ക്രുദ്ധനായ് വാളേന്തി നിന്നു ക്രൂരൻ.

ഈർച്ചവാളിൻ ശബ്ദം കേട്ടു പാവം
കുഞ്ഞുകിളികളോ പേടിച്ചു പോയ്
വർണ്ണങ്ങൾ ചിന്തുന്ന പൂത്തിരി പോൽ
പക്ഷിക്കൂട്ടങ്ങൾ ചിതറിപ്പോയി
പാറാൻ കഴിയാത്ത കുഞ്ഞുജീവൻ
രക്ഷപ്പെടുത്താൻ കഴിയാത്തതിൽ
ജീവനൊടുക്കുന്നു അമ്മക്കിളി
എന്നിട്ടും കാരുണ്യമില്ലയാൾക്ക്.

മാനുഷ തത്ത്വമറിഞ്ഞതില്ല
സ്നേഹാനുകമ്പയുമില്ലയാൾക്ക്
വൻമരമെല്ലാം മുറിച്ചു മാറ്റി
നൻമകളെല്ലാം തുടച്ചുനീക്കി
കെട്ടിടം വൻമതിൽകെട്ടിപ്പൊക്കി
ദുഷ്ടതയും കൂടെ ചേർത്തു കെട്ടി
എന്നിട്ടും എന്നിട്ടും തീർന്നതില്ല
ഈ നരജന്മത്തിൻ വ്യാമോഹങ്ങൾ.

# അമ്പിളിമാമ

**പ്രഹിത് റാം**

എന്തൊരു ഭംഗി എന്തൊരു ഭംഗി
മേഘങ്ങൾ ചേരുന്നതു കാണാൻ...
എന്തൊരു ഭംഗി എന്തൊരു ഭംഗി
നിന്നുടെ ചന്തം അമ്പിളിമാമാ...
എന്തൊരു ഭംഗി എന്തൊരു ഭംഗി
നക്ഷത്രങ്ങൾക്കൊപ്പം കാണാൻ...
എന്തൊരു ഭംഗി എന്തൊരു ഭംഗി
മേഘങ്ങൾ ചേരുന്നത് കാണാൻ ●



Prahit Ram
Age : 8
S/o Haneesh,
Eranjoli illam
Po: Nateri,
Koyilandy.
Mobile:
94465 61754

# വായനക്കാരുടെ പേജ്




പ്രതികരണങ്ങൾ
വാട്ട്സ്ആപ്പ് ചെയ്യൂ
9400992823

# എം.പി. എസ് എന്ന വ്യക്തിത്വം

എം പി എസ് ശങ്കരൻ നമ്പൂതിരിയുടെ ജീവിതത്തെ കുറിച്ചെഴുതിയ ലേഖനം വായിച്ചു. കഥകളി നടനത്തിലൂടെ ഉയരങ്ങളിലെത്തിയ അദ്ദേഹം നല്കിയ വിവരങ്ങൾ വായിക്കേണ്ടതു തന്നെ!

നമ്പൂതിരി സമുദായത്തിന് ഇത് എന്തുകൊണ്ടും അഭിമാനാർഹമാണ്. എന്നെ സംബന്ധിച്ച് അദ്ദേഹം മഞ്ചേരി സ്വദേശിയാണല്ലോ എന്നത് കൂടുതൽ സന്തോഷം പകരുന്നു.

കഥകളിയിൽ എം.പി എസിന്റെ ചെറുപ്പത്തിലെ പഠനരീതിയോ അതികഠിനവും. ഇന്നത്തെ വിദ്യാർത്ഥികൾക്ക് ചിന്തിക്കാൻ കഴിയാത്തതും അവിശ്വസനീയവുമാണ് ഈ ഗുരുകുലവാസം. ഇത്തരം മഹത് വ്യക്തികളെക്കുറിച്ച് പുതുതലമുറ അറിയേണ്ടത്




അനിവാര്യമാണ്.

പുലർച്ചെ 2.45 ന് തുടങ്ങിയ സാധകങ്ങൾ, ഉഴിച്ചിൽ ക്ലാസ് എന്നിവ രാത്രി 11 മണി വരെ നീളാം എന്നത് അത്ഭുതകരം! അതും 8 വർഷത്തെ അശ്രാന്തപരിശ്രമം. കഥകളിയിൽ മുഴുവനും അർപ്പിച്ചു കൊണ്ടുള്ള ജീവിതം. അദ്ദേഹത്തിന്റെ നർമ്മവും രസകരം 'ഒന്നും പഠിക്കാത്തവൻ കന്നു പൂട്ടാൻ പോണമെന്നും അതിനും പറ്റാത്തവന് കഥകളിയും എന്ന നാട്ടുപരിഹാസം'

നിരവധി പുരസ്ക്കാരങ്ങൾ നേടിയ പ്രതിഭ. അദ്ദേഹത്തിന്റെ ജീവിതം ധന്യമാകട്ടെ! ആയുരാരോഗ്യ സൗഖ്യം ഉണ്ടാകട്ടെ ! അശീതി ആഘോഷിച്ച .എം.പി.എസിന് എല്ലാ ഭാവുകങ്ങളും അർപ്പിക്കുന്നു.

ഈ അസാമാന്യവ്യക്തിത്വത്തെക്കുറിച്ചെഴുതിയ സ്വസ്തിക്ക് അഭിനന്ദനങ്ങൾ..

ടി.വാസുദേവനുണ്ണി, തിരുവാലൂർ
മന, പി ഒ. പുൽപ്പറ്റ,
മഞ്ചേരി, പിൻ 676123
മൊബൈൽ.9447980502

## ഒരു തെറ്റ് ചൂണ്ടിക്കാണിക്കട്ടെ

ഒരു തെറ്റ് ചൂണ്ടിക്കാണിക്കട്ടെ. ഞാൻ കരിക്കാട് ഗ്രാമത്തിലെ ഉപ്പിലാപ്പറ്റ മനയിലെ ശ്രീകുമാരൻ. യു.സി.

ഇപ്രാവശ്യത്തെ സ്വസ്തിയിൽ കിടങ്ങഴി മനയെക്കുറിച്ച് എഴുതിയ ലേഖനത്തിലെ ഒരു തെറ്റ് ചൂണ്ടിക്കാണിക്കട്ടെ.

കരിക്കാട് ഗ്രാമത്തിൽ ഇരുപത്തൊന്നല്ല, ഇരുപത്തിനാല് ഇല്ലങ്ങളുണ്ട്.??

ശ്രീകുമാരൻ. യു.സി.
ഉപ്പിലാപ്പറ്റ മന മഞ്ചേരി
മൊബൈൽ 9745026974







കുട്ടിക്കൂട്ടത്തിലെ രണ്ടു കുട്ടികൾ

സ്വസ്തി പുതിയ ലക്കത്തിൽ ഏറ്റവും തൃപ്തികരമായ രണ്ടു എഴുത്തുകാർ. സൂരജ് ദിവാകരനും ശീലക്ഷ്മി അരീക്കരയും. സൂരജിന്റെ ഇംഗ്ലീഷ് കഥയ്ക്കും ശ്രീലക്ഷ്മിയുടെ അനുഭവക്കുറിപ്പിന്നും അഭിനന്ദനങ്ങൾ പി. എൻ വിജയൻ, പുളിക്കത്തൊടി മന, കരിക്കാട്, പി.ഒ: തൃക്കലങ്ങോട്, വഴി: മഞ്ചേരി, പിൻ:676123, മലപ്പുറം ജില്ല മൊബൈൽ: 9496304123

# വായനക്കാരുടെ പേജ്

## അന്തർജ്ജനങ്ങൾ നടത്തിയ സംസ്കാരം

ജനുവരി ലക്കം സ്വസ്തിയിൽ എന്നെ ഏറ്റവും സ്വാധീനിച്ചത് അന്തർജ്ജനങ്ങൾ നടത്തിയ സംസ്കാരം ആണ്. അതിനൊരു കാരണമുണ്ട്. 1980 കളിൽ യോഗക്ഷേമസഭയുടെ കൊല്ലം ജില്ലാ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന സമയം. കൊല്ലം ജില്ലാ ട്രഷറർ കെ.കെ.ദാമോദരൻ നമ്പൂതിരിയുടെ അവിചാരിത ദേഹവിയോഗവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ വസതിയിൽ ( റാന്നി, പ്ളാങ്കമൺ)വച്ച് ഉണ്ടായ ചില കാര്യങ്ങൾ.


ജെൻഡർ ഇക്വാലിറ്റിയല്ല, നവോത്ഥാനവുമല്ല;
ഇത് മുത്തശ്ശിക്കു വേണ്ടിയുള്ള തിലോദകം
അന്തർജനങ്ങൾ നടത്തിയ
സംസ്കാരം

പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്തു പുലക്കാർ ഇല്ലാതിരുന്ന അദ്ദേഹത്തിന്റെ സംസ്കാരവുമായി ബന്ധപ്പെട്ട് ആശയക്കുഴപ്പങ്ങൾ ഉണ്ടായി. 22 വയസ്സ് ഉണ്ടായിരുന്ന ഞാൻ അന്നാണ് 3 പുലക്കാരെ ശവത്തിൽ തൊടീക്കില്ല എന്ന് മനസ്സിലാക്കുന്നത്.

പുലബന്ധം ഇല്ലാത്ത ആരെങ്കിലും പുല ഏറ്റ് ചടങ്ങുകൾ നിർവ്വഹിക്കുകയേ മാർഗ്ഗമുള്ളൂ എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ ഞാൻ ഒരു നിമിഷം പതറിയെങ്കിലും എന്ത് ചെയ്യണമെന്നറിയാതെ കരയുന്ന ചേച്ചിയുടെ കണ്ണീരിനു മുൻപിൽ ആ കടമ ഒരു സമുദായ സംഘടനാ പ്രവർത്തകന്റെ കടമ ആണെന്ന് മനസ്സിലാക്കി ഏറ്റെടുക്കാൻ ഞാൻ തയ്യാറായി. എന്നാൽ വളരെ ചെറുപ്പമായതിനാൽ എനിക്ക് ധൈര്യം കിട്ടില്ല എന്ന് പറഞ്ഞ് ആ കർത്തവ്യം വെട്ടിക്കോട് മേപ്പള്ളിൽ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി ഏറ്റെടുത്ത് നടത്തി. അതെല്ലാം ഓർത്തു പോയി.

അന്ന് മുതൽ പല വേദികളിലും ഉന്നയിച്ചിട്ടും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന ഈ വിഷയത്തിൽ ഒരു പരിഹാരം വൈദിക പ്രമുഖർ നിർദ്ദേശിയ്ക്കുമെന്ന് വിശ്വസിക്കുന്നു.


എസ്.രാധാകൃഷ്ണൻ പോറ്റി
തന്ത്രി മണ്ഡലം സംസ്ഥാന
ജനറൽ സെക്രട്ടറി.
കൂട്ടാക്കോട്ടില്ലം, കാപ്പിൽ മേക്ക്
പി.ഓ.കൃഷ്ണപുരം, പിൻ: 690533
മൊബൈൽ: 9645767612/7025682554
rkpotty2010@gmail.com


## അഭയം കൃഷ്ണേട്ടനെ കുറിച്ചുള്ള ലേഖനം

സ്വസ്തിയിൽ വായിച്ചു. വളരെ ഹൃദ്യമായി അനുഭവപ്പെട്ടു.. വായനയുടെ ആ ആവേശത്തിൽ തന്നെ അഭയം എന്ന ആശ്രയ കേന്ദ്രം നേരിട്ട് കാണാനായി കൊപ്പത്തെത്തി. വളരെ താൽപര്യത്തോടെ ഞങ്ങളെ സ്വീകരിച്ചു. അദ്ദേഹവുമായി ഒട്ടേറെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പലരും സ്വന്തം കാര്യങ്ങളുടെ ലോകത്തേക്ക് ഒതുങ്ങിക്കൂടാനാഗ്രഹിക്കുന്ന ഇക്കാലത്ത് ഇത്തരത്തിലുള്ള മനുഷ്യ സ്നേഹികളുടെ മഹത്വം അത്രമാത്രം വിലപ്പെട്ടതാണ്. അഭയത്തിന്റെ കീർത്തി ഇനിയുമിനിയും ഉന്നതങ്ങളിലെത്തട്ടെ. തന്റെ ഓരോ നിമിഷവും മറ്റുള്ളവർക്കായി നിസ്വാർത്ഥമായി സമർപ്പിക്കുന്ന ആ പാദങ്ങളിൽ ഒരായിരം നമസ്കാരം.


ഉമ ജയൻ,ആര്യശ്രീ, പി.ഒ പുളിയക്കോട് പിൻ 673641,മലപ്പുറം ജില്ല,
മൊബൈൽ 8086721402


## എല്ലാവർക്കും അഭിനന്ദനങ്ങൾ.

സ്വസ്തി ത്രൈമാസിക കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഉത്തമമാണെന്നതിൽ സംശയമില്ല...പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.


വി. ത്രിവിക്രമരു, ശ്രീലകം, പടിപ്പുരക്കോണം, പി.ഓ. ഇടയക്കോട്,
പിൻ 629152കന്യാകുമാരി ജില്ല, മൊബൈൽ 9442829603





2023 ജനുവരി ലക്കം കിട്ടി. സന്തോഷം. മറിച്ചുനോക്കിയാൽ പോരാ.സമയമുണ്ടാക്കി വായിക്കുക തന്നെ വേണം. അതിനുപാകത്തിലുള്ള വിവരങ്ങളാണ് നിറയെ.


മുകുന്ദൻ മാങ്ങോട്ടിരി,
പി.ഒ: തൃക്കലങ്ങോട്
വഴി:കരുവമ്പ്രം, മഞ്ചേരി,
പിൻ:676123 മലപ്പുറം ജില്ല,
മൊബൈൽ: 9567876329

# വായനക്കാരുടെ പേജ്

# ഹൃദയസ്പർശിയായ കഥ

2023 ജനുവരി ലക്കത്തിൽ ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ കുടിവെപ്പ് കഥ വായിച്ചു. വളരെ ഹൃദയ സ്പർശിയായ കഥ. ഓമനിച്ചു വളർത്തിയ പെൺമക്കളുള്ള അച്ഛനമ്മമാരെ ഈ കഥ നൊമ്പരപ്പെടുത്തും. ഒരു ഷോർട്ട് ഫിലിം ചെയ്യാനുള്ള ത്രെഡ് ഈ കഥയിൽ ഞാൻ കാണുന്നു ഇത് എഴുതിയ ഏട്ടന് അഭിനന്ദനപ്പൂച്ചെണ്ടുകൾ.സ്വസ്തി കെട്ടിലും മട്ടിലും മികച്ച നിലവാരം പുലർത്തുന്നുണ്ട്. ഓരോ ലക്കത്തിലും ഓരോ കലാ പ്രതിഭകളെ പരിചയപ്പെടുത്തുവാൻ കഴിയട്ടെ . വടക്കൻ ഭാഗത്തെ ലേഖകൻ ആകാൻ താൽപ്പര്യം ഉണ്ട്.

ഈബി കാഞ്ഞങ്ങാട്, ചിത്രാഞ്ജലി
വാഴക്കോട് (പി.ഒ) പുല്ലൂർ,
കാസർഗോഡ്,671531 ഫോൺ 9446406087




## ഇത് ഒരു കഥ മാത്രം ആവട്ടെ എന്ന് പ്രത്യാശിക്കുന്നു

ജനുവരി ലക്കം സ്വസ്തിയിലെ കഥ വായിച്ചു.നന്നായിട്ടുണ്ട്. ശരിക്കും മനസ്സിൽ തട്ടും. തലക്കെട്ട് ഇതല്ലായിരുന്നു വേണ്ടത്എന്ന് തോന്നി. ഇത് ഒരു കഥ മാത്രം ആവട്ടെ എന്ന് പ്രത്യാശിക്കുന്നു.

പുരുഷോത്തമൻ മംഗലം,
3 എ. കല്യാൺ നെക്സസ്,
കേരള വർമ്മ കോളേജ് റോഡ്,
തൃശൂർ. മൊബൈൽ 9446234614.

## ഒരു പാടു പേർ വിളിച്ചു

എനിക്ക് ഇന്നലെയും ഒരു മെസ്സേജ് കിട്ടി. കഴിഞ്ഞ ലക്കത്തിലെ കഥ വായിച്ച് ഒരു പാടു പേർ വിളിച്ചു. ഉദയൻ നമ്പൂതിരിപ്പാട് മഞ്ചേരി മൊബൈൽ 8281926325

## സ്വസ്തി ശ്ലോകക്കത്ത്

സ്വസ്തിക്കെന്തൊരു പ്രൗഢി!യുത്തമമിയന്നുൾത്താളിലെല്ലാം നിറ-
ഞ്ഞുൾത്താപങ്ങളകറ്റിടും കഥകളും സൽക്കാവ്യ സൽക്കാരവും
സുവ്യക്തം സമുദായമെന്നുമുണരാനുള്ളോരു ദ്രവ്യങ്ങളും
സമ്മേളിച്ചൊരു യജ്ഞശാല? തുടരട്ടേ നിൻ മഹാപൂജനം!!

കുറ്റിക്കോൽ ശങ്കരൻ എമ്പ്രാന്തിരി, കൂടാനം, നീലമന,
പി.ഒ മടിക്കൈ, വഴി നീലേശ്വരം, കാസർകോട് ജില്ല 9496247616

# കണ്ണീർ പൊഴിയാതെ ആർക്കും ഈ കഥ വായിക്കാനാവില്ല

ജനുവരി മാസത്തെ സ്വസ്തിയിൽ ഉദയൻ നമ്പൂതിരിപ്പാടിന്റെ കുടിവെപ്പ് എന്ന ചെറുകഥ വായിക്കുകയുണ്ടായി. സമൂഹത്തെ മൊത്തത്തിലും എന്നാൽ സമുദായത്തെ പ്രത്യേകിച്ചും ബാധിച്ചിട്ടുള്ള പ്രശ്നത്തെക്കുറിച്ച് അയത്നലളിതമായി എഴുത്തുകാരൻ തന്റെ രചനയിൽ സമീപിച്ചിരിക്കുന്നു.

ഭാഷാ സൗന്ദര്യത്തോടൊപ്പം താൻ പറയുന്ന കഥ ഏതാനും പേരുടെയെങ്കിലും കണ്ണുതുറപ്പിക്കാൻ പര്യാപ്തമാകണമെന്ന ചിന്ത കൂടി ഈ രചനയിൽ വ്യക്തമാക്കുന്നുണ്ട്. മാതാപിതാക്കളുടെ സ്നേഹമെന്ന ദൗർബ്ബല്യം പിന്നീട് അവർക്കു തന്നെ അതീവ സങ്കടത്തെ നൽകുന്നതായി നാം കാണാറു ണ്ട്. ഇവിടേയും മറിച്ചൊരു സംഭവമല്ല ഉണ്ടാകുന്നത്. കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിച്ച മകൾ ഒരു യാത്രാമൊഴി പോലുമില്ലാതെ അകന്നു പോകുന്നതു കാണുന്ന പിതാവിന്റെ ഹൃദയത്തിൽ ഒരു കടലോളം ദുഃഖം തിരയടിച്ചുയരുന്നതിന്റെ തീവ്രത അനുവാചകർക്ക് അനുഭവപ്പെടുത്തി. ഒരിറ്റു കണ്ണീരെങ്കിലും പൊഴിയാതെ ആർക്കും ഈ കഥ വായിക്കാനാവില്ല.

എഴുത്തുകാരന് സമൂഹത്തോട് കടമയുണ്ട്. സമൂഹത്തിലെ മാറി വരുന്ന കാഴ്ച്ചപ്പാടുകൾ ഉൾക്കൊള്ളുന്നതിനോടൊപ്പം തന്നെ തിന്മകളെ എതിർക്കുക എന്നതാണ് അത്. ഈ കഥയിലൂടെ എഴുത്തുകാരൻ അത് നിറവേറ്റിയിട്ടുണ്ട്. മാത്രമല്ല ഭാവിയിൽ ഇത്തരം കാര്യങ്ങളെ കരുതി ഇരിക്കാനുള്ള ഒരു നിർദ്ദേശം ഭംഗ്യന്തരേണ സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇനിയും മനോഹരമായ രചനകൾ ഉദയൻ നമ്പൂതിരിപ്പാടിൽ നിന്നുണ്ടാകട്ടെ. ഇത് നമ്മളിലേക്കെത്തിച്ച സ്വസ്തി മാസികക്കും എഴുത്തുകാരനും അഭിനന്ദനങ്ങൾ.

ശങ്കരനാരായണൻ ശംഭു
വില്ല നമ്പർ 4,
ഒ.എം.ജി ലൈവ്
സ്റ്റൈൽ, പി.ഒ കല്ലേപ്പുള്ളി,
പാലക്കാട്, പിൻ: 678005,
മൊബൈൽ: 9495201334.

**പ്രതികരണങ്ങൾ വാട്ട്സ് അപ്പ് ചെയ്യുക 9400992823**



*യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാ കൌൺസിൽ യോഗം സംസ്ഥാന പ്രസിഡണ്ട്*
*അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു*

# മാനവികതക്ക് വേണം ഊന്നൽ നൽകാൻ

മാനവികതക്ക് ഊന്നൽ നൽകിയാവണം യോഗക്ഷേമ സഭയുടെ പ്രവർത്തനമെന്ന് സംസ്ഥാന പ്രസിഡണ്ട് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് അഭിപ്രായപ്പെട്ടു.

വി.ടി.ഭട്ടതിരിപ്പാടിന്റെ 41ാ മത് അനുസ്മരണയോഗം കോഴിക്കോട് ജില്ലാ ആസ്ഥാന മന്ദിരത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വി.ടി.യുടെ മാനവിക ദർശനങ്ങൾക്കും മൂല്യങ്ങൾക്കും സാംസ്കാരിക കേരളം അർഹമായ പ്രാധാന്യം നൽകണമെന്നും അത് കേരളീയ സമൂഹത്തിന്റെ അടിത്തറ ശക്തിപ്പെടുത്താൻ സഹായിക്കുമെന്നും പറഞ്ഞു.

ജില്ലാ അധ്യക്ഷൻ മധു അരീക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി സ്വാഗതവും പി.എം.ജി നമ്പൂതിരി കൃതജ്ഞതയും രേഖപ്പെടുത്തി. കേവലം ഒരു ശതമാനത്തിൽ താഴെ മാത്രം അംഗസംഖ്യയുള്ള കേരള ബ്രാഹ്മണ സമുദായത്തിന്റെ പ്രതീക്ഷയാണ് യോഗക്ഷേമസഭ. എല്ലാ വിഭാഗം ജനങ്ങളും നമ്മുടെ സമുദായത്തിനേപ്പറ്റിയും നമ്മൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളെപ്പറ്റിയും അറിഞ്ഞിരിക്കണം. ഉപസഭാതലം മുതൽക്കുള്ള പബ്ളിക് മീറ്റിംഗുകൾ ഇന്നത്തെ കാലത്തിന്റെ അനിവാര്യതയാണ്.




## വീണ്ടുമൊരു സന്തോഷ വാർത്ത

ഈ ക്യു ആർ കോഡ് മൊബൈൽ ഉപയോഗിച്ച് സ്കാൻ ചെയ്താൽ ഈ സന്തോഷത്തിൽ നമുക്ക് പങ്കു ചേരാം. സ്വസ്തിയുടെ വെബ് സൈറ്റിലെത്തും. അതേ, സ്വസ്തിക്ക് വെബ് സൈറ്റ് സജ്ജമായി. സ്വസ്തിയുടെ സമ്പൂർണ്ണ ലക്കങ്ങൾ വെബ് സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത് വായിക്കാം. സ്വസ്തിയുമായി ബന്ധപ്പെടാനും പരസ്യങ്ങൾ നൽകാനും വരിക്കാരാവാനും വെബ് സൈറ്റ് ഉപയോഗിക്കാം. ക്ളിക്ക് ഹിയർ ടു സബ്സ്ക്രൈബിൽ തൊട്ടാൽ വരിക്കാരാവാനുള്ള ലിങ്കിലെത്തി. വിളിക്കണമെങ്കിൽ കാൾ അസ് എന്ന ലിങ്കിൽ തൊടുകയേ വേണ്ടൂ. പരസ്യങ്ങൾ നൽകാനുള്ള ലിങ്കിൽ തൊട്ടാൽ അത് കൈകാര്യം ചെയ്യുന്ന ആളെ ഫോണിൽ കിട്ടും. അത്രക്ക് ഈസി. വെബ്സൈറ്റ് ഷെയർ ചെയ്തു കൊണ്ട് ഈ സന്തോഷത്തിൽ പങ്കാളിയാവൂ https://swasthi.org

### നാരായണീയപാരായണം

കഴിഞ്ഞ 2 വർഷമായി ജനുവരി മാസം ഒന്നിന് രാവിലെ 9 മണി മുതൽ യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരത്തിൽ വെച്ച് കോഴിക്കോട് ജില്ലാ വനിതാസഭയുടെ ആഭിമുഖ്യത്തിൽ സമ്പൂർണ്ണ നാരായ ണീയ പാരായണം നടന്നു വരുന്നു. ഈ വർഷം 60 ഓളം പേർ പങ്കെടുത്തു. ഒപ്പം കോഴിക്കോട് ജില്ലയിലെ പ്രമുഖ ഭാഗവത ആചാര്യന്മാരെ ആദരിച്ചു.

### തിരുവാതിര ആഘോഷം

കോവൂർ ആസ്ഥാനമന്ദിരത്തിൽ വെച്ച് ജനുവരി 5 ന് ചേവായൂർ ഉപസഭയുടെ നേതൃത്വത്തിൽ തിരുവാതിര ആഘോഷിച്ചു. പെരുമണ്ണ, കൊയിലാണ്ടി, കോഴിക്കോട് സിറ്റി, ഉപസഭകളിലും തിരുവാതിര ആഘോഷം നടന്നു.

### പ്രബോധം 2023

29.01.23 ന് കാക്കൂർ സരസ്വതി ഭവൻ സ്കൂളിൽ വെച്ച് സമന്വയ രാമല്ലൂരിന്റേയും യോഗക്ഷേമ ഉപസഭയുടേയും ആഭിമുഖ്യത്തിൽ □പ്രബോധം-2023 □ എന്ന ശില്പശാല നടത്തി. നമ്മുടെ സമുദായം നേ രിടുന്ന പ്രതിസന്ധികളും ലക്ഷ്യബോധവും ക്രിയകളുടെ കാലാനുസൃതമായ മാറ്റങ്ങളും ചർച്ചയായി.

## ജില്ലാ സഭ ആദരിച്ച പ്രഗത്ഭരായ വ്യക്തികൾ

1 വൈദിക ശ്രേഷ്ഠൻ മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരി.
2. ആർക്കിടെക്റ്റ് നിലീന മംഗലശ്ശേരി
3. ചിത്രകാരൻ തായാട്ട് സതീഷ് നമ്പൂതിരി
4. വിദ്യാഭ്യാസ വിദഗ്ധൻ ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി
5. മൂന്ന് പേർക്ക് വീടു വെച്ച് നൽകിയ സാമൂഹിക സേവകൻ സുദേവ് മാളിക.
6. ഭാഗവതാചാര്യൻ കണ്ടമംഗലം നാരായണൻ നമ്പൂതിരി
7. പാട്ടുകാരനും സംഗീത സംവിധായകനുമായ ഹരികുമാർ ഹരേറാം.
8. സംസ്കൃത പണ്ഡിതൻ വാഴാമ്പറ്റ ഉണ്ണി നാരായണൻ മാഷ്
9. സംഗീത സംവിധായൻ കക്കാരു പള്ളി ഉണ്ണികൃഷ്ണൻ നമ്പൂതിരി
10 രണ്ടു ക്ഷേത്രനിർമാണത്തിന് നേതൃത്വം നൽകിയ കളം ഉണ്ണികൃഷ്ണൻ
11. മാതൃകാപുരുഷൻ തെഞ്ചേരി കൃഷ്ണൻ നമ്പൂതിരി.
12. യോഗാചാര്യൻ പുതിയടം ശങ്കരൻ നമ്പൂതിരി
13. കാവ്യകേളി പരിശീലകൻ തയ്യിൽ വാമനൻ നമ്പൂതിരി
14 ജീവകാരുണ്യ പ്രവർത്തകൻ കല്ലറ സുരേഷ് ബാബു നമ്പൂതിരി
15 സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് കുറിഞ്ഞക്കോട് നാരായണൻ നമ്പൂതിരി.
16. പുല്ലാങ്കുഴൽ വിദഗ്ധൻ പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഗോപിനാഥൻ നമ്പൂതിരി
17 രംഗോലിയിൽ കേന്ദ്ര അവാർഡ് നേടിയ പൊന്നടുക്കം നാരായണൻ നമ്പൂതിരി.

### സംസ്ഥാന നിർവ്വാഹക സമിതി

2023 ഫെബ്രുവരി മാസത്തെ സംസ്ഥാന നിർവ്വാഹക സമിതിയോഗം കോഴിക്കോട് യോഗക്ഷേമ ജില്ലാ സഭയുടെ കോവൂരിലുള്ള ആസ്ഥാന മന്ദിരത്തിൽ വെച്ച് ഫെബ്രുവരി 12 ഞായറാഴ്ച നടന്നു.

### അർധവാർഷിക കൗൺസിൽ

അന്നേ ദിവസം ഉച്ചക്ക് 2.30 മുതൽ യോഗക്ഷേമസഭ കോഴിക്കോട് ജില്ലയുടെ അർധവാർഷിക കൗൺസിൽ യോഗവും ചേരുകയുണ്ടായി. 150 ഓളം പേർ പങ്കെടുത്തു.

### വി.ടി.യുടെ ശ്രാദ്ധദിനം

വി.ടി.ഭട്ടതിരിപ്പാടിന്റെ ശ്രാദ്ധദിനമായ ഫെബ്രുവരി 12 ന് അദ്ദേഹത്തിന്റെ ചിത്രത്തിൽ പൂമാല ചാർത്തി ഓർമ പുതുക്കി. ജില്ലാ പ്രസിഡണ്ട് അധ്യക്ഷത വഹിച്ച യോഗം സംസ്ഥാന പ്രസിഡണ്ട് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി കൊടുപ്പുന്ന കൃഷ്ണൻ പോറ്റി മുഖ്യപ്രഭാഷണം നടത്തി. സ്വസ്തി മാനേജിംഗ് എഡിറ്റർ വിനോദ് മങ്ങത്തായ സംസാരിച്ചു.

സംസ്ഥാന ഭാരവാഹികൾക്ക് യോഗത്തിൽ സ്വീകരണം നൽകി. ചടങ്ങിൽ കോഴിക്കോട്ടെ വിവിധ മേഖലകളിലെ പ്രഗദ്ഭരായ വ്യക്തികളെ ഷാളണിയിച്ചും പ്രശസ്തിപത്രം വായിച്ച് നൽകിയും ആദരിച്ചു. അവാർഡ് ജേതാക്കളെല്ലാം ചുരുങ്ങിയ വാക്കുകളിൽ സന്തോഷം പങ്കു വെച്ചു.

ഈ വർഷം സംസ്ഥാന സ്കൂൾ കലോത്സവം കോഴിക്കോട്ടു വെച്ചായിരുന്നു. കലോത്സവത്തിൽ എ ഗ്രേഡ് നേടിയ 12 പ്രതിഭകളെ മൊമെന്റോ നൽകി അഭിനന്ദിച്ചു

### ശ്രീ ശങ്കരാ ലൈബ്രറി

നമ്മുടെ സമുദായത്തിലുള്ള എഴുത്തുകാരുടെ മുഴുവൻ പുസ്തകങ്ങളും പുരാണ - വൈദിക - ജ്യോതിഷ താന്ത്രിക ആയുർ വേദ സംസ്കൃത പുസ്തകങ്ങളുമടങ്ങിയ ഒരു റഫറൽ ലൈബ്രറിയാണ് നമ്മുടെ സ്വപ്നം. പണിക്കത്ത് അപ്പു നമ്പൂതിരി 12 കനപ്പെട്ട പുസ്തകൾ നൽകിയതിന് നന്ദി പ്രകാ ശിപ്പിക്കുന്നു.



*സംസ്ഥാനകലോത്സവ പ്രതിഭകളെ മൊമെന്റോ നൽകി അഭിനന്ദിച്ചപ്പോൾ*

### യോഗക്ഷേമസഭാസ്ഥാപകദിനം

മാർച്ച് 1 ന് യോഗക്ഷേമസഭാ സ്ഥാപകദിനം പതാക ഉയർത്തിയും പൂർവ്വസൂരികളായ പ്രവർത്തകരെ അനുസ്മരിച്ചും ഭാവി പരിപാടികൾ ചർച്ച ചെയ്തും ആഘോഷിച്ചു

### ക്ഷേത്ര ജീവനക്കാരുടെ യോഗം

പെരുമണ്ണ ഉപസഭയുടെ ആഭിമുഖ്യത്തിൽ മാർച്ച് 11 ന് ശാന്തിക്കാർക്കായി ഒരു ഏകദിന ശിൽപശാല നടത്തി.

### കുട്ടികളുടെ ദ്വിദിന സഹവാസ ക്യാമ്പ്

ഏപ്രിൽ 3, 4 ദിവസങ്ങളിലായി കോഴിക്കോട് ജില്ലയിലെ പത്താം ക്ളാസ് വരെയുള്ള കുട്ടികൾക്കായി ഒരു ദ്വിദിന സഹവാസ ക്യാമ്പ് നടത്തുന്നു. നമ്മുടെ സംസ്കാരം, പ്രകൃതിപഠനം, കരിയർ ഗൈഡൻസ്, സയൻസ് പരീക്ഷണങ്ങൾ, മുഖാമുഖം, കലാപരിപാടികൾ, ഔട്ടിംഗ് എന്നിവയാണ് കാര്യപരിപാടികൾ.

### ഭാഗവത സപ്താഹം

പ്രഗദ്ഭരായ ധാരാളം ഭാഗവതാചാര്യ ന്മാരുള്ള കോഴിക്കോട്ട് ജില്ലയിൽ , നമ്മുടെ ആസ്ഥാന മന്ദിരത്തിൽ വെച്ച് പരമാവധി ആചാര്യന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സപ്താഹം നടത്തണം എന്ന നിർദേശം വന്നിട്ടുണ്ട്.

താമരക്കുളം ദിവാകരൻ
ജില്ലാ സെക്രട്ടറി,
യോഗക്ഷേമസഭ , കോഴിക്കോട്.
മൊബൈൽ:9447337337




*യോഗക്ഷേമസഭാ സ്ഥാപകദിനത്തിൽ പതാക ഉയർത്തിയപ്പോൾ*



**ഒന്നാം ശ്രാദ്ധദിനം (രോഹിണി നക്ഷത്രം 27.2.2023)**

# കേശവൻ നമ്പൂതിരി

ഭാര്യ: സരസ്വതി അന്തർജനം.
(കാവിൽ തോട്ടം ഇല്ലം, പെരുമ്പാവൂർ )
മക്കൾ: സുനിത, ശ്രീദിൻ.
മരുമക്കൾ: മുരളി പാലശ്ശേരി മുല്ലപ്പള്ളി,
കൃഷ്ണപ്രിയ പൂതൃക്കോവിൽ ഇല്ലം.
പേരക്കുട്ടികൾ: ഗൗതംകൃഷ്ണ, ഋതുപർണ, ആദികേശവ്, അക്ഷര.

നാറണിയാട്ട് ഇല്ലം, പി ഓ ഫാറൂഖ് കോളേജ്, കോഴിക്കോട് 6 7 3 6 3 2



# മറക്കില്ല സുഹൃത്തേ

## പാക്കം വാസുദേവൻ നമ്പൂതിരി

(സ്ഥാപക സെക്രട്ടറി, യോഗക്ഷേമ സഭ, മണ്ണാർക്കാട് ഉപസഭ)


മണ്ണാർക്കാട്ടെയും പരിസര പ്രദേശങ്ങളിലേയും നമ്പൂതിരി സമുദായ അംഗങ്ങളെ യോഗക്ഷേമ സഭയുടെ കൊടിക്കീഴിൽ അണി നിരത്തി മണ്ണാർക്കാട്ട് ഉപസഭ രൂപീകരിച്ച് സെക്രട്ടറി സ്ഥാനത്തിരുന്ന് ഒരു പതിറ്റാണ്ടിലേറെക്കാലം നയിച്ച പാക്കം വാസുദേവൻ നമ്പൂതിരിയുടെ വേർപാടിന് ഒരു വർഷം തികയുന്നു. ഇവിടുത്തെ ഓരോ ഇല്ലങ്ങളിലേയും അവരുടെ കുടുംബാംഗങ്ങളിലൊരാളായി മാറാൻ അദ്ദേഹത്തിനായി. സമുദായത്തിന്റെ ഉന്നമനത്തിനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളുടെ ഒരു ഉദാഹരണം മാത്രമാണ് ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്ന മണ്ണാർക്കാട്ടെ നമ്പൂതിരി കാറ്ററിങ്ങ്സ്. ഒരു വിമുക്തഭടന്റെ കാര്യശേഷിയും നിഷ്ക്കളങ്കനായ ഒരു ബ്രാഹ്മണന്റെ ഹൃദയശുദ്ധിയും സമുദായത്തോടൊപ്പം സമൂഹത്തിനും അദ്ദേഹത്തെ പ്രിയപ്പെട്ടവനാക്കി മാറ്റി. ഓർമകളുടെ ഊഷരതയിൽ ഒരു മഞ്ഞുതുള്ളി പോലെ ജനമനസ്സുകളിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. ആ പാവനസ്മരണയ്ക്കു മുന്നിൽ പ്രണാമം.

**യോഗക്ഷേമസഭ മണ്ണാർക്കാട് ഉപസഭ, പാലക്കാട് ജില്ല**

**സെക്രട്ടറി 9446974797 / പ്രസിഡന്റ് 9447024793**

# ഗുരുവായൂർ ക്ഷേത്രം പാരമ്പര്യ കീഴ്ശാന്തി

# തിരുവാലൂർ കൃഷ്ണൻ നമ്പൂതിരി



ഗുരുവായൂർ ക്ഷേത്രം പാരമ്പര്യ കീഴ്ശാന്തി തിരുവാലൂർ കൃഷ്ണൻ നമ്പൂതിരി (67) വിഷ്ണുപാദംപൂകി. ഗുരുവായൂർ ക്ഷേത്രത്തിൽ അമ്പതു വർഷങ്ങളധികമായി സേവനമനുഷ്ഠിക്കുന്ന ആരാധ്യനായ പൂജാരിയായിരുന്നു കൃഷ്ണേട്ടൻ. ഒരാഴ്ചയായി എറണാകുളം അമൃതാ ആശുപത്രിയിൽ ആയിരുന്നു. അവിവാഹിതനാണ്. അച്ഛൻ പരേതനായ തിരുവാലൂർ വാസുദേവൻ നമ്പൂതിരി. അമ്മ പരേതയായ പാർവ്വതി അന്തർജനം.



തിരുവാലൂർ കൃഷ്ണൻ നമ്പൂതിരി ഗുരുവായൂരപ്പന്റെ തിടമ്പുമായി. 45 വർഷങ്ങൾ മുമ്പൊരു എഴുന്നള്ളിപ്പ് ദൃശ്യം.

**സ്നേഹനിധിയായ കൃഷ്ണേട്ടന് പ്രണാമങ്ങളോടെ,**

*തിരുവാലൂരിലെ കുടുംബാംഗങ്ങൾ, സഹോദരിമാർ, മരുമക്കൾ.*

*തിരുവാലൂർ പാർവ്വതി, മൊബൈൽ:9633353986*

# ശ്രദ്ധാഞ്ജലികൾ

(13.7.1962 / 07.2.2022)



## ഡോക്ടർ സുമിത്ര കെ ജി

(കൺസൽട്ടന്റ് ഒഫ്ത്താൽമോളജിസ്റ്റ്,
ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, പാലക്കാട്.)
W/o ഡോക്ടർ പരമേശ്വരൻ നമ്പൂതിരി
വൈഷ്ണവം, ശ്രീവല്ലി ഇല്ലം, ഷൊർണൂർ
പിൻ: 679 121 പാലക്കാട് ജില്ല
അച്ഛനമ്മമാർ:
കെ ജി ജി നമ്പൂതിരിപ്പാട് & ഉമാദേവി കെ ജി

ദീപ്തസ്മരണകളോടെ:

ഡോക്ടർ പരമേശ്വരൻ നമ്പൂതിരി :9447227903
മക്കൾ: ഡോക്ടർ അദിതി, ഡോക്ടർ അഞ്ജന, ഡോക്ടർ അപർണ
മരുമക്കൾ: ഡോക്ടർ വിപിൻ, ഡോക്ടർ ശിവപ്രസാദ്,
ഡോക്ടർ നിഖിൽ, പേരക്കുട്ടി :അവ്യാൻ വിപിൻ

മേഘമാകുന്ന മൃത്യുവിന്നാമോ?
സൂര്യശോഭയുള്ളോർമ്മകൾ മൂടാൻ!

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**യജുർവേദ പണ്ഡിതൻ പശുപതി നമ്പൂതിരി**

മങ്കട: പ്രസിദ്ധ യജുർവേദ പണ്ഡിതൻ പടിഞ്ഞാറ്റുംമുറി കടക്കോട്ടുതല മന പശുപതി നമ്പൂതിരി (93)വിഷ്ണു പാദം പൂകി. പടിഞ്ഞാറ്റുംമുറി മേതൃക്കോവിൽ കീഴ്തൃക്കോവിൽ ക്ഷേത്രങ്ങളുടെ മാനേജിംഗ് ട്രസ്റ്റി ആയിരുന്നു ഭാര്യ: പരേതയായ മേപ്പോയിലത്ത് മന ഉമാദേവി അന്തർജ്ജനം. മക്കൾ: ഗായത്രി, പ്രസന്ന, നാരായണൻ (കുട്ടൻ, കേന്ദ്ര ആഭ്യന്തര വകുപ്പ്), ബ്രഹ്മദത്തൻ (കുഞ്ഞനിയൻ- മേൽശാന്തി, വൈരങ്കോട് ക്ഷേത്രം), ശശിഭൂഷണൻ (കേന്ദ്ര ആഭ്യന്തര വകുപ്പ്), സജിത് കുമാർ (സുന്ദരം ഫിനാൻസ്). മരുമക്കൾ: എ.എൻ.ദിവാകരൻ നമ്പൂതിരി (ആലക്കാട് മന), സുഷ (പഴയത്ത് മന). പ്രിയ (വെള്ളിയോട് ഇല്ലം), ഉമ (നെടുമ്പോഴി മന), ദിവ്യ (പാറോലി മന), പരേതനായ കെ.എ.വാമനൻ ഭട്ടതിരി (റിട്ട. കേന്ദ്ര ആഭ്യന്തര വകുപ്പ്, നെടിയപറമ്പ് മന)



**ആര്യ അന്തർജനം**

പരിയാരം: മുക്കുന്നിലെ മാന്ത്രിൽ മഴൂർ ഇല്ലത്തെ ആര്യ അന്തർജനം (93) വിഷ്ണു പാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻ നമ്പൂതിരിപ്പാട്. മക്കൾ: സുശീല (റിട്ട. അധ്യാപിക, നടാൽ), യജ്ഞൻ, ഹരി (ഡൽഹി), രമ (സെക്രട്ടറി, കല്യാശ്ശേരി ഗ്രാമപ്പഞ്ചായത്ത്). മരുമക്കൾ: നാരായണൻ (റിട്ട. അധ്യാപകൻ, നടാൽ), അമ്മിണി (തലോറ), പരമേശ്വരൻ (റിട്ട. അധ്യാപകൻ, മുക്കുന്ന്). സഹോദരങ്ങൾ: മായ അന്തർജനം പറപ്പൂൽ, സാവിത്രി അന്തർജനം (നരിക്കോട് ഈറ്റിശ്ശേരി ഇല്ലം), തങ്കം (വായാട്ട് കൊട്ടോൽ ഇല്ലം), ആനന്ദം (കുനുത്തല ഇല്ലം, മംഗലശ്ശേരി), ഗൗരി കുന്നോത്ത് മണ്ണൂർ ഇല്ലം), രാധ (മൂത്തേടത്ത് മല്ലിശ്ശേരി ഇല്ലം ഏഴോം).



**ദേവകി അന്തർജനം**

പരേതനായ ഒതളൂർ നാരായണൻ നമ്പൂതിരിയുടെ പത്നി ദേവകി അന്തർജനം (91) (പടിഞ്ഞാറ്റീരി മകൾ )വിഷ്ണു പാദം പൂകി. മക്കൾ : ഭാരതി (പൂക്കോട്ടില്ലം), രാജം (കൊന്നോത്തുമന ) അജിത (താമരക്കുളം) ജലജ (ചെറുകുന്നത്തുമന)



**തങ്കമണി അന്തർജ്ജനം**

തൃശൂർ പഴയന്നൂർ പുതുമനയിൽ ശ്രീ പരമേശ്വരൻ നമ്പൂതിരിയുടെ സഹധർമ്മിണി തങ്കമണി അന്തർജ്ജനം വിഷ്ണു പദം പൂകി. മക്കൾ: രാജേഷ് നമ്പൂതിരി (കരിക്കകം), സിന്ധു മരുമകൾ: ശ്രീലക്ഷ്മി.



**നീലകണ്ഠൻ നമ്പൂതിരി**

പാലക്കൽ വെങ്ങല്ലൂർ (അക്കൂരം) മനയിൽ നീലകണ്ഠൻ നമ്പൂതിരി (81) വിഷ്ണു പാദം പൂകി. ആലുവ പാലേലി ഇന്ദിര ആണ് ഭാര്യ. മക്കൾ: രമേശൻ, സുബ്രഹ്മണ്യൻ, ശ്രീദേവി. മരുമക്കൾ: രമ്യ, ആര്യ, പടിഞ്ഞാട്ടീരി പ്രേമചന്ദ്രൻ.



**വാസുദേവൻ നമ്പൂതിരി**

വിളയിൽ: പാലക്കൽ ഇല്ലത്ത് വാസുദേവൻ നമ്പൂതിരി( കൊച്ചുണ്ണി) (റിട്ടയേഡ് ബാങ്ക് ഉദ്യോഗസ്ഥൻ, നെടുങ്ങാടി ബാങ്ക്.) വിഷ്ണു പാദം പൂകി.



**നാരായണൻ നമ്പൂതിരി**


ഗുരുവായൂർ പാർത്ഥസാരഥി ക്ഷേത്രം മേൽശാന്തി അരുൺ നമ്പൂതിരിയുടെ അച്ഛൻ അരിഞ്ചിയിൽ കുരഞ്ഞിയൂർ ഇല്ലത്ത് നാരായണൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



**ശ്രീദേവി അന്തർജനം**


വടകര: ഏറാമല കക്കാട്ടില്ലത്ത് പരേതനായ ഗോവിന്ദൻ നമ്പൂതിരിയുടെ (കെ.സി.ജി.) സഹധർമ്മിണി ശ്രീദേവി അന്തർജനം (84) വിഷ്ണു പാദം പൂകി.

**ചരമവാർത്തകൾ വാട്ട്സ് ആപ്പിൽ അയക്കൂ: 9400992823**



**ബാലകൃഷ്ണൻ പോറ്റി**

തിരുവനന്തപുരം: വെഞ്ഞാറമൂട് മുരിങ്ങൂർ മഠത്തിൽ (കാർത്തിക) ബാലകൃഷ്ണൻ പോറ്റി വിഷ്ണു പാദം പൂകി




**വിക്രമൻ മൂസദ്**

പല്ലശ്ശന പതിയാട്ടിൽ ഇല്ലത്ത് വിക്രമൻ മൂസദ് വിഷ്ണു പാദം പൂകി. ഭാര്യ: പരേതയായ ആര്യാദേവി. മക്കൾ: ശ്രീപ്രിയ, പ്രീതി, പ്രശോഭ്.



**രാജു നമ്പൂതിരി**

പൊടിയാടി പല്ലന നീലമന ഇല്ലത്ത് എൻ.രാജു നമ്പൂതിരി (57) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ അർച്ചന ദേവി. മക്കൾ: വിഘ്നേശ്, വിനായക്.



**ശങ്കരൻനമ്പൂതിരി**

പാലക്കാട്ടില്ലം തെക്കയിൽ മേപ്ളങ്ങാട്ടില്ലം ശങ്കരൻനമ്പൂതിരി (86) വിഷ്ണു പാദം പൂകി.



**വാസുദേവൻ മൂസത്**

കോലടി ഇല്ലത്ത് വാസുദേവൻ മൂസത് വിഷ്ണു പാദം പൂകി

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പരമേശ്വരൻ നമ്പൂതിരി**

ചാത്തമംഗലം: വെള്ളന്നൂർ ജിഎൽപി സ്കൂൾ റിട്ട. പ്ര ധാന അധ്യാപകൻ കോരംപറ്റ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി (87) വിഷ്ണു പാദം പൂകി. ഭാര്യ: നഗർ ഇല്ലത്ത് അമ്മിണി അന്തർജനം.

മക്കൾ: കെ.പി.ഹരിദാസൻ (റിട്ട. അധ്യാപകൻ), കൃഷ്ണ ദാസ് (മേൽശാന്തി, ശ്രീ അയ്യപ്പ ടെമ്പിൾ, ആൻഡമാൻ), കൃഷ്ണമോഹൻ (ഹൈഫ പ്രൈവറ്റ് ലിമിറ്റഡ്), മോഹൻ ദാസ് (കെഎസ് ഇ ബി). മരുമക്കൾ: പീത, ജിജി, സിതാര, അഞ്ജലി .



**കൃഷ്ണൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രം പാരമ്പര്യ കീഴ്ശാന്തി തിരുവാലൂർ കൃഷ്ണൻ നമ്പൂതിരി നിര്യാതനായി. പരേതനായ വാസുദേവൻ നമ്പൂതിരിയുടെയും പാർവതി അന്തർജത്തിന്റെയും മകൻ ആണ്. ഗുരുവായൂർ ക്ഷേത്രത്തിൽ അമ്പതു വർഷങ്ങളിധികമായി സേവനമനുഷ്ഠിക്കുന്ന ആരാധ്യനായ പൂജാരിയായിരുന്നു. ഒരാഴ്ചയായി എറണാകുളം അമൃതാ ആശുപത്രിയിൽ ആയിരുന്നു. അവിവാഹിതനാണ്. നെടുമ്പള്ളി ഇന്ദിര അന്തർജനം സഹോദരി ആണ്.



**കവി പി.രാമന്റെ അമ്മ സതി അന്തർജനം**

പട്ടാമ്പി: കിഴായൂർ പള്ളിശ്ശേരി മന സതി അന്തർജനം (88) വിഷ്ണു പാദം പൂകി. ഭർത്താവ്: പരേതനായ കൃഷ്ണൻ നമ്പൂതിരി. മക്കൾ: സീത (പാലക്കാട്), ഉഷ, നാരായണൻ (ഇരുവരും തൃപ്പൂണിത്തുറ), വാണി (പെരുമ്പാവൂർ), കവി രാമൻ പട്ടാമ്പി. മരുമക്കൾ: ഡോ.എ.കെ.രാധാകൃഷ്ണൻ (റിട്ട.ഡിഎംഒ, പാലക്കാട്), കെ. എൻ.സിദ്ധാർത്ഥ കുമാർ (തൃപ്പൂണിത്തുറ), കല (ചെങ്ങന്നൂർ), കെ.ജി.കൃഷ്ണൻ (പെരുമ്പാവൂർ), എൻ.പി. സന്ധ്യ (അഞ്ചരക്കണ്ടി).



**ആര്യ അന്തർജ്ജനം**

തൃശൂർ: ഏഴിക്കോട് മന ആര്യ അന്തർജ്ജനം (88) അയ്യന്തോൾ പഞ്ചിക്കൽ പ്രിയദർശിനി നഗറിലുള്ള വസതിയിൽ അന്തരിച്ചു. വൈക്കാക്കര നീലകണ്ഠൻ സോമയാജിപ്പാടിന്റെ മകളാണ്. ഭർത്താവ്: പരേതനായ കൃഷ്ണൻ നമ്പൂതിരി. മക്കൾ: അനുജൻ ഏഴിക്കോട് (ന്യൂയോർക്ക്), ഉമാദേവി മടങ്ങർളി മന, ഗിരിജ പനയ്ക്കാട് മന. മരുമക്കൾ: സാന്റി (ന്യൂയോർക്ക്) വാസുദേവൻ മടങ്ങർളി മന, സുബ്രഹ്മണ്യൻ പനയ്ക്കാട് മന. കമ്യൂണിസ്റ്റ് നേതാവ് മുൻ എംഎൽഎ എ. വി.ആര്യൻ സഹോദരീ ഭർത്താവാണ്.



**സുബ്രഹ്മണ്യൻ എമ്പ്രാന്തിരി**

എടരിക്കോട് അമ്പലവട്ടം കല്ലുമംഗലത്ത് ഇല്ലം സുബ്രഹ്മണ്യൻ എമ്പ്രാന്തിരി (കുഞ്ഞുണ്ണി എമ്പ്രാന്തിരി-69) അന്തരിച്ചു. അമ്പലവട്ടം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ മുൻ മേൽശാന്തിയാണ്. ഭാര്യ: രാധ അന്തർജനം. മക്കൾ: അരുൺ (എൻജിനീയർ, ബെംഗളൂരു), അമ്പിളി (ലക്ചറർ, സെന്റ് തെരേസാസ് കോളജ് എറണാകുളം). മരുമക്കൾ: അയന (ഐസിഐസിഐ ബാങ്ക്, ബെംഗളൂരു), രതീഷ് (ആർഡിഎഎസ് ലോജിസ്റ്റിക്സ് എറണാകുളം).



**സുമ അന്തർജനം**

ചെർപ്പുളശ്ശേരി: മുണ്ടക്കോട്ടുകുർശ്ശി പാതിരിക്കുന്നത്ത് മന (കുളപ്പുറം) സുമ അന്തർജനം (64) വിഷ്ണുപാദം പൂകി. ഇളങ്കൂർ പിഎംഎസ് ഹൈസ്കൂൾ റിട്ട. അധ്യാപികയാണ്. ഭർത്താവ്: കെ.ആർ.കൃഷ്ണൻ നമ്പൂതിരി. മക്കൾ: അമൽ കൃഷ്ണൻ (ബോഷ്, കോയമ്പത്തൂർ), കെ.എം.കെ. പരമേശ്വരൻ (ഫിലിം ഇൻഡസ്ട്രി). മരുമകൾ: കെ .എൻ.ശ്രീദേവി.



**ഉമാദേവി അന്തർജനം**

പട്ടാമ്പി അണ്ടലാടി മന പരേതനായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പത്നി ഉമാദേവി അന്തർജനം (പുതുമന മഹൾ, വയസ്സ് 89) വിഷ്ണുപാദം പൂകി. മക്കൾ: അമ്മിണി, ശ്രീദേവി, പരമേശ്വരൻ, കിരാതമൂർത്തി, സാവിത്രി, ദേവി, ജയശ്രീ, നാരായണൻ. മരുമക്കൾ: നാരായണൻ, പരമേശ്വരൻ, സാവിത്രി, രമ, വാസുദേവൻ, എം.വി വാസുദേവൻ, ദേവൻ, രേഖ.



**ശ്രീദേവി (നളിനി ) അന്തർജ്ജനം**

മേൽ മണ്ടോടി മുണ്ടോട്ട ഇല്ലത്ത് പരേതനായ കേശവൻ നമ്പൂതിരിയുടെ ഭാര്യ ശ്രീദേവി (നളിനി ) അന്തർജ്ജനം (മുയിപ്പോത്ത് ഉപസഭാംഗം) വിഷ്ണുപാദം പൂകി.

മക്കൾ :- പരേതനായ പ്രമോദ് ബാബു നമ്പൂതിരി , പ്രവീൺ നമ്പൂതിരി , പ്രസീദ മുല്ലപ്പള്ളി. മരുമക്കൾ : ചിത്ര , ശ്യാമ , രാമനുണ്ണി മുല്ലപ്പള്ളി



**സത്യഭാമ അന്തർജ്ജനം**

പിറവം: കളമ്പൂർ തളിയിൽ പരേതനായ പി.കെ.മോഹൻലാലിന്റെ സഹധർമ്മിണി സത്യഭാമ അന്തർജ്ജനം ( 66 വയസ്സ്) വിഷ്ണു പാദം പൂകി.


തൃശ്ശൂർ കീഴെ പെരുമ്പടപ്പ് കുടുംബാംഗം ആണ്. മക്കൾ:- വിനായക് മോഹൻലാൽ, ശ്യാം മോഹൻലാൽ, പരേതനായ രാംമോഹൻ ലാൽ മരുമകൾ:- കാന്തിമ വിനായക്.



**എൻ.സി.കൃഷ്ണകുമാർ**


വെങ്കിടങ്ങ് :റിട്ട. കൃഷി അസിസ്റ്റന്റ് ഡയറക്ടർ കാഞ്ഞൂർ നെടിയപറമ്പ് മനയ്ക്കൽ എൻ.സി. കൃഷ്ണകുമാർ (64) വിഷ്ണു പാദം പൂകി. ഭാര്യ: ലത (റിട്ട. പ്രിൻസിപ്പൽ, ശ്രീകേരളവർമ കോളേജ്, തൃശൂർ). മക്കൾ: ഡോ നവനീത് കൃഷ്ണൻ (വൈദ്യരത്നം), സാവിത്രി. മരുമക്കൾ: ഡോ.ഗായത്രി, ഗണേഷ്(ചെന്നൈ).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**രാമൻ ഭട്ടതിരിപ്പാട്**

പുലിയന്നൂർ: പുലിയന്നൂർ സെന്റ് തോമസ് യുപി സ്കൂൾ റിട്ട. അധ്യാപകൻ തിരുത്തി മനയ്ക്കൽ രാമൻ ഭട്ടതിരിപ്പാട് (91) വിഷ്ണു പാദം പൂകി. ഭാര്യ: ഓക്കി മനയ്ക്കൽ ദേവി അന്തർജനം. മക്കൾ: ലീല (റിട്ട. ഉദ്യോഗസ്ഥ, എസ്ബിഐ), രാമൻ (റിട്ട. സ്റ്റാഫ്, അശ്വനി ഹോസ്പിറ്റൽ, തൃശൂർ), ആര്യ, രമ, കലാനിലയം ഹരി (കൊയിലാണ്ടി), സാവിത്രി, ഇന്ദു (ചെന്നൈ), മരുമക്കൾ: ഒ.ആർ. നീലകണ്ഠൻ (റിട്ട. ഉദ്യോസ്ഥൻ, ഫിഷറീസ് വകുപ്പ്), ഉമ, വടക്കുമ്പാട്ട് സതീശൻ (കൊച്ചിൻ ദേവസ്വം ബോർഡ്), പശുപതി (തൃശൂർ ബ്രഹ്മസ്വം മഠം), പുതിയില്ലം വാസുദേവൻ പഞ്ഞാവൂർ (ചെന്നൈ).



**നാരായണൻ നമ്പൂതിരി**

നാദാപുരം: അരൂർ യുപി സ്കൂളിലെ റിട്ട. ഹിന്ദി അധ്യാപകൻ വരിക്കോളി വാകയാട്ടില്ലത്ത് നീർവ്വേലി നാരായണൻ നമ്പൂതിരി (90) വിഷ്ണു പാദം പൂകി. ഭാര്യ: പരേതയായ സാവിത്രി അന്തർജ്ജനം. മക്കൾ: ശ്രീദേവി, സരസ്വതി, പുഷ്പവല്ലി, ശ്രീജ, ശ്രീലത, ഉണ്ണികൃഷ്ണൻ, സുജല മരുമക്കൾ: വാസുദേവൻ നമ്പൂതിരി (പേരൂർ ഇല്ലം, മാവൂർ), ശ്രീകുമാരൻ നമ്പൂതിരി (മേനകത്ത് മന, പാലക്കാട്), നാരായണൻ നമ്പൂതിരി (കരിപ്പത്തില്ലം, അരീക്കോട്), ശങ്കരൻ നമ്പൂതിരി (മധുരക്കാട് പെരികമന, കാഞ്ഞങ്ങാട്), വിഷ്ണു നമ്പൂതിരി (ഒഴയാടി എടക്കാടില്ലം, കുന്നമംഗലം), ശ്രീജിത്ത് നമ്പൂതിരി (വാകയാട്ടില്ലം, കതിരൂർ).



**ലളിതാംബിക അന്തർജനത്തിന്റെ മകൾ രാജം നമ്പൂതിരി**

തിരുവനന്തപുരം: ലളിതാംബിക അന്തർജനത്തിന്റെ മകൾ ദർശൻ നഗർ 'ഹരിത'ത്തിൽ എഴുത്തുകാരി രാജം നമ്പൂതിരി (85) വിഷ്ണു പാദം പൂകി. കൂത്താട്ടുകുളം മേരി പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഭർത്താവ്: പരേതനായ പി.എൻ ഗോപാലൻ നമ്പൂതിരി (മലയാളം പ്രഫ. എൻഎസ്എസ് കോളജ്). മക്കൾ: ജി സാജൻ (തിരുവനന്തപുരം ദൂരദർശന്റെ മുൻ പ്രോഗ്രാം മേധാവി), ജി.സജിത (ദേവകി വാര്യർ ട്രസ്റ്റ്) ദീപക് ജി നമ്പൂതിരി( സംവിധായകൻ). മരുമക്കൾ: ബിന്ദു സാജൻ (ഡോക്യുമെന്ററി സംവിധായക), ഡോ. ജോയ് ഇളമൺ (കിലാ ഡയറക്ടർ), ശ്രീജ ദീപക് (യോഗ അധ്യാപിക).



**കഥകളി കലാകാരൻ ചന്ദ്രമന നാരായണൻ നമ്പൂതിരി**

കുറുപ്പംപടി: പ്രശസ്ത കഥകളി കലാകാരൻ പുന്നയം ചന്ദ്രമന നാരായണൻ നമ്പൂതിരി (81) വിഷ്ണു പാദം പൂകി. ഇരിങ്ങാലക്കുട ഉണ്ണായി വാര്യർ സ്മാരക കലാനിലയത്തിൽ ആദ്യ ബാച്ചിലെ കഥകളി വിദ്യാർഥിയാണ്. കലാമണ്ഡലം കൃഷ്ണൻ നായർ, കലാമണ്ഡലം ഗോപി തുടങ്ങിയവരോടൊപ്പം കഥകളി അവതരിപ്പിച്ചു. ചെണ്ട, പാട്ട്, ചുട്ടികുത്തൽ എന്നിവയിലും തിളങ്ങി. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ പൂജാരിയായിരുന്നു. ഭാര്യ: സാവിത്രി (നൃത്തഅധ്യാപിക), മക്കൾ: വാണി, ജയ (കെഎസ്ഇബി, കൊല്ലം), ഗോവിന്ദൻ, മരുമക്കൾ: ഈശ്വരൻ, പ്രസന്നൻ.




**ദാമോദരൻ നമ്പൂതിരി മാസ്റ്റർ**

ദീർഘകാലം പെരിന്തൽമണ്ണ ഗവ: ഹൈസ്കൂളിൽ അദ്ധ്യാപകനും പെരിന്തൽമണ്ണയിലെ അധ്യാപക സംഘടനാ - സാമുഹ്യ സാംസ്കാരിക രംഗങ്ങളിലും പ്രവർത്തിച്ചിരുന്ന കെ.ദാമോദരൻ നമ്പുതിരി മാസ്റ്റർ (KDN) അന്തരിച്ചു. 86 വയസ്സായിരുന്നു. ഭാര്യ നളിനി
മക്കൾ - രാജശങ്കരൻ (ബിസിനസ്, കോട്ടയ്ക്കൽ) വിജയൻ, (കോട്ടയ്ക്കൽ ആര്യ വൈദ്യശാലാ ഏജൻസി - കൊപ്പം, ഡോ: മീര (രാജാ ഹെൽത്ത് ഏക്കേഴ്സ് കുറ്റനാട്. മരുമക്കൾ - കവിത, സീന (അദ്ധ്യാപിക - തരകൻ ഹയർ സെക്കന്ററി സ്കൂൾ അങ്ങാടിപ്പുറം, ഡോ: ശ്രീരാജ്. ( രാജാ ഹെൽത്ത് ഏക്കേഴ്സ്)



**ശ്രീദേവി അന്തർജനം**

നെടുപുഴ: മുണ്ടാരപ്പിള്ളി മനയിൽ എം.വി. ശ്രീദേവി (82) വിഷ്ണു പാദം പൂകി. ഭർത്താവ്: പരേതനായ വാസുദേവൻ നമ്പൂതിരി. മക്കൾ: വാസുദേവൻ, രമാദേവി, മധുസൂദനൻ. മരുമക്കൾ: ദേവി എ.എം., കിരാതമൂർത്തി എ.എം., ബിന്ദു ടി.വി.




**വാഴകുന്നം കേശവൻ നമ്പൂതിരി**

വാഴകുന്നം കേശവൻ നമ്പൂതിരി (വി.ആർ.കെ) വിഷ്ണുപാദം പൂകി. ഭാര്യ പരേതയായ ശോഭന. മക്കൾ നമിതശങ്കരൻ, ഡോക്ടർ സായികൃഷ്ണൻ, മരുമക്കൾ ശങ്കരൻ (പഴേടം, തൃശ്ശൂർ) ഡോക്ടർ ആര്യകൃഷ്ണൻ.



**സാവിത്രി അന്തർജനം**

കാക്കനാട്: ചേരിക്കാട്ടുമന പരേതനായ രാമൻ നമ്പൂതിരിയുടെ ഭാര്യ സാവിത്രി അന്തർജനം (92) അന്തരിച്ചു. മക്കൾ: നീലകണ്ഠൻ, ശ്രീരാമൻ (ബാബു), സത്യവതി. മരുമക്കൾ: ഗിരിജ, മീന ശ്രീരാമൻ, പ്രകാശൻ.



**നാരായണരു രുദ്രരു**

തിരുവനന്തപുരം: വഞ്ചിയൂർ അത്തിയറ മഠത്തിൽ(രഞ്ജിനി,അംബാനഗർ) തന്ത്രി നാരായണരു രുദ്രരു (70) വിഷ്ണു പാദം പൂകി. ഭാര്യ: ദേവകി ദേവി. മക്കൾ: ഡി.രഞ്ജിനി, ഡി.രജനി മരുമക്കൾ: വി.എസ്.രഞ്ജിത്ത്, സന്തോഷ് അയനിക്കാട്.



**ശങ്കരനാരായണൻ നമ്പൂതിരി**

ചങ്ങരംകുളം: വൈദിക ശ്രൗത പണ്ഡിതനായ ,ആലങ്ങോട് ചാങ്ങലിയോട്ട് മനക്കൽ ശങ്കരനാരായണൻ നമ്പൂതിരി (66) വിഷ്ണു പാദം പൂകി. ഭാര്യ ഉമാദേവി അന്തർജ്ജനം. മക്കൾ കൃഷ്ണ പ്രസാദ്, അർജ്ജുൻ, മരുമക്കൾ: അഞ്ജു, ദൃശ്യ.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ബദരീനാഥ് മുൻ റാവൽജി ശ്രീധരൻ നമ്പൂതിരി**

അതിയടം (കണ്ണൂർ) ബദരീനാഥ് ക്ഷേത്രം മുൻ റാവൽജിയും ചെറുതാഴം രാഘവപുരം സഭാ യോഗം പ്രസിഡന്റും ആദിശങ്കര ഫൗണ്ടേഷൻ സ്ഥാപക പ്രസിഡന്റുമായ അതിയടം ശ്രീസ്ഥ മേലതിയടം പാച്ചമംഗലം ശ്രീധരൻ നമ്പൂതിരി (62) വിഷ്ണു പാദം പൂകി. ഇന്ത്യയിലെ പ്രധാനപ്പെട്ട തീർഥാടന കേന്ദ്രമായ ഉത്തരാഖണ്ഡ് ബദരീനാഥ് ക്ഷേത്രത്തിലെ റാവൽജിയായി (പൂജാരി) 10 വർഷത്തോളം സേവനമനുഷ്ഠിച്ചിരുന്നു. റാവൽജി സ്ഥാനത്തുനിന്നു വിരമിച്ച ശേഷം ഒട്ടേറെ ആധ്യാത്മിക സാംസ്കാരിക പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. 1200 വർഷം പഴക്കമുള്ള ചെറുതാഴം ശ്രീരാഘവപുരം സഭായോഗം പുനരുജ്ജീവിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. കഴിഞ്ഞ 40 വർഷമായി ആധ്യാത്മിക, വിദ്യാഭ്യാസ, പരിസ്ഥിതി, ജീവ കാരുണ്യ മേഖലകളിൽ സജീവമായിരുന്നു.

ഭാര്യ: ഗൗരി അന്തർജനം. മക്കൾ: ശ്രീനാഥ് (യുകെ), ബദരീ പ്രസാദ് (ബിഡിഎസ് വിദ്യാർഥി, മംഗളൂരു). സഹോദരങ്ങൾ: കേശവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ഗോവിന്ദൻ നമ്പൂതിരി, സാവിത്രി അന്തർജനം.



**ശ്രീപാദം ഈശ്വരൻ നമ്പൂതിരി**

ചങ്ങനാശേരി: ബാലസാഹിത്യകാരനും പ്രഭാഷകനും റിട്ട. കോളജ് അധ്യാപകനുമായ ശ്രീപാദം ഈശ്വരൻ നമ്പൂതിരി (78) വിഷ്ണു പാദം പൂകി.ഹൃദ്രോഗത്തെത്തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

എഴുപതോളം കൃതികളുടെയും ഇരുനൂറിലധികം ലളിതഗാനങ്ങളുടെയും രചയിതാവാണ്. ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. അഞ്ചൽ സെന്റ് ജോൺസ് കോളജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. രാമായണം കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ 'രാമകഥ' എന്ന പേരിൽ രൂപപ്പെടുത്തി. അമ്മച്ചിപ്ലാവ്, പൊന്നും തേനും, തേവാരം, ആറാം പ്രമാണം, അമൃത ബിന്ദുക്കൾ, ശ്രീപാദത്തിന്റെ 2 നാടകങ്ങൾ, സദൃശ്യവാക്യം, നക്ഷത്ര ത്തിന്റെ മരണം എന്നിവ ശ്രദ്ധേയ കൃതികളാണ്. ഭാര്യ: മീരാഭായി (റിട്ട. പ്രധാനാധ്യാപിക, ഇത്തിത്താനം ഹൈസ്കൂൾ, മലകുന്നം). മകൻ: ഹരിപ്രസാദ് (ബിസിനസ്), മരുമകൾ സിത ഹരിപ്രസാദ് (എസ്ബിഐ, കോട്ടയം).



**നീലകണ്ഠൻ നമ്പൂതിരി**

മണീട് : മേമ്മുഖം കൂടത്തിങ്കൽ മന നീലകണ്ഠൻ നമ്പൂതിരി (94) വിഷ്ണു പാദം പൂകി. മേമ്മുഖം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം രക്ഷാധികാരി ആയിരുന്നു.


ഭാര്യ: തലയോലപ്പറമ്പ് വരിക്കാംകുന്ന് മനയത്താറ്റ് മന കുടുംബാംഗം പരേതയായ ശ്രീദേവി അന്തർജനം.

മക്കൾ: സാവിത്രി, ഗിരിജ, മാധവൻ നമ്പൂതിരി, ഉഷ, ഭദ്ര ,സുശീല ,ആശ ,മഞ്ജു. മരുമക്കൾ: വാസുദേവ ശർമ്മ പെരിയമന തിരുവല്ല (മുൻ ശബരിമല മേൽശാന്തി ), സുബ്രഹ്മണ്യൻ നമ്പൂതിരി മാടമ്പി മന ചെറുതുരുത്തി (കഥകളി സംഗീതജ്ഞൻ), ജയശ്രീ പഴയിടം മന, ചേർപ്പ്, പരേതനായ നാരായണൻ നമ്പൂതിരി കൊരമ്പൂര് മന മന്നം പറവൂർ, പരമേശ്വരൻ നമ്പൂതിരി മാപ്രാമ്പിള്ളി മന അന്നമനട, അഷ്ടമൂർത്തി നമ്പൂതിരി പെരുമനത്ത് മന ശ്രീകൃഷ്ണപുരം, ആദിത്യൻ നമ്പൂതിരി പൂങ്ങാട്ട് മന അഞ്ഞൂർ കുന്നങ്കുളം, അഷ്ടമൂർത്തി നമ്പൂതിരി നമ്പത്ത് മന കപ്പൂർ മലപ്പുറം.



**നീലകണ്ഠൻ നമ്പൂതിരി**

കേരളശ്ശേരി : വടശ്ശേരി മല്ലിശ്ശേ രി മനയ്ക്കൽ നീല കണ്ഠൻ നമ്പൂതി രി (100) വിഷ്ണു പാദം പൂകി. പഞ്ചായത്തുകളുടെ പുനഃസംഘടനയ്ക്ക് മുമ്പ് കേരളശ്ശേരി തടുക്കശ്ശേരി പഞ്ചായത്തിന്റെ ആദ്യ പ്ര സി ഡന്റായിരുന്നു. കേരളശ്ശേരി ഹൈസ്കൂളിന്റെ സ്ഥാപകാംഗവും ദീർഘകാലം മാ നേജരും ആയിരുന്നു. ശ്രീകൃഷ്ണപുരം വി.ടി. ബി. കോളേജിന്റെ സ്ഥാപകരിൽ പ്രധാനിയാണ്. വാഴേങ്കട നരസിംഹ മൂർത്തി ക്ഷേത്രം, ഏപ്പിക്കാട് നരസിംഹ മൂർത്തി ക്ഷേത്രം, പുഴക്കൽ ശിവക്ഷേത്രം എന്നിവയുടെ ട്രസ്റ്റിയായിരുന്നു. ഭാര്യ: പരേതയായ തടുക്കശ്ശേരി മനയ്ക്കൽ സരസ്വതി അന്തർജനം മക്കൾ: നീലകണ്ഠൻ, ശങ്കരൻ, പരമേശ്വരൻ, അർച്ചന. മരുമക്കൾ: ഗൗരി, ലീല, ശാലിനി, ഡോ. പരമേശ്വരൻ.




**സി.കെ. ഗോദൻ നമ്പൂതിരി**

പെരിങ്ങോട്ടുകര (തൃശൂർ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള പാറശാല മഹാദേവ ക്ഷേത്രം, വർക്കല ജനാർദന സ്വാമി ക്ഷേത്രം എന്നിവടങ്ങളിലെ താന്ത്രികാചാര്യനും ചെറുമുക്ക് തന്ത്രി ഇല്ലത്തെ ഇപ്പോഴത്തെ കാരണവരും എയർ ഫോഴ്സ് റിട്ട. ഉദ്യോഗസ്ഥനുമായ പെരിങ്ങോട്ടുകര കിഴക്കേ ചെറുമുക്ക് മനയ്ക്കൽ സി.കെ. ഗോദൻ നമ്പൂതിരി (സി.കെ.ജി – 86) വിഷ്ണുപാദം പൂകി. ശ്രീകാര്യം ക്ഷേത്രം, പുലയൂർക്കോട് മഹാവിഷ്ണു ക്ഷേത്രം തുടങ്ങി ക്ഷേത്രങ്ങളിലെയും താന്ത്രിക ആചാര്യനായിരുന്നു. ഭാര്യ: സരോജിനി അന്തർജനം. മക്കൾ: കൃഷ്ണപ്രകാശ് (ന്യൂ ഇന്ത്യ ഇൻഷുറൻസ്, തൃശൂർ), പ്രസാദ് (ബെംഗളൂരു). മരു മക്കൾ: രജനി (എൽഐ സി കൊടുങ്ങല്ലൂർ), അനിത (ബെംഗളൂരു).



**സുഭദ്ര അന്തർജ്ജനം**

കൊയിലാണ്ടി എടവല്ല്യം സുഭദ്ര അന്തർജ്ജനം വിഷ്ണു പാദം പൂകി.



**ശങ്കരൻ നമ്പൂതിരിപ്പാട്**

വേഴപ്പറമ്പ് ശങ്കരൻ നമ്പൂതിരിപ്പാട് വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**സുഭദ്ര അന്തർജനം**

അരീക്കോട്: പുല്ലൂർമണ്ണ ഇല്ലത്ത് പരേതനായ ശങ്കരൻ നമ്പൂതിരിയുടെ പത്നി സുഭദ്ര അന്തർജനം (82) വിഷ്ണുപാദം പൂകി. മക്കൾ :ഗോവിന്ദൻ നമ്പൂതിരി തിരുവണ്ണൂർ കോവിലകം ശിവ ക്ഷേത്രം മേൽശാന്തി, ശങ്കരൻ നമ്പൂതിരി ചെലവൂർ ശ്രീകൃഷ്ണ ക്ഷേത്രം മേൽശാന്തി, ദേവകി അന്തർജനം, പറത്താനത്ത് മന, ഷൊറണൂർ , ശ്രീദേവി കരിഞ്ഞമണ്ണ് ഇല്ലം, താമരശ്ശേരി, സുധ കൊളങ്ങര ഇല്ലം വിളയിൽ .



**എ.കെ.മുരളീധരൻ നമ്പൂതിരി**

ആലപ്പുഴ: എൽഐസി റിട്ട. ഉദ്യോഗസ്ഥൻ ചേപ്പാട് ആലപ്പുറത്തില്ലത്തു എ. കെ.മുരളീധരൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി. ഭാര്യ: കെ. എൻ.രുഗ്മിണി ദേവി. മക്കൾ: എ.എം.സംഗീത, സന്ദീപ് (ഇരുവരും യു എസ്) മരുമക്കൾ: കൃഷ്ണ, ആരതി (ഇരുവരും യു എസ്). സഹോദരങ്ങൾ: എ. കെ. കുസുമകുമാരി, ശാന്തകുമാരി, കൃഷ്ണൻ നമ്പൂതിരി (യു എസ്), നാരായണൻ നമ്പൂതിരി (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ കൃഷി വകുപ്പ്), പരേതനായ വാസുദേവൻ നമ്പൂതിരി



**സരോജനിദേവി**

കുറിച്ചിത്താനം: കാക്കാറുപള്ളി ഇല്ലത്ത് പരേതനായ നീലകണ്ഠൻ നമ്പൂതിരിയുടെ സഹധർമ്മിണി ആലപുരം മഠത്തിൽ മനയിൽ സരോജനിദേവി (93) വിഷ്ണുപാദം പൂകി. സരളാദേവി കോടഞ്ചേരി,ബാബു എൻ.നമ്പൂതിരി, ശ്രീദേവി, എൻ.ഉണ്ണികൃഷ്ണൻകോടഞ്ചേരി (റിട്ട. അധ്യാപകൻ) കെ.എൻ ഹരികുമാർ (അഡീ.ജില്ലാ ജഡ്ജി തൊടുപുഴ) കെ. എൻ. അനീഷ് കുമാർ (ഐ.ടി.എറണാകുളം). മരുമക്കൾ: പരേതനായ വാസുദേവൻ നമ്പൂതിരി,സരിത,രമേഷ്, സവിത, മഞ്ജു



**നീലിദേവി**

പ്രവിത്താനം: അളനാട് കുരുപ്പക്കാട്ടില്ലത്ത് നീലിദേവി (84) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ പുരുഷോത്തമൻ. മക്കൾ: നാരായണൻ നമ്പൂതിരി (തന്ത്രി), സുജാത (റിട്ട. ഹയർ സെക്കൻഡറി അധ്യാപിക, തിരൂർ), രാമാനുജൻ (കെ.പി.രാമൻ നമ്പൂതിരി, അസിസ്റ്റന്റ് എഡിറ്റർ, ഭാഷാപോഷിണി). മരുമക്കൾ: പ്രവദ, ഡോ. കെ.എം.മാധവൻ (റിട്ട. സീനിയർ ആയുർവേദ മെഡിക്കൽ ഓഫീസർ, തിരൂർ), നിഷ (സീനിയർ മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് റീജനൽ ഓഫീസ്, കോട്ടയം)




**ശങ്കരനാരായണൻ നമ്പൂതിരിപ്പാട്**

ഇരിഞ്ഞാലക്കുട ഉപസഭാംഗം പ്രൊഫ. മുണ്ടായ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്(82)വിഷ്ണുപാദം പൂകി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സ്മാരക കോളേജിൽ അദ്ധ്യാപകനായിരുന്നു. ഇരിങ്ങാലക്കുട പാട്ടമാളി റോഡിൽ ആയിരുന്നു താമസിച്ചിരുന്നത്. പിന്നീട് തൃപ്പൂണിത്തുറക്ക് മാറ്റി. പത്നി: പൂളമണ്ണ മഹൾ അമ്മു അന്തർജ്ജനം. മക്കൾ: ജിത, ജിതിൻ. മരുമക്കൾ: വണ്ടൂർ നടുവത്ത് അഡ്വ. മധു നമ്പൂതിരിപ്പാട് (കേരളാ ഹൈക്കോടതി), വെള്ളക്കാട്ട് മഹൾ സ്വാതി



**വാസുദേവൻ നമ്പൂതിരിപ്പാട്**

പാലക്കാട് : ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ സഹോദരപുത്രൻ ഇ.എം.വാസുദേവൻ നമ്പൂതിരിപ്പാട് (84) അന്തരിച്ചു. പത്നി ലീല അന്തർജനം വേമഞ്ചേരി (കടമ്പൂർ) മന. മക്കൾ : റിജു, ദീപു. മരുമക്കൾ : രമ്യ, നിത. സഹോദരങ്ങൾ: ഇ.എം. പരമേശ്വരൻ നമ്പൂതിരിപ്പാട് സരോജിനി, കുമാരി, തങ്കമണി, ഇ. ബി. ബ്രഹ്മദത്തൻ.



**ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി**

കുറ്റിപ്പുറം: തിരുനാവായ കിഴക്കെ അരീക്കര ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി.

കാലിക്കറ്റ് സർവകലാശാല റിട്ട. എൻജിനീയറാണ്. ഭാര്യ ശാന്ത നല്ലേടത്ത് (ചേളാരി ഗവ. എച്ച്എസ്എസ് റിട്ട. അധ്യാപിക). മക്കൾ: ഹർഷ, ഹരിത്ത്. മരുമകൻ: വിഷ്ണു .



**ശാന്തകുമാരി അന്തർജ്ജനം**

തിരുവല്ല കാവുംഭാഗം ഏറത്തു മേച്ചേരി മനയിൽ പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ പത്നി ശാന്തകുമാരി അന്തർജ്ജനം വിഷ്ണു പാദം പൂകി. വേട്ടമ്പള്ളി ഊരുമഠം കുടുംബാംഗം ആണ്. മക്കൾ:-കൃഷ്ണപ്രീയ, പ്രീത. മരുമക്കൾ കണ്ണൻപോറ്റി, രാമകൃഷ്ണൻ എമ്പ്രാന്തിരി



**ലീല അന്തർജ്ജനം**

എടപ്പാൾ: ചങ്ങലീരി മനയിൽ കൃഷ്ണപ്രസാദ് നമ്പൂതിരിയുടെ ഭാര്യയും പടുതോൾ മനയിൽ പരേതരായ കൃഷ്ണൻ നമ്പൂതിരിയുടെയും ദേവകി അന്തർജ്ജനത്തിന്റെയും മകളുമായ ലീല അന്തർജ്ജനം (75) വിഷ്ണു പാദം പൂകി. മക്കൾ: ദിലീപ് സി.കെ, ദിവ്യ സി.കെ, ദീപ സി.കെ. മരുമക്കൾ. സൗമ്യ പി, നയജീവ്, മണികണ്ഠൻ.



**പത്മജാദേവി**

യോഗക്ഷേമസഭ മാന്നാർ ഉപസഭാംഗം പരമേശ്വരൻ പോറ്റിയുടെ പത്നിയും, സംസ്ഥാന കൗൺസിൽ അംഗം കൃഷ്ണകുമാറിന്റെ മാതാവും, യോഗക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.എൻ. കൃഷ്ണൻ പോറ്റിയുടെ ഭാര്യാമാതാവുമായ മാന്നാർ, ഇലഞ്ഞിമേൽ, കീച്ചേരി മഠത്തിൽ പത്മജാദേവി (81) വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**യു. സി. നാരായണൻ നമ്പൂതിരി**

തൃശൂർ: ഉപ്പിലാപ്പറ്റ ചെന്നല്ലേരി മനക്കൽ (ശ്രീനിവാസ്, പോരൂർ) യു സി നാരായണൻ നമ്പൂതിരി (76, റിട്ട ബാങ്ക് ഉദ്യോഗസ്ഥൻ) തൃശൂർ വെച്ച് വിഷ്ണു പാദം പൂകി. ഭാര്യ രമണി അന്തർജനം. മക്കൾ ജിഷ യു സി ( പ്രധാന അധ്യാപിക, വള്ളുവങ്ങാട് എ എം എൽ പി സ്കൂൾ,), ദിവ്യ യു സി, വിനീത യു സി, മരുമക്കൾ നാറാസ് മന മധുസൂദനൻ, പടിഞ്ഞാറേടത്തു മന ബ്രഹ്മദത്തൻ, ചെമ്മങ്ങാട്ട് മന രാജശേഖരൻ.



**ശ്രീദേവി അന്തർജനം**

കൂറ്റനാട്: ചാലിശ്ശേരി എസ്.സി.യു.പി.സ്കൂൾ റിട്ട. അധ്യാപിക ചാലിശ്ശേരി പെരുമണ്ണൂർ വേണാട്ട് മന ശ്രീദേവി അന്തർജനം (76) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ഋഷഭദേവൻ നമ്പൂതിരി. മക്കൾ: ശ്രീദേവി (തങ്കം), ഇന്ദിര, സാവിത്രി (പ്രീത), ഋഷഭദേവൻ (ഉണ്ണി). മരുമക്കൾ: പരേതനായ ചന്ദ്രമന ശ്രീധരൻ നമ്പൂതിരി, പാറശ്ശേരിമന രാമൻ നമ്പൂതിരി, ആലമ്പിള്ളി ശാസ്ത്രശർമൻ, വിദ്യ.



**ദേവകി അന്തർജനം**

പൂവാട്ടു പറമ്പ്: എടക്രമഞ്ചേരി കീഴേടത്ത് ദേവകി അന്തർജനം വിഷ്ണു പാദം പൂകി .പരേതനായ എക്രെമഞ്ചേരി ദാമോദരൻ നമ്പൂതിരി (മാനേജർ ,കേരളാ സോപ്സ്) യുടെ സഹധർമ്മിണിയാണ്. വാസുദേവൻ സി ഇ (പെരുമൻപുറ മഹാവിഷ്ണു ക്ഷേത്രം ക്ളാർക്ക്,ഹരിനാരായണൻ (പൂജാരി), ഹേമ, രാധ എന്നിവർ മക്കൾ. മരുമക്കൾ: ഭാമ (പാലേലി മന, ആലുവ) സൗമ്യ (പാട്ടം, പെരുമണ്ണ, ടീച്ചർ), മനോഹരൻ (റിട്ടയേർഡ് ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷനൽ ബാങ്ക്), രാജൻ (കാരൂർ മന, ഷൊർണൂർ)



**ലീല**

തൃശൂർ പകരാവൂർ മന ലീല (63, റിട്ട. ബാങ്ക് ഒഫ് ബറോഡ) വിഷ്ണു പാദം പൂകി. ചിത്രൻ നമ്പൂതിരിപ്പാടിന്റെ മകൻ കൃഷ്ണനാണ് ഭർത്താവ്. ചിത്രഭാനു (സോഫ്റ്റ്വെയർ കൺസൾട്ടന്റ്) ഏക മകനാണ്. പരേതനായ മുണ്ടായ മനക്കൽ ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ മകളാണ്. പരേതയായ ശാന്ത, നാരായണൻ, ഗൗരി, വിനോദ് എന്നിവർ സഹോദരങ്ങളാണ്.



**സന്തോഷ്. ഇ.**

അരുവിക്കര ഉപസഭ അംഗം സന്തോഷ് ഇ.(50)വിഷ്ണുപാദം പൂകി.കെ.എസ്.ഇ.ബി. ജീവനക്കാരനായിരുന്നു. തിരുവനന്തപുരം ശ്രീവരാഹത്തുള്ള സ്വവസതിയിൽ ആയിരുന്നു താമസം.90 കളിൽ അരുവിക്കര യുവജന വിഭാഗ പ്രവർത്തനങ്ങളുടെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. പിതാവ്: ഈശ്വരൻ പോറ്റി, മാതാവ് : ഗൗരി അന്തർജനം, ഭാര്യ: രശ്മി, മകൻ: അരവിന്ദ്, സഹോദരൻ: വിഷ്ണു



**നാരായണൻ നമ്പൂതിരി**

ചെമ്പ്ര ഭട്ടിവടക്കേടത്ത് നാരായണൻ നമ്പൂതിരി (84) ബാംഗ്ലൂരിൽ വിഷ്ണു പാദം പൂകി. പരേതരായ വടക്കേടത്ത് അച്യുതൻ നമ്പൂതിരിയുടേയും ഹാലബന്ധി അന്തർജ്ജനത്തിന്റേയും മകനാണ്. ബാംഗ്ലൂർ ബെല്ലിലെ റിട്ടയേർഡ് ഉദ്യോഗസ്ഥൻ ആയിരുന്നു. ഭാര്യ: ഇന്ദിര,ശീവൊള്ളി മഹൾ. (ബാംഗ്ലൂർ ബെല്ലിലെ റിട്ടയേർഡ് ഉദ്യോഗസ്ഥ.) മക്കൾ : ഹേമ, സീമ. മരുമക്കൾ : രാജ്, വിനോദ്. പേരക്കുട്ടികൾ : നന്ദിത, സിദ്ധാർത്ഥ് .



**പള്ളിപ്പാട്ട് ശങ്കരൻ നമ്പൂതിരി**

പള്ളിപ്പാട്ട് ശങ്കരൻ നമ്പൂതിരി (൮൦) വിഷ്ണുപാദം പൂകി. ഭാര്യ: മുല്ലപ്പിള്ളി പടുതോൾ മഹൾ ആര്യ . (ആര്യമ്പിള്ളി മരുമ ഹൾ). മക്കൾ: സുധീഷ്, ധന്യ . മരുമക്കൾ: ഡോക്ടർ പരമേശ്വരൻ, ശ്രീകൃഷ്ണപുരത്ത് കാലടി. സൂര്യ, ചങ്ങഴശ്ശേരി, പാലാ, കോട്ടയം




**ശ്രീദേവി അന്തർജനം**

കൊയ്യം കോതാവൂർ ഇല്ലത്ത് പരേതനായ കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ശ്രീദേവി അന്തർജനം (98) വിഷ്ണുപാദം പൂകി. മക്കൾ ദത്തൻ നമ്പൂതിരി (റിട്ട.വില്ലേജ് മേൻ), ശ്രീദേവി അന്തർജനം, നാരായണൻ നമ്പൂതിരി (റിട്ട. വില്ലേജ്മേൻ) , കുഞ്ഞി കൃഷ്ൻ നമ്പൂതിരി (റിട്ട. ഹെഡ് മാസ്റ്റർ, കൊളന്ത എൽ.പി.സ്ക്കൂർ), പാർവ്വതി, നാരായണൻ നമ്പൂതിരി (റിട്ട. ഗ്രൗണ്ട് വാട്ടർ) , അനിത, പരമേശ്വരൻ (മേൽശാന്തി,കൊയ്യം മഹാവിഷ്ണു ക്ഷേത്രം) മരുമക്കൾ. ദ്രൗപതി അന്തർജനം (റിട്ട. കൊയ്യം ഹൈസ്കൂൾ അദ്ധ്യാപിക ) സുഭദ്ര അന്തർജനം (റിട്ട. അദ്ധ്യാപിക ,കൊട്ടാരം യു. പി സ്കൂൾ) , ഉമ അന്തർജനം, മായ അന്തർജനം.



**വാസുദേവൻ നമ്പൂതിരി**

ചേലക്കര: വെങ്ങാനെല്ലൂർ വെമ്പോല മനയ്ക്കൽ വാസുദേവൻ നമ്പൂതിരി (79) വിഷ്ണുപാദം പൂകി. സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. മാനേജരാണ്. ഭാര്യ: കൈപ്പഞ്ചേരി മഹൾ പാർവതി അന്തർജനം (റിട്ട. അദ്ധ്യാപിക). മക്കൾ: വാസുദേവൻ (അദ്ധ്യാപകൻ, ചേലക്കര എസ്.എം.ടി.ജി.എച്ച്.എസ്.എസ്), ഡോ. ലീന (സി.എം.ഒ. കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രി), ഹരിനാരായണൻ (ബിസിനസ്, തൃശൂർ), പ്രിയ (അദ്ധ്യാപിക, മുംബൈ). മരുമക്കൾ: ഡോ. സി.എസ്. അജിത, ശങ്കരൻ പോറ്റി (രാജു– റിട്ട. എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്), ശാരദ (അദ്ധ്യാപിക, എൻ.എസ്.എസ്. എച്ച്.എസ്.എസ്, മുള്ളൂർക്കര), വികാസ് (ആക്സിസ് ബാങ്ക്, മുംബൈ).



**ബാലകൃഷ്ണൻ പോറ്റി**

തിരുവനന്തപുരം: വെഞ്ഞാറമൂട് മുരിങ്ങൂർ മഠത്തിൽ (കാർത്തിക) ബാലകൃഷ്ണൻ പോറ്റി വിഷ്ണുപാദം പൂകി.

# നമ്പൂതിരി മഹാസംഗമം മെയ് 13,14 കൂത്താട്ടുകുളത്ത്
# പാണിഗ്രഹണ മേളയും തൊഴിൽ മേളയും

**കുന്നത്ത് കണ്ടമംഗലം ഉണ്ണികൃഷ്ണൻ**

നമ്പൂതിരി ഫെയ്സ്ബുക്ക് കൂട്ടായ്മയുടെയും നമ്പൂതിരി വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെയും അഭിമുഖ്യത്തിൽ നമ്പൂതിരി സംഗമത്തിന് കൂത്താട്ടുകുളം ശ്രീധരീയം വേദിയാകുന്നു. ഫെയ്സ്ബുക്ക് നമ്പൂതിരി ഗ്രൂപ്പിന്റെ എട്ടാമത് സംഗമമാണ് 'നാം 2023'. ഓൺലൈൻ വഴിയും സംഗമ വേദിയിലുമായി നിരവധി മത്സരങ്ങൾ ചർച്ചകൾ സെമിനാറുകൾ എന്നിവയുണ്ടാവും.

2011 ൽ കൂക്കമ്പാറ നാരായണൻ നമ്പൂതിരി തുടക്കമിട്ട നമ്പൂതിരി ഫെയ്സ്ബുക്ക് ഗ്രൂപ്പിൽ ഇരുപതിനായിരത്തോളം അംഗങ്ങളുണ്ട്. സമുദായാംഗങ്ങളുടെ ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനാണ് ഈ വർഷത്തെ സംഗമമായ 'നാം 2023'. ഓൺലൈൻ മത്സരങ്ങളിൽ മികവ് കാണിക്കുന്നവരെ സംഗമ വേദിയിൽ ആദരിച്ച് ഫൈനൽ മത്സരങ്ങളിലെ മികച്ചതിന് സമ്മാനങ്ങൾ നൽകും. ചെറിയ കുട്ടികളുടെ പുഞ്ചിരി മത്സരം, സ്വരലയം സംഗീത മത്സരം, തിരുവാതിരകളി മത്സരം, ഡബ്മാഷ്, കവിതാമത്സരം, കുട്ടികൾക്ക് ആധ്യാത്മിക പ്രഭാഷണ മത്സരം, വലിയവർക്കായി പ്രസംഗ മത്സരം, ഡിബേറ്റ്, അക്ഷര ശ്ലോക മത്സരം എന്നിങ്ങനെ നിരവധി മത്സരങ്ങൾ ഓൺലൈനിലൂടെ നടത്തും. സംഗമ വേദിയിൽ സകുടുംബം ആസ്വദിക്കാവുന്ന വിവിധ മത്സരങ്ങളും.




നമ്പൂതിരി ഫെയ്സ്ബുക്ക് കൂട്ടായ്മയുടെയും നമ്പൂതിരി വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെയും അഭിമുഖ്യത്തിൽ

നമ്പൂതിരി വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ അഭിമുഖ്യത്തിൽ മികച്ച ജീവിതകാല സംഭാവന നടത്തിയ മഹത് വ്യക്തികളെ ബ്രഹ്മശ്രേഷ്ഠ പുരസ്കാരം നൽകി ആദരിക്കും. അതോടൊപ്പം വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച യുവ ബ്രാഹ്മണർക്ക് പുരസ്കാരങ്ങളും നൽകും.

തൊഴിലന്വേഷകർക്കായി തൊഴിൽ മേളയും വിവാഹം നടക്കാൻ ബുദ്ധിമുട്ടുന്നവർക്കായി പാണിഗ്രഹണശ്രമ മേളയും സംഘടിപ്പിക്കും. ഈ രണ്ടു പദ്ധതികളിലും ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ സമാന താല്പര്യമുള്ളവരുമായി സംസാരിച്ചാവും പ്രവർത്തനം നടത്തുക. സംഗമത്തിൽ ഗ്രൂപ്പ് അംഗങ്ങൾ/ അല്ലാത്തവർ എന്ന വേർതിരിവില്ലാതെ എല്ലാ നമ്പൂതിരി / മലയാള ബ്രാഹ്മണ സമുദായ അംഗങ്ങൾക്കും പങ്കെടുക്കാം.

വിലാസം നെല്ലിക്കാട്ടു മന
ശ്രീധരീയം കൂത്താട്ടുകുളം,
എറണാകുളം, മൊബൈൽ:
9745005928/95393 33384

**വിഷ്ണുപാദം പൂകിയ ഏവർക്കും**
**സ്വസ്തിയുടെ ആദരാഞ്ജലികൾ**



**ലീല അന്തർജ്ജനം**

മഞ്ചേരി നാരായണ മംഗലത്ത് മന ലീല അന്തർജ്ജനം (87) വിഷ്ണു പാദം പൂകി അമേറ്റൂർ മകളാണ്.



**കൃഷ്ണൻ നമ്പൂതിരി**

തൃശ്ശൂർ: ആറങ്ങോട്ടുകര മുണ്ടയൂർ കൃഷ്ണൻ നമ്പൂതിരി ( 75 ) തൃശ്ശൂരിൽ വെച്ച് വിഷ്ണുപാദം പൂകി. ഭാര്യ ഇടവഴിപ്പുറം മഹൾ വത്സല. മക്കൾ പ്രഭാത്, പ്രീതി. മരുമക്കൾ ആശ, വിവേക്.

യോഗക്ഷേമസഭ
**സ്വസ്തി**
ത്രൈമാസിക

സ്വസ്തിക്ക് എല്ലാ ജില്ലകളിലും കേരളത്തിനു പുറത്തും പ്രതിനിധികളെ ആവശ്യമുണ്ട്. സന്നദ്ധ സേവനം നടത്താൻ തയ്യാറുള്ള സമുദായബന്ധുക്കൾ /സഭാ പ്രവർത്തകർ വിളിക്കുക.

കെ.എം.പരമേശ്വരൻ,
ചീഫ് എഡിറ്റർ
സ്വസ്തി
**മൊബൈൽ: 9072383651**

ചരമവാർത്തകൾ വാട്ട്സ് ആപ്പിൽ
**അയക്കൂ: 9400992823**

പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം
**വിളിക്കുക: 9745137987**

## പാണിഗ്രഹണം

ര ച ഭൃ

| | | | |
|---|---|---|---|
| | ല | കു | |
| കു സ | രേഖാംശം -075.19 | അക്ഷാംശം +12.18 | ഗു ശി |
| മാ: സ മാ | | | ബു ശി |
| മ ബു ഭൃ | ര | ച | |

മ ഗു ല

**ദീപക് പി.യു.** ജനനം: 14.12.190, സമയം: 3.38 pm, നക്ഷത്രം: വിശാഖം, ജനനസ്ഥലം: കാട്ടകാമ്പാൽ. ഗോത്രം: വിശ്വാമിത്ര ഗോത്രം. ഉയരം: 6.2 അടി, വിദ്യാഭ്യാസം: എം.ബി.എ (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ് മാനേജ്മെന്റ് ), ജോലി: ബിസിനസ് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ് (കാത്തലിക് സിറിയൻ ബാങ്ക്, കുന്നംകുളം). അച്ഛൻ: ഉണ്ണികൃഷ്ണൻ പി.എൻ, അമ്മ: വി.ആർ. സാവിത്രി അന്തർജനം. സഹോദരൻ: വിവാഹിതൻ. അമ്മാത്ത്: വരിക്കശ്ശേരി മന. വിലാസം: പണിക്കത്ത് മന, കാട്ടകാമ്പാൽ പി.ഒ., കുന്നംകുളം വഴി, രാമപുരം റോഡ്, തൃശൂർ- 680544. ഫോൺ: 04885276430, മൊബൈൽ: 9400076430. 24 വയസ്സ് മുതൽ 47 വയസ്സു വരെ ബുധ ദശ. 47 വയസ്സ് മുതൽ 67 വയസ്സ് വരെ ശുക്രദശ.

# പാണിഗ്രഹണം

| | | | |
|---|---|---|---|
| മ ശി | | ച ര ബു ശു കു | ല |
| | രേഖാംശം -075.19 | | മാ |
| | അക്ഷാംശം +12.18 | | |
| ഗു | | | സ |

**കൃഷ്ണപ്രസാദ്.** ജനനം: 14.06.1996. സമയം 7.33 am, നക്ഷത്രം: കാർത്തിക, വിദ്യാഭ്യാസം: ബി.ടെക്, ജോലി: മൾട്ടിനാഷണൽ കമ്പനി, ബാംഗ്ലൂർ, അച്ഛൻ: മോഹനൻ നമ്പൂതിരി, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി, അമ്മ: ഗൗരി അന്തർജനം, അഡ്വക്കറ്റ്, പയ്യന്നൂർ, കല്ലമ്പള്ളി ഇല്ലം, സഹോദരൻ: എഞ്ചിനീയറിംഗ് വിദ്യാർത്ഥി. വിലാസം: പോറ്റി ഇല്ലം, ഏഴിലോട്, കണ്ണൂർ ജില്ല. മൊബൈൽ: 8304938060.

ജന്മശിഷ്ടദശ: രവി 1 വർഷം, 3 മാസം, 19 ദിവസം

മ കു ബു ശി ഗു

മാ ശു

| | | | |
|---|---|---|---|
| | | | ശി |
| | ശുക്രന് വക്രഗതി | | ച ശു |
| മ ല | ശ്രീരസ്തു | | ര ബു ഗു |
| സ | | മാ | കു |

ല

ച

സ ര

**വിധു കൃഷ്ണൻ ടി.ആർ.** ജനനം: 05.09.1991 (1167 ചിങ്ങം 20). സമയം: 4.15 pm. ശനിദശ. നക്ഷത്രം പൂയം. ഉയരം: 173 സെ.മീ. വിദ്യാഭ്യാസം: ബി.എച്ച്.എം.എസ്. ജോലി: പ്രൈവറ്റ് പ്രാക്ടീസ് (സ്വന്തം ക്ലിനിക്ക്, പെരുമ്പാവൂർ). ഇല്ലം: തലയാറ്റുംപിള്ളി മന, പെരുമ്പാവൂർ (എറണാകുളം). ഗോത്രം: അംഗീരസ ഗോത്രം. അമ്മാത്ത്: തെക്കിനിയേടത്ത് മന. അച്ഛൻ: എൻ.രാമൻ നമ്പൂതിരി, അമ്മ: സുജന ടി.എൽ. സഹോദരി: ഒരാൾ. മൊബൈൽ: 9605728875, 9605728874.

## സംവിധായികയായ യുവതി

തിരുവനന്തപുരം സി ഇ ടി യിൽ നിന്ന് ബിടെക്. കൊൽക്കൊത്ത സത്യജിത് റേ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഡിപ്ളോമ. സിനിമാ തിരക്കഥാകൃത്തും സംവിധായികയുമായ നമ്പൂതിരി യുവതി (ഫെയർ, 36 വയസ്സ്, അപ്പർ മിഡിൽ ക്ലാസ്, 165 സെ.മീ ഉയരം, ജാതകമെഴുതിയിട്ടില്ല,) നമ്പൂതിരി ,അമ്പലവാസി തുടങ്ങി സമാന സംസ്ക്കാരമുള്ളവരിൽ നിന്നും ജീവിത പങ്കാളിയെ തേടുന്നു. പാലക്കാട് ജില്ലയിലെ പ്രശസ്തമായ നമ്പൂതിരി ഇല്ലം. അച്ഛൻ: കേന്ദ്ര സർവീസിൽ സീനിയർ ഓഡിറ്റ് ഓഫീസർ ആയി വിരമിച്ചു. തൃപ്പൂണിത്തുറയിൽ താമസിക്കുന്നു. സഹോദരൻ യു കെ യിൽ എഞ്ചിനീയർ, വിവാഹിതൻ.

വരന്, പെൺകുട്ടിയുടെതിന് സമാനമായ വിദ്യാഭ്യാസ യോഗ്യത, ജോലി, സാമ്പത്തികം എന്നിവ പ്രതീക്ഷിക്കുന്നു. ഫിലിം ഇൻഡസ്ട്രിയിൽ ഉള്ള വർക്ക് മുൻഗണന. ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ കൈകാര്യം ചെയ്യാൻ അറിഞ്ഞിരിക്കണം. വെജിറ്റേറിയൻ ആയിരിക്കണം. താൽപ്പര്യമുള്ള,40 വയസ്സിൽ താഴെ പ്രായമുള്ള അവിവാഹിതർ / വിഭാര്യർ വിശദ വിവരങ്ങൾക്കായി ഈ ഫോൺ നമ്പറിൽ വാട്സ് ആപ് ചെയ്യുക.9995040374

| | | | |
|---|---|---|---|
| | | | ഗു |
| | ഗ്രഹനില | | ശി |
| സ മാ | | | ച |
| ശു മ | ര ബു ല | കു | |

**ശബരീഷ് നമ്പൂതിരി.** ജനനം: 22.11.1989. ജനനസ്ഥലം: ഭാറൂച്ച്. നക്ഷത്രം: ഉത്രം, ഉയരം: 160 സെ.മീ. ഗോത്രം: കാശ്യപം. വിദ്യാഭ്യാസം: ബി.ടെക്. ജോലി: അപ്ലിക്കേഷൻ ഡെലിവറി ഇൻ ഡി.എക്സ്.സി. ടെക്നോളജീസ്. കേരളത്തിന് പുറത്ത് ജനിച്ചു വളർന്നവർക്ക് മുൻഗണന. അച്ഛൻ: പരമേശ്വരൻ നമ്പൂതിരി, അമ്മ: ഉഷ നമ്പൂതിരി. സഹോദരി: ശുഭ നമ്പൂതിരി. ഇല്ലം: ചേലക്കുള ത്ത് മന, അമ്മാത്ത്: മതിരതാട്ട് മന, വിലാസം: ചേലക്കുളത്ത് മന, തുരുത്തി, എറണാകുളം, കേരളം. മൊബൈൽ: 9895232091, 8129661273.

ല

| | | | |
|---|---|---|---|
| | | ല ശി | ബു ശു |
| ച മ മാ | ഗ്രഹനില | | ര |
| | | | |
| | സ | | കു ഗു |

കു

ര ശു

മ സ ച മാ

**അശ്വിൻ ടി.എം,** ജനനം: 04.08.1993, സമയം: 1.20 am, ജനനസ്ഥലം: എറണാകുളം. നക്ഷത്രം: അവിട്ടം, വിശ്വാമിത്രഗോത്രം, ഉയരം: 162 സെ.മീ. വിദ്യാഭ്യാസം: ബി.എസ്.സി (എച്ച്.എച്ച്.എ.), ഐ.എച്ച്.എം, കോവളം, എം.ബി.എ. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ജെ.എൻ.യു, ഹൈദരാബാദ്, ജോലി: ഫാക്കൽറ്റി (ഐ.എച്ച്.എം. കോവളം- കരാർ നിയമനം), അച്ഛൻ: അഷ്ടമൂർത്തി, തമാനൂർ മന. ജോലി ഉള്ളതോ സാദ്ധ്യതയുള്ളതോ ആയതിന് മുൻഗണന. മറ്റു ഡിമാന്റുകൾ ഇല്ല. വിലാസം: അഷ്ടമൂർത്തി, തമാനൂർ മന, കള്ളാടിപ്പറ്റ, ഓങ്ങല്ലൂർ, പട്ടാമ്പി, പാലക്കാട് ജില്ല. മൊബൈൽ: 9946246987.

ശി ച

| | | | |
|---|---|---|---|
| ല കു മ | | മാ | |
| ര ഗു ബു ശി | ഗ്രഹനില | | |
| ച ശു | | | സ |
| | | | |

മ ബു

ശു ഗു

ല കു

ര സ

**ആര്യ ഗായത്രി എം.** ജനനം: 25.02.1998 (1173 കുംഭം 13). സമയം: 7.56 am. നക്ഷത്രം: തിരുവോണം. ജനനസ്ഥലം: എറണാകുളം. ഉയരം: 154 സെ.മീ. വിദ്യാഭ്യാസം: ഇന്റഗ്രേറ്റഡ് ബി.എസ്- എം.എസ്. മാറ്റമാറ്റിക്സ് ഡിഗ്രി. യു.എസ്.എ. യിൽ പി.എച്ച്.ഡി. ചെയ്യുന്നു. ഇല്ലം: മേമന മന (തെക്കുംഭാഗം), അമ്മാത്ത്: പോർക്കളാമറ്റം. അച്ഛൻ: എം.എൻ. നാരായണൻ നമ്പൂതിരി (എമറിറ്റസ് പ്രൊഫസർ, കുസാറ്റ്, എറണാകുളം), അമ്മ: ശൈലജ പി.ഡി. (റിട്ട. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, എ.ജി. ഓഫീസ്), സഹോദരി: വിവാഹിത. സഹോദരൻ: യു.എസ്.എ. യിൽ പഠിക്കുന്നു. വിലാസം: മേമന മന, തെക്കുംഭാഗം, തൃപ്പൂണിത്തുറ, എറണാകുളം- 682301. മുൻഗണന: ഉയർന്ന വിദ്യാഭ്യാസം, ജോലി. മൊബൈൽ: 9446505953.



# നാരായണ ശ്രമസംഘം

## തൃശൂർ

15 വർഷത്തോളമായി അന്തർജ്ജനങ്ങൾ നടത്തി വരുന്നത്. സദ്യ ഏതായാലും ശ്രമം ഉത്തവാദിത്വത്തോടെ ഏറ്റെടുത്ത് നടത്തിക്കൊടുക്കുന്നതാണ്.

**മൊബൈൽ:**

**9495420691 / 9847506035**




യോഗക്ഷേമസഭ സംസ്ഥാന സമിതി അംഗവും
സ്വസ്തി പബ്ലിഷറുമായിരുന്ന

## നാരായണൻ നമ്പൂതിരി

(പാലാഞ്ചേരി ഇല്ലം, പെരുമണ്ണ ,കോഴിക്കോട്)
വിഷ്ണുപദംപൂകിയിട്ടു മെയ്13 ന് നാലു വർഷമാവുന്നു.അദ്ദേഹത്തിന്റെ ചിരസ്മരണകൾക്കു മുമ്പിൽ
**സ്വസ്തിയുടെ ആദരാഞ്ജലികൾ**



# തെക്കിനിപ്പടിയിൽ ഇനി ഈ പ്രസന്നമുഖമില്ല

## അണ്ടലാടി മന ഉമാദേവി അന്തർജനം

അണ്ടലാടിമനയിലെ കിരാത മൂർത്തിക്കും അവിടെയെത്തുന്ന അതിഥികൾക്കും വലിയ നഷ്ടമാണ് ഭവിച്ചിരിക്കുന്നത്. തേവാരമൂർത്തിക്കു തന്റെ ഏറ്റവും മുതിർന്ന ഭക്തയെ നഷ്ടമായി. അതിഥികൾക്ക് നല്ലൊരു ആതിഥേയയെയും. പതിനാറാം വയസ്സിലാണ് കുന്നംകുളത്ത് തോന്നല്ലൂർ പുതുമന കൃഷ്ണൻ സോമയാജിപ്പാടിന്റെയും ശ്രീദേവി പത്തിനാടിയുടെയും മകളായ ഉമാദേവി പട്ടാമ്പി ഓങ്ങല്ലൂരിലെ അണ്ടലാടി മനയിൽ എ.എം.സി. വാസുദേവൻ നമ്പൂതിരിപ്പാടിന്റെ അത്തേമാരായി വന്നത്.

17ാ മത്തെ വയസ്സിൽ ആദ്യ പ്രസവം. ഇന്നത്തെ കണക്കിൽ പ്രായപൂർത്തിയാകുന്നതിന് മുമ്പെ ഭാര്യയും അമ്മയുമായി. എന്നു മാത്രമല്ല ആ വലിയ തറവാട്ടിലെ പരദേവതയായ കിരാതമൂർത്തിയുടെ തേവാരങ്ങൾ കൂടി നിഷ്ക്കർഷയോടെ ഏറ്റെടുത്ത് നടത്തി പോന്നു.

ഒറ്റ വാക്കിൽ പറഞ്ഞാൻ ദൈവോപാസനയ്ക്കായി, പ്രത്യേകിച്ച് കിരാതോപാസനയ്ക്കായി മാറ്റി വെച്ചതായിരുന്നു അവരുടെ ജീവിതം. തേവാരമൂർത്തികളോടുള്ള ആ തികഞ്ഞ ഭക്തി അവിടെ എത്തുന്ന ഏതൊരാൾക്കും

*നാരായണന്റെ സഖിയാകിയ പാണ്ഡവന്നു*
*ഭാരിച്ച ദൂർമ്മദമടക്കി വരം കൊടുപ്പാൻ*
*കൈരാത വേഷധരനാകിയ ചന്ദ്രചൂഡൻ*
*കാരുണ്യമെങ്കലരുളീടുക സർവ്വ കാലം.*

അദ്ഭുതമുളവാക്കും. അണ്ടലാടിയിലെത്തുന്ന ഏവരും ശ്രീലകത്തെ വേട്ടേയ്കരനെ തൊഴുതു മടങ്ങുന്നതിന് മുമ്പായി തെക്കിണി പടിയിൽ നാമജപവുമായി പുഞ്ചിരി തൂകിയിരിയ്ക്കുന്ന ഈ മുത്തശ്ശിയെക്കൂടി കണ്ട് കൈകൂപ്പിയല്ലാതെ മടങ്ങാറില്ല.


തൊണ്ണൂറു വയസ്സിന്റെ വയ്യായ്കകൾ ഉണ്ടായിരുന്നെങ്കിലും ഒരൊറ്റ ദിവസം പോലും കുളിയും ജപങ്ങളും കിരാതോപാസനയും മുടക്കിയിരുന്നില്ല. മുടങ്ങാതെ ഭാഗവതവും രാമായണവും വായിച്ചിരുന്നു അവസാന കാലത്ത് എണീറ്റ് ഇരുന്ന് സ്വന്തമായി വായിക്കാൻ പറ്റാതെ വന്നപ്പോഴും ഭാഗവതം വായനകൾ കാസറ്റിലാക്കി ധാരാളം കേൾക്കുമായിരുന്നു. അതായിരുന്നു നിത്യകർമ്മം. മക്കളിലൊരാൾക്ക് പേരിട്ടത് കിരാതമൂർത്തിയെന്നാണ്. അത്രക്ക് ആത്മബന്ധമുണ്ടായിരുന്നു തേവാരമൂർത്തിയുമായി. തറവാടിന്റെ ഇന്ന് കാണുന്ന കീർത്തിയ്ക്കും ഐശ്വര്യത്തിനും കാരണം അമ്മയുടെ തികഞ്ഞ ഉപാസനയാണെന്ന് മക്കൾ പറയും.

അമ്മയുടെ മോക്ഷത്തിലേയ്ക്കുള്ള യാത്രയിലെ മറ്റൊരു അതിശയം കൂടി പറയട്ടെ. ഈ അമ്മയുടെ പിണ്ഡ ദിവസം തന്നെയായിരുന്നു ഭർത്താവ് എ.എം.സി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ 15 മത്തെ ശ്രാദ്ധവും. അങ്ങനെ മക്കൾ അന്നേ ദിവസം അച്ഛനമ്മമാർക്ക് ഒരുമിച്ച് ബലിഇട്ടു. അപൂർവമായൊരു ഭാഗ്യം. കൂട്ടിക്കൊണ്ടുപോവാൻ എത്തിയ പോലെ.

ഫെബ്രുവരി 14 ന് ആണ് പട്ടാമ്പി ഓങ്ങല്ലൂർ അണ്ടലാടി മന ഉമാദേവി അന്തർജനം (90) വിഷ്ണു പാദം പൂകിയത്. അമ്മിണി, ശ്രീദേവി, പരമേശ്വരൻ നമ്പൂതിരിപ്പാട്, കിരാതമൂർത്തി നമ്പൂതിരിപ്പാട് , സാവിത്രി, ദേവി, ജയശ്രീ, നാരായണൻ നമ്പൂതിരിപ്പാട് എന്നിവർ മക്കൾ. നാരായണൻ (പെരിമ്പള്ളി മന) , പരമേശ്വരൻ (ചെമ്മംന്തിട്ട മഠം) , സാവിത്രി (നെഡ്ഢത്ത് മന), രമ (മുണ്ടാരപ്പള്ളി മന), വാസുദേവൻ (വടർക്കോട്ട് മന), എംവി. വാസുദേവൻ (മുണ്ടാരപ്പള്ളി മന), ദേവൻ (നരിപ്പറമ്പ് മന), രേഖ (ചെറങ്ങാട്ട് മല്ലിശ്ശേരി മന )എന്നിവർ മരുമക്കളും.

രണ്ടു വാക്കിലൊതുങ്ങുന്ന ആ കുശലാന്വേഷണം ഇനിയില്ല. അണ്ടലാടിമനയിലെതെക്കിനിപ്പടിയിൽ വല്ലാത്തൊരു ശൂന്യത. ●

എ.എം കിരാതമൂർത്തി നമ്പൂതിരിപ്പാട്,
അണ്ടലാടി മന,
ഓങ്ങല്ലൂർ, പട്ടാമ്പി,
പാലക്കാട് ജില്ല
മൊബൈൽ:
9539282222





പാലാ കാരണത്തു ഇല്ലത്ത് മധുവിന്റെയും ആശ യുടെയും മകൾ ശ്രീപാർവ്വതിയും ഓച്ചിറ കോയി ക്കൽത്തറ ഇല്ലത്ത് ഹർഷന്റെയും വിദ്യയുടെയും മകൻ ഗൗതവും 18.1.2023ൽ ഓച്ചിറ ഒറിക്സ് കൺ വെൻഷൻ സെന്ററിൽ വച്ചു വിവാഹിതരായി
മൊബൈൽ 8547020886



ഗുരുവായൂർ മല്ലിശ്ശേരി മനയിൽ രാമൻ നമ്പൂതിരിപ്പാടിന്റെയും യു. സി.ജ യശ്രീയുടെയും മകൻ ആനന്ദ് കൃഷ്ണനും ചെറുതുരുത്തി പുതുശ്ശേരി ദേശത്ത് പടിഞ്ഞാറേ മണ്ണഴി മനയിൽ മധുസൂദനൻ നമ്പൂതിരിപ്പാടിന്റെ യും ശശികലയുടെയും മകൾ ദേവികയും 2023 ഫെബ്രുവരി 12 -ാം തിയ തി ഗുരുവായൂർ മമ്മിയൂർ ക്ഷേത്രത്തിനു സമീപമുള്ള ശ്രീ കൈലാസം ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി. മൊബൈൽ :9847322109



കോഴിക്കോട് മലാപ്പറമ്പ് 'സ്വാതി'യിൽ സുജാത - സതീശൻ ദമ്പതിമാരുടെ പുത്രൻ സഞ്ജയും ഗാനലത -ദിനേശ ദമ്പതിമാരുടെ പുത്രി പ്രജ്നയും തമ്മിലുള്ള വി വാഹം 2023 ജനുവരി 15 ഞായറാഴ്ച കോഴിക്കോട് ക്ലാസ്സി ക് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു .
ആശംസകളോടെ ,സജിത് ,കവിത ,സാത്വിക്



മുണ്ടക്കോട്ടുകുറുശ്ശി പാതിരിക്കുന്നത്ത് മന (കുളപ്പുറം) കൃഷ്ണകുമാറിന്റെയും സാവിത്രിയുടെയും മകൻ യദുകൃഷ്ണനും വെള്ളിയാട് അരിയ്ക്കത്തുമന മഹേഷിന്റെയും ഗീതയുടെയും മകൾ ആര്യയും 2023 ജനുവരി 26ന് വരന്റെ ഇല്ലത്ത് വെച്ച് വിവാഹിതരായി.
മൊബൈൽ: 9447327421



കോഴിക്കോട് കോവൂർ  ഹരിതം കറുത്തേടത്ത് മനയിൽ കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീജയുടെയും മകൾ ദേവികയും പാലക്കാട് ചിറ്റൂർ അഞ്ജലിയിൽ ജയകുമാറിന്റെയും സ്വർണ്ണ കുമാരിയുടെയും മകൻ ഗോകുലും 2023  ഫെബ്രുവരി 12 ഞായറാഴ്ച എരഞ്ഞിപ്പാലം ആശീർവാദ് ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി. മൊബൈൽ: 9447748355



ഓച്ചിറ കോയിക്കൽത്തറ ഇല്ലത്ത് എം.ഹർഷന്റെയും ജെ വിദ്യയുടെയും  മകൻ ഗൗതവും പാലാ കാരണ ത്തു ഇല്ലത്ത് മധുവിന്റെയും ആശയുടെയും മകൾ ശ്രീപാർവ്വതിയും 18.1.2023ൽ ഓച്ചിറ ഒറിക്സ് കൺ വെൻഷൻ സെന്ററിൽ വച്ചു വിവാഹിതരായി
മൊബൈൽ 9446152775, 8547522775


HAPPY VISHU
പവിത്രമുഹൂർത്തങ്ങൾക്ക്
പൊൻപ്രഭയേകുവാൻ..
നമ്പൂതിരി ആഭരണങ്ങൾ
പരമ്പരാഗത നമ്പൂതിരി ആഭരണങ്ങളായ
താലി കൂട്ട്, പൂത്താലി, മുന്നിഴമാല,
കുഴൽ മോതിരം, കിങ്ങിണിമാല,
കഴുത്തില, കശാലി, മുക്കോലക്കല്ല
കെട്ടരിമ്പു തുടങ്ങിയ വിശിഷ്ഠ
ആഭരണങ്ങൾ വിദഗ്ധരായ ശിൽപികൾ
ഏഴരനൂറ്റാണ്ടായി ഒരേ മഹിമയോടെ
ചെയ്തുവരുന്ന തൃശ്ശിവപേരൂരിലെ
നിങ്ങളുടെ സ്വന്തം സ്ഥാപനം.
CROWN JEWELLERS
75 വർഷത്തെ പൊന്നിൽ ചേർത്ത ബന്ധം വിളക്കിച്ചേർത്ത വിശ്വാസം
Damodar & Sons bldg. Near City Centre, Round West Thrissur
Ph : 0487-2335128, 8089 515 021, 8129 217 317
crownjewellers.tcr@gmail.com
DIAMONDS I BIRTHSTONES I GOLD I SILVER